
# പ്രജാപതിയാഗം എന്ന ക്രൂശീകരണം

ഡോ. കോശി ഏബ്രഹാം




www.malankaralibrary.com

Fr. Geevarghese ...
Malankara Catholic Church
Konni. P. O. Pathanamthitta
Pin, 6896..

യുഗാന്ത്യസന്ദേശം No.30

ഭാരത സുവിശേഷീകരണം

# പ്രജാപതിയാഗം
# എന്ന
# ക്രൂശീകരണം

ഡോ.കോശി ഏബ്രഹാം, റാന്നി.

www.malankaralibrary.com

Yuganthyasandesam Series No.30

# Bharatha Suvisesheekaranam

# Prajapathiyagam Enna Cruseekaranam

Malayalam
First Edition January 1995

**Dr.V.Koshy Abraham**
Pullannimannil Ayrookuzhiyil
P.B.No.5, Angadi.P.O.
Ranny, Kerala- 689 674

**All rights reserved by the Author.**

*Computer Typeset by Mayura D.T.P.Centre, Kottayam-1*
*Cover designed by Pratap Publicity Kottayam-1*
*Printed at Southern Offset Press, Kottayam-1*

**Pages: 216** **Price Rs.45.00**

**www.malankaralibrary.com**

MALANKARA
LIBRARY
www.malankaralibrary.com

# Dedicated to,
# In fond memory of:-

Late Shri. Geevarughese Koshy
and Mrs.Annamma Koshy,
my parents,
who were the driving force,

Late Mahakavi K.V.Simon, Edayaranmula
who gave encouragements,

Late Vaiyakarana Maha Mahopathyaya
Shri. K.Vasudevan Nair, Principal
Paurasthyakalalayam
who lit the lamp in me;
and,
The many who came across with oil for the lamp.

www.malankaralibrary.com

യുഗാന്ത്യ സന്ദേശ പരമ്പരയിൽ
ഭാരത സുവിശേഷീകരണ വിഷയത്തിൽ
ഗ്രന്ഥകർത്താവിന്റെ കൃതികൾ:

1. സംഭവാമി യുഗേ യുഗേ
2. ആര്യവേദാന്തത്തിലെ ക്രിസ്തു
3. ,, പഠന സഹായക അനുബന്ധം
4. സാക്ഷാൽ പ്രജാപതി ആര്? (Tract)
5. പ്രജാപതിയാഗം എന്ന ക്രൂശീകരണം.

www.malankaralibrary.com

V

# അടങ്ങാത്ത ദാഹം

**हिरण्मयेन पात्रेण
सत्यस्यापिहितं मुखं।
तत् त्वं पूषन् अपावृणु
सत्यधर्माय दृष्टये।।**

(ഈശാവാസ്യോപനിഷത് 1 : 15)

അല്ലയോ തേജഃസ്വരൂപനായ ദൈവമേ, അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനേ, നിൻെറ തേജസ്സായ സ്വർണ്ണപ്പാത്രം കൊണ്ട് മൂടിയിരിക്കുന്ന സത്യത്തിൻെറ മുഖം സത്യധർമ്മങ്ങളുടെ ദർശനത്തിനായി - സത്യത്തിൻെറയും ധർമ്മത്തിൻെറയും ജ്ഞാനോപദേശങ്ങൾ ആ മുഖത്ത് നിന്നും കേൾക്കുന്നതിനായി - സത്യത്തിലേക്കുള്ള വഴി അറിയുന്നതിനായി - ഞങ്ങൾക്ക് തുറന്നു തന്നാലും! ആ ഉപദേശകനെ ഞങ്ങൾക്ക് പ്രത്യക്ഷപ്പെടുത്തിയാലും!

യേശു അവനോട്:

"ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിൻെറ അടുക്കൽ (നിത്യതയിൽ) എത്തുന്നില്ല" എന്നു പറഞ്ഞു.

(യോഹന്നാൻ 14:6)

"ഹിരൺമയേന പാത്രേണ
സത്യസ്യാപിഹിതം മുഖം |
തത്ത്വം പൂഷൻ അപാവൃണു
സത്യധർമ്മായ ദൃഷ്ടയേ"|| (1:15)

www.malankaralibrary.com

# വേദാന്തത്തിലെ പ്രജാപതി

"ഏകം സത്" ഋ.വേ.1:164:46

സത്യമായത് ഒന്നേയുള്ളു.

"ഷേമ ഇസ്രായേൽ യഹോവ എലോഹേനു യഹോവ എഹാദ്" (ഹീബ്രു)

യഹോവ ഏക ദൈവമാകുന്നു. (ആവ.6:4)

"ലാ ഇലാഹ് ഇല്ലല്ലാഹ്" (ഖുർ ആൻ-മൂലതത്വം)

അല്ലാഹു അല്ലാതെ വേറൊരു ദൈവമില്ല.

"ഏക ദൈവമല്ലാതെ ദൈവമില്ല; പിതാവായ ഏക ദൈവ മേയുള്ളൂ" (1 കൊരി.8:4,6)

"ആത്മാ വാ ഇദമേക ഏവാഗ്ര ആസീത്

(ഐതരേയോപനിഷത് 1:1:1)

ആദിയിൽ ഏകനായിരുന്ന ദൈവം ആത്മാവാകുന്നു

(യോഹ.4:24)

"ആത്മൈവേദമഗ്ര ആസീത്....തതോ

അഹംനാമാ അഭവത്"

(ബൃഹദാരണ്യകോപനിഷത് (1:4:1)

ഏകനായിരുന്ന ആത്മാവ് അഹം അസ്മി= ഞാൻ ആകുന്നു എന്ന് തന്റെ പേര് പ്രഖ്യാപിച്ചു.

എഹ്യേ അഷർ എഹ്യേ (ഹീബ്രു)

'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' (പുറപ്പാട് 3:14)

I AM THAT I AM

"ഉതാമൃതത്വസ്യ ഈശാനഃ"

അവൻ നിത്യരക്ഷയുടെ ദൈവമാകുന്നു.

സഃ അന്നേന അതിരോഹതി. ഋഗ്വേ 10:90:2

അവൻ അതിശയകരമായി (കന്യകയുടെ ഗർഭത്തിൽ) മനുഷ്യ പുത്രനായി ജനിക്കുന്നു. (യെശയ്യാ 7:14, മത്തായി 1:21)

www.malankaralibrary.com

"സംവത്സരസ്യപരസ്താദാത്മന:ആലഭത"

(ബൃഹ.ഉപ1:2:7)

ഹ്രസ്വകാലത്തെ ഭൗമിക ജീവിതത്തിനുശേഷം
അവൻ തന്നെത്തന്നെ ബലികഴിപ്പാനായി ഏൽപ്പിച്ചു.

(യോഹന്നാൻ 18:1-8)

"തേന ദേവാ: അയജന്ത സാദ്ധ്യാ: ഋഷയശ്ച
യേ"    (ഋഗ്വേദം 10:90:7)

അധികാരികളും പുരോഹിതൻമാരും ചേർന്ന്
അവനെ യാഗം കഴിച്ചു (യോഹന്നാൻ 19:15-16)

"ന അന്യ: പന്ഥാ വിദ്യതേ അയനായ"

(യജ്ജൂർവേദം 31:18)

രക്ഷിക്കപ്പെടുവാൻ ഈ യാഗമല്ലാതെ ആകാശത്തിൻ കീഴിൽ
മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു
മാർഗ്ഗവുമില്ല (അ.പ്ര.4:12)

"പ്രജാപതിശ്ചരതി ഗർഭേ അന്ത:"

(യജ്ജൂർവേദം 31:19)

പ്രജാപതിയെന്ന ആ രക്ഷകൻ അവനിൽ വിശ്വസിക്കുന്നവരുടെ ഹൃദയങ്ങളിൽ വസിക്കുന്നു; എല്ലാനാളും കൂടെയിരിക്കും. (മത്തായി 28:20, യോഹന്നാൻ 14:19-23)

"ഏകോ ഹി രുദ്രോ ന ദ്വിതീയായ തസ്ഥു:"

(ശ്വേതാശ്വതരോപനിഷത് 3:2)

പാപമോചനം നൽകുന്ന വേറൊരാൾ ഒരിക്കലും അറിയപ്പെട്ടിട്ടില്ല.

"പൂർവ്വോഹ ജാത: സ ഏവ ജാത:
സ ജനിഷ്യമാണ:"    (യജ്ജൂർവേദം 32:4)

അവൻ ആദ്യജാതനും ഭൂജാതനും വീണ്ടും വരുന്നവനുമാകുന്നു.

പ്രാദുർഭവാമ്യഹം.    (കല്ക്കിപുരാണം 2:4)

# ഇതാ, ഞാൻ വേഗം വരുന്നു

(വെളിപാട് 22:12)

www.malankaralibrary.com

**तं यज्ञं बर्हिषि प्रौक्षन् पुरुषं जातमग्रतः।**
**तेन देवाःअयजन्त साध्याः ऋषयश्च ये।।**

(ഋഗ്വേദം 10:90:7)

ഋഗ്വേദത്തിലെ പ്രജാപതി - ബൈബിളിലെ ക്രിസ്തു;
ദേവൻമാരാൽ യാഗം ചെയ്യപ്പെടുന്ന ആദ്യജാതൻ - ലോകസ്ഥാപനം
മുതൽ അറുക്കപ്പെട്ട കുഞ്ഞാട് (വെളിപാട് 13:8)

**सो/कामयत, मेध्यं म इदं स्यात् आत्मन्वी अनेन स्यामिति**

(ബൃഹദാരണ്യകാപനിഷത് 1:2:7)

യാഗയോഗ്യമായ ശരീരത്തോടുകൂടെ ജനിക്കണം എന്ന് അവൻ
ആഗ്രഹിച്ചു.

**एषः पुरुषः आप्रणखात् सर्ब एव सुवर्णः।**

(ഛാന്ദോഗ്യോപനിഷത് 1:6:6)

പുരുഷപ്രജാപതി നഖശിഖാന്തം കളങ്കമില്ലാത്തവനാകുന്നു.

**सः एषः सर्वेभ्यः पाप्मभ्यः उदितः ।** (ഛാ.ഉ. 1:6:7)

ആ പ്രജാപതി പാപമില്ലാത്തവനും പാപമോചനം
നൽകുന്നവനുമാകുന്നു.

**सः आत्मन आलभत।** (ബൃഹ.ഉപ.1:2:7)

പാപമില്ലാത്തവൻ സ്വയം യാഗമായി അർപ്പിച്ചു. (യോഹ. 18:5)

**ध्रुवं जन्म मृतस्य च।**

മരിച്ചവൻ പുനുജ്ജീവിക്കേണ്ടതാകുന്നു.

**को नु एनं जनयेत् पुनः?**

മരിച്ചവനെ ഉയിർപ്പിക്കുന്നത് ആരാണ്?

**विज्ञानमानन्दं ब्रह्म।** (ബൃഹ. 3 : 9 : 28 : 7)

പരമാത്മാവായ ദൈവത്തിൻെറ വ്യാപാരശക്തി അവനെ
മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു
(കൊലോസ്യർ 2 : 12)

**रातिर्दातु परायणं तिष्ठमानस्य।** (ബൃ.ഉ: 3:9:28-7)

ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചതുപോലെ അവനിൽ
വിശ്വസിക്കുന്ന സകലരെയും തൻെറ ശക്തിയാൽ ഉയിർപ്പിക്കും
(1 കോരിന്ത്യർ 6 : 14)

**प्रादुर्भवाम्यहं** - ഇതാ ഞാൻ വേഗം വരുന്നു.
(വെളിപാട് 22 : 12) (കൽക്കി പുരാണം 2 : 4)

www.malankaralibrary.com

# അവതാരിക

## *His Grace Mar Joseph Powathil, Archbishop of Changanacherry,*

ഡോ.കോശി ഏബ്രഹാം വിരചിച്ച "പ്രജാപതി യാഗം" അഥവാ "യേശുവിന്റെ കുരിശു മരണം" എന്ന അമൂല്യ ഗ്രന്ഥം പൊതുജനസമക്ഷം അവതിരിപ്പിക്കുന്നതിന് അതിയായ സന്തോഷമുണ്ട്. ആർഷഭാരത്തിന്റെ അന്തരാത്മാവിൽ തളം കെട്ടി നിന്നിരുന്ന ദൈവിക ചിന്തയും, പാപവിമുക്തിക്കും നിത്യരക്ഷയ്ക്കും വേണ്ടിയുള്ള ദാഹവും, അതിപുരാതന ഭാരതീയ ലിഖിതങ്ങളിൽ നിന്നു കണ്ടുപിടിച്ച് അവ പഠനവിഷയമാക്കി ഗ്രന്ഥകാരൻ ഒരു സുപ്രധാന നിഗമനത്തിൽ എത്തുന്നു. ആര്യമഹർഷിമാർ തങ്ങളുടെ ലിഖിതങ്ങളിലൂടെ ഉദ്ദർശനം ചെയ്ത "പ്രജാപതി" ലോക പരിത്രാതാവായി ചരിത്രത്തിൽ അവതീർണ്ണനായ സാക്ഷാൽ ക്രിസ്തു തന്നെയാണ്. ഗ്രന്ഥകർത്താവ് വളരെ ശ്രദ്ധാപൂർവ്വകമായ പഠനത്തിലൂടെയാണ് ഈ നിഗമനത്തിൽ എത്തുന്നത്. വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ഉപനിഷത്തുകൾ, ഭഗവദ്ഗീത എന്നീ ഹൈന്ദവ ലിഖിതങ്ങളും ബൈബിളുമാണ് ഗ്രന്ഥകർത്താവ് പ്രധാനമായും പഠനവിഷയമാക്കിയിരിക്കുന്നത്. ഇതൊരു ഗവേഷണ പ്രബന്ധമാണെന്നു വിശേഷിപ്പിക്കാൻ കഴിയും. ഹൈന്ദവമത വിശ്വാസത്തിന് ആധാരമായി നില്ക്കുന്ന മേല്പറഞ്ഞ ഭാരതീയ ലിഖിതങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന പ്രജാപതിയും, അദ്ദേഹം നിർവ്വഹിക്കുന്ന പാപവിനാശക യാഗവും, അദ്ദേഹത്തിന്റെ പുനരുജ്ജീവനവുമെല്ലാം ബൈബിളിലെ പഴയ നിയമത്തിൽ പ്രവാചകൻമാർ ഉദ്ദർശനം ചെയ്യുകയും, പുതിയ നിയമത്തിൽ നിറവേറുകയും ചെയ്ത, യേശുവിന്റെ രക്ഷണീയയാഗവും പുനരുത്ഥാനവുമാണ് എന്ന് ഉദ്ധൃത ഭാഗങ്ങൾ നിരത്തിവച്ചുകൊണ്ട് ഗ്രന്ഥകർത്താവ് സമർത്ഥിക്കുന്നു. അദ്ദേഹത്തിന് ഈ മതഗ്രന്ഥങ്ങളുമായുള്ള നിരന്തര സമ്പർക്കത്തിന്റെയും ഇവയിലുള്ള അവഗാഹത്തിന്റെയും തെളിവ് ഇവിടെ ലഭിക്കുന്നു. അദ്ദേഹത്തിന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ!

www.malankaralibrary.com

ഭാരതത്തിലെ ന്യൂനപക്ഷമായ ക്രൈസ്തവർക്ക് ഹിന്ദുമതാനുയായികളായ ഭൂരിപക്ഷവുമായി സൗഹാർദ്ദസംഭാഷണത്തിനുള്ള ഒരു ഉപകരണമാണ് ഈ ഗ്രന്ഥം. രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം കത്തോലിക്കാസഭ ലോകമതങ്ങളുമായി സംഭാഷണം (Dialogue) നടത്തുന്നതിന് വത്തിക്കാൻ ഒരു കാര്യാലയം തന്നെ സ്ഥാപിച്ചിരിക്കുന്നു എന്ന വസ്തുതയും ഇവിടെ പ്രസ്താവ്യമാണ്.

ഋജുബുദ്ധികളും സത്യാന്വേഷികളുമായ ഹൈന്ദവ സഹോദരങ്ങൾ ഈ ഗ്രന്ഥത്തോട് അനുകൂലമായി പ്രതികരിക്കുമെന്നു പ്രത്യാശിക്കാം. അതോടൊപ്പം തന്നെ വൈദികകാലത്തെ മതചിന്തയുടെ (Vedic Religious thought) ഒരു പുനരവലോകനവും ഇന്നത്തെ വിവിധ ഹൈന്ദവ വിഭാഗങ്ങൾ കൂട്ടായി നടത്തേണ്ടതിന്റെ അവശ്യകത ഉണ്ട്. കാരണം, വൈദികമതവും (Vedic Religion) ഇന്നത്തെ ജനസാമാന്യത്തിന്റെ ഹിന്ദുമതവും (Popular Hinduism) തമ്മിൽ കുറെയെല്ലാം വ്യത്യാസങ്ങൾ കാണുന്നുണ്ട്. " പ്രജാപതി" എന്ന പദത്തിന് വൈദികകാലത്ത് ഉണ്ടായിരുന്ന അർത്ഥമാണല്ലോ ഡോ.കോശി ഏബ്രഹാം ഈ ഗ്രന്ഥത്തിൽ ഉദ്ദേശിക്കുന്നത്. എന്നാൽ പുരാണങ്ങളെക്കൂടി ആസ്പദമാക്കിയുള്ള ഇന്നത്തെ സാധാരണ ഹിന്ദുമത വിശ്വാസത്തിൽ ഈ പദത്തിന് വേറെ അർത്ഥങ്ങളും ഉള്ളതായി കാണുന്നു. അതുകൊണ്ട് സാധാരണ ഹിന്ദുമതാനുയായികൾക്ക് വൈദികകാലമതചിന്തയെപ്പറ്റി കുറെക്കൂടി തെളിവായ അവബോധം ഉണ്ടായെങ്കിൽ മാത്രമേ ഈ ഗ്രന്ഥത്തിന്റെ മൂല്യം അവർക്ക് ശരിയായി ഗ്രഹിക്കാനാവുകയുള്ളു. അതിന് ഹൈന്ദവ മതാചാര്യൻമാരും പണ്ഡിതൻമാരും കൂട്ടായ ചർച്ചകളും സംവാദങ്ങളും നടത്തി അഭിപ്രായ സമന്വയത്തിലെത്തണം. അങ്ങനെയൊരു സ്ഥിതിവിശേഷം സംജാതമാകുവാൻ ഈ ഗ്രന്ഥം വഴിയൊരുക്കട്ടെ എന്നാംശസിക്കുന്നു.

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഈ ഗ്രന്ഥം ആർഷഭാരതത്തിന്റെ അന്തർഗ്ഗതം മനസ്സിലാക്കി മൂല്യങ്ങൾ വിലമതിക്കുവാനുള്ള ഒരു ആഹ്വാനം കൂടിയാണ്. ഭാരതീയ മഹർഷിമാർ കാണാൻ ആഗ്രഹിച്ച രക്ഷകനും, പ്രാപിക്കാൻ ആഗ്രഹിച്ച രക്ഷയും ക്രിസ്തുവിന്റെ മനു

www.malankaralibrary.com

ഷ്യാവതാരത്തിലൂടെയും കുരിശിലെ യാഗത്തിലൂടെയും യാഥാർത്ഥ്യമായി എന്നു പ്രസ്താവിക്കുന്ന ബൈബിളിന്റെ താളുകൾ തെളിവായ ദൈവിക വെളിപാടിന്റെ ഗ്രന്ഥമാണെന്ന് ക്രൈസ്തവർക്കു ബോധ്യമുണ്ട്.

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അനേകം പ്രവാചകൻമാരും പുണ്യപുരുഷൻമാരും നിങ്ങൾ കാണുന്നതു കാണാൻ ആഗ്രഹിച്ചു; എന്നാൽ കണ്ടില്ല. നിങ്ങൾ കേൾക്കുന്നതു കേൾക്കാൻ കൊതിച്ചു; എന്നാൽ കേട്ടില്ല" ( Mt.13:17)

ഇപ്പറഞ്ഞവരുടെ നിരയിൽ ആർഷഭാരതത്തിലെ സത്യാന്വേഷികളായ ഋഷിപുംഗവൻമാരും നില്പുണ്ട് എന്നു വിശ്വസിക്കാൻ ക്രൈസ്തവർക്കു സാധിക്കണം. അങ്ങനെയാണ് മതസൗഹൃദസംഭാഷണത്തിനു വേദിയൊരുങ്ങേണ്ടത്. പാശ്ചാത്യരുടെ ഇടയിലെ ന്യൂമാനെയും ചെസ്റ്റർട്ടനെയും പോലെയുള്ള സത്യാന്വേഷികൾ എന്നും ഭാരതത്തിന്റെ അന്തരാത്മാവിന്റെ ഭാഗമാണ്. അങ്ങനെയുള്ളവർ ഈ ഗ്രന്ഥത്തെ ഒരു അമൂല്യദാനമായി സ്വീകരിക്കും.

ഈ പുസ്തകം ഒരു പ്രാരംഭം മാത്രമാണ്. ഡയലോഗിനു വഴിയൊരുക്കുവാൻ ഉദ്ദേശിച്ച് എഴുതപ്പെട്ട ഇത് ഒരു ക്രൈസ്തവ ദൈവശാസ്ത്ര പ്രബന്ധമല്ലെന്നു വ്യക്തമാണ്. പക്ഷേ, ബൃഹത്തായ ക്രൈസ്തവ ദൈവശാസ്ത്ര മേഖലകളിൽ ഒന്നായ മനുഷ്യാവതാര ദൈവശാസ്ത്രത്തിന്റെ (Incarnation Theology) ഉള്ളറകളിലേക്ക് ഭാരതീയ മനസ്സ് എങ്ങനെ നോക്കുന്നു എന്നു മനസ്സിലാക്കാൻ ഈ ഗ്രന്ഥം ഉപകരിക്കും. ക്രൈസ്തവ ദൈവശാസ്ത്രം ആവിഷ്ക്കരിക്കുമ്പോൾ ആർഷഭാരതത്തിന്റെ അഭിനിവേശങ്ങൾ ക്രിസ്തുവിൽ സാക്ഷാൽക്കരിക്കപ്പെട്ട യാഥാർത്ഥ്യം അർത്ഥശങ്കയില്ലാതെ അവതരിപ്പിക്കുന്നതിനും ഇത് നിമിത്തമാകും. അത് ക്ഷിപ്രസാധ്യമായ ഒരു കാര്യമല്ല; ദൈവശാസ്ത്ര പര്യവേക്ഷണത്തിലൂടെ ഏറെ ദൂരം പോകേണ്ടിയിരിക്കുന്നു.

ഈയവസരത്തിൽ മറ്റൊരു കാര്യം കൂടി ഊന്നിപ്പറയുവാൻ ആഗ്രഹിക്കുന്നു. ആർഷഭാരതത്തിൽ വൈദികകാലത്തെ പ്രജാപതിദർശനം വെറും യാദൃച്ഛികമല്ല. ബൈബിളിലെ ദൈവിക വെളിപാടുകളുടെ ഉടമകളായ എബ്രായ

www.malankaralibrary.com

ജനതയും, വേദങ്ങളുടെ ഉപജ്ഞാതാക്കളായ ആര്യജന തയും ഒരു കാലത്ത് സമ്പർക്കത്തിലായിരുന്നശേഷം വഴി പിരിഞ്ഞവരാണെന്ന് ചരിത്ര പഠിതാക്കൾക്കറിയാം. എബ്രായ ജനതയുടെ ഈറ്റില്ലമായ മദ്ധ്യപൂർവ്വദേശത്ത് ഒരു കാലത്ത് ആര്യൻമാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഇറാനിലേക്കും ഇൻഡ്യയിലേക്കും കുടിയേറിപ്പാർക്കുന്നതിനുമുൻപ് ആര്യൻമാർ മദ്ധ്യപൂർവ്വദേശത്ത് ദീർഘനാൾ അധിവസി ക്കുകയും, എബ്രായർ ഉൾപ്പെടുന്ന സെമിറ്റിക് ജനതയു മായി സാംസ്കാരികവും മതപരവുമായ കാര്യങ്ങളിൽ സമ്പർക്കത്തിൽ ഏർപ്പെടുകയും ചെയ്തു എന്നത് ന്യായ മായി ഊഹിക്കാവുന്ന കാര്യമാണ്. ബി.സി. പതിനാറാം നൂറ്റാണ്ടിൽ വടക്കെ മെസൊപ്പോട്ടേമിയായിൽ "മിത്താനി" എന്നൊരു രാജ്യം ഉണ്ടായിരുന്നതായും ആര്യൻമാരുടെ പേരുകളുള്ള രാജാക്കൻമാർ അവിടെ ഭരിച്ചിരുന്നതായും, വേദങ്ങളിൽ പറയുന്ന "ഇന്ദ്രൻ", "മിത്രൻ", "വരുണൻ" എന്നീ ദൈവങ്ങളെ അവർ ആരാധിച്ചിരുന്നതായും ചരി ത്രഗവേഷകർക്ക് ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ( cf. John Bright, A History of Israel, London 1966, P.99). ഈ കാലഘ ട്ടത്തിന് വളരെ മുമ്പു തന്നെ ആര്യൻമാരുടെ പല ഗണ ങ്ങളും മദ്ധ്യപൂർവ്വദേശത്തുകൂടെ സാവധാനത്തിൽ ഇറാ നിലേക്കും ഇൻഡ്യയിലേക്കും കടന്നിരിക്കാം. അക്കാലത്ത് എബ്രായരുടെയും ആര്യൻമാരുടെയും പൂർവ്വികർക്ക് പൊതു വായി ഉണ്ടായിരുന്ന മതാനുഭൂതി ആര്യൻമാരും എബ്രായ രും അവരവരുടേതായ രീതിയിൽ ആവിഷ്ക്കരിച്ചു. വ്യക്ത മായ ദൈവിക വെളിപാടു ലഭിച്ച എബ്രായ പ്രവാചക ൻമാർ ഭാവി രക്ഷകനെപ്പറ്റി പ്രസ്താവിച്ച കാര്യങ്ങൾ ക്രിസ്തുവിൽ അന്വർത്ഥമായി. ആര്യമഹർഷിമാർ അവ്യ ക്തമായി അല്പം കൂടി അകലെ നിന്നുകൊണ്ട് ദർശിച്ച " പ്രജാപതി"യും എബ്രായ പ്രവാചകൻമാർ ദർശിച്ച ക്രിസ്തു തന്നെയാണെന്നു തെളിയുന്നത് ആർഷഭാരതത്തിന്റെ ആത്മ സാക്ഷാത്കാരപ്രഖ്യാപനമായിരിക്കും. ക്രിസ്തുമതം വൈദേ ശികമാണെന്ന് പറയുവാൻ അപ്പോൾ ആരും ധൈര്യപ്പെ ടുകയില്ല.

മേല്പറഞ്ഞ തരത്തിലുള്ള ഒരു ചിന്താഗതി സൃഷ്ടി ക്കുവാൻ ഈ ഗ്രന്ഥം ഭാഷാന്തരം ചെയ്ത് വിവിധ പണ്ഡിതസദസ്സുകളിൽ എത്തിക്കേണ്ടതുണ്ട്. അറെയോപ്പ

www.malankaralibrary.com

ഗോസിൽ "അജ്ഞാത ദേവനെ"പ്പറ്റി പ്രസംഗിച്ച പൗലോസ് അപ്പസ്തോലനെപ്പോലെ (Acts 17:22-31) ഡോ.കോശി ഏബ്രഹാം ഈ ഗ്രന്ഥത്തിലൂടെ ഭാരതത്തിലെ സത്യാന്വേഷികളായ എല്ലാവരോടും പ്രസംഗിക്കുകയാണ്. ഈ പ്രസംഗത്തിന്റെ ആവശ്യകതയും ഔചിത്യവും പൗലോസ് അപ്പസ്തോലൻ തന്നെ വ്യക്തമാക്കുന്നു: " ആരെങ്കിലും പ്രസംഗിക്കാനില്ലാതെ എങ്ങനെ കേൾക്കും?" (Rom.10:4). ഈ വിശിഷ്ടഗ്രന്ഥം ഇതിന്റെ ഉൽകൃഷ്ടമായ ദൗത്യം നിർവ്വഹിക്കട്ടെ. ഗ്രന്ഥകർത്താവിനെ അനുമോദിക്കുന്നതോടൊപ്പം ഗ്രന്ഥത്തിന് പ്രചുര പ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

**Mar Joseph Powathil.**
**Archbishop of Changanacherry**
**President,**
**Catholic Bishops' Conference of India.**

**Changanacherry**
**6/01/1995.**

www.malankaralibrary.com

# അഭിപ്രായം

ജെ.സി.ദേവ്

*അസതോ മാ സദ്ഗമയ*
*തമസോ മാ ജ്യോതിർഗമയ*
*മൃത്യോർ മാ അമൃതം ഗമയ*

പ്രാചീന മനുഷ്യൻ സനാതന സത്യത്തിനുവേണ്ടി ദാഹിക്കുകയായിരുന്നു.ശ്രുതിയിലും സ്മൃതിയിലും പരംപൊരുളിനെ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള അഭിവാഞ്ഛ പ്രകടമാകുന്നു. ഭാരതീയ വേദങ്ങൾ സനാതന സത്യത്തെ തേടുകയാണ്. ഋക്, യജുസ്, സാമം, അഥർവ്വം എന്നീ ചതുർവേദങ്ങളിൽ നിഴൽവീണ സത്യത്തിന്റെ ദർശനത്തിനായി മനശുദ്ധിയോടെ, ആചാര്യൻമാർ കാത്തുകഴിയുകയായിരുന്നു. "അനിത്യമായ അസത്തിൽ നിന്നും ശാശ്വതമായ സത്യത്തിലേക്ക് നയിച്ചാലും, ഇരുളിൽ നിന്ന് വെളിച്ചത്തിലേയ്ക്കു നയിച്ചാലും, മരണത്തിൽ നിന്നും മരണമില്ലായ്മയിലേക്കു നയിച്ചാലും...." അതായിരുന്നു അവരുടെ പ്രാർത്ഥന. ആ കാലഘട്ടത്തിന്റെ നൊമ്പരങ്ങളും പ്രതീക്ഷകളും ഒരുപോലെ പ്രതിധ്വനിക്കുന്നു അവരുടെ പ്രാർത്ഥനയിൽ. ആ പ്രാർത്ഥനയ്ക്കു മറുപടി ഉണ്ടാകണം. വേദവ്യാസൻ പേരിട്ട വേദങ്ങളിൽ തെളിഞ്ഞു വരുന്ന പുരുഷപ്രജാപതിയാണ് അവർക്കുള്ള മറുപടി. ഉപനിഷത്തുകളിൽ നിറഞ്ഞുനില്ക്കുന്ന സത്യത്തിന്റെ രൂപമാണ് അവരുടെ പ്രതീക്ഷ.

മൗലിക സത്യമാണ് ദൈവം. ഏതുകാലത്തുമുള്ള ആചാര്യൻമാർ ആ സത്യം തേടിയിരുന്നു. മൗലിക സത്യം ഏകമായതിനാൽ, ആരൊക്കെ എവിടെ എല്ലാം ഈശ്വരാന്വേഷണം നടത്തിയിട്ടുണ്ടോ, അവരുടെ കണ്ടെത്തലുകളിൽ സമാനതയോ സാദൃശ്യമോ കാണുക സ്വാഭാവികം. ഏകദൈവത്തിൽ നിന്നുള്ള ദൈവാവിഷ്ക്കരണമാണ് അതിനു കാരണം. വിശ്വാസത്തിന്റെ സംഘടനാവത്ക്കരണമാണ് മതം. മതത്തിൽ സത്യത്തോടൊന്നിച്ച് സങ്കല്പവും മിഥ്യയും കൂട്ടിക്കലർന്നു കഴിയുന്നുണ്ടാകും. മതങ്ങൾ

www.malankaralibrary.com

തമ്മിൽ ആശയസംഘട്ടനങ്ങളും അഭിപ്രായഭേദങ്ങളും സംഭവിക്കാം. കാരണം മതത്തിന് ദൈവാവിഷ്ക്കരണം പൂർണ്ണമായും അവകാശപ്പെടാനാവില്ല. മതം രൂപമെടുത്തത് മനുഷ്യമനസ്സിലാണല്ലോ. അതിന്റെ ദൗർബല്യങ്ങൾ മതങ്ങളിൽ കണ്ടേ മതിയാകൂ. എന്നാൽ, മതത്തിനു മുമ്പുള്ള ദൈവാവിഷ്ക്കരണങ്ങളിൽ സമാനതയും സാദൃശ്യവും കണ്ടെത്താനാവും. അതുകൊണ്ടാണ് ഹീബ്രു-ആര്യ ബാബിലോന്യ-ഈജിപ്ഷ്യൻ ദർശനങ്ങളിൽ അടിസ്ഥാന വിഷയങ്ങളിൽ സമാനതയും സാദൃശ്യവും കാണുന്നത്.

ഭാരതീയരായ നാം നമ്മുടെ പൈതൃകസംസ്ക്കാരത്തിൽ അഭിമാനം കൊള്ളുന്നു. നമ്മെ സംബന്ധിച്ചിടത്തോളം ഹീബ്രു ആര്യ വേദങ്ങളിലെ സാദൃശ്യങ്ങളും സമവീക്ഷണങ്ങളും കൂടുതൽ ചിന്താർഹങ്ങളാണ്. ഈശ്വരൻ, ഈശ്വരാരാധന, യാഗം, പാപക്ഷമ, മുക്തി, മരണാനന്തര ജീവിതം എന്നിങ്ങനെ ഈശ്വരദർശനത്തിലെ മൗലികസത്യങ്ങൾ ഹീബ്രു-ആര്യവേദങ്ങളിൽ വ്യക്തമായി കാണാം. വേദാധിഷ്ഠിത ദർശനത്തിലെന്നപോലെ, മോശയുടെ ന്യായപ്രമാണത്തെ ഉപജീവിച്ചുള്ള യഹൂദമതദർശനത്തിലും യാഗത്തിനും യാഗമൃഗത്തിനും പ്രാധാന്യമുണ്ട്. ആര്യവേദങ്ങൾ കന്യകയിൽ ജാതനായി യൂപത്തിൽ ബന്ധിതനായി യാഗമാകേണ്ട പുരുഷപ്രജാപതിയെ തേടുന്നു. ഹീബ്രു ജനതയുടെ അന്വേഷണവും അതുതന്നെ. അവർ മശിഹായെ കാത്തിരിക്കുന്നു. മശിഹയാണ് അവർക്ക് പാപപരിഹാര യാഗമാകേണ്ട ക്രിസ്തു, " ഇതാ ഞാൻ വരുന്നു; പുസ്തകചുരുളിൽ ( Kephalis) എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. എന്റെ ദൈവമെ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ പ്രിയപ്പെടുന്നു" (സങ്കീ.40:6-8; എബ്രാ. 10:5-7). മനുഷ്യൻ പ്രതീക്ഷിക്കുന്ന മശിഹയുടെ ശബ്ദമാണിത്. പുസ്തക ചുരുളിൽ എഴുതപ്പെട്ട ദാസനാണ് ക്രിസ്തു (അഭിഷിക്തൻ). ക്രിസ്തു യാഗങ്ങളുടെ പൂർണ്ണതയാണ്. ക്രിസ്തുവിന്റെ യാഗം സ്വയം ശൂന്യമാക്കലിലൂടെ (Kenosis) സാദ്ധ്യമാകുന്നു. ഹീബ്രുവേദത്തിൽ ക്രിസ്തുവിന്റെ യാഗത്തെക്കുറിച്ചുള്ള ധാരണ ശക്തവും സജീവവുമായിരുന്നു. പ്രവാചകൻമാർ പ്രവചിച്ചിരുന്നു, അവർ അത് അന്വേഷിച്ചുകൊണ്ടിരുന്നു, മോശയുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നേക്കുറിച്ച് എഴുതിയിരിക്കുന്നത് ഒക്കേയും നിവൃത്തിയാകേണം (ലൂക്കോ24:44). ഭാരതീയ വേദങ്ങളിലെ

www.malankaralibrary.com

പുരുഷപ്രജാപതിയാഗം വിരൽചൂണ്ടുന്നത് ക്രിസ്തുവിന്റെ യാഗത്തിലേയ്ക്കാണ്.

പ്രജാപതി, പ്രജാപതിയാഗം ഈ പദങ്ങൾ ഭാരതീയ വേദങ്ങളിൽ അറിവുള്ളവർക്ക് സുപരിചിതങ്ങളാണ്. പലരും കരുതിയിരിക്കുന്നതുപോലെ പ്രജാപതി ഒന്നല്ല, വളരെ വളരെയുണ്ട്. പ്രജാപതിയാഗം എന്ന് അവകാശപ്പെടുവാൻ ഒരു യാഗമേയുള്ളൂ. എന്നാൽ പ്രജാപതികൾ പലരാണ്. ഇവരിൽ നിന്ന് പുരുഷപ്രജാപതിയെ തിരിച്ചറിയുക ശ്രമകരവുമാണ്. പുരുഷപ്രജാപതിക്ക് ക്രിസ്തുവിന്റെ പരിവേഷം ഉള്ളതുകൊണ്ട് അതിഷ്ടപ്പെടാത്തവർ പ്രജാപതിയെ കണ്ടുകിട്ടാനാവാത്ത ഒരു സങ്കല്പമായി ചിത്രീകരിക്കുവാൻ ശ്രമിക്കാറുണ്ട്. പ്രജാപതിമാർ ആകെ എത്രയെന്ന് കൃത്യമായ കണക്കില്ല. സ്രഷ്ടാവ്, ജനനാഥൻ എന്ന അർത്ഥത്തിൽ ഈശ്വരൻ തന്നെയാണ് പ്രജാപതി എന്നു പറയുന്നു. പ്രപഞ്ചസൃഷ്ടിക്കായി ബ്രഹ്മാവ് പത്തു പ്രജാപതികളെ സൃഷ്ടിച്ചതായി വൈദിക സാഹിത്യവും പുരാണങ്ങളും പറയുന്നു. ദക്ഷകനും കർദമനും ഈ ഗണത്തിൽ പെടും. മരീചി, അത്രി, അംഗിരസ്സ്, പുലസ്ത്യർ, പുലഹൻ, ക്രതു, വസിഷ്ഠൻ എന്നീ സ്പതർഷികളോടൊപ്പം പ്രചേതസ്സിനെയും ഭൃഗുവിനേയും നാരദനേയും ചേർത്ത് പ്രജാപതികൾ പത്തെന്നു പറയുന്നുണ്ട്. മഹാഭാരതം ഹാജരാക്കുന്ന കണക്കനുസരിച്ച് പ്രജാപതികൾ 21 ഉണ്ട്. സപ്തർഷികളോടു കൂടെ 14 ഋഷിമാരേക്കൂടെ ഉൾക്കൊള്ളിച്ചാണ് ഈ ലിസ്റ്റ് പൂർണ്ണമാക്കുന്നത്. ബ്രഹ്മാവ്, രുദ്രൻ, മനു, ദക്ഷൻ, ഭൃഗു, ധർമ്മൻ, യമൻ, പരമേഷ്ടി, സൂര്യൻ, ചന്ദ്രൻ, കർദ്ദമൻ, ക്രോധൻ, വിക്രീതൻ, തപൻ എന്നിവരാണ് ഋഷിമാർ. ഈ പ്രജാപതികൾ പുരാണങ്ങളിലെയും ഇതിഹാസങ്ങളിലേയും കഥാപാത്രങ്ങൾ മാത്രമാണ്. പ്രജാപതി എന്ന പദത്തിന് ബ്രഹ്മാവ്, വിഷ്ണു, വിശ്വകർമ്മാവ്, പിതാവ്, രാജാവ് എന്നീ അർത്ഥങ്ങളുണ്ട്. മിത്തുകളെ ഒഴിവാക്കിയാൽ സാക്ഷാൽ പ്രജാപതി സ്രഷ്ടാവായ ദൈവം തന്നെ എന്നു കരുതാം. സൃഷ്ടിയായ മനുഷ്യന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുവാൻ, പാപം ക്ഷമിക്കുവാൻ സ്രഷ്ടാവായ ദൈവത്തിനു മാത്രമേ കഴിയൂ. സ്രഷ്ടാവായ ദൈവം സൃഷ്ടികളായ മനുഷ്യവർഗ്ഗത്തിനുവേണ്ടി സ്വയം യാഗമായി തീരുന്നു; രാജാവ് പ്രജകളെ ഉദ്ധരിക്കുവാൻ വേണ്ടി സ്ഥാനത്യാഗം

www.malankaralibrary.com

ചെയ്ത് സ്വയം യാഗമായി മാറുന്നു ഈ മഹത്തായ സന്ദേശമാണ്, ആര്യവേദങ്ങൾ പുരുഷ പ്രജാപതിയാഗം എന്നതിലൂടെ ഉദ്ഘോഷിക്കുന്നത്. മിത്തുകളുമായി കൂടി ക്കലർന്നു കിടക്കുന്ന പ്രജാപതികൾക്കിടയിൽ നിന്നും പുരുഷ പ്രജാപതിയെ വിവേചിച്ചറിയുക എന്നത് ശ്രമകര മായ ദൗത്യമാണ്. അത്ര ക്ഷമയും ഏകാഗ്രതയും വേദനി ശ്ചയവും ഉള്ളവർക്കേ അതിനു കഴിയൂ. *"ആര്യവേദാന്ത ത്തിലെ ക്രിസ്തു "* എന്ന ഗൗരവമുള്ള ഗ്രന്ഥം അനു വാചകസമക്ഷം അവതരിപ്പിച്ച് പ്രസിദ്ധനായ *ഡോ.കോ ശി ഏബ്രഹാമിന്റെ* ദൗത്യത്തിന്റെ പ്രസക്തി ഇവിടെ യാണ് വ്യക്തമാകുന്നത്.

*"പ്രജാപതിയാഗം എന്ന ക്രൂശീകരണം"* എന്ന ഈ ഗ്രന്ഥത്തിലൂടെ സാക്ഷാൽ പുരുഷപ്രജാപതി ആരാണെ ന്നും, പുരുഷപ്രജാപതിയാഗം എവിടെ നിറവേറിയെന്നും, വേദസാഹിത്യങ്ങളിലെ ശക്തമായ രേഖകളും തെളിവുക ളും ഉദ്ധരിച്ച്, തരിമ്പും സംശയത്തിനിടമില്ലാതെ ഗ്രന്ഥകാ രൻ സമർത്ഥിക്കുന്നു. ഋഗ്വേദസംഹിതയിലെ സുപ്രസിദ്ധ മായ പുരുഷസൂക്തം പണ്ഡിതോചിതമായി യുക്തിയോ ടും യാഥാർത്ഥ്യബോധത്തോടും കൂടെ ഗ്രന്ഥകാരൻ വിശ ദീകരിച്ചിരിക്കുന്നു. വേദങ്ങൾ തേടുന്ന പുരുഷപ്രജാപതി ക്രിസ്തുവാണെന്നും, പ്രജാപതിയാഗം പ്രായോഗികമായത് ക്രിസ്തുവിന്റെ ക്രൂശുമരണത്തിലാണെന്നും *ഡോ. കോശി*

*ഏബ്രഹാം* സമർത്ഥിച്ചിരിക്കുന്നു. ആചാര്യൻമാരുടെ പ്രാർത്ഥനയുടെ മറുപടിയാണ് " ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു" എന്നു വെളിപ്പെടുത്തിയ ചരി ത്രപുരുഷനായ ക്രിസ്തു. ഹീബ്രു-ആര്യവേദങ്ങളുടെ മൗലിക സത്യമാണ്, മാനവരാശിയുടെ പാപപരിഹാരാർത്ഥം കാൽവ റിയിൽ ക്രൂശിതനായ ക്രിസ്തുദേവൻ, അവനിൽ ജീവിത ത്തിന് അർത്ഥവും മനുഷ്യന്റെ പാപത്തിനു പരിഹാരവുമു ണ്ട്.

Dr.കോശി ഏബ്രഹാമിന്റെ രചന ആകർഷകമാണ്. ആവ ശ്യത്തിന് വ്യക്തമായ ആധാരരേഖകൾ ഹാജരാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. കേട്ടുകേൾവികളോ ഇല്ലാ വചനങ്ങളോ അദ്ദേഹം സ്വീകരിച്ചിട്ടില്ല. ഈ ഗ്രന്ഥത്തിന്റെ

www.malankaralibrary.com

വിശ്വസ്തതയ്ക്കും ആധികാരികതയ്ക്കും ഈ ശൈലി ശക്തി പകരുന്നു. ലളിതമായ പ്രതിപാദനം, വാദഗതികളോടു യുക്തിയുക്തമായ സമീപനം, നിഷ്പക്ഷമായ അവതരണം, വിമർശനമോ പരിഹാസമോ കൂടാതെ, പ്രതിപക്ഷ ബഹുമാനത്തോടെ, സ്നേഹത്തിൽ സത്യം സംസാരിക്കുകയാണ് ഗ്രന്ഥകാരൻ. ഭാരതീയ വേദങ്ങളെ അടുത്തറിയുവാനും, പുരുഷപ്രജാപതിയാഗത്തെ തിരിച്ചറിയുവാനും ഉപകരിക്കുന്ന ഈ ഗ്രന്ഥം, ഭാരത സുവിശേഷവല്ക്കരണത്തിന് വഴിവിളക്കായി പ്രശോഭിക്കുമെന്നതിനു തർക്കമില്ല. ഗ്രന്ഥകാരന്റെ ആത്മാർത്ഥതയ്ക്കും പരിശ്രമത്തിനും ഹൃദയത്തിന്റെ ഭാഷയിൽ എന്റെ അഭിനന്ദനങ്ങൾ.

വിനയപൂർവ്വം,

ജെ.സി.ദേവ്

(പത്രാധിപർ, യുക്തിയും വിശ്വാസവും)

പി.ബി.നമ്പർ 13,

പഴവങ്ങാടി പി.ഓ,

റാന്നി 689673

25-12-1994.

www.malankaralibrary.com

# ആശംസകൾ

പ്രാചീനമനുഷ്യൻ പ്രാകൃതാവസ്ഥയിൽ നിന്നും സഹസ്രാബ്ദികളിലൂടെയുള്ള പ്രയാണത്തിൽ അവന്റെ മനസ്സിലുദിച്ച ആത്മീയ വെളിച്ചത്തിലും അനുഭവസാക്ഷ്യത്തിലൂടെയും ഒരു സൃഷ്ടി കർത്താവിനെ, ആദികാരണനെ കണ്ടെത്തി. ആ സ്രഷ്ടാവിനു അധീനനായി ജീവിച്ചപ്പോൾ അനുഭവിച്ചിരുന്ന ആനന്ദം കാലാന്തരത്തിൽ സ്വേഛരാവിധേയനായി വിഭിന്ന ജഡീക മോഹങ്ങളിൽ മുഴുകി ജീവിച്ചപ്പോൾ, അഭീഷ്ടസിദ്ധിയ്ക്കു സാങ്കല്പിക ദൈവങ്ങളെ ആരാധന തുടങ്ങിയപ്പോൾ, അവനു നഷ്ടപ്പെട്ടു. അതോടെ നിയന്ത്രണാധീനമല്ലാത്ത ഭയം, നൈരാശ്യം, രോഗം മുതലായ ശാരീരിക മാനസിക അവസ്ഥകൾ സംജാതമായി. ഈ സ്ഥിതിയിൽ നിന്നും അല്പമായെങ്കിലും പൂർവ്വാവസ്ഥയെ വീണ്ടെടുക്കുന്നതിനുവേണ്ടി പരിഹാരമാർഗ്ഗമായും, അഭീഷ്ട സിദ്ധിയ്ക്കുമായും മനുഷ്യർ ദാനധർമ്മങ്ങൾ, യാഗാദികർമ്മങ്ങൾ ആദിയായ അനുഷ്ഠാനങ്ങളെ ആശ്രയിച്ച് ആയതിലേക്ക് നരബലി സഹിതം അനവധി ജീവനെ ആണ്ടുതോറും ആവർത്തിച്ചാവർത്തിച്ചു കൊന്നൊടുക്കി. എങ്കിലും മനുഷ്യനിൽ അസമാധാനം, അരക്ഷിതത്വം, പാപബോധം ഇവ നിലനിന്നിരുന്നു. മരീചികപോലെ അപ്രാപ്യമായ ശാന്തിയിലേക്കും സന്തോഷത്തിലേക്കും ചെന്നെത്തുവാൻ അശക്തമായ മനുഷ്യൻ നിസ്സഹായനായി ബാഹ്യമായ ഒരു രക്ഷകനെ - വീണ്ടെടുപ്പുകാരനെ, തേടി സ്രഷ്ടാവിനോടു അപേക്ഷയുമായി, യുഗങ്ങളായി കാത്തിരിപ്പായി.

മനുഷ്യവർഗ്ഗം ഉത്ഭവസ്ഥാനത്തുനിന്നും ഭിന്നദിശകളിലേക്കു ആവശ്യാർത്ഥം തിരിഞ്ഞുപോയി വർദ്ധിച്ചപ്പോൾ അതിലെ രണ്ടു പൌരാണികർ - എബ്രായ-ആര്യ മഹർഷിവര്യർ-മനുഷ്യവർഗ്ഗരക്ഷയ്ക്കായി ജനിക്കാനിരിക്കുന്ന ഒരു രക്ഷകനെ അവരുടെ ആത്മീയദൃഷ്ടിയിൽ കണ്ടിരുന്നു. "പ്രജാപതി"എന്ന നാമത്താൽ ഈ രക്ഷകനെക്കുറിച്ച് ഭാരതത്തിലെ മുനിശ്രേഷ്ഠൻമാർ സഹസ്രാബ്ദങ്ങൾക്കു മുൻപേ ഋഗ്വേദം, യജുർവേദം, സാമവേദം. അധർവവേദം, ഉപനിഷത്തുകൾ എന്നിവയിൽ അനവധി പരാമർശങ്ങൾ നടത്തിയിരുന്നു. എങ്കിലും ആ ലിഖിതങ്ങൾ എല്ലാം ക്രോഡീ

www.malankaralibrary.com

കൃതവും ആലങ്കാരികവുമായ ആര്യ (സംസ്കൃത) ഭാഷയിൽ ആയിരുന്നു. ഭാഷാനൈപുണ്യം അല്പം ചിലർക്കേ ഉണ്ടായിരുന്നുള്ളു. അവരിൽ നിന്നും സാധാരണക്കാർക്ക് സത്യദൈവത്തെക്കുറിച്ചുള്ള ജ്ഞാനം പകർന്നു കിട്ടിയതുമില്ല. അതിനാൽ സഹസ്രാബ്ദങ്ങൾകൊണ്ട് മുപ്പത്തിമുക്കോടി ദൈവങ്ങൾ മനുഷ്യമനസ്സിൽ കുടിയേറി. ആത്മീയാന്ധകാരം സർവ്വഭൂമിയിലും വ്യാപിച്ചു. എങ്കിലും സത്യദൈവത്തെ യുഗാന്ത്യത്തോളം മറയ്ക്കാവുന്നതല്ലല്ലോ. ഈ അവസ്ഥയ്ക്കു ഒരു വിരാമം എന്നോണം ദൈവം 2000 വർഷങ്ങൾക്കുമുമ്പേ ഭൂമിയിൽ, മനുഷ്യർ നോക്കിപ്പാർത്തിരുന്ന "പ്രജാപതി"യാഗം നടത്തി സത്യവെളിച്ചം ഉദിപ്പിച്ചു.

ഈ യാഥാർത്ഥ്യം ഭാരതീയ ജനത്തിനു സുഗ്രഹ്യമാംവണ്ണം വെളിപ്പെടുത്തുന്നതിനു പര്യാപ്തമായ ഒരു ഗ്രന്ഥമാണ് ഡോ.കോശി ഏബ്രഹാം ഇവിടെ അവതരിപ്പിക്കുന്ന "പ്രജാപതി യാഗം"

സംസ്കൃതഭാഷാ "ശാസ്ത്രി" പദം നേടിയിട്ടുള്ള ഡോ.കോശി ഏബ്രഹാം സുദീർഘവും, ക്ഷമയോടുമുള്ള പഠനത്തിന്റെയും ഗവേഷണത്തിന്റെയും ഫലമായി പ്രജാപതിയാഗം യേശുക്രിസ്തുവിൽ പൂർത്തീകരിക്കുന്നുവെന്ന സത്യം വ്യക്താമായും ഹൃദ്യമായും മലയാളിമനസ്സുകൾക്ക് മനനം ചെയ്യാവുന്ന നിലവാരത്തിലേക്കു എത്തിച്ചുകൊടുക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. വേദങ്ങൾ-ബൈബിൾ-താരതമ്യപഠനത്തിനു അവശ്യം അറിഞ്ഞിരിക്കേണ്ട ആത്മീയകാര്യങ്ങൾ അടങ്ങിയിരിക്കുന്ന ഈ ഗ്രന്ഥം, ഭാരതീയ സംസ്ക്കാരത്തിൽ വളർന്നു ജീവിക്കുന്ന ഏത് ക്രിസ്തീയ വേദശാസ്ത്ര വിദ്യാർത്ഥിയ്ക്കും, അതുപോലെ യേശുവിനെ ദർശിക്കുന്നതിനു ആഗ്രഹിക്കുന്ന ഏവർക്കും ഒന്നുപോലെ ഉതകട്ടെ എന്നു ഞാൻ ആശംസിച്ചുകൊള്ളുന്നു.

**Rt.Rev.Dr.K.J.Samuel**
**C.S.I.Bishop in East Kerala**
**Melukavumattom**

www.malankaralibrary.com

# കൃതജ്ഞത

പൗരസ്ത്യസഭാവിജ്ഞാനീയത്തിൽ മഹാപണ്ഡിതൻ, ഭാരത സഭാപൈതൃകം സംബന്ധമായി ഏറ്റവും അഭിമാനിക്കുന്ന ആൾ, അഖിലേന്ത്യാ കത്തോലിക്കാ ബിഷപ്സ് കോൺഫറൻസ്, കേരള കത്തോലിക്കാ ബിഷപ്സ് കോൺഫറൻസ് എന്നിവയുടെ സമാരാദ്ധ്യനായ അദ്ധ്യക്ഷൻ, നിരവധി പ്രശസ്ത ഗ്രന്ഥങ്ങളുടെ രചയിതാവ്, എന്നീ നിലകളിലെല്ലാമുള്ള ജോലിതിരക്കുകൾക്കിടയിൽ ഈ പുസ്തകത്തിന്റെ കയ്യെഴുത്തു പ്രതി വായിക്കുന്ന ക്ലേശകരമായ ജോലി നിർവഹിച്ച് മനോഹരവും വിജ്ഞാനപ്രദവുമായ ഒരു അവതാരിക എഴുതുവാൻ സമയം കണ്ടെത്തുകയും ചെയ്ത ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ പിതാവായ ജോസഫ് മാർ പൗവ്വത്തിലിനോട് എനിക്കുള്ള ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥത്തിലെ ഗഹനമായ വേദാന്തവിഷയത്തിന്റെ ആസ്വാദ്യത അനുഭവിക്കുവാൻ വായക്കാർക്ക് സഹായകമാകും വിധം ശ്രേഷ്ഠമായ അഭിപ്രായങ്ങൾ നല്കി ആശീർവദിച്ച സി.എസ്.ഐ. പൂർവ്വകേരള മഹാഇടവകയുടെ അജപാലകനും ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യാ, കേരളാ ഓക്സിലിയറിയുടെ പ്രസിഡണ്ടുമായ അഭിവന്ദ്യ ബിഷപ്പ് ഡോ.കെ.ജെ.സാമുവൽ തിരുമേനിയോടുള്ള ആത്മാർത്ഥമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

കൃത്യാന്തരബഹുലതയ്ക്കിടയിൽ കയ്യെഴുത്തു പ്രതി വായിക്കുന്ന ദുഷ്കരമായ ജോലി ക്ഷമാപൂർവ്വം നിർവഹിച്ച് അതിശ്രേഷ്ടമായ ഒരു അഭിപ്രായം എഴുതിത്തന്ന, ആദ്ധ്യാത്മിക രംഗത്ത് ഇന്ന് സവിശേഷമായി പ്രശോഭിക്കുന്ന അനുഗൃഹീതനായ എഴുത്തുകാരനും നിർഭയനായ വാഗ്മിയും ആദരണീയ മനുഷ്യസ്നേഹിയുമായ ജെ.സി.ദേവിനോടുമുള്ള സൗഹൃദമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

www.malankaralibrary.com

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിനും വിതരണ ത്തിനും ഉപോൽബലകമായ പ്രചോദനവും ആശിസ്സും നൽകിയ കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ നെടുംതൂണുക ളിൽ പ്രധാനിയും, പോട്ടയിലെ കരിസ്മാറ്റിക് ധ്യാനകേന്ദ്ര ത്തിന്റെ മുൻ ഡയറക്ടറും, പാലായിൽ ചെത്തിമറ്റത്തുള്ള വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ വക സെമിനാരിയുടെ റെക്ടറുമായ റവ.ഫാദർ.ജോസ് വെട്ടിയങ്കലിനോടുമുള്ള സ്നേഹോഷ്മളമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

ഭാരത സുവിശേഷീകരണ സംരംഭത്തിലെയും എക്യു മെനിക്കൽ പ്രസ്ഥാനത്തിലെയും തീക്ഷ്ണനായ സേനാനി യും, ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യാ കേരളാ ഓക്സിലറിയുടെ സെക്രട്ടറിയും, ഈ ഗ്രന്ഥത്തിന്റെ പ്രസി ദ്ധീകരണ സംബന്ധമായി സാങ്കേതികോപദേശങ്ങൾ നൽകി പേട്രൺ സ്ഥാനം അലങ്കരിക്കുന്നതുമായ അഭിവന്ദ്യ സഖ റിയാ കോശി അച്ചനോടുള്ള സ്നേഹനിർഭരമായ നന്ദി യും രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥത്തിന്റെ കയ്യെഴുത്തു പ്രതി പരിശോധിച്ച് ദൈവശാസ്ത്രപരമായ വിചിന്തനം കൊണ്ട് പരിപോഷി പ്പിച്ച ദൈവശാസ്ത്രപണ്ഡിതനും പ്രശസ്തനായ സഭാ ചരിത്ര പഠിതാവും ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ, എക്യുമെനിക്കൽ കമ്മീഷൻ, സീറോ മല ബാർ സഭയുടെ Particular Law Formation Committee എന്നിവയിലെ സജീവാംഗവുമായ ഡോ.ജോൺ പാലാക്കു ന്നേലിനോടുള്ള സ്നേഹമസൃണമായ കൃതജ്ഞതയും രേഖ പ്പെടുത്തിക്കൊള്ളുന്നു.

ഈ പുസ്തക നിർമ്മിതിയിൽ ഉചിതമായ ആലോചന കൾ നൽകി ആദ്യന്തം സഹകരിച്ച നിഗൂഢവേദശാസ്ത്ര ജ്ഞാനിയായ കോട്ടയം വഴിയമ്പലത്തിൽ ശ്രീ.വി.ഇ.കോര അവർകളോടുള്ള സ്നേഹനിർഭരമായ നന്ദിയും രേഖപ്പെ ടുത്തിക്കൊള്ളുന്നു.

അതിമനോഹരമായി കമ്പ്യൂട്ടർ ടൈപ്പ് സെറ്റ് ചെയ്തു തന്ന മയൂരാ ഡി.റ്റി.പി. സെന്ററിനോടും (കോട്ടയം), ഭംഗി യായും കൃത്യമായും ഗ്രന്ഥത്തിന്റെ അച്ചടി ജോലി നിർവ

www.malankaralibrary.com

ഹിച്ച സതേൺ ഓഫ്‌സെറ്റ് പ്രസ്സിനോടും (കോട്ടയം) ആശയ സംപുഷ്ടമായും അതിസുന്ദരമായും കലാപരമായി മോഹനമായും കവർ ഡിസൈൻ ചെയ്തു തന്ന പ്രതാപ് ആർട്സിനോടും (കോട്ടയം) എന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

ഇതിനുമുൻപ് പ്രസിദ്ധീകരിച്ച "ആര്യവേദാന്തത്തിലെ ക്രിസ്തു" എന്ന ഗ്രന്ഥം വായിച്ച് അഭിനന്ദനങ്ങൾ അറിയിച്ച നാനാജാതി മതസ്ഥരായ ബഹുസഹസ്രം വായനക്കാരോടും, ആ പുസ്തകത്തിന്റെ അംഗീകാരമായി ബഹുമതി നൽകി ആദരിച്ച വിദ്വദ്സദസ്സിനോടുമുള്ള എന്റെ സ്നേഹാദരവുകളും നന്ദിയും രേഖപ്പെടുത്തിക്കൊള്ളുന്നു.

**With Love and Prayers**

റാന്നി
15.1.95

ഡോ. കോശി ഏബ്രഹാം.

www.malankaralibrary.com

# വിഷയവിവരം

ആമുഖം

I ആദി 5

ചലനം എന്ന നാദബ്രഹ്മം

വചനം ഏക ലയനസ്ഥാനം

നാസദീയസൂക്തം – സൃഷ്ടിവർണ്ണന 8

സൃഷ്ടിക്രമം- സത്യം, വെളിച്ചം, ജലം 15

പ്രജാപതി എന്ന നാമം 16

II ആദ്യജാതൻ 18

പുരുഷൻ അഥവാ പ്രജാപതി

പ്രജാപതിയുടെ ജനനം

പ്രജാപതിയുടെ മഹത്വം 20

സൃഷ്ടിയുമായുള്ള ബന്ധം 21

ആരാദ്ധ്യനായ ദേവൻ 22

രക്ഷാദാനം ചെയ്യുന്ന ദേവൻ

നിർണ്ണയവും സമർപ്പണവും

ആദ്യജാതമർമ്മം 24

ആദ്യജാതന്റെ ജനനം

വിരാട് പുരുഷൻ 25

മൂന്ന് ചോദ്യങ്ങൾ. ചോദ്യം ഒന്ന് 33

ദൈവം നിവൃത്തനാവുന്നു 35

ദൈവം നിവൃത്തനായപ്പോൾ 37

ദൈവം നിവൃത്തനായത് എന്തിന്? 39

വെയിലാറിയപ്പോൾ 44

" എന്നെ കൈവിട്ടതെന്ത്?" 46

www.malankaralibrary.com

വീണ്ടെടുപ്പ് 50
ചോദ്യം രണ്ട് 52
ചോദ്യം മൂന്ന് 55

III മനുഷ്യൻ പ്രജാപതിയാഗംവരെ 57
പാപോഹം പാപകർമ്മോഹം 58
ആര്യൻമാരും എബ്രായരും 62
പുത്രകാമേഷ്ടിയും ആദ്യജാതബലിയും 65
പാപപരിഹാരബലി ദർശനത്തിൽ 69
" ഇതാ, ഞാൻ വരുന്നു" 74
അസസ്സേലിനുള്ള ആട്ടുകൊറ്റൻ 78

IV പ്രജാപതിയാഗം 83
പുരുഷ സൂക്തം
നിത്യതയിലെ പ്രജാപതി 85
മൽക്കീസേദെക് 86
മനുഷ്യാവതാരം 87
യാഗത്തിന് അനുകൂല സമയം 90
പ്രജാപതി യാഗംചെയ്യപ്പെടുന്നു 94
യാഗത്തിന്റെ ഫലം 95
പ്രജാപതിയുടെ ശരീരവും അവയവങ്ങളും 106
പുനരുത്ഥാനം 108
പ്രജാപതിയാഗത്തിന്റെ സാധൂകരണം 111
യാഗംമൂലം മനുഷ്യവംശത്തിന്റെ ലാഭം 114
നോഹയും ജലപ്രളയവും
ഭവിഷ്യപുരാണത്തിൽ 117
രക്ഷ പ്രാപിപ്പാൻ വേറെ വഴിയില്ല 120
ഉയർത്തെഴുന്നേറ്റ പ്രജാപതിയുടെ ദർശനം 121
എല്ലാനാളും കൂടെയിരിക്കും 122
സമർപ്പണം 123
സകലസൃഷ്ടികളോടും പറയണം 124

www.malankaralibrary.com

നിത്യജീവന്നായുള്ള അപേക്ഷ 126

V പ്രജാപതിയുടെ യാഗയോഗ്യതകളും യാഗക്രമവും 129

യാഗപുരുഷൻ കുറ്റമില്ലാത്തവനായിരിക്കണം

തലയിൽ കാട്ടുവള്ളി ചുറ്റണം 132

സ്വന്ത ജനങ്ങൾ തള്ളിപ്പറയണം 133

യാഗപുരുഷൻ കഷ്ടതകൾ അനുഭവിക്കണം

യാഗമൃഗത്തെ യൂപത്തോടുചേർത്ത്കെട്ടണം 135

യാഗമൃഗത്തിന്റെ ശരീരത്തിൽനിന്ന്

രക്തം ഒഴുകണം 136

യാഗമൃഗത്തിന്റെ എല്ലുകൾ ഒടിക്കരുത് 139

യാഗമൃഗത്തിന്റെ തോൽ (അങ്കി) കീറരുത് 139

യാഗമായി ദഹിപ്പിക്കപ്പെട്ടശേഷം

വീണ്ടും ജീവിക്കണം 140

യാഗമൃഗത്തിന്റെ മാംസം ഭക്ഷിക്കണം 142

VI യാഗത്തിനുശേഷം 145

പുനരുജ്ജീവനം (ഉയിർത്തെഴുന്നേൽപ്പ്) 145

മരണത്തെ ജയിച്ച വിജയം 151

(അഭിഷിക്തനായ രാജാവ്)

പ്രത്യവലോകനം Review 155

പ്രജാപതിയുടെ പുനരാഗമനം 159

രണ്ടാം വരവിന്റെ ലക്ഷണങ്ങൾ

കല്കി പുരാണത്തിൽ 159

ബൈബിളിൽ 167

പ്രാദുർഭവാമ്യഹം-ഇതാ, ഞാൻ വീണ്ടും വരുന്നു 170

കരിഷ്യാമി കലിക്ഷയം-

അധർമ്മമൂർത്തിയെ നശിപ്പിക്കും 171

സകലതും വീണ്ടും പുതുതാക്കപ്പെടും 171

ഉപസംഹാരം 181

ശാന്തിപാഠം 184-185

www.malankaralibrary.com

# ആമുഖം

"ഓം, അഗ്നിമീളേ പുരോഹിതം" (ഋഗ്വേദം 1:1:1)

" രക്തദാഹിയായ ഒരു ദൈവം,
അവൻ ദഹിപ്പിക്കുന്ന അഗ്നിയാകുന്നു"

ദൈവാവബോധമുണ്ടായ മനുഷ്യന്റെ ആരംഭകാലത്തെ ജ്ഞാനം ഏതാണ്ടിപ്രകാരമായിരുന്നു. ദൈവത്തിന്റെ ഈ രക്തദാഹം ശമിപ്പിക്കേണ്ടത് ഭൂതലവാസികളുടെ സ്വൈര ജീവിതത്തിന് അനിവാര്യമാണ് എന്ന് മനുഷ്യരിലെ പ്രമാണികൾ ചിന്തിച്ചു. അതോടെ, മനുഷ്യന്റെയും മൃഗങ്ങളുടെയും രക്തം പ്രവഹിക്കുവാൻ തുടങ്ങി. അജ്ഞാതനായ ദൈവം ഇതിൽ സംതൃപ്തനാവുന്നു എന്നും ഭൂമിയിൽ മനുഷ്യന് ക്ഷേമവും സംരക്ഷണവും നൽകുന്നു എന്നും പ്രമാണികൾ മൗഢ്യമായി സമാശ്വസിക്കുകയും ചെയ്തുപോന്നു.

ആര്യന്മാരും എബ്രായരും മാത്രമല്ല, ബാബിലോന്യർ തുടങ്ങിയ എല്ലാ ജാതികളും നരബലിയും മൃഗബലിയും ശീലിച്ചിരുന്നു എന്ന് എല്ലാവരുടെയും മതഗ്രന്ഥങ്ങൾ തെളിവ് നൽകുന്നു. ഹാബേലിന്റെ കൊഴുത്തു തടിച്ച ആട്ടിൻകുട്ടി എബ്രായരുടെ രക്തദാന കർമ്മത്തിന്റെ തെളിവാണ്. നരമേധവും ഗോമേധവുമെല്ലാം ആര്യൻമാരുടെ യാഗസമ്പ്രദായങ്ങളായിരുന്നു. കനാന്യർ ആദ്യജാത ശിശുക്കളെ ബലികഴിച്ചിരുന്ന "ബൻ-ഹിന്നോം താഴ്വര" (2ദിന. 28:3) അന്യജാതികളുടെയെല്ലാം ആചാരമര്യാദകളുടെ ഭീകരമായ ഒരു കാലഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്.

ഈ ക്രൂരതകളെല്ലാം പൗരാണികരായ മനുഷ്യർ എന്തിനുവേണ്ടിയായിരുന്നു ചെയ്തിരുന്നത്? ലൗകികരായ ശത്രുക്കളുടെമേൽ വിജയം, രോഗങ്ങളിൽനിന്ന് വിടുതൽ, പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് സംരക്ഷണം, ശക്തരും വിദ്വാൻമാരുമായ പുരുഷസന്താനങ്ങളുടെ ജനനം,നൂറുവർഷം വരെയുള്ള ദീർഘായുസ്സ്, ധനധാന്യ സമ്പൽസമൃദ്ധി ഇങ്ങനെ ആയുസ്സു മുഴുവൻ ഐഹിക ഐശ്വര്യങ്ങളുടെ അനുഭവത്തിനപ്പുറത്ത് ഒന്നും തന്നെ ഈ രക്തച്ചൊരിച്ചിലുകൊണ്ട്

www.malankaralibrary.com

ആദികാലത്ത് ഉദ്ദേശിച്ചിരുന്നില്ല.

കാലാന്തരത്തിൽ, ഒരു മരണാനന്തര ജീവിതത്തെപ്പറ്റി മനുഷ്യൻ ഭാവന ചെയ്യാൻ തുടങ്ങി. ഇത് മനുഷ്യവംശത്തിൻെറ വലിയൊരു വഴിത്തിരിവായിരുന്നു. ഐഹികജീവിതം പാപക്ലിഷ്ടമാണ് എന്ന് അനുഭവം കൊണ്ട് മനസ്സിലാക്കിയ മനുഷ്യൻ മരണാനന്തരജീവിതം എങ്ങനെ സാദ്ധ്യമാകും എന്ന് ആത്മാർത്ഥമായി ചിന്തിക്കാൻ തുടങ്ങി. പാപബോധമുണ്ടായ മനുഷ്യനെ ഈ ചിന്ത ധ്യാനജീവിതത്തിലേക്ക് നയിച്ചു. ദൈവം ആത്മാവാണ് എന്ന് അവർ മനസ്സിലാക്കി; ധ്യാനത്തിലൂടെ ആത്മീയശക്തി പ്രാപിക്കാമെന്ന് മനസ്സിലാക്കി; പരമാത്മാവിനെയും ജീവാത്മാവിനേയും ആദ്ധ്യാത്മികമായി മനസ്സിലാക്കി; മരണാനന്തരജീവിതം സൗഭാഗ്യകരമായ നിത്യസമാധാനജീവിതമായി അനുഭവിക്കാമെന്ന് മനസ്സിലാക്കി. ഇതഃപര്യന്തം രക്തപ്പുഴകളൊഴുക്കി ദൈവ പ്രീതിക്കായി നടത്തിയിരുന്ന ബലികൾ അപൂർണ്ണമാണെന്ന് മനസ്സിലാക്കി; മനുഷ്യന്റെ സൽപ്രവൃത്തികൾ അവന്റെ പാപ ത്തിന് പരിഹാരമാവുകയില്ല എന്നും മനസ്സിലാക്കി. അതോടെ "മൃത്യോർമാ അമൃതം ഗമയ"- മരണമുള്ള ജീവിതത്തിൽ നിന്നും രക്ഷിച്ച് നിത്യജീവിതത്തിലേക്ക് നയിക്കണമേ എന്ന പ്രാർത്ഥന നിരന്തരമായി അവരിൽ നിന്നും ഉയരുവാനും തുടങ്ങി.

മനുഷ്യന്റെ പ്രയത്നങ്ങൾ മൂലം രക്ഷ അസാദ്ധ്യമാണെന്ന് മനസ്സിലാക്കിയവർ ഇത് ദൈവത്തിന്റെ മാത്രം പദ്ധതിയാണ് എന്ന് വിശ്വസിക്കാൻ ശ്രമിച്ചു. അതിനായി അവർ ക്ലേശങ്ങൾ സഹിച്ച് തപസ്സു ചെയ്തു. ജീവിതകാലം മുഴുവൻ ധ്യാനനിരതരായിക്കഴിഞ്ഞു.ഭക്തരായ ഇവർ ദർശനങ്ങൾ കണ്ടു. "രക്തം ചൊരിഞ്ഞിട്ടല്ലാതെ മോചനമില്ല" എന്ന് നേരത്തെ ധരിച്ചിരുന്നതിന്റെ അർത്ഥം അവർക്ക് വെളിപ്പെട്ടു. അത് മനുഷ്യൻ ചൊരിയിക്കുന്ന മൃഗങ്ങളുടെ രക്തമല്ല, പിന്നെയോ, ദൈവം തന്നെ ഒരു പ്രായശ്ചിത്ത ബലി നടത്തും. ഇത് അവർ ദർശനത്തിൽ കണ്ടു.

"ഉതാമൃതത്വസ്യ ഈശാനഃ
യദന്നേനാതിരോഹതി"

www.malankaralibrary.com

നിത്യരക്ഷയുടെ ദൈവം അതിശയകരമായി ഭൂമിയിൽ ജനിക്കുന്നു! ഈ മനുഷ്യപുത്രൻ സ്വന്തം രക്തം ചൊരിഞ്ഞ് യാഗമായിത്തീർന്ന് എന്നന്നേക്കുമായി ഒരു വീണ്ടെടുപ്പ് സാദ്ധ്യമാക്കിത്തീർക്കുന്നു.

ഈ ജനനവും യാഗവും കാണ്മാൻ അനേകർ കാത്തിരുന്നു; എന്നാൽ കണ്ടില്ല.

"യത് പുരുഷേണ ഹവിഷാ
ദേവാ: യജ്ഞമതന്വത"

ഒരു പുരുഷന്റെ അതിശയജനനം (കന്യകാജനനം) ദർശനത്തിൽ കണ്ടിരുന്ന ഭക്തൻമാർ ആ പുരുഷനെ മാനസികയാഗത്തിൽ ബലിയർപ്പിച്ച് സംതൃപ്തരായിക്കഴിഞ്ഞു. മനസ്സാക്ഷി യുഗത്തിലെ ഭക്തൻമാരുടെ കൂട്ടത്തിൽ അവർ എണ്ണപ്പെട്ടു. (ഋഗ്വേ.10:90:16)

**ഇതാണ് പ്രജാപതി യാഗം; ഭാവിയിലൊരിക്കൽ ഭൂമിയിൽ നടക്കാനിരുന്ന അസ്സൽ യാഗത്തിന്റെ നിഴൽ— ക്രൂശീകരണത്തിന്റെ ദർശനജ്ഞാനം.**

ആര്യൻമാരും എബ്രായരും ഒരുപോലെ ഇത് അവരുടെ കർമ്മമാർഗ്ഗത്തിൽ പാപയാഗമായി, ആദ്യജാതബലിയായി, പ്രായശ്ചിത്തബലിയായി അർപ്പിച്ചുകൊണ്ടിരുന്നു. വിമോചനത്തിൻെറ പ്രത്യാശയിൽ അവർ കാത്തിരിക്കുകയും ചെയ്തിരുന്നു. എല്ലാ ജാതികളിലും ഇപ്രകാരമൊരു യാഗത്തിന്റെ ആശയം അവ്യക്തമായി നിലനിന്നിരുന്നു.

കാലസമ്പൂർണ്ണതയിൽ ആ യാഗപുരുഷൻ മനുഷ്യപുത്രനായി ജനിച്ചു. അതിശയജനനമായി മഹർഷിമാർ ദർശിച്ചതുപോലെ തന്നെ അവൻ അത്ഭുതകരമായി കന്യകയിൽ ജാതനായി. അവർ ദർശിച്ചതുപോലെ തന്നെ, ദൗത്യനിർവഹണത്തിനുശേഷം യൂപത്തിൽ (കൊലമരത്തിൽ) ബന്ധിതനായി പാപപരിഹാരയാഗമായി അവൻ ബലികഴിക്കപ്പെട്ടു.

മാനസികയാഗമായി (ദർശനമായി) മഹർഷിമാർ കണ്ടിരുന്ന പ്രജാപതിയാഗം കാലാനുകൂലമായി ഭൂമിയിൽ നടന്നപ്പോൾ അത് കാൽവറിയാഗമായി ചരിത്രസംഭവമായിത്തീർന്നു- നിത്യരക്ഷയുടെ വാതിലായി ഇന്ന് നിലനിൽക്കുന്ന പരമയാഗമായ ക്രൂശീകരണം തന്നെ.

www.malankaralibrary.com

ലോകാരംഭം മുതലേ അറുക്കപ്പെട്ട കുഞ്ഞാടായി വേദങ്ങളിലും നിത്യരക്ഷയുടെ പാലമായി വേദാന്തത്തിലും വിശേഷിപ്പിച്ചിരിക്കുന്ന യാഗപുരുഷനായ പ്രജാപതി എക്കാലത്തും ആര്യജ്ഞാനികളുടെ മഹത്വപ്രത്യാശയായിരുന്നു. ഇന്നും സകലജാതികൾക്കും അപ്രകാരം തന്നെ.

"പൂർവ്വോഹ ജാതഃ, സ ഏവ ജാതഃ,
സഃ ജനിഷ്യമാണഃ"

അവൻ ഇരുന്നവനും, വന്നവനും, വരാനിരിക്കുന്നവനുമാകുന്നു.

www.malankaralibrary.com

# I

# ആദി (In The Beginning....)

## ആദി - ചലനം എന്ന നാദബ്രഹ്മം

മനുഷ്യന് അജ്ഞേയമായ ഒരു പ്രതിഭാസം; ആദി- അനുഭവത്തിലേക്ക് വഴി നടത്തുന്നതിനാൽ വിശ്വസിക്കാവുന്ന ഒരു നിഗമനം.

ചലിക്കുന്നവയൊക്കെയും നിശ്ചലമാവുന്നു; നിശ്ചലമായവ വിലയവും പ്രാപിക്കുന്നു( Vanishing )ഇതാണ് അനുഭവം.

നിശ്ചലമാവാതെയും വിലയം പ്രാപിക്കാതെയും കാലഗണനയിൽ നിലനിർത്തുന്ന ഘടകമാണ് ചലനം. ഈ അനുഭവം ഒരു ആദിയെ സൂചിപ്പിക്കുന്നു. ഇതിന് എവിടെയെങ്കിലും ഒരു തുടക്കം കുറിക്കണം. ആ ആദിയാണ് സൃഷ്ടി അഥവാ ഉൽപ്പത്തിക്ക് കാരണമായ ചലനം-നാദബ്രഹ്മം. ഈ ചലനത്തിൽ പ്രപഞ്ചസൃഷ്ടി നടക്കുന്നു. ഇതാണ് സൃഷ്ടിയുടെ ആദി.

അപ്പോൾ സൃഷ്ടിക്ക് കാരണമായ ചലനം അതിനു മുൻപ് ഉണ്ടായിരുന്നിരിക്കണം. ആ ചലനത്തിന്റെ ആദി എപ്പോൾ? ആ ആദി സൃഷ്ടിയുടെ അറിവിന് ഒരിക്കലും വശപ്പെടുന്നതല്ല. കാരണം, ആ ചലനം സ്വയം ആദിയാകുന്നു; അതുതന്നെ അന്ത്യവുമാകുന്നു. അതായത്, ആ ചലനത്തിന് ആദിയുമില്ല, അന്ത്യവുമില്ല എന്നർത്ഥം. ഈ കാരണത്താൽ സൃഷ്ടി അതിനെ നിത്യസത്യം എന്ന് അംഗീകരിച്ചു.

ഈ അംഗീകാരത്തിൽ നിന്നാണ് കഥകളുടെ ആവിർഭാവം. ഈ കഥകൾ നിഗമനം (Deduction) എന്ന ഭാവപ്രകരണത്തിന്റെ ഉൽപ്പന്നങ്ങളാണ്. അംഗീകരിക്കപ്പെട്ട നിത്യസത്യത്തെ അത്യുന്നതങ്ങളിൽ സ്ഥാപിച്ചുകൊണ്ട് ഭാവപ്രകരണത്തിന്റെ ഉൽപ്പന്നങ്ങളെ തിരുമുമ്പാകെ അർപ്പിച്ചു. ആദി എന്ന ചലനമായ നിത്യ

www.malankaralibrary.com

സത്യം അർപ്പണബോധമുള്ളവരിൽ സത്+ചിത്+ ആനന്ദമായി അനുഭവപ്പെട്ടപ്പോൾ ചലനം "ചൈതന്യമായി"(life....ജീവനായി)സ്ഥായീഭവിച്ചു. ഇത് സത്യത്തിന്റെ സ്ഥായീഭാവം (Permanent feeling). ഈ സ്ഥായീഭാവത്തിൽ നിന്ന് രൂപം പ്രാപിച്ചതാണ് 'ചിത്' അഥവാ ജ്ഞാനം എന്ന അനുഗ്രഹം. ഈ അനുഗ്രഹത്തിൽ അനുഭവമാകുന്ന ആനന്ദം അനന്തമാകുന്നു. ഇതാണ് "സത്യം ജ്ഞാനമനന്തം ബ്രഹ്മ" എന്ന സച്ചിദാനന്ദ സ്വരൂപം.

ജ്ഞാനം എന്ന അനുഗ്രഹത്തിൽ വേദങ്ങളും ശാസ്ത്രങ്ങളും ഉത്ഭൂതമായി. ഇവ ഉത്ഭവിച്ച വിധത്തിന്റെ നിഗമനം ഇപ്രകാരമാണ്"

"ഋഗ്വേദോ യജൂർവേദ: സാമവേദോ അഥർവ്വാങ്ഗിരസ: ഇതിഹാസ: പുരാണം വിദ്യാ ഉപനിഷദ: ശ്ലോകാ: സൂത്രാണ്യനുവ്യാഖ്യാനി വ്യാഖ്യാനാനി; അസ്യൈവൈതാനി നി:ശ്വസിതാനി"

(ബൃഹദാരണ്യകോപനിഷത് 2:4:10)

അർത്ഥം: ഋഗ്വേദം, യജൂർവേദം. സാമവേദം, അഥർവ്വവേദം, ഇതിഹാസം, പുരാണം, വിദ്യകൾ, ഉപനിഷത്തുകൾ, മന്ത്രങ്ങൾ, സൂത്രങ്ങൾ, മന്ത്രവിവരണങ്ങൾ, വ്യാഖ്യാനങ്ങൾ എന്നുള്ളവയെല്ലാം നിത്യസത്യമെന്ന ചൈതന്യത്തിന്റെ നിശ്വസിതങ്ങളാകുന്നു.

"എല്ലാ തിരുവെഴുത്തുകളും ദൈവശ്വാസീയമാകുന്നു." (2തിമോ.3:16) എന്ന അർത്ഥം തന്നെ.

"ഏവം സർവ്വേഷാം വേദാനാം വാഗേകായനം"

(ബൃഹ.ഉപ.2:4:11)

അർത്ഥം: ഇപ്രകാരം എല്ലാ വേദങ്ങൾക്കും വാക് (വചനം) ഏകലയനസ്ഥാനമാകുന്നു. (Origin and end, Confluence, വിശ്രമസ്ഥാനം)

ആദി എന്ന ചലനത്തിൽ എല്ലാം വിലയം പ്രാപിക്കുന്നു എന്ന നിഗമനത്തിൽ നിന്നും പുറപ്പെട്ട അന്വേഷണം ആ ഏകലയനസ്ഥാനം "വചനമാ"കുന്നു എന്ന തീരുമാനത്തിൽ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നു. ഈ

www.malankaralibrary.com

ചലനം ചൈതന്യം എന്ന നിത്യസത്യമാകുന്നു എന്നും അറിഞ്ഞുകഴിഞ്ഞു. അങ്ങനെ സകലത്തിന്റെയും ഉത്ഭവസ്ഥാനവും വിലീനസ്ഥാനവും (ആദിയും അന്തവും) അതേ നിത്യസത്യം തന്നെ എന്ന നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നു.

"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവമായിരുന്നു. സകലതും അവൻ മുഖാന്തിരം ഉളവായി." (യോഹന്നാൻ1:1,3)

"കാലസമ്പൂർണ്ണതയിൽ ആദിയിലെന്നപോലെ സകലതും അവനിൽ ഒന്നായി ചേരുകയും ചെയ്യും" (എഫേസ്യർ 1.10)

"സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നു." (റോമർ 11:36)

"പുരുഷായണാ: പുരുഷം പ്രാപ്യ അസ്തം ഗഛന്തി" (പ്രശ്നോപനിഷത് 6:5)

*" വാഗേകായനം സർവ്വേഷാം"*

അതുകൊണ്ട് ഉപനിഷത്ത് വെളിപ്പെടുത്തുന്ന തത്വം ഇതാണ് - ചൈതന്യം എന്ന നിത്യസത്യത്തിൽ നിന്നു പുറപ്പെട്ട് അതിൽ തന്നെ ആദിയിലെന്നപോലെ തിരികെ വിലയം പ്രാപിക്കുന്നു. അതേ ചൈതന്യത്തിന്റെ നിശ്വസിത രൂപത്തിൽ ജ്ഞാനം മനുഷ്യന് ലഭിക്കുന്നു എന്നാണ് സിദ്ധാന്തം.

ഈ അവസ്ഥയിൽ നിന്നുകൊണ്ട് ചലനം എന്ന ആദ്യാവസ്ഥയിലേക്ക് തിരിഞ്ഞുനോക്കിയ ജ്ഞാനിയായ അന്വേഷകൻ വിലയിരുത്തിയ ആദ്യാവസ്ഥയെ ഋഗ്വേദത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:-

www.malankaralibrary.com

# നാസദീയസൂക്തം

(ഋഗ്വേദം 10:129:1.7)

## സൃഷ്ടിവർണ്ണന

"നാസദാസീന്നോ സദാസീത്തദാനീം
നാസീദ്രജോ നോ വ്യോമാപരോയത്!
കിമാവരീവ: കുഹ കസ്യ ശർമ്മ
ന്നംഭ: കിമാസീദ് ഗഹനം ഗംഭീരം !!"

(സൃഷ്ടേ: പ്രാഗവസ്ഥാ നിരൂപതേ = സൃഷ്ടിക്ക് മുൻപുളള അവസ്ഥയ്ക്ക് രൂപകല്പന നൽകപ്പെടുന്നു. ആ അവസ്ഥയിൽ സമസ്തപ്രപഞ്ചവും അവ്യാകൃതമായ ലയനാവസ്ഥയിലായിരുന്നു എന്ന് നിഗമനം)

അർത്ഥം:

തദാനീം=അവ്യാകൃതമായ (നാമരൂപങ്ങളില്ലാതിരുന്ന) അവസ്ഥയിൽ-ആദിയിൽ,

അസത് ന ആസീത്= അസത് എന്ന അവസ്ഥ (ഇല്ലായ്മയുടെ ഉൺമ) ഉണ്ടായിരുന്നില്ല

(തഥാ) ന സത് ആസീത് = (അതുപോലെ തന്നെ) സത്തും (ഉൺമ) ഉണ്ടായിരുന്നില്ല.

രജ: ന ആസീത്= ആകാശത്തിൻകീഴിൽ കാണപ്പെടുന്നവയൊന്നും ഉണ്ടായിരുന്നില്ല.

വ്യോമ പര: യത് ന ആസീത് = ആകാശത്തിനു മുകളിലും ഒന്നുമുണ്ടായിരുന്നില്ല.

(അങ്ങനെ, കാണപ്പെടുന്ന ഈ പ്രപഞ്ചത്തിന് ആദിയിൽ ഒരു രൂപവും ഉണ്ടായിരുന്നില്ല)

The earth was without form and void; and darkness was upon the face of the deep. ഭൂമി രൂപമില്ലാത്ത ശൂന്യാവസ്ഥയിലായിരുന്നു; മീതേ ഇരുൾ മൂടിയിരുന്നു. (ഉൽപ്പത്തി 1:2) ഇതാണ് അവ്യാകൃതമായ അവസ്ഥ.

www.malankaralibrary.com

കിം ആ അവരീവഃ= ആവരണം എന്ന മറവേ
ഉണ്ടായിരുന്നില്ല.
(ആവൃണ്വത് തത് ത്വം) കുഹ? = മറവിനു തക്ക
പ്രദേശം ഇല്ലാതിരുന്നതിനാൽ
ആ മറവ് എവിടെ?
കസ്യ ശർമ്മൻ= സുഖ ദുഃഖങ്ങളുടെ അനുഭോക്താവും
ഉണ്ടായിരുന്നില്ല.
ഗഹനം ഗഭീരം അംഭഃ കിം ആസീത്= (ബ്രഹ്മാണ്ഡമി
ല്ലാത്ത ഈ അവസ്ഥയിൽ) അടുത്തുകൂടാത്തതും
അത്യഗാധവുമായ ജലം എവിടെ?

(ഇവിടെ ജഗത് ആദിയിൽ വെള്ളത്തിൽ മറഞ്ഞിരുന്നു എന്ന ചിന്തയെ നിഷേധിക്കുന്നു. പ്രളയം എന്നത് പ്രകർഷേണ ലയിച്ചിരുന്ന അവസ്ഥയെ സൂചിപ്പിക്കുന്നു. സകലതും സത്യാത്മാവിൽ മറഞ്ഞിരുന്നു എന്നർത്ഥം. അതായത് പാഴും ശൂന്യവുമായിരുന്ന മൂലപ്രകൃതിക്കുമേൽ ഘനഗംഭീരമായിരുന്ന് ഇരുൾ പരന്നിരുന്നു.

Darkness was upon the face of the deep.

"ആപോ വാ ഇദമഗ്രേ സലിലമാസീത്" എന്ന ശ്രുതി വാക്യപ്രകാരം ഒന്നാമത് ജലമുണ്ടായി എന്നു പറഞ്ഞിരിക്കുന്നത് സൃഷ്ടി പ്രക്രിയയുടെ ആരംഭത്തെ സൂചിപ്പിക്കുന്നു.

മൂലവസ്തുക്കൾ ഒന്നും ദൃശ്യമല്ലാതിരുന്ന പൂർവ്വാവസ്ഥയെയാണ് ഒന്നാം മന്ത്രത്തിൽ വിവരിച്ചിരിക്കുന്നത്. ദൈവത്തിന്റെ ആത്മാവ് ഈ അവസ്ഥയ്ക്കു മേലാണ് പരിവർത്തിച്ചുകൊണ്ടിരുന്നത്. (ഉൽപത്തി 1:2) ഇല്ലായ്മയുടെ വിവരണം അടുത്ത മന്ത്രത്തിലും തുടരുന്നു.

"ന മൃത്യുരാസീദമൃതന്നതർഹി
ന രാത്ര്യാ അപര ആസീത് പ്രകേതഃ!
ആനീദവാതം സ്വധയാ തദേകം
തസ്മാദ്ധാന്യന്നപരഃ കിഞ്ചനാസ" (2)

www.malankaralibrary.com

അർത്ഥം:

മൃത്യു: ന ആസീത് = അന്ന് മരണമുണ്ടായിരുന്നില്ല.
അമൃതം ന തർഹി =അമരണത്വവും ഉണ്ടായിരുന്നില്ല.
(ജീവനോ മരണമോ ഉണ്ടായിരുന്നില്ല)
രാത്ര്യാ: അഹ്ന: (ച) പ്രകേത: ന ആസീത് = രാത്രിയുടെയും പകലിന്റെയും അറിവുണ്ടായിരുന്നില്ല.
(സമയബോധമുണ്ടായിരുന്നില്ല; സൂര്യചന്ദ്രാദികളില്ലാതിരുന്നതിനാൽ മാസം, പക്ഷം, ഋതു, സംവത്സരം തുടങ്ങിയ കാലഗണന ഉണ്ടായിരുന്നില്ല)
തത് ഏകം സ്വധയാ അവാതം ആനീത് = രൂപരഹിതമായ നിത്യസത്യമൊന്നുമാത്രം ഒരു പ്രവൃത്തിയും കൂടാതെ സ്ഥിതിചെയ്തിരുന്നു.
തസ്മാത് ഹ അന്യത് കിഞ്ചന പര: ന ആസ= നിരസ്തമായ അവസ്ഥയിൽ അന്യമായിട്ട് ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

(നിത്യസത്യമായ ചൈതന്യത്തിനു പുറമേ ജീവസ്ഫുരണമില്ലാതിരുന്നതിനാൽ ജീവൻ നിലനിർത്തുവാൻ ബാഹ്യമായി ആവശ്യമായി ഇന്നറിയപ്പെടുന്ന ഒന്നും തന്നെ ആദിയിൽ ഉണ്ടായിരുന്നില്ല എന്നാണ് ഈ മന്ത്രത്തിൽ സൂചിപ്പിക്കുന്നത്)

അടുത്ത മന്ത്രത്തിൽ 'Darkness was upon the face of the deep- ആഴത്തിൻ മീതെ ഇരുളുണ്ടായിരുന്നു (ഉൽപത്തി 1:2) എന്ന അവസ്ഥയെ വിവരിക്കുന്നു.

"തമ: ആസീത്തമസാ ഗുള്ഹ
മഗ്രേ, പ്രകേതം സലിലം സർവ്വമാ ഇദം
തുച്ഛേൃനാഭ്വാപിഹിതം യദാസീ
ത്തപസസ്തന്മഹിനാജായതൈകം" (3)

അർത്ഥം:

അഗ്രേ തമ: ആസീത് =സൃഷ്ടിക്കു മുമ്പുളള ആദിയിൽ ഇരുട്ട് ഉണ്ടായിരുന്നു.
(തേന) തമസാ ഗുള്ഹം = വേർതിരിച്ചറിയാൻ കഴിയാതെവണ്ണം ഈ പ്രപഞ്ചം മുഴുവൻ ആ ഇരുളിൽ മറഞ്ഞിരുന്നു.
അപ്രകേതം ഇദം സർവ്വം സലിലം ആ:- നാമരൂപങ്ങൾ

www.malankaralibrary.com

തിരിച്ചറിയാതെവണ്ണം സകലതും പാലും വെള്ളവും വേർപിരിക്കാൻ കഴിയാത്തതുപോലെ അസ്പഷ്ടമായിരുന്നു.

തുഛ്യേന = ഭാവരൂപങ്ങളില്ലാതെ,

ആഭു അപിഹിതം യത് ആസീത് ഏകം=ആദിയിൽ അവ്യക്തമായിരുന്ന ഏതൊന്നുണ്ടോ,

തത് തപസ: മഹിനാ അജായത= അത് പരമാത്മാവിൻെറ (നിത്യസത്യത്തിന്റെ) പ്രപഞ്ച സൃഷ്ടി സംബന്ധമായി പര്യാലോചനാരൂപമായ തപസ്സിന്റെ മാഹാത്മ്യം (ദിവ്യഹിതം) കൊണ്ടാണ് ഇന്നു കാണുന്ന മട്ടിൽ ഉൽപ്പന്നമായത്.

(ഇരുളിൽ മറഞ്ഞിരിക്കുന്ന പ്രപഞ്ചം ദിവ്യഹിതപ്രകാരമാണ് വെളിവാക്കപ്പെട്ടത് എന്ന് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.)

"കാമസ്തദഗ്രേ സമവർത്തതാധി
മനസോ രേത: പ്രഥമം യദാസീത്
സതോ ബന്ധുമസതിനിരവിന്ദൻ
ഹൃദി പ്രതീഷ്യാ കവയോ മനീഷാ" (4)

അർത്ഥം:സൃഷ്ടിക്കുമുമ്പുണ്ടായിരുന്ന നിരസ്തമായ അവസ്ഥയിൽ ഇരുളിൽ മറഞ്ഞ് പരമാത്മാവിൽ വിലയം പ്രാപിച്ചിരുന്ന പരമാണുരൂപമായ പ്രപഞ്ചത്തിന്റെ ബീജം പരമാത്മവിന്റെ സൃഷ്ടികാര്യപര്യാലോചനാരൂപമായ തപസ്സ് എന്ന അഭീഷ്ടം മൂലം ഇന്നു കാണപ്പെടുന്ന സ്ഥൂല പ്രപഞ്ചമായി ഉത്ഭവിച്ചു എന്ന് അഭിജ്ഞൻമാരായ യോഗികൾ വിവേചിച്ചറിഞ്ഞു.

(ഇപ്രകാരമാണ് സൃഷ്ടിയുടെ കാരണത്തെപ്പറ്റിയുള്ള നിഗമനം)

(ഇരുൾ മൂടിയിരുന്ന അവസ്ഥയിൽ) "വെളിച്ചം ഉണ്ടാകട്ടെ" എന്ന് ദൈവം കല്പിച്ചു; വെളിച്ചമുണ്ടായി. വെളിച്ചം നല്ലത് എന്ന് ദൈവം കണ്ടു. ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു (ഉൽപ്പത്തി 1:3.4).

ഈ വെളിച്ചത്തിന്റെ ഉത്ഭവത്തെപ്പറ്റിയാണ് അടുത്ത മന്ത്രത്തിൽ പറയുന്നത്. ഇത് സൂര്യചന്ദ്രാദി പ്രകാശഗോളങ്ങളുടെ വെളിച്ചമല്ല. അവ സൃഷ്ടിക്കപ്പെടാനിരിക്കുന്നതേയുള്ളു. പ്രപഞ്ചസൃഷ്ടി ആരംഭിക്കുന്നതിനുമുൻപേ ഈ

www.malankaralibrary.com

വെളിച്ചം സൃഷ്ടിക്കപ്പെടുന്നു. "Let there be light" അതാണ് ആദ്യത്തെ വചനം, വാക്കുകൊണ്ടുള്ള സൃഷ്ടി. വിലയം പ്രാപിച്ച അവസ്ഥയിൽ ഇരുളിൽ മറഞ്ഞിരുന്നവയെ പ്രത്യക്ഷപ്പെടുത്തുന്ന (സൃഷ്ടി നടത്തുന്ന) വെളിച്ചമാണിത്. "വെളിച്ചം ഉണ്ടാവട്ടെ" എന്ന ആദ്യവചനത്താൽ ഉളവാക്കപ്പെട്ടതുമൂലം ഈ വെളിച്ചത്തിന് "ആദ്യജാതൻ" എന്ന പേര് അന്വർത്ഥമാകുന്നു.

"തിരശ്ചീനോ വിതതോ രശ്മിരേഷാ
മധസ്വിദാസീദുപരിസ്വിദാസീത്
രേതോ ധാ ആസൻ മഹിമാന ആസൻ
സ്വധാ അവസ്താത് പ്രയതി പരസ്താത് (5)

അർത്ഥം: ഉദയത്തിൽ സൂര്യരശ്മികൾ നിമിഷനേരംകൊണ്ട് ജഗത്തുമുഴുവൻ പരക്കുന്നതുപോലെ പ്രപഞ്ചസൃഷ്ടിയുടെ കിരണപ്രസരം (വെളിച്ചം) പ്രപഞ്ചം മുഴുവൻ പരന്നു. ആ വെളിച്ചം വിലങ്ങനെയോ നടുവെയോ ഭവിച്ചത്? താഴത്തോ മുകളിലോ ഭവിച്ചത്?

(ഈ വെളിച്ചത്തിന്റെ ഉത്ഭവം അജ്ഞേയമാണ് എന്ന് സൂചിപ്പിക്കുകയും, ഈ വെളിച്ചം സർവ്വസൃഷ്ടിക്കും കാരണമായിത്തീരുന്നു എന്ന് സ്ഥാപിക്കുകയുമാണ് ഇവിടെ ഈ മന്ത്രത്തിൽ ചെയ്യുന്നത്.

(അടുത്തമന്ത്രത്തിൽ അതിശയകരമായ പ്രപഞ്ചസൃഷ്ടിയുടെ അജ്ഞേയത്വത്തെപ്പറ്റി പറയുന്നു.)

"കോ അദ്ധാ വേദ ക ഇഹ പ്രവോചത്
കുത ആജാതാ കുത ഇയം വിസൃഷ്ടി:
അർവാഗ്ദേവോ അസ്യവിസർജ്ജനേ
നാഥാ കോ വേദയത ആ ബഭൂവ" (6)

അർത്ഥം: സൃഷ്ടിയുടെ തത്വം ആരാണ് സത്യമായി അറിയു ന്നത്? വിവരിച്ചുപറയാൻ ഈ ലോകത്തിൽ ആർക്കാണ് അറിവുള്ളത്? വൈവിധ്യം നിറഞ്ഞ ഈ പ്രപഞ്ചം ഏതു മൂലകാരണത്തിൽ നിന്നാണ് ഉളവായത്? ആരാണ് ഇതിനു കാരണഭൂതനായുള്ളത്? ഇവയൊക്കെയും ശരിക്ക് ആർ ക്കറിയാം? ഇത് വിവരിക്കുവാൻ ശക്തനായിട്ടാരാണുള്ളത്? സർവ്വജ്ഞൻമാർപോലും ഈ

www.malankaralibrary.com

വിഷയം അറിയുന്നില്ല. കാരണം, അവരും മൂലവസ്തുക്കളുടെ സൃഷ്ടിക്കുശേഷം ജനിച്ചവരാണ്. വിഷയം അപ്രകാരമിരിക്കെ, സാധാരണ മനുഷ്യൻ ആ പ്രപഞ്ചോൽപ്പത്തിയുടെ രഹസ്യം എങ്ങനെ യാണറിയുക! (നാലാമത്തെ മന്ത്രത്തിലെ നിഗമനത്തെയും ഇവിടെ അസ്ഥിരപ്പെടുത്തുന്നു)

പ്രപഞ്ചസൃഷ്ടി അജ്ഞേയമാണെങ്കിലും സൃഷ്ടിക്കപ്പെട്ടവയെ പരിപാലിക്കുന്ന ഒരാളുണ്ട് എന്ന നിഗമനമാണ് അടുത്ത മന്ത്രത്തിലെ വിഷയം. അദ്ദേഹം മാത്രമേ പ്രപഞ്ച രഹസ്യം അറിയുന്നുള്ളു എന്ന് സമാധാനിക്കുന്നു.

"ഇയം വിസൃഷ്ഠിര്യത ആ ബഭൂവ
യദി വാ ദധേ യദി വാ ന
യോ അസ്യാധ്യക്ഷ: പരമേ വ്യോമൻ
സോ അങ്ഗവേദ യദി വാ ന വേദ" (7)

അർത്ഥം: പ്രപഞ്ചസൃഷ്ടി അവിജ്ഞേയമായിരിക്കുന്നതുപോലെ- ( Not to be really known), ഈ പ്രപഞ്ചവും ദുർധരമാവുന്നു. ( Difficult to bear). ഈ ജഗത് പർവ്വതനദീ സമുദ്രാദിരൂപത്തിൽ വിചിത്രമായി സൃഷ്ടിക്കപ്പെട്ടതായിരിക്കാം. സൃഷ്ടിച്ചത് ഈശ്വരൻ തന്നെ ആണെങ്കിലും അതിനെ ഒരു പുരുഷൻ പരിപാലിക്കുന്നില്ലേ? ഉണ്ടെങ്കിൽ ആ പുരുഷൻ ഈശ്വരൻ തന്നെയായിരിക്കണം, മറ്റാരുമല്ല. ഈ ജഗത്തിന്റെ നിയന്താവ് ആരോ അദ്ദേഹം മാത്രം ഈ സൃഷ്ടിരഹസ്യത്തെ അറിയുന്നു; മറ്റാരും അറിയുന്നില്ല.

പരമാത്മാവിനേയും പരമാത്മാവിന്റെ ദിവ്യഹിതം എന്ന പ്രപഞ്ചസൃഷ്ടിയേയും പരിചയപ്പെടുത്തിയശേഷം, ഈ പ്രപഞ്ചത്തിന് ഒരു പരിപാലകനുണ്ട് എന്ന നിഗമനത്തിൽ ഒരു രക്ഷകനെപ്പറ്റി സാധാരണ മനുഷ്യനെ ബോധവൽക്കരിക്കാനുള്ള പ്രയത്നം ആരംഭിക്കുന്നു.

അടുത്ത നൂറ്റി മുപ്പതാം സൂക്തത്തിൽ ആദിപുരുഷനായ പ്രജാപതി ഭൂമിയിലും സ്വർഗ്ഗത്തിലും സൃഷ്ടിയജ്ഞം വിസ്തരിക്കുന്നു എന്ന് വിവരിച്ചിരിക്കുന്നു. അതായത്, സൂക്തം 129:7ൽ സൂചിപ്പിച്ച പ്രപഞ്ചത്തെ പരിപാലിക്കുന്ന പുരുഷൻ ആദ്യജാതനായ പ്രജാപതിയാണെന്നും, ആ പ്രജാപതി തന്നെയാണ് ആകാശത്തിലും ഭൂമിയിലും കാണ

www.malankaralibrary.com

പ്പെടുന്നവയും, കാണപ്പെടാത്തവയുമായ സകലത്തെയും സൃഷ്ടിച്ചത് എന്നും സൂചിപ്പിക്കുന്നു. നൂറ്റി ഇരുപത്തി യൊന്നാം സൂക്തത്തിൽ ഇത് വിശദീകരിക്കുന്നുണ്ട്. (അന്യത്ര കാണുക)

അജ്ഞേയമായ പ്രപഞ്ചസൃഷ്ടിയെപ്പറ്റിയുളള നിഗമനത്തിൽ, സൃഷ്ടിയുടെ ആദി, സൃഷ്ടിക്ക് കാരണമായ ആദി, ഇങ്ങനെ രണ്ട് ആദികളെപ്പറ്റി കണ്ടു. സൃഷ്ടിക്ക് മുൻപുളള ആദിയിൽ തിരിച്ചറിയാൻ കഴിയാതെവണ്ണം സകലതും ഇരുളിൽ മറഞ്ഞിരുന്നു. "Let there be light"- വെളിച്ചമുണ്ടാകട്ടെ എന്ന ആദ്യവചനം ഒരു "വെളിച്ചത്തെ" അവതരിപ്പിക്കുന്നു. ഈ വെളിച്ചത്തിൽ പ്രപഞ്ചത്തിന്റെ രൂപവും നാമവും ദൃശ്യമായിത്തീർന്നു. ഇതാണ് സൃഷ്ടിയുടെ ആരംഭം. വെളിച്ചമാണ് ആദ്യജാതൻ. പിന്നീട് സകലതും ആ വെളിച്ചത്തിൽ ദൃശ്യമായിത്തീരുകയാൽ സകല സൃഷ്ടിക്കും ഈ വെളിച്ചം കാരണമായിത്തീർന്നു.

**( This Light) is the image of the invisible God, the First born of every creature"**

"അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനുമായവൻ" (കൊലോസ്യർ 1:15)

**" He is A-men, the begining of the creation of god"**

"ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുളളവൻ" (വെളിപാട് 3:14)

"സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും. സിംഹാസനങ്ങളാകട്ടെ, കർത്തൃത്വങ്ങളാകട്ടെ, വാഴ്ചകളാകട്ടെ, അധികാരങ്ങളാകട്ടെ, സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. (കൊലോസ്യർ 1;1617)

ആദ്യജാതനായവൻ വെളിച്ചമാകയാലും, അദൃശ്യനായ ദൈവത്തിന്റെ സ്വരൂപമാകയാലും, അദൃശ്യനായ ദൈവവും വെളിച്ചമാകുന്നു എന്ന അറിവ് ലഭിക്കുന്നു. അങ്ങനെ വെളിച്ചം എന്നർത്ഥത്തിൽ "ദൈവം" എന്ന പദപ്രയോഗം. "അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവൻ" (1 തിമോഥെയോസ് 6:15)

www.malankaralibrary.com

"വെളിച്ചങ്ങളുടെ പിതാവ്" (യാക്കോബ് 1:17)

" His marvellous light- അവന്റെ അത്ഭുത പ്രകാശം (1പത്രോസ് 2:9)

"ദൈവം വെളിച്ചമാകുന്നു" (1യോഹന്നാൻ1:5)

"നിത്യ നഗരത്തിലെ വെളിച്ചം" (വെളിപാട് 21:23)

ഇരുളിൽ മറഞ്ഞിരിക്കുന്ന പ്രപഞ്ചബീജം അവൻ ഉൾക്കൊണ്ടിരിക്കുന്നതിനാൽ അവൻ സകലസൃഷ്ടിക്കും ആധാരമായിരിക്കുന്നു. അത്, ഇരുളിൽ നിന്നും പുറത്തു കൊണ്ടുവരിക എന്ന സൃഷ്ടിപ്രക്രിയ അദൃശ്യനായ ദൈവത്തിന്റെ തപസ്സ് എന്ന ദിവ്യഹിതമായിരുന്നു. അത് നിറവേറ്റപ്പെടുന്നതിനായി ആദ്യമേ വെളിച്ചത്തെ സൃഷ്ടിച്ചു. അതോടെ അവനിൽ മറഞ്ഞിരുന്ന-അവൻ ഉൾക്കൊണ്ടിരുന്ന-all that consist by him- രൂപനാമങ്ങളോടെ ദൃശ്യമായി.

"ഋതുഞ്ച സത്യഞ്ചാഭീദ്ധാ
ത്തപസോദ്ധ്യജായത
തതോ രാത്ര്യജായത
തതസ്സമുദ്രോർണ്ണവ:" (ഋഗ്വേദം 10:190.1)

അർത്ഥം: പരമാത്മാവിന്റെ സൃഷ്ടിപര്യാലോചനാരൂപമായ തപസ്സിൽ നിന്ന് ആദ്യമായി സത്യം ഉണ്ടായി, ധർമ്മവും അതിൽ ഉൾക്കൊള്ളുന്നു. രണ്ടാമതായി രാത്രിയേയും പകലിനേയും വേർപിരിക്കുന്ന വെളിച്ചമുണ്ടായി. പിന്നീട് ജലസമൃദ്ധമായ സമുദ്രമുണ്ടായി. സത്യം വെളിച്ചം ജലം എന്ന ക്രമത്തിൽ ദിവ്യഹിതത്താൽ സൃഷ്ടി ആരംഭിക്കുന്നു. ജീവൻ ആദ്യമേ ജലത്തിലാണ് ആരംഭിക്കുന്നത് എന്ന ആശയം ഈ സൃഷ്ടിക്രമത്തിൽ സൂചിപ്പിക്കപ്പെടുന്നു. അടുത്ത രണ്ടു മന്ത്രങ്ങളിലായി മുഴുവൻ സൃഷ്ടിയേയും പറ്റി പറയുന്നു. ആദിസത്യത്തിൽ നിന്നുള്ള ആദ്യജാതനായ വെളിച്ചമാണ് സകലസൃഷ്ടിയെയും നടത്തുന്നത് എന്ന സൂചനയാണ് ഇവിടെ നൽകപ്പെട്ടിരിക്കുന്നത്. അവൻ സകലത്തിനും ആധാരമായിരിക്കുന്നു.

"വെളിച്ചം ഇരുളിൽ പ്രകാശിച്ചു, ഇരുൾ അതിനെ പിടിച്ചടക്കിയില്ല." ( യോഹന്നാൻ 1:5)

"ഈ വെളിച്ചം ആദിയിൽ ജ്ഞാനരൂപമായി അദൃശ്യനായ

www.malankaralibrary.com

ദൈവത്തിന്റെ ശില്പിയായിരുന്നു." (സദൃ.വാ.8:30)

അപ്രകാരം പ്രപഞ്ചസൃഷ്ടി നടന്നു എന്നും ഈ സൃഷ്ടിക്ക് ആദൃശ്യനായ ദൈവത്തിന്റെ സ്വരൂപമായ "വെളിച്ചം" കാരണഭൂതനാകുന്നു എന്നും നിഗമനം.

അവൻ മുഖാന്തരവും അവന്നായിട്ടും പ്രപഞ്ചം സൃഷ്ടിക്കപ്പെടുകയാൽ അവൻ ഈ പ്രപഞ്ചത്തിന്റെ പരിപാലകൻ (രക്ഷകൻ) ആയിരിക്കുന്നു എന്നു നിഗമനം. "ലോകപാലാന്നു സൃജാ ഇതി" (ഐത.ഉപ.1:1:3) ലോകത്തിന് ഒരു പരിപാലകനെ സൃഷ്ടിക്കട്ടെ എന്ന് ആലോചിച്ചു. സൃഷ്ടിക്കപ്പെട്ട സകലതും അവന്റെ പ്രജകളാകയാലും "സ്വർഗ്ഗത്തിലുളളതുമുതൽ ഭൂമിയിലെ വാഴ്ചകളും അധികാരങ്ങളും" വരെയുളളവയ്ക്കെല്ലാം അവൻ പാലകനും അധിപതിയുമാകയാലും അവന്റെ പേര് "പ്രജാപതി" എന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

സകല ജീവികളുടെയും അസ്തിത്വത്തിന് അവൻ കാരണമാകയാൽ അവൻ തന്നെ ഭൂമിയിൽ ജീവന് അധികാരിയാകുന്നു-സകലരിലുമുളള ജീവൻ അവൻ തന്നെയാകുന്നു.

"അവനിൽ ജീവനുണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു" (യോഹന്നാൻ 1:4)

"ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്നു. അവൻ ലോകത്തിലുണ്ടായിരുന്നു. ലോകം അവൻ മുഖാന്തരം ഉളവായി" (യോഹന്നാൻ 1:9:10)

ഇങ്ങനെ, അവൻ ഉളവാക്കിയ ലോകത്തെ അവൻ പരിപാലിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, "ലോകമോ അവനെ അറിഞ്ഞില്ല" (യോഹ.17:25)

"ഹൃദി പ്രതീഷ്യാ കവയോ മനീഷാ" (ഋവേ.10:129:4)

അഭിജ്ഞൻമാരായ യോഗിവര്യൻമാർ അജ്ഞേയമായ ഈ രഹസ്യങ്ങളൊക്കെയും വിവേചിച്ചറിഞ്ഞു എന്ന് ഒരിടത്ത് സമാധാനിക്കുമ്പോൾ, " കോ അദ്ധാ വേദ ക ഇഹ പ്രവോചത്" (10:129:6) ഇവയൊക്കെയും സത്യമായിട്ട് അറിയാൻ ആർക്കാണ് അറിവുളളത്? എന്ന് ഉടനെ തന്നെ അജ്ഞേയമായി നിരാശരാവുകയും ചെയ്യുന്നു. "ലോകമോ

www.malankaralibrary.com

അവനെ അറിഞ്ഞില്ല" അവൻ കൂടെ ഉണ്ടായിരുന്നിട്ടും, അവനാൽ പരിപാലിക്കപ്പെട്ടിട്ടും, "അവൻ ജീവിക്കുന്ന തിനാൽ സകലരും ജീവിക്കുന്നുവെങ്കിലും" (യോഹ.14:19) ലോകം പൊതുവേ അവനെ അറിഞ്ഞില്ല.

"കോഹ കസ്മിന്നസി ശ്രീത:" (ഋവേ. 1:75:3)

അങ്ങയുടെ രൂപം എന്താണെന്നോ അങ്ങ് എവിടെ വസിക്കുന്നുവെന്നോ ആർക്കാണറിവുള്ളത്? എന്ന് അനിശ്ചി തത്വത്തിൽ അതിശയം കൂറിക്കൊണ്ട് യുഗങ്ങൾ കടന്നു പോയി. എന്നിട്ടും, അവൻ പ്രപഞ്ചത്തിന്റെ പരിപാലകനാ യിട്ട്, പ്രജകളുടെ ആവശ്യങ്ങളെപ്പറ്റി കരുതലുള്ളവനായിട്ട് തുടരുന്നു.

ഇത്രയും കൊണ്ട് "ആദി"യെ പരിചയപ്പെട്ടു. ഇനിയും ആദ്യജാതനെ പരിചയപ്പെടാം.

www.malankaralibrary.com

# II

# ആദ്യജാതൻ

## പുരുഷൻ അഥവാ പ്രജാപതി

പ്രജാപതിയാഗത്തിൽ "പുരുഷം ജാതം അഗ്രത:"= ആദ്യജാ തനായ പുരുഷൻ എന്ന് പ്രസിദ്ധനായ പ്രജാപതിയുടെ ജനനം, ലക്ഷണം, അവനെപ്പറ്റിയുള്ള വിശ്വാസവും ആരാധനയും തുടങ്ങിയവയെ അതിമനോഹരമായി പ്രതിപാ ദിക്കുന്ന സൂക്തമാണ് ഋഗ്വേദസംഹിതയിൽ പത്താം മണ്ഡലത്തിലെ നൂറ്റിഇരുപത്തിയൊന്നാം സൂക്തം. ഇതിലെ പത്ത് മന്ത്രങ്ങളിൽ കാണുന്ന സാരാംശം ശ്രദ്ധിക്കാം.

## *വിശ്വാസപ്രമാണവും പ്രജാപതിസ്തുതിയും*

### പ്രജാപതിയുടെ ജനനം

"ഹിരണ്യ ഗർഭ: സമവർത്തതാഗ്രേ
ഭൂതസ്യജാത: പതിരേക ആസീത്
സദാധാരപൃഥിവീം ദ്യാമുതേമാം
കസ്മൈ ദേവായ ഹവിഷാ വിധേമാ" (1)

അർത്ഥം: ഹിരൺമയാണ്ഡസ്യ ഗർഭഭൂത: പ്രജാപതി: = തേജസ്സിന്റെ ഗർഭത്തിൽ നിന്ന് ഉത്ഭവിച്ച പുത്രൻ ഹിരണ്യഗർഭൻ തേജസ്വരൂപൻ-പ്രകാശത്തിൽ നിന്നുള്ള പ്രകാശം - പ്രപഞ്ചോൽപത്തിക്ക് മുൻപേ പരമാത്മാവിൽ നിന്നും ജനിച്ചു. ജനിച്ചപ്പോൾ തന്നെ അവൻ അഖിലാണ്ഡത്തിന്റെ ഏക അധിപതിയായി നിയമിക്കപ്പെട്ടു. അധിപതി എന്നു മാത്രമല്ല, കാണപ്പെടുന്നവയും, കാണപ്പെടാത്തവയുമായ ഭൂമിയുടെയും ആകാശത്തിന്റെയും (സകലത്തിന്റെയും) പരിപാലകനായിത്തീർന്നു. (അങ്ങനെ, പുത്രന്

www.malankaralibrary.com

പ്രജാപതി എന്ന് പേരുണ്ടായി). പ്രജകൾക്ക് സുഖപ്രദനാകയാൽ " കൻ" എന്ന പേരോടുകൂടിയ പ്രജാപതിയെ (കസ്മൈ ദേവായ) ഞങ്ങൾ വിശ്വസിച്ച് ആരാധിക്കുന്നു.

(ദൈവത്തിന്റെ ഏകപുത്രനായി, ആദ്യജാതനായി സർവലോകങ്ങൾക്കും മുമ്പേ പരമാത്മാവിൽ നിന്നും ജനിച്ചവനും -പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യ ദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും തത്വത്തിൽ പിതാവിനോട് സമത്വമുള്ളവനും -ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും പരിപാലകനും സകലർക്കും ക്ഷേമദായകനുമായ പ്രജാപതിയിൽ ഞങ്ങൾ വിശ്വസിക്കുന്നു -അവനെ മാത്രം ആരാധിക്കുന്നു.)

www.malankaralibrary.com

പ്രജാപതിയുടെ മഹത്വം

"യ ആത്മദാ ബലദാ യസ്യ വിശ്വ
ഉപാസതേ പ്രശിഷം യസ്യ ദേവാ:"
യസ്യഛായാമൃതം യസ്യ മൃത്യു:
കസ്മൈ ദേവായ ഹവിഷാ വിധേമ" (2)

അർത്ഥം: ആര് വിശുദ്ധിയുടെ ആത്മാവിനെ നൽകുന്നവനാണോ, ആര് ആ വിശുദ്ധിയിൽ ബലപ്പെടുത്തുന്നവനാണോ, ആരുടെ ആജ്ഞയെ സകലജീവ ജാലങ്ങളും അനുസരിക്കുന്നുവോ, ആരുടെ ശാസനത്തെ ദേവൻമാർ കൂടെ അനുസരിക്കുന്നുവോ, ആര് മരണത്തിൽ നിന്ന് വിടുവിച്ച് അമൃതത്വം (നിത്യത) നൽകുന്നവനാണോ, ആര് മരണശിക്ഷയും കൂടെ നൽകുവാൻ അധികാരിയാണോ ആ പ്രജാപതി എന്ന ദേവനെ ഞങ്ങൾ ആരാധിക്കുന്നു.

"യ: പ്രാണതോ നിമിഷതോ മഹിത്വൈ
ക ഇന്ദ്രാജാ ജഗതോ ബഭൂവ
യ ഈശേ അസ്യ ദ്വിപദശ്ചതുഷ്പദ:
കസ്മൈ ദേവായ ഹവിഷാ വിധേമ (3)

അർത്ഥം: ഭൂമിയിൽ ശ്വാസോച്ഛ്വാസം ചെയ്യുകയും കണ്ണിമയ്ക്കുകയും ചെയ്യുന്ന സകല പ്രാണി വർഗങ്ങൾക്കും, എല്ലാ ഇരുകാലി നാല്ക്കാലി ഭൂചരജീവികൾക്കും, എല്ലാ മനുഷ്യർക്കും ആര് അധിപതിയാണോ ആ പ്രജാപതിയെ ഞങ്ങൾ ആരാധിക്കുന്നു.

"യസ്യേമേ ഹിമവന്തോ മഹിത്വാ
യസ്യ സമുദ്രം രസയാ സഹാഹു:
യസ്യേമാ: പ്രദിശോ യസ്യ ബാഹൂ
കസ്മൈ ദേവായ ഹവിഷാ വിധേമ "(4)

അർത്ഥം: മഞ്ഞണിഞ്ഞ പർവ്വതങ്ങളും മലകളും കുന്നുകളും ആരുടെ മാഹാത്മ്യത്തെ വർണ്ണിക്കുന്നുവോ, കിഴക്കു തുടങ്ങിയ ദിശകളും കോണുകളും ആരുടെ അധീനതയിലാണോ, നദികളും ആഴികളും ആരുടെ മഹത്വത്തെയാണോ കീർത്തിക്കുന്നത് ആ പ്രജാപതിയെ ഞങ്ങൾ ആരാധിക്കുന്നു.

www.malankaralibrary.com

"യേന ദ്യൗരുഗ്രാ പൃഥിവീച ദൃള്ഹാ
യേന സ്വസ്തഭിതം യേന നാക:
യോ അന്തരീക്ഷേ രജസോ വിമാന:
കസ്മൈ ദേവായ ഹവിഷാ വിധേമ" (5)

അർത്ഥം: അനന്തവും അതിശയകരവുമായ ഈ ആകാശത്തെ വിരിക്കുകയും, ഭൂമിയെ ഉറപ്പിച്ച് നിർത്തുകയും, സ്വർഗ്ഗത്തെ സ്ഥാപിക്കുകയും, ആകാശത്തിൽ സൂര്യനെ ഇളകാതെ നിർത്തുകയും, അന്തരീക്ഷത്തിൽ വെള്ളത്തെ നിർമ്മിക്കുകയും ചെയ്തവൻ ആരാണോ ആ പ്രജാപതിയെ ഞങ്ങൾ ആരാധിക്കുന്നു.

## സൃഷ്ടിയുമായുള്ള പ്രജാപതിയുടെ ബന്ധം

"യം ക്രന്ദസീ അവസാ തസ്തഭാനേ
അഭ്യൈക്ഷേതാം മനസാ രേജമാനേ
യത്രാധിസൂര ഉദിതോ നിഭാതി
കസ്മൈ ദേവായ ഹവിഷാ വിധേമ" (6)

അർത്ഥം: പ്രകാശമാനമായ ആകാശവും സമൃദ്ധമായ ഭൂമിയും രക്ഷയ്ക്കായി നെടുവീർപ്പിട്ട് കരഞ്ഞു കൊണ്ടിരിക്കവേ, "ഞങ്ങളുടെ മഹത്വം (രക്ഷ) അങ്ങയിൽ ആകുന്നു" എന്ന് ബുദ്ധിപൂർവ്വം ആരിൽ കാണുന്നുവോ, രക്ഷയുടെ സൂര്യനായി ഉദിച്ചു പ്രകാശിക്കുന്ന ആ പ്രജാപതിയെ ഞങ്ങൾ ആരാധിക്കുന്നു.

(സർവ്വസൃഷ്ടിയും ഞരങ്ങി ഈറ്റുനോവോടെ ഇരിക്കുന്നു.) (റോമർ 8:22)

"ആപോ ഹയത് ബൃഹതീർ വിശ്വമായൻ
ഗർഭം ദധാനാ: ജനയന്തീരഗ്നീം
തതോ ദേവാനാം സമവർത്തതാസുരേക:
കസ്മൈദേവായ, ഹവിഷാ വിധേമ" (7)

അർത്ഥം: ബൃഹത്തും മഹത്തുമായ ആകാശവും അതിന്റെ നിറവും, ഭൂതലവും അതിലെ നിവാസികളും, ഗർഭഭൂതനായ പ്രജാപതിയും യാതൊരു കാരണത്താൽ പ്രളയാവസ്ഥയിൽ നിന്നും (ഇരുൾമൂടിയിരുന്ന അവസ്ഥയിൽ നിന്നും) ദൃശ്യാവസ്ഥയിൽ വ്യാപരിച്ചുവോ അതേ കാരണത്താൽ സകലചരാചരങ്ങളുടെയും

www.malankaralibrary.com

ചൈതന്യമായി, ജീവനായി, പരിപാലകനായി പ്രജാപതി നിയമിതനായി. ആ പ്രജാപതിയെ ഞങ്ങൾ ആരാധിക്കുന്നു.

### ആരാദ്ധ്യനായ ദേവൻ

"യശ്ചിദാപോ മഹിനാ പര്യപശ്യത്
ദക്ഷം ദധാനാ ജനയന്തീര്യജ്ഞം
യോ ദേവേഷ്വധിദേവ ഏക ആസീത്
കസ്മൈദേവായ ഷവിഷാ വിധേമ" (8)

അർത്ഥം: ദൈവാരാധനയ്ക്ക് പ്രേരകമായി, ദൈവാവബോധവികാരമായി, പ്രപഞ്ചത്തിൽ തുടിക്കുന്ന ചൈതന്യമായി, സൃഷ്ടികളിൽ ജീവനായി ഏതൊരു പ്രജാപതി ഏകനായി അധീശനായിരിക്കുന്നുവോ ആ പ്രജാപതിയെ ഞങ്ങൾ ആരാധിക്കുന്നു.

### രക്ഷാദാനം ചെയ്യുന്ന ദേവൻ

"മാനോ ഹിംസീജ്ജനിതായ: പൃഥിവ്യാ
യോവാ ദിവം സത്യധർമ്മാ ജജാന
യശ്ചാപശ്ചന്ദ്രാ: ബൃഹതീർ ജജാന
കസ്മൈ ദേവായ ഹവിഷാ വിധേമ" (9)

അർത്ഥം: യാതൊരുവൻ ഈ ഭൂമിയുടെ സ്രഷ്ടാവാണോ, ആര് സത്യമായി ഈ ജഗത്തിനെ പരിപാലിക്കുന്നുവോ, ആര് വിണ്ണിനേയും മണ്ണിനേയും പ്രജകളുടെ ക്ഷേമത്തിനുതകുംവണ്ണം സജ്ജീകരിച്ചുവോ കരുണാമയനായ ആ പ്രജാപതി നമ്മെ ശിക്ഷിക്കാതിരിക്കുമാറാകട്ടെ; (നമ്മെ രക്ഷിക്കുമാറാകട്ടെ) ആ പ്രജാപതിയായ ദേവനെ ഞങ്ങൾ വിനയപൂർവ്വം ആരാധിക്കുന്നു.

### നിർണ്ണയവും സമർപ്പണവും

"പ്രജാപതേ ന ത്വദേതാന്യന്യോ
വിശ്വാ ജാതാനി പരിതാബഭൂവ
യത്കാമാസ്തേജുഹുമസ്തന്നോ അസ്തു
വയം സ്യാമ പതയോ രയീണാം" (10)

അർത്ഥം: അല്ലയോ പ്രജാപതേ, ഈ കാണപ്പെടുന്ന ചരാചരങ്ങളെ മുഴുവനും സ്നേഹത്തോടെ നിയന്ത്രിച്ചു

www.malankaralibrary.com

നിർത്തുവാൻ നീയല്ലാതെ ആരുമില്ല. ഏതൊരു ഫലം ഇച്ഛിച്ച് ഞങ്ങൾ അങ്ങയെ ആരാധിക്കുന്നുവോ ആ ഫലം ഞങ്ങൾക്ക് ലഭിക്കുവാൻ അവിടുന്ന് കനിയുമാറാവണം.

(പ്രജാപതിസ്തുതി എന്ന നൂറ്റിഇരുപത്തിയൊന്നാം സൂക്തം കഴിഞ്ഞു)

പരമാത്മാവിന്റെ സ്വരൂപം തേജസ്സാണ്. അടുത്തു കൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവൻ (1തിമോ.6:15). പുത്രന്റെ രൂപവും പിതാവിന്റെ രൂപം തന്നെ. അദൃശ്യനായ ദൈവത്തിന്റെ പ്രതിമ. (കൊലോസ്യർ 1:15). ദൈവപ്രതിമയായ ക്രിസ്തു (2കൊരി:4:4) അവൻ പരമാത്മാവിൽ നിന്ന് ഹിരണ്യഗർഭനായി ജനിച്ചു. പ്രകാശത്തിൽ നിന്നുളള പ്രകാശം. (ഉൽപ.1:3) പ്രപഞ്ചോൽപത്തിക്ക് മുൻപേ അവൻ ജനിച്ചു. സൃഷ്ടിയുടെ ആരംഭം (വെളി.3:14) അവനാണ് ആദ്യജാതൻ; അഗ്രേജാത:പുരുഷ:The First born of every creature. സർവ്വസൃഷ്ടിക്കും ആദ്യജാതൻ (കൊലോ.1:15)

ഈ ആദ്യജാതന്റെ ജനനം, അവന്റെ മഹത്വം, അവന്റെ ഉത്തരവാദിത്വം, അവന്നു സൃഷ്ടിയുമായുളള ബന്ധം, അവനെ ആരാധിക്കുന്നവർക്ക് അവൻ നൽകുന്ന മഹത്തായ ദാനം-നിത്യരക്ഷ, ഈ ദാനം ലഭിക്കാനായി അവനിലുളള വിശ്വാസവും സമർപ്പണവും ഇവയെല്ലാമാണ് ഋഗ്വേദത്തിലെ വളരെ പ്രസിദ്ധമായ "പ്രജാപതിസ്തുതി" എന്ന നൂറ്റി ഇരുപത്തിയൊന്നാം സൂക്തത്തിൽ വിവരിച്ചിരിക്കുന്നത്. പ്രജാപതി എന്ന ആദ്യജാതനാണ് ഇവിടെ സ്തുതിക്കപ്പെടുന്നത്. പ്രജാപതിയെ മാത്രമേ ആരാധിക്കാവൂ-അധിദേവ: ഏക: ആസീത്- സർവ്വാരാദ്ധ്യനായ ഒരു ദേവനേയുളളു എന്നാണ് പ്രജാപതി സ്തുതിയിലെ ആന്തരീക ആശയം. ഇതു തന്നെയായിരുന്നു ആര്യമഹർഷിമാരുടെ അദ്വൈതഭാവമായ വിശ്വാസപ്രമാണം. ആരാധ്യനായ ഏക മാദ്ധ്യമം ഈ ആദ്യജാതൻ മാത്രം. അഗ്ന്യാദി ദേവനാമങ്ങളെല്ലാം പിതാവും പുത്രനും ഒന്നു തന്നെ എന്ന മർമ്മത്തിൽ ഗുണവാചിയായ വിശേഷണനാമങ്ങൾ മാത്രം.

www.malankaralibrary.com

## ആദ്യജാതമർമ്മം

ഋഗ്വേദത്തിൽ വളരെ പ്രാധാന്യം വഹിക്കുന്ന ഒരാശയമാണ് ആദ്യജാതമർമ്മം. സാകാരോപാസനയുടെ അടിസ്ഥാനം ഈ ആദ്യജാതനിൽ സ്ഥാപിതമാണ്. ദൈവത്തെ നിർഗുണ-നിരാകാരബ്രഹ്മമായി (വികാരമോ ആച്ഛാദനമോ ഇല്ലാത്ത വെളിച്ചങ്ങളുടെ പിതാവായ ആത്മാവായി യാക്കോബ് 1:17), മനസ്സിലാക്കാനും ആരാധിക്കാനും ബഹുജനം ഏതുപ്രകാരം പുരാതന കാലത്ത് പ്രാപ്തരായിരുന്നില്ലയോ, ഇന്നും സാമാന്യ ജനത്തിന്റെ അവസ്ഥ അപ്രകാരം തന്നെയാണ്. ഈ അവസ്ഥയ്ക്കൊരു പരിഹാരമാണ് ആദ്യജാതമർമ്മം-ആദ്യജാതനെപ്പറ്റിയുള്ള ജ്ഞാനം.

നിർഗുണനിരാകാരബ്രഹ്മമെന്ന ആത്മാവായ ദൈവത്തെ ഈ ആദ്യജാതൻ വെളിപ്പെടുത്തുന്നത്രയും മാത്രമേ മനുഷ്യൻ ഏതുകാലത്തും മനസ്സിലാക്കിയിട്ടുള്ളു. ഋഗ്വേദത്തിൽ ആദ്യജാതന്റെ ജനനത്തിനുള്ള പ്രാധാന്യം ഈ മർമ്മത്തിലാണ് ആരംഭിക്കുന്നത്. "ഹിരണ്യഗർഭൻ" അതായത്, പ്രകാശത്തിൽ നിന്നുള്ള പ്രകാശമായി, പരമാത്മാവിനോട് തത്വത്തിൽ സമത്വമുള്ളവനായി ഈ ആദ്യജാതനെ പ്രസിദ്ധനാക്കുവാൻ ആര്യമഹർഷി തുനിയുന്നതിന്റെ രഹസ്യം ഇതാണ്. പുത്രൻ വെളിപ്പെടുത്തുന്നിടത്തോളമല്ലാതെ പിതാവിനെ അറിയുവാൻ ആർക്കും സാദ്ധ്യമല്ല. (യോഹ.1:18) കഠോപനിഷത്തും നിഷ്കർഷിക്കുന്നത് അതു തന്നെയാണ്.

"അസ്തീത്യേവോപലബ്ധസ്യ
തത്വഭാവഃ പ്രസീദതി" (കഠ.ഉപ.6:13)

അർത്ഥം: ഉപാധികളോടുകൂടിയ ആത്മാവ് (മനുഷ്യപുത്രൻ) ഉണ്ട് എന്നറിഞ്ഞവന് പിന്നീട് നിരുപാധികമായ ആത്മതത്വത്തെ അറിയാൻ എളുപ്പമാകുന്നു. അതായത് ആദ്യജാതനായ പുത്രനെ അറിയുന്നവന് നിർഗുണ നിരാകാരബ്രഹ്മമായ പിതാവിനെ അറിയാൻ കഴിയുന്നു.

ആദ്യജാതന്റെ ജനനത്തിന് നൽകപ്പെട്ടിരിക്കുന്ന പ്രാധാന്യം വളരെ ഗൗരവമേറിയതാണ്. ഈ ആദ്യജാതന്റെ ജനനത്തെപ്പറ്റിപ്പറഞ്ഞിരിക്കുന്ന ചില ഭാഗങ്ങൾ കൂടെ ചിന്തിക്കാം.

www.malankaralibrary.com

## ആദ്യജാതന്റെ ജനനം.

"ആത്മാവാ ഇദമേക ഏവാഗ്ര ആസീത്"(ഐ.ഉ.1:1:1)

പ്രപഞ്ചസൃഷ്ടിക്ക് മുമ്പുളള ആദിയിൽ ആത്മാവായ ദൈവം മാത്രമേ ഉണ്ടായിരുന്നുളളു. ആ ദൈവത്തെ ഏകസത്യമായ പരമാത്മാവായി ഗ്രഹിച്ചിരുന്നു. ഈ പരമാത്മാവിൽ നിന്നും സൃഷ്ടിയുടെ ആരംഭമായി ഒരു പുത്രൻ ജനിക്കുന്നു എന്ന് വേദജ്ഞാനികൾ വളരെ വ്യക്തമായി പറയുന്നു.

"തസ്മാദ് വിരാടജായത
വിരാജോ അധിപുരുഷഃ" (ഋവേ.10:90:5)

സൃഷ്ടിയുടെ ആരംഭമായി ആദിസത്യമായ പരമാത്മാവിൽ നിന്നും വിരാട് പുരുഷൻ ജനിച്ചു.

"വിവിധാനി വസ്തൂനി അത്ര
രാജന്തേ ഇതി വിരാട്"

ഈ പുരുഷൻ മുഖാന്തരം വിവിധ വസ്തുക്കൾ വിരാജിക്കുന്നതുകൊണ്ട് (പ്രകാശിപ്പിക്കപ്പെടുന്നതുകൊണ്ട്, സൃഷ്ടിക്കപ്പെടുന്നതുകൊണ്ട്) വിരാട് എന്നു പറയുന്നു.

**"സർവ്വവേദാന്തവേദ്യഃപരമാത്മാ ബ്രഹ്മാണ്ഡരൂപം വിരാട് ദേഹം സൃഷ്ട്വാ തത്ര ജീവരൂപേണ പ്രവിശ്യ ബ്രഹ്മാണ്ഡാഭിമാനീ ജീവോ അഭവത്"** (സായണഭാഷ്യം)

അർത്ഥം: സർവ്വജ്ഞാനരൂപമായി അറിയപ്പെടുന്ന പരമാത്മാവ് സ്വന്തം ഇച്ഛമൂലം ബ്രഹ്മാണ്ഡരൂപം സൃഷ്ടിച്ച് അവിടെ ജീവരൂപത്തിൽ പ്രവേശിച്ച് ബ്രഹ്മാണ്ഡാഭിമാനിയായ ജീവൻ (പുരുഷൻ, പുത്രൻ) ആയി ഭവിച്ചു. (ആത്മാവായ ദൈവം സ്വയം പുരുഷരൂപം സ്വീകരിച്ചു എന്നർത്ഥം)

"യഹോവ പണ്ടു പണ്ടേ തന്റെ വഴിയുടെ ആരംഭമായി തന്റെ പ്രവൃത്തികളുടെ ആദ്യമായി എന്നെ ഉളവാക്കി. (സദൃ.വാ.8:22)

ഇവിടെ, പരമാത്മവായ ദൈവം പ്രപഞ്ചസൃഷ്ടിക്കുമുൻപേ ത്രിത്വഭാവത്തിലൊന്നായ സൃഷ്ട്യുൽപാദന രൂപമായ ജ്ഞാനം എന്ന ജീവഭാവമായി ഭവിക്കുന്നു. അതാണ്

www.malankaralibrary.com

ആദ്യജാതനായ പുരുഷന്റെ സമഷ്ടിരൂപം.

2. "സജാതോ അത്യരീച്യത
പശ്ചാത് ഭൂമിംതതോ പുര:" (ഋഗേ.10.90:5,യ.വേ.31.5)

ആദ്യജാതനായ വിരാട് പുരുഷൻ ജനിച്ചപ്പോൾ തന്നെ സൃഷ്ടിപരിപാലനകർമ്മങ്ങൾക്കായി നിയുക്തനായിട്ട് ആദ്യം ഭൂമിയെ സൃഷ്ടിച്ചു, പിന്നീട് ഭൂമിയിൽ ജീവികളെ സൃഷ്ടിച്ചു.

"സ: ജാതമാത്ര ഏവ ഭൂതസ്യ ഏക: പതി: ആസീത്"
(ഋവേ.10.121:1)

ജനിച്ച മാത്രയിൽ തന്നെ അവൻ സൃഷ്ടിയുടെ അധിപതിയായി നിയമിക്കപ്പെട്ടു.

"ഞാൻ പുരാതനമേ, ആദിയിൽ തന്നെ, ഭൂമിയുടെ ഉൽപ്പത്തിക്ക് മുമ്പേ (സൃഷ്ടി, പരിപാലന, ശുദ്ധീകരണ കർമ്മങ്ങൾക്കായി) നിയമിക്കപ്പെട്ടിരിക്കുന്നു. (സദൃ.വാ.8.23)

"ന സദാസീത് ന അസദാസീത്" (ഋവേ.10.129.1)

അപ്പോൾ സത്തോ അസത്തോ ഒന്നുമുണ്ടായിരുന്നില്ല.

"പ്രളയദശായാം ജീവാ: ഉപാധിവിലയാത് പ്രലീനാ
ഇതി കസ്യ.കശ്ചിദപി ഭോക്താ ന സംഭവതി"

ഉപാധികളില്ലാത്തതിനാൽ പ്രളയാവസ്ഥയിൽ ജീവൻ മാത്രകൾ, അടങ്ങി ലയിച്ചിരിക്കുന്നു; ഭോജ്യവുമില്ല, ഭോക്താവുമില്ല.

"ആഴങ്ങൾ ഇല്ലായിരുന്നു, വെള്ളം നിറഞ്ഞ ഉറവകൾ ഇല്ലായിരുന്നു, പർവ്വതങ്ങളും കുന്നുകളും ഇല്ലായിരുന്നു, ഭൂമിയും , അതിൽ ഉപഭോഗവസ്തുക്കളും ഭോക്താവും ഉണ്ടായിരുന്നില്ല. ഇവയൊക്കെയും ഉണ്ടാകുന്നതിനുമുൻപേ ഞാൻ ജനിച്ചിരുന്നു." (സദൃ.വാ.8.24.26)

3. "തമ:ആസീത് തമസാ ഗുള്ഹം" (ഋഗേ.10.129.3)

ഭാവരൂപജ്ഞാനം അസാദ്ധ്യമാവും വിധം ആത്മതത്വം മൂടിയ ഇരുളിൽ സകലതും മറഞ്ഞിരുന്നു.

"നരാത്ര്യാ അഹ്ന: ആസീത് പ്രകേത:" (ഋഗേ.10.129.4)

ആകാശവും ആകാശഗോളങ്ങളും ഇല്ലാതിരുന്നതിനാൽ

www.malankaralibrary.com

കാലബോധവും ഉണ്ടായിരുന്നില്ല.

"കാമസ്തദഗ്രേ സമവർത്തതാധി
മനസോ രേതഃ പ്രഥമം യദാസിത്"

(ഋഗേ 10.129.4)

സൃഷ്ടികാര്യപര്യാലോചനാരൂപമായ തപസ്സിനാൽ പ്രപഞ്ച സൃഷ്ടി സ്വന്ത ഇച്ഛാരൂപമായി ഭവിച്ചു.

"(ഒന്നുമില്ലാത്ത അവസ്ഥയിൽ) പരമാത്മാവ് സ്വേച്ഛയാൽ സൃഷ്ടിജ്ഞാനബദ്ധനായി ആകാശത്തെ ഉറപ്പിച്ചപ്പോൾ, ജലപ്രധാനമായ ഭൂമണ്ഡലത്തിന് രൂപം നൽകിയപ്പോൾ, മീതെ ആകാശത്തിൽ മേഘങ്ങളെ നിയമിച്ചപ്പോൾ, ആഴത്തിന്റെ ഉറവകളെ ശക്തീകരിച്ചപ്പോൾ, വെള്ളത്തെ വേർതിരിച്ച് സമുദ്രത്തിൽ കൂട്ടിയപ്പോൾ, ഉണങ്ങിയ ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ, സ്വേച്ഛാരൂപമായി സകലത്തെയും സൃഷ്ടിച്ചത്-അവിടെ ശില്പിയായിരുന്നത് (ആദ്യജാതനായ,ജ്ഞാനരൂപമായ, പുരുഷനായ) ഞാൻ ആയിരുന്നു." (സദൃ.വാ.8.27.30)

4. "തിരശ്ചീനോ വിതതോ രശ്മിരേഷ:" (ഋഗേ.10.129.5)

ആകാശാദി ഭൂതജാതങ്ങളെ സൃഷ്ടിച്ച രശ്മി (വെളിച്ചം) ക്ഷണമാത്രം കൊണ്ട് ജഗത്തുമുഴുവൻ പരന്നു. ഈ വെളിച്ചം ഇരുൾ നീക്കി പ്രപഞ്ചത്തെ ദൃശ്യമാക്കി (സൃഷ്ടിച്ചു എന്നർത്ഥം)

"And God said: Let there be light, and there was light"

"വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു, വെളിച്ചമുണ്ടായി. ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർതിരിച്ചു." (ഉൽപ.1:3.4)

ഇരുൾമൂടി പാഴായും ശൂന്യമായും ഇരുന്ന ഭൂമി ഈ വെളിച്ചത്തിൽ ദൃശ്യമായിത്തീർന്നു.

"അവൻ അരുളിച്ചെയ്തു, അങ്ങനെ സംഭവിച്ചു; അവൻ കല്പിച്ചു, അങ്ങനെ സ്ഥാപിതമായി" (സങ്കീർത്തനം 33:9)

സർവ്വസൃഷ്ടിക്കും മുൻപേ ആദ്യജാതനായവൻ സ്വർഗ്ഗത്തിലും ഭൂമിയിലും കാണപ്പെട്ടതും കാണപ്പെടാത്തതുമായ സകലതും സൃഷ്ടിച്ചു." (കൊലോസ്യർ 1:15:17)

www.malankaralibrary.com

5. " പുരുഷം ജാതമഗ്രത: തേന ദേവാ:
അയജന്ത" (ഋഗേ.10.90.7)

ആദ്യജാതനായ പുരുഷനെ ദേവൻമാർ ബലികഴിച്ചു. "All the first born are mine" The Lord said. " കടിഞ്ഞൂലെല്ലാം (ആദ്യജാതൻമാരെല്ലാം) യഹോവയ്ക്ക് വിശുദ്ധമായിരിക്കണം" (അവയെ യാഗമായി അർപ്പിക്കണം)

(സംഖ്യാ.3:13, പുറപ്പാട് 13:2)

"ആദ്യജാതരായ പുരുഷപ്രജയൊക്കെയും യഹോവയ്ക്കുള്ളത്" (സംഖ്യാ 3:40)

(ആദ്യജാതനെ ബലിയർപ്പിക്കണം എന്ന ആശയം ഇവിടെ ആരംഭിക്കുന്നു.)

6. "ഏഷോ ഹ ദേവ: പ്രദിശോऽനുസർവ്വാ:
പൂർവ്വോ ഹ ജാത: സ ഉ ഗർഭേ അന്ത:
സ ഏവ ജാത: സ: ജനിഷ്യമാണ:
പ്രത്യങ്ജനാസ്തിഷ്ഠതി സർവ്വതോ മുഖ:

(യവേ.32:4, ശ്വേ.ഉ.2:16)

അർത്ഥം: ആദ്യജാതനായ ദേവൻ എല്ലാ സ്ഥലത്തും എപ്പോഴും സന്നിഹിതനായിരിക്കുന്നു. ഇരുന്നവനും ഇരിക്കുന്നവനും വരുവാനുള്ളവനും ഈ ദേവൻ തന്നെയാകുന്നു. അവന്റെ ആധിപത്യം സർവ്വത്ര വ്യാപിച്ചിരിക്കുന്നു. ഓരോരുത്തരുടെയും ഹൃദയത്തിൽ അന്തര്യാമിയായി വസിക്കുന്നവനും അവൻ തന്നെയാകുന്നു.

"അവൻ ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ അവനിൽ തെരഞ്ഞെടുത്തു"(എഫേസ്യർ 1:6, റോമർ 8:29)

"അവൻ ലോകസ്ഥാപനത്തിനു മുമ്പേ അറിയപ്പെട്ടവനാകുന്നു." (1പത്രോസ് 1:20)
"ലോകസ്ഥാപനത്തിനു മുൻപേ അറുക്കപ്പെട്ട കുഞ്ഞാട്"

(വെളിപാട് 13:8)

സൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ"

(വെളിപാട് 3:14).

7. "സ:ഈക്ഷതേമേ ലോകാ: ലോകപാലാന്നുസൃജാ ഇതി സോ ऽ ഭ്ദ്യ: ഏവ പുരുഷം സമുദ്ധൃത്യ അമൂർച്ഛയത്" (ഐതരേയോപനിഷത് 1:1:3)

www.malankaralibrary.com

സാരം: സൃഷ്ടിയോടു ബന്ധപ്പെടുത്തിക്കൊണ്ട് സൃഷ്ട പ്രപഞ്ചത്തിന്റെ പരിപാലകനായി പുരുഷനെ ആദ്യ ജാതനായി ജനിപ്പിച്ചു.

"സകലതിലും ആദ്യജാതനാകേണ്ടതിന് അവൻ സകലതിനും ആരംഭമായി ജനിച്ചു." (കൊലോസ്യർ 1:18) "വെളിച്ചത്തിൽ നിന്ന് വെളിച്ചമായി ജനിച്ചു" (ഉൽപ.1:3)

8. "അഹമസ്മി പ്രഥമജാ ഋതസ്യ,പൂർവ്വം ദേവേഭ്യ: അമൃതസ്യ നാഭായി" (തൈത്തരീയോപനിഷത് 3:10:6)

അർത്ഥം: ഞാൻ സൃഷ്ടിയിൽ ആദ്യജാതനാകുന്നു; ദേവൻമാരെക്കാൾ മുമ്പേയുളളവനാകുന്നു; ഞാൻ നിത്യജീവന്റെ കേന്ദ്രവുമാകുന്നു.

"ഞാൻ അൽഫയും ഒമേഗയും ഒന്നാമത്തവനും ഒടുക്കത്തവനും ആദിയും അന്തവുമാകുന്നു."(വെളി.22:13)

"സർവ്വത്തിനും മുൻപേയുളളവനും സകലത്തിനും ആധാരവുമാകുന്നു." (കൊലോസ്യർ 1:17)

"ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു" (യോഹന്നാൻ 14:16) "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു; എന്നിൽ വിശ്വസിക്കുന്നവർക്ക് ഞാൻ നിത്യജീവനാകുന്നു." (യോഹന്നാൻ 11:25.26)

ഇപ്രകാരമുളള ഒരു ആദ്യജാതൻ ആര്യമഹർഷിമാരുടെ ജ്ഞാനദർശനങ്ങളിൽ സുപരിചിതനായിരുന്നു. ആര്യജ്ഞാനികൾ ചെയ്തതുപോലെ വിശദമായി പ്രതിപാദിച്ചിട്ടില്ലെങ്കിലും ഒരു ആദ്യജാതനെപ്പറ്റി എബ്രായ ജ്ഞാനികളും ചിന്തിച്ചിരുന്നു എന്ന് എബ്രായ വേദത്തിലും കാണാം.

"താഭ്യ: പുരുഷമാനയത്.." (ഐത.ഉപ.1:2.3)

ഈ ആദ്യജാതന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപിയായി ജനിക്കുക സാദ്ധ്യമല്ല.

മനുഷ്യൻ പാപിയായി ജനിക്കുകയല്ല, പാപം ചെയ്ത് പാപികളായിത്തീരുകയാണ് എന്ന ആശയം ആര്യജ്ഞാനികളെ അഗാധമായി ചിന്തിപ്പിച്ചു. അപ്രകാരമാണെങ്കിൽ പാപം ഇല്ലാതിരുന്ന അവസ്ഥ മനുഷ്യന് ഉണ്ടായിരുന്നുവെന്ന് അവർ സങ്കല്പിച്ചു. ഈ ആദ്യാവസ്ഥ

www.malankaralibrary.com

എപ്രകാരമായിരിക്കാമെന്നോ ആ അവസ്ഥ എത്രകാലം നിലനിന്നിരിക്കാമെന്നോ അവർക്ക് നിശ്ചയമില്ലായിരുന്നു. എന്നാൽ ഒന്ന് അവർക്ക് അറിയാമായിരുന്നു. ഭൂമിയിൽ ജീവൻ ആദിയിൽ വിശുദ്ധമായിരുന്നു. ജീവന്റെ അതേ വിശുദ്ധി ഇനിയും വീണ്ടെടുക്കണം. കാരണം, ജീവൻ അനശ്വരമാകുന്നു. ഇതായിരുന്നു ജ്ഞാനികളുടെ അടിസ്ഥാന തത്വം.

ഇത് എങ്ങനെ സാധിക്കും? എന്ന ചോദ്യം അവരുടെ മുമ്പാകെ അതിശക്തമായിരുന്നു. ആദിയിലാരംഭിച്ച പ്രാകൃതമായ ബലിസമ്പ്രദായം മുതൽ മഹത്തും രൂപഭംഗിയുള്ളതുമായ അശ്വമേധം വരെ സഹസ്രാബ്ദങ്ങളിലൂടെ പരിഷ്ക്കരിച്ചെടുത്ത സകലവിധമായ ബലിയർപ്പണങ്ങളും ജീവന്റെ വിശുദ്ധി വീണ്ടെടുക്കുവാനുള്ള പരിശ്രമങ്ങളായിരുന്നു. എന്നാൽ, ഈ മഹത്തായ യാഗങ്ങളിലൊഴുകിയ മനുഷ്യ- മൃഗ രക്തപ്പുഴകളൊന്നും ഉദ്ദിഷ്ടകാര്യം സാധിക്കുവാൻ പ്രാപ്തമല്ല എന്ന് പിന്നീട് മനസ്സിലാക്കി. ആ കണ്ടുപിടിത്തം വേറൊരാശയത്തിന്റെ വഴിത്തിരിവായിരുന്നു. പരമാത്മാവ് അദൃശ്യനും അരൂപിയുമാണെങ്കിലും സർവ്വശക്തനാണ്. ആ ആത്മാവ് തന്നെ മനുഷ്യരൂപം പ്രാപിക്കണം, മനുഷ്യന്റെ പാപത്തിന് പ്രായശ്ചിത്തം ചെയ്യണം. അപ്പോൾ മാത്രമേ മനുഷ്യന് പാപത്തിൽ നിന്ന് മോചനം സാദ്ധ്യമാകൂ. ഈ ദർശനം അവരെ ശക്തരാക്കിത്തീർത്തു. ശതപഥബ്രാഹ്മണം കാണ്ഡം XI-ൽ ഇത് സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു.

ഈ ദർശനത്തിലുള്ള വിശ്വാസത്തിൽ സംതൃപ്തരായ ആര്യജ്ഞാനികൾ ദർശനജ്ഞാനത്തിന്റെ പശ്ചാത്തലത്തിൽ യാഗങ്ങൾക്ക് രൂപം നൽകി. ഈ യാഗങ്ങൾ അനുഷ്ഠിക്കുന്നതുമൂലം ഐഹികജീവിതകാലം മുഴുവൻ ക്ഷേമൈശ്വര്യങ്ങളും മരണാനന്തരം സുഖവിശ്രമവും ദേവൻമാരുടെ പ്രീതിമൂലം ലഭിക്കും എന്ന വിശ്വാസം പ്രചരിപ്പിക്കപ്പെട്ടു.

ഈ അവസരത്തിൽ ഋഷിമാർക്കുണ്ടായ ഒരു സംശയം അവർ പ്രജാപതിയോടു തന്നെ ചോദിക്കുന്നു:

"പൃച്ഛാമി ത്വാം പരമന്തം പൃഥിവ്യാ:
പൃച്ഛാമി യത്ര ഭുവനസ്യ നാഭി:

www.malankaralibrary.com

**പൃച്ഛാമി ത്വാ വൃഷ്ണോ അശ്വസ്യ രേതഃ**
**പൃച്ഛാമി വാചഃ പരമഃ വ്യോമഃ"** (ഋവേ.1:164:34)

സാരം: അല്ലയോ പ്രജാപതേ, ഈ ഭൂമിയുടെ പര്യവസാനം എവിടെ എന്ന് ഞാൻ അങ്ങയോട് ചോദിക്കുന്നു. ഇവിടെയുളള ചരാചരങ്ങളുടെയെല്ലാം ബന്ധം എവിടെയാണ് എന്ന് ഞാൻ ചോദിക്കുന്നു. ജലവർഷകനായ ഈ സൂര്യന്റെ കാരണം എന്താണ് എന്ന് ഞാൻ ചോദിക്കുന്നു. അതുപോലെ തന്നെ, വചനത്തിന്റെ പരമസ്ഥാനവും ഏത് എന്നും ഞാൻ ചോദിക്കുന്നു.

ഈ നാലു ചോദ്യങ്ങൾക്കും പ്രജാപതി മറുപടി പറയുന്നു.

**"ഇയം വേദിഃ പരോ അന്തഃ പൃഥിവ്യാ**
**അയം യജ്ഞോ ഭുവനസ്യ നാഭിഃ**
**അയം സോമോ വൃഷ്ണോ അശ്വസ്യരേതോ**
**ബ്രഹ്മായം വാചഃ പരമം വ്യോമ"**

(ഋവേ 1:164:35)

സാരം: അല്ലയോ മഹർഷേ, പരന്ന ഈ ഭൂമിയുടെ പര്യവസാനം ഈ യജ്ഞവേദിയാകുന്നു. (ഭൂമി ഒരു യാഗാഗ്നിയിൽ പര്യവസാനിക്കുന്നു എന്ന് വ്യംഗ്യം)

അതുപോലെ, ഈ ഭൂമിയെ (സർവ്വചരാചരങ്ങളേയും) യാഗം മൂലം (ഈശ്വരാശ്രയത്വം മൂലം) സ്വർഗ്ഗത്തോട് ബന്ധിച്ച് നിലനിർത്തുന്നു.

സൂര്യന്റെ നിലനില്പിന്റെ കാരണം ഈ സോമ യാഗമാകുന്നു. ( അഗ്നിയിൽ തർപ്പണം ചെയ്യുന്ന സോമ രസം മേലോട്ടുയർന്ന് സൂര്യനെ പ്രാപിക്കുമ്പോൾ സംതൃപ്തനാകുന്ന സൂര്യൻ ജലവർഷണം (മഴ) ചെയ്ത് ക്ഷേമദായകനായി നിലകൊള്ളുന്നു).

വചനത്തിന് ആധാരം പരമമായ ബ്രഹ്മമാകുന്നു. (വചനം ദൈവമായിരുന്നു യോഹന്നാൻ 1:1)

യാഗത്തിന്റെ പ്രാധാന്യത്തെ ഇപ്രകാരം ഋഗ്വേദത്തിൽ സ്ഥാപിച്ചിരിക്കുന്നു. ഐഹികമായ ഐശ്വര്യവും ആധ്യാത്മികമായ ജ്ഞാനവും ലഭിക്കാൻ വേണ്ടി ഇന്ദ്രനോടപേക്ഷിക്കുന്ന ഒരുദാഹരണം ശ്രദ്ധിക്കാം.

www.malankaralibrary.com

"ആ നോ ഭരവ്യഞ്ജനം
ഗാമശ്വമഭ്യഞ്ജനം
സചാ മനാ ഹിരണ്യയാ " (ഋവേ.8:67:2)

അർത്ഥം: അല്ലയോ ഇന്ദ്രാ, അവിടുന്ന് ഞങ്ങൾക്ക് ജ്ഞാനോപദേശമായ വേദവാക്കും, സ്വാദിഷ്ടമായ ഭോജ്യങ്ങളും, തൈലവും പശുക്കളും (മൃഗസമ്പത്തും), ഗണ്യമായ അളവിൽ സ്വർണ്ണാഭരണങ്ങളും കൊണ്ടുവന്നു തന്നാലും.

ഈ പ്രാർത്ഥനയിൽ, ഭൂമിയിലെ ജീവിതത്തിനും മരണാനന്തര ജീവിതത്തിനും ആവശ്യമായവയെല്ലാം, യാഗാർപ്പണത്തിൽ സംപ്രീതനാകുന്ന ദേവൻ നൽകും എന്ന ആശയം വിശ്വാസത്തിൽ നിലനിർത്തുന്നു.

ഇപ്രകാരം മഹത്തരമെന്ന് വിചാരിക്കുന്ന ഒരു ലൗകിക ജീവിതം കൊണ്ടുമാത്രം അവർ സംതൃപ്തരായിരുന്നില്ല. മനുഷ്യൻ പാപിയാണെന്നും പാപക്ഷമ ലഭിക്കേണ്ടത് അനിവാര്യമാണെന്നും അവർ വിശ്വസിച്ചിരുന്നു എന്നതിന് ഒരു ഉദാഹരണം നോക്കാം.

" സോ അഗ്ന ഏനാനമസാസമിദ്ധോ
ച്ഛാമിത്രം വരുണമിന്ദ്രം വോചേ:
യത് സീമാഗശ്ചകൃമാതത് സു മൃള
തദര്യമാദിതിശ്ശിശ്രഥന്തു" (ഋഗ്വേദം.7:93.7)

അർത്ഥം: അല്ലയോ അഗ്നേ, എന്റെ ഈ യാഗാർപ്പണം സ്വീകരിച്ച് സന്തുഷ്ടനായി "അയം രക്ഷണീയ:"= ഇവൻ രക്ഷിക്കപ്പെടേണ്ടവനാണ് എന്ന് വിധിച്ചാലും. മനസാ, വാചാ, കർമ്മണാ ചെയ്തിട്ടുള്ള അപരാധങ്ങളെ ക്ഷമിച്ച് എന്നെ രക്ഷിച്ചാലും. അപ്രകാരമുള്ള പാപങ്ങളിൽ നിന്ന് എന്നെ മോചിപ്പിച്ചാലും.

സൃഷ്ടിക്കും രക്ഷയ്ക്കും ഈശനായ പ്രജാപതിയുടെ യാഗക്രമം (പുരുഷമേധം) വിവരിക്കുന്ന ശതപഥ ബ്രാഹ്മണത്തിൽ ഒരു അമൃതത്വത്തിന്റെ വാഗ്ദാനം (നിത്യരക്ഷയുടെ പ്രത്യാശ) നിലനിർത്തിയിരിക്കുന്നു. "അമൃതത്വസ്യ ഈശാന:" -നിത്യരക്ഷയുടെ അധികാരിയായിട്ടാണ് പ്രജാപതിയെ മനസ്സിലാക്കിയിരിക്കുന്നത്." അമൃതം യസ്യ ഛായാ" നിത്യജീവൻ അവന്റെ സ്വരൂപമാകുന്നു (ഋഗ്വേ.10:121:2)

മനുഷ്യന് നിത്യരക്ഷ നൽകുവാൻ ഒരു പ്രജാപതി

www.malankaralibrary.com

യാഗമേകേണ്ടിവരുന്ന സന്ദർഭത്തിന് ഗഹനമായ വിശദീകരണമാണ് ശതപഥബ്രാഹ്മണത്തിൽ നൽകപ്പെട്ടിരിക്കുന്നത്. മനുഷ്യന് നിത്യരക്ഷ സാദ്ധ്യമാക്കുവാനായി പ്രജാപതി സ്വയം യാഗമായി അർപ്പിക്കപ്പെടുന്നു.

"നിങ്ങൾ ആരെ തെരയുന്നു എന്ന് യേശു പട്ടാളക്കാരോടും, സേവകരോടും ചോദിച്ചു. നസറായനായ യേശുവിനെ എന്ന് അവർ ഉത്തരം പറഞ്ഞപ്പോൾ: അത് ഞാൻ തന്നെ എന്ന് പറഞ്ഞ് യേശു സ്വയം ബന്ധിക്കപ്പെടുവാൻ ഏൽപ്പിച്ചു കൊടുത്തു." (യോഹന്നാൻ 18:4.5)

ഇവിടെ, സാധാരണ മനുഷ്യനെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ചില ചോദ്യങ്ങൾ ഉയരുന്നു.

1.മനുഷ്യൻ തെറ്റുചെയ്തതിന് ദൈവം ശിക്ഷ യേൽക്കുന്നത് എന്തിന്?

2.സർവ്വശക്തനും സർവ്വജ്ഞാനിയുമായ ദൈവം മനുഷ്യന്റെ പാപം പരിഹരിക്കുവാൻ വേറെ മാർഗ്ഗം സ്വീകരിക്കാഞ്ഞത് എന്തുകൊണ്ട്?

3.ദൈവപുത്രന്റെ യാഗം മൂലം മനുഷ്യന്റെ പാപം പരിഹരിക്കപ്പെടുന്നത് എങ്ങനെ?

ദൈവശാസ്ത്രപരമായി ഏറ്റം പ്രാധാന്യമർഹിക്കുന്ന ഈ ചോദ്യങ്ങൾക്ക് ശതപഥബ്രാഹ്മണം തരുന്ന വിശദീകരണം ശ്രദ്ധിക്കാം.

**ചോദ്യം ഒന്ന്:**

**മനുഷ്യൻ തെറ്റുചെയ്തതിന് ദൈവം ശിക്ഷയേൽക്കുന്നത് എന്തിന്?**

ഹിരണ്യഗർഭനായി, പ്രകാശത്തിൽ നിന്നുള്ള പ്രകാശമായി, പരമാത്മാവിൽ നിന്ന് ആദ്യജാതനായി, സമഷ്ടിരൂപത്തിൽ ഏകജാതനായി, സകലസൃഷ്ടിക്കും മുമ്പേ ജനിച്ച പ്രജാപതി ദൃശ്യപ്രപഞ്ചത്തെയും അദൃശ്യമായവയേയും സൃഷ്ടിച്ചു. സൃഷ്ടിച്ചപ്പോൾതന്നെ അവയിലെ ചൈതന്യമായി, ജീവനായി, പരിപാലകനായി അവൻ നിയമിക്കപ്പെട്ടു. തത്വത്തിൽ പരമാത്മാവോടു സമനായ പ്രജാപതി പരമാത്മാവിന്റെ ജ്ഞാന-വ്യാപന സ്വഭാവങ്ങളുൾക്കൊണ്ട് ജീവനായി സൃഷ്ടിയോടുകൂടെ വസിക്കുന്നു.

www.malankaralibrary.com

"അവന്റെ (പരമാത്മാവിന്റെ) ഭൂതലത്തിൽ ഞാൻ വിനോദിച്ചുകൊണ്ടിരുന്നു; എന്റെ പ്രമോദം മനുഷ്യപുത്രൻമാരോടു കൂടെയായിരുന്നു." (സദൃ.വാ.8:31)

"അവനിൽ ജീവനുണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു." (യോഹന്നാൻ 1:4). ഇതോടെ സൃഷ്ടി പൂർണ്ണമാവുന്നു.

ഇപ്രകാരം പൂർണ്ണമായ സൃഷ്ടിയെ പരമാത്മാവ് നോക്കിക്കാണുന്നു. അവയെല്ലാം "എത്രയും നല്ലത്"-It was very good (perfect) എന്ന് അഭിമാനിക്കയും ചെയ്തു. (ഉൽപത്തി 1:31)

"സുകൃതം ബതേതി"= നല്ലവണ്ണം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് സന്തോഷിച്ചു, തന്നെയുമല്ല,

"പുരുഷോ വാവ സുകൃതം"= മനുഷ്യൻ തീർച്ചയായും ഉൽകൃഷ്ടസൃഷ്ടിയാകുന്നു. (ഐതരേയോപനിഷത് 1:2:3)

"പുരുഷം വിധായ മുദമാപ ദേവഃ"

സൃഷ്ടിപരിപാടിയിൽ അവസാനമായി മനുഷ്യനെ സൃഷ്ടിച്ച് സ്രഷ്ടാവ് സന്തുഷ്ടനായിത്തീർന്നു. (ഭാഗവതം XI:9:28)

പരമാത്മാവിന്റെ ഈ സന്തോഷം സൂചിപ്പിക്കുന്നത് ആദ്യജാതനായ പ്രജാപതി നടത്തിയ പ്രപഞ്ചസൃഷ്ടി പൂർണ്ണവും വിശുദ്ധവുമായിരുന്നു എന്നാണ്. (Perfect creation)

(ഈ സൃഷ്ടി ആറുദിവസം കൊണ്ട് എന്ന് എബ്രായവേദത്തിലും, ആറ് ഘട്ടങ്ങളായിട്ട് എന്ന് പാർസി വേദമായ സെന്ദവസ്തയിലും പറയുന്ന സമയഗണന, സൃഷ്ടി പരിപാടി ക്രമീകൃതമായ ഒരു ദൈവിക പദ്ധതിയായിരുന്നു എന്ന ആശയത്തെയാണ് ദ്യോതിപ്പിക്കുന്നത്. സൃഷ്ടി രഹസ്യം മനുഷ്യന് എന്നും അജ്ഞേയമായ വിഷയമാണ്. അത് അപ്രകാരം ഇരിക്കുന്നതു തന്നെയാണ് ഭംഗി.)

"ദൈവം നിവൃത്തനാവുന്നു"

പരിപൂർണ്ണമായ ഒരു പ്രപഞ്ച സൃഷ്ടിയെ നോക്കിക്കണ്ട് സന്തുഷ്ടനായ പരമാത്മാവ് സൃഷ്ടിയെ സ്വതന്ത്രമായി

www.malankaralibrary.com

വിട്ടിട്ട് 'വിശ്രമിച്ചു' - Rested from all his work. ഉൽപ്പത്തി 2:2" നിവൃത്തനായി" " സ്വസ്ഥമായിരുന്നു" പുറപ്പാട് 20:11.

ശതപഥബ്രാഹ്മണപ്രകാരം "Relaxed" = ജോലി താല്ക്കാലികമായി നിർത്തിയിട്ട് വിശ്രമിച്ചു. "withdrew`"- പിൻവാങ്ങി -പ്രവൃത്തി മേഖലയിൽ നിന്ന് പിൻവാങ്ങി.

സകലസൃഷ്ടിക്കും കാരണവും, സകലത്തിന്റെയും പരിപാലകനും പ്രജാപതിയാണെങ്കിലും പരമാത്മാവിനെ കൂടാതെ, അഥവാ, പരമാത്മാവിൽ നിന്ന് വേറിട്ട് സ്വതന്ത്രനായി നിന്നുകൊണ്ട് പ്രജാപതിക്ക് ഒന്നും തന്നെ ചെയ്യുവാൻ കഴിയുമായിരുന്നില്ല. പിതൃ-പുത്രബന്ധം അപ്രകാരം വിശിഷ്ടമായ ഒരു ഏകത്വമായിരുന്നു.

"ഞാൻ പിതാവിലും പിതാവ് എന്നിലും " (യോഹന്നാൻ 14:10) എന്ന മർമ്മമാണ് പ്രജാപതിയുടെ അസ്തിത്വം. "ഹിരണ്യഗർഭൻ" എന്ന നാമവിശേഷമാണ് ഈ ഏകത്വമർമ്മത്തെ വെളിപ്പെടുത്തുന്നത്. ഹിരൺമയമായ അണ്ഡം ഗർഭത്തിലുള്ളവൻ ഹിരണ്യഗർഭൻ. ഹിരൺമയമായ അണ്ഡം എന്നു വെച്ചാൽ സ്വർണ്ണാഭമായ തോജോബീജം എന്നർത്ഥം. അതായത്, പരമാത്മാവിന്റെ തോജോരൂപം ഉള്ളിൽ വസിക്കുന്നവൻ ,എന്നർത്ഥം.

"പിതാവ് എന്നിൽ വസിച്ചുകൊണ്ട് തന്റെ പ്രവൃത്തി ചെയ്യുന്നു" (യോഹന്നാൻ 14:10)

"പുത്രന് സ്വയമായി ഒന്നും ചെയ്വാൻ കഴിയുകയില്ല; പിതാവ് പുത്രനിലൂടെ പ്രവർത്തിക്കുന്നു." (യോഹ.5:19,30)

"എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു."

(യോഹ.14:9)

"ഞാനും പിതാവും ഒന്നാകുന്നു" (യോഹ.10.30)

"ഞാൻ പിതാവിലും പിതാവ് എന്നിലുമാകുന്നു" (യോഹ.14.10) ഇപ്രകാരമാണ് പിതൃപുത്ര ബന്ധത്തിന്റെ ഘടന.

ഈ ഹിരൺമയമായ അണ്ഡം (പിതാവിന്റെ തേജസ്സ്) പുതനിൽ നിന്നും വിട്ടുനിന്നാൽ പുത്രന് സ്വയം പ്രവർത്തിക്കാൻ കഴിയില്ല എന്നർത്ഥം. അതായത്, പരിപാലന ധർമ്മം നിറവേറ്റാൻ-മനുഷ്യൻ നൻമയിൽ വളരുവാനും

www.malankaralibrary.com

വളർത്തുവാനും-ആത്മാവിന്റെ ശക്തിപ്രവാഹം അത്യാവശ്യമാണ്. ആത്മാവിന്റെ പ്രവർത്തനോൻമുഖമായ സാന്നിദ്ധ്യത്തിൽ മാത്രമേ മനുഷ്യന് നൻമ പ്രവർത്തിക്കാൻ കഴിയുകയുള്ളു എന്ന് സാരം. (ഗലാത്യർ 5:23) "സകല സൽഗുണവും നീതിയും സത്യവുമാണ് വെളിച്ചത്തിന്റെ ഫലം" (എഫേസ്യർ 5.10) ദൈവമാണ് ഈ വെളിച്ചം ( 1 യോഹ.1.5)

"ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം" (യോഹ.1.9) ഈ വെളിച്ചത്തെ കൂടാതെ ഒരു നൻമയും പ്രവർത്തിക്കാൻ സാദ്ധ്യമല്ല. പുത്രൻ പരിപാലനധർമ്മം നിർവഹിക്കണമെങ്കിൽ വെളിച്ചമായ പിതാവ് പുത്രനോടുകൂടെ ഉണ്ടായിരിക്കണം. "ഞാനും പിതാവും ഒന്നാകുന്നു "എന്ന പ്രസ്താവനയുടെ അർത്ഥവ്യാപ്തി ഈ ആശയത്തെ സൂചിപ്പിക്കുന്നു.

"അദിതിർ മാതാ സ: പിതാ സ: പുത്ര:"

(ഋഗേ്വദം1.89:10)

അർത്ഥം: ആന്തരീകമായി മാത്രം ദർശിക്കപ്പെടാവുന്ന ജ്യോതിർരൂപമായ അദിതിതന്നെ സ്വർഗ്ഗവും മാതാവുമെല്ലാം. ആ ജ്യോതിസ്സു തന്നെ പിതാവ്; അതുതന്നെ പുത്രനും. (പിതാവും പുത്രനും ഒന്നാകുന്നു)

പിതാവും പുത്രനും ഒന്നായിരിക്കുന്ന മർമ്മം വളരെ സരസമായി ശതപഥബ്രാഹ്മണം VI:1:2:13ൽ വിവരിച്ചിരിക്കുന്നു. ഇന്നും മനുഷ്യരുടെ ഇടയിൽ പാരമ്പര്യമായി മുത്തച്ഛന്റെയും അച്ഛന്റെയും പേരുകൾ മുറയ്ക്ക് മകനും കൊച്ചുമകനും നൽകുന്നതിന്റെ രഹസ്യം ദൈവിക പിതൃ-പുത്ര ബന്ധത്തിലെ വിശ്വാസത്തിന്റെ സൂചനയാണ് എന്ന് അവിടെ നർമ്മഭംഗ്യാ പ്രസ്താവിച്ചിരിക്കുന്നു.

പരമാത്മാവും പ്രജാപതിയും ( പിതാവും പുത്രനും) മേൽപറഞ്ഞ പ്രകാരമുളള ബന്ധത്തിൽ സ്ഥിതി ചെയ്തുകൊണ്ടാണ് പ്രപഞ്ചസൃഷ്ടി നടത്തിയത് എന്ന് വ്യക്തമാവുന്നു. "ഞാൻ അവന്റെ അടുക്കൽ ശില്പിയായിരുന്നു." (സദൃ.വാ.8:30) സൃഷ്ടി പരിപാടിയിൽ അവസാനമായി മനുഷ്യനെക്കൂടെ സൃഷ്ടിച്ചശേഷം പരമാത്മാവ് നിവൃത്തനാവുന്നു (ഉൽപത്തി 2.2) Rested = പ്രവൃത്തിയിൽ നിന്ന് വിരമിച്ചു എന്ന് എബ്രായവേദത്തിലും, Relaxed = പ്രവൃത്തിയിൽ നിന്ന് വിരമിച്ച് വിശ്രമിച്ചു

www.malankaralibrary.com

എന്ന് ശതപഥബ്രാഹ്മണത്തിലും പറയുമ്പോൾ, ഇതേ വിഷയം ബാബിലോന്യ,ഈജിപ്ഷ്യൻ ഇതിഹാസങ്ങളിലും കാണാം. അവിടെ, ഉതനപിഷ്ടിമിന്റെ ദൈവം 'withdrew to his abode'- സ്വന്തവാസസ്ഥലത്തേക്ക് പിൻവാങ്ങി എന്ന് ബാബിലോന്യ ഇതിഹാസത്തിൽ പറയുന്നു. ഈജിപ്ഷ്യൻ ഇതിഹാസത്തിൽ, അത്യുന്നതദേവനായ ഒസീരിസ് (OSIRIS) സൃഷ്ടി ചെയ്തശേഷം സ്വയം ശിഥിലമായിത്തീരുന്നു. (Dismembered, disintegrated)

എല്ലാ പ്രാചീന മതങ്ങളുടെയും ഇതിഹാസ ഗ്രന്ഥങ്ങളിൽ, ദൈവം സൃഷ്ടി നടത്തിയശേഷം നിവൃത്തനാവുന്ന വിഷയം (സൃഷ്ടിയോടുള്ള ബന്ധം വിച്ഛേദിക്കുന്ന ഒരു ഇടവേളയുടെ കഥ) എഴുതപ്പെട്ടിരിക്കുന്നു. "The Death of God Theme"- "ദൈവത്തിന്റെ മരണവൃത്താന്തം" എന്ന് വളരെ ഭാവനാപരമായി ഈ വിഷയത്തെ ചില ഗ്രന്ഥങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നു. നിവൃത്തനായി അഥവാ, പിൻവാങ്ങി എന്ന് എങ്ങനെ, ആര്യവേദങ്ങളിൽ മാത്രമേ അല്പം മയപ്പെടുത്തി പ്രതിപാദിച്ചിട്ടുള്ളു.

## ദൈവം നിവൃത്തനായപ്പോൾ

മനുഷ്യയുഗത്തിന്റെ ചരിത്രത്തിലെ ഏറ്റം ഗൗരവമേറിയ സംഭവം ദൈവം നിവൃത്തനായ ഈ സന്ദർഭത്തിലാണ് സംഭവിക്കുന്നത്. അന്യൂനമായി (perfect) സൃഷ്ടിക്കപ്പെട്ട പ്രപഞ്ചം അതേ വിശുദ്ധിയിൽ നിൽക്കുന്നു; ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ മഹത്വതേജസ്സണിഞ്ഞവനായി നിൽക്കുന്നു. പ്രകാശത്തിൽ നിന്നുള്ള പ്രകാശമായി, ചലിക്കുന്നവയിലെല്ലാം ജീവനായി, ആദ്യജാതനായ പ്രജാപതി പരിപാലനകർത്തൃത്വത്തിൽ നിയമിതനായി ജാഗരിക്കുന്നു. ഈ വിശുദ്ധ സുന്ദരമായ അവസ്ഥ ദൈവം പിൻവാങ്ങിയശേഷം എത്രകാലം നിലനിന്നു എന്നറിയാൻ നിവൃത്തിയില്ല. എങ്കിലും ലോകം ഈ അവസ്ഥയിൽ നിലനിന്നിരുന്ന കാലത്തിന് "സുവർണ്ണകാലം-Golden Age-കൃതയുഗം" എന്ന് വിശേഷണം നൽകപ്പെട്ടിരിക്കുന്നു.. ഈ കാലഘട്ടത്തിന്റെ ദൈർഘ്യം എത്രയായിരുന്നാലും ആ കാലമത്രയും ദിവ്യഹിതപ്രകാരമുള്ള കൃതകൃത്യത നിലനിന്നിരുന്നു എന്നാണ് വിവക്ഷിക്കുന്നത്.

www.malankaralibrary.com

ഉൽപത്തിക്കഥയിലെ വിവരണപ്രകാരം ആറുദിവസങ്ങൾകൊണ്ട് പൂർത്തിയാക്കുന്ന സൃഷ്ടിയെ നോക്കി സകലതും "എത്രയും നല്ലത്" എന്ന് കാണുകയും (ഉൽപ.1.31), ഏഴാം ദിവസം സകല പ്രവൃത്തിയിൽ നിന്നും നിവൃത്തനാവുകയും ചെയ്യുന്നു. (ഉൽപ.2.1.2) തുടർന്നു പറയുന്ന വാക്യത്തെ ശ്രദ്ധിക്കുക. സകല പ്രവൃത്തികളിൽ നിന്നും നിവൃത്തനായ ദൈവം ഏഴാം ദിവസത്തെ "അനുഗ്രഹിക്കുകയും ശുദ്ധീകരിക്കുകയും" ചെയ്യുന്നു നിവൃത്തനായ അവസ്ഥയിൽ (Being at rest) ഈ രണ്ടു പ്രവൃത്തികൾ ചെയ്യുന്നത് സന്ദർഭത്തിലെ ആശയത്തോട് യോജിക്കുന്നില്ല. "ശുദ്ധീകരിക്കത്തക്കവണ്ണം" അന്നത്തെ അവസ്ഥയിൽ ഏഴാം ദിവസത്തിന് യാതൊരു അശുദ്ധിയുമുണ്ടായിരുന്നില്ല. ആറാമത്തെ ദിവസം വൈകിട്ട് "എത്രയും നല്ലത്" എന്ന് കണ്ടതൊന്നും തന്നെ ഏഴാമത്തെ ദിവസം രാവിലെ "അശുദ്ധമായി" കാണപ്പെടുവാൻ ഒരു കാരണവും കാണുന്നില്ല.

ഇനിയും ഏഴാമത്തെ "ദിവസത്തെ" (സമയത്തെ) ആണ് അനുഗ്രഹിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നത് എന്ന് ചിന്തിക്കാമെന്നു വെച്ചാൽ, ഒന്നാമത്, "ദിവസം" ഒരു വസ്തു വല്ല; രണ്ടാമത്, "എത്രയും നല്ലതായി" സൃഷ്ടിക്കപ്പെട്ട പ്രവൃത്തികൾ നടന്ന ആറു ദിവസങ്ങളേയും അനുഗ്രഹി ക്കുകയോ ശുദ്ധീകരിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. മൂന്നാമതായി, ത്രികാലങ്ങൾക്കും ഈശനായ ദൈവത്തിന് എല്ലാ ദിവസവും ഒരുപോലെ വിശുദ്ധമാകുന്നു. മാത്രമോ, "ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്ന ശീലം ദൈവഹിതപ്രകാരമുള്ളതല്ല" എന്ന സൂചന ഗലാത്യർ 4:10, റോമർ 14.5, കൊലോ.2.16 ഈ ഭാഗങ്ങളിൽ കാണാം. നാലാമതായി ആറാം ദിവസം സൃഷ്ടിക്കപ്പെട്ട മനുഷ്യന് ഏഴാം ദിവസം ദൈവാരാധനയ്ക്കായി വേർതിരിച്ചു കൊടുത്തുവെന്ന ആശയമെടുത്താലും ആദാം ഒരിക്കലും ദൈവാരാധന നടത്തിയതായി കാണുന്നില്ല, എന്നു തന്നെയല്ല, മൂന്നാം തലമുറയിൽ ഏനോശിന്റെ കാലത്താണ് യഹോവയുടെ നാമത്തിലുള്ള ദൈവാരാധന തുടങ്ങുന്നത്. (ഉൽപ.4.26)

ഇപ്രകാരം ചിന്തിക്കുമ്പോൾ, "ഏഴാം ദിവസം ശുദ്ധീകരിക്കപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും" ചെയ്യുന്നതിന് അല്പം

www.malankaralibrary.com

കൂടെ അഗാധമായ അർത്ഥമാണ് ഗ്രഹിക്കേണ്ടിയിരിക്കുന്നത്.

ആറു ദിവസം കൊണ്ടുള്ള പ്രപഞ്ച സൃഷ്ടി എന്ന പ്രതിപാദനത്തെ, മറ്റു പല വിഷയങ്ങളേയും പോലെ, അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതല്ല. ഏഴാമത്തെ ദിവസം എന്നത് സൃഷ്ടി കഴിഞ്ഞതിന്റെ അടുത്ത ദിവസം എന്നും ധരിക്കേണ്ടതില്ല. "ഏഴ് " ഒരു പൂർണ്ണ സംഖ്യയെ, അഥവാ, ഒരു കാലത്തിന്റെ പൂർണ്ണതയെ കുറിക്കുന്നു എന്നാണ് വ്യാഖ്യാനിക്കപ്പെടുന്നത്. ഇതിന്റെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ, ആറു ദിവസത്തെ സൃഷ്ടിക്കുശേഷം, അതായത് ക്രമീകൃതമായ ഒരു സൃഷ്ടിപരിപാടിക്കുശേഷം സകല പ്രവൃത്തികളിൽ നിന്നും നിവൃത്തനാകുന്ന ദൈവം ഒരു കാലപരിഗണനയ്ക്കുശേഷം (അത് എത്ര എന്നത് അജ്ഞേയം) വീണ്ടും തന്റെ പ്രവൃത്തിമേഖലയിൽ പ്രവേശിക്കുന്നു. അപ്പോഴേക്കും, നിവൃത്തനാകുംമുമ്പേ "എത്രയും നല്ലത്" എന്ന് കണ്ടതായ പ്രപഞ്ചം അശുദ്ധമായി കഴിഞ്ഞിരുന്നു. ഇപ്രകാരം അശുദ്ധമായിക്കഴിഞ്ഞിരുന്ന പ്രപഞ്ചത്തിന് ശുദ്ധീകരണത്തിന്റെ അനുഗ്രഹവാഗ്ദാനവുമായിട്ടാണ് തന്റെ പ്രവൃത്തിയുടെ പുനരാരംഭം.

വേലയിൽ നിന്ന് ദൈവം നിവൃത്തനാവുന്നതും വീണ്ടും പ്രവൃത്തിമേഖലയിൽ പ്രവേശിക്കുന്നതും ശുദ്ധീകരിക്കുന്നതും അനുഗ്രഹിക്കുന്നതും മനസ്സിലാകണമെങ്കിൽ ദൈവം നിവൃത്തനായത് എന്തിന്? എന്നു മനസ്സിലാക്കണം.

## ദൈവം നിവൃത്തനായത് എന്തിന്?

"അവൻ അരുളിച്ചെയ്തു, അങ്ങനെ സംഭവിച്ചു; അവൻ കല്പിച്ചു, അങ്ങനെ സ്ഥാപിതമായി." (സങ്കീർത്തനം 33.9) ഇപ്രകാരം വാക്കാൽ സൃഷ്ടി നടത്തുന്ന ആത്മാവായ ദൈവത്തിന് വിശ്രമം ആവശ്യമോ?

"ഉറങ്ങാതെയും മയങ്ങാതെയും സൃഷ്ടിയെ പരിപാലിച്ചുകൊണ്ടിരുന്ന് സകലഗമനത്തെയും ആഗമനത്തെയും നിയന്ത്രിക്കുന്ന സർവ്വശക്തനായ ദൈവത്തിന് വിശ്രമിക്കത്തക്കവണ്ണം ക്ഷീണം അനുഭവപ്പെടുമോ? (സങ്കീ.121)

"യഹോവ നിത്യ ദൈവം, ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നെ; അവൻ ക്ഷീണിക്കുന്നില്ല, തളർന്ന് പോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ" (യെശയ്യാ 40.28)

www.malankaralibrary.com

പുത്രൻ ശില്പിയായിരുന്ന് സൃഷ്ടി നടത്തുകയും പുത്രൻ പരിപാലകനായിരിക്കയും പിതാവിനേക്കൂടാതെ പുത്രന് പ്രവർത്തിക്കാൻ കഴിയാതെയിരിക്കുകയും ( യോഹ 14.10) ചെയ്യുമ്പോൾ, പുത്രനെ നിഷ്ക്രിയനാക്കിക്കൊണ്ട് പിതാവ് വിശ്രമിക്കുന്നതെന്തിന്?

പ്രകാശത്തിൽ നിന്നുളള പ്രകാശമായി ജനിച്ച ഉടനെ തന്നെ പ്രജാപതി പ്രപഞ്ചത്തിന്റെ ഈശനായി, പരിപാലകനായി നിയമിക്കപ്പെട്ടു എന്നാണ് ഋഗ്വേദം 10.121:1ൽ കാണുന്നത്. തത്വത്തിൽ പരമാത്മാവോടു സമൻ ആണെങ്കിലും പരമാത്മാവോടു കൂടെയല്ലാതെ തനിക്ക് സ്വയമായി ഒന്നും ചെയ്യാൻ കഴിയാത്തതിനാൽ പ്രപഞ്ചപരിപാലന കർമ്മത്തിൽ ഒരിക്കലും വേർപിരിയാത്തവരായി അവർ (പരമാത്മാവും പ്രജാപതിയും, പിതാവും പുത്രനും) ഒരുമിച്ചു മരുവുന്നു എന്ന് "ദ്വാസുപർണ്ണാ സയുജാ സഖായ..." എന്ന പ്രശസ്തമായ ഋഗ്വേദമന്ത്രത്തിൽ പ്രസ്താവിക്കുന്നു.

(ഋവേ 1.164:20)

ശാബ്ത് ദിവസത്തിലെ ഒരു സംഭവത്തോട് അനുബന്ധിച്ച് യേശു ഇപ്രകാരം പറയുന്നു:

"എന്റെ പിതാവ് ഇന്നുവരെയും (എന്നും) പ്രവർത്തിക്കുന്നു, ഞാനും പ്രവർത്തിക്കുന്നു" (യോഹന്നാൻ 8.17) (ദൈവം വേല ചെയ്യാതെ വിശ്രമിച്ച ദിവസമാണ് ശാബ്ത് ദിവസം (ഏഴാം ദിവസം) എന്ന ധാരണ ഇവിടെ അസ്ഥിരപ്പെടുന്നു.

"ഞാൻ ഏകനല്ല, ഞാനും എന്റെ പിതാവും കൂടെ സഹവർത്തിത്ത്വത്തിലാണ് പ്രവർത്തിക്കുന്നത് " (യോഹ.8.16)

"ഞാൻ പിതാവിലും പിതാവ് എന്നിലുമാകുന്നു, ഞാൻ സംസാരിക്കുന്നതും സ്വയമായിട്ടല്ല, പിതാവ് എന്നിൽ വസിച്ചുകൊണ്ട് പ്രവർത്തിക്കുന്നു." (യോഹന്നാൻ 14.10)

യേശു ശിഷ്യൻമാരോടു പറയുന്നു: "നിങ്ങൾ എന്നെ കൈവെടിയുന്ന നാഴിക വരുന്നു, എങ്കിലും പിതാവ് എന്നോടു കൂടെ ഉളളതുകൊണ്ട് ഞാൻ ഏകനല്ലതാനും" (യോഹന്നാൻ 16.32)

"ഞാൻ സ്വയമായി ഒന്നും ചെയ്യാതെ, പിതാവ് ഉപദേശിച്ചു തരുന്നതുപോലെ സംസാരിക്കുന്നു." (യോഹ.8.28)

"പിതാവ് എപ്പോഴും എന്നോടു കൂടെയുണ്ട്; അവൻ

www.malankaralibrary.com

എന്നെ ഏകനായി വിട്ടിട്ടില്ല." (യോഹ.8.29)

ഈ അവസ്ഥയിൽ പ്രപഞ്ചസൃഷ്ടിയും പ്രപഞ്ചധാരണവും (പരിപാലനം) ആവിഷ്ക്കരിച്ചിരിക്കെ, ദൈവം നിവൃത്തനാകുവാൻ കാരണമെന്ത്?

ഋഗ്വേദം ഈ ചോദ്യത്തിന് നൽകുന്ന മറുപടി ശ്രദ്ധിക്കാം. ഋഗ്വേദത്തിലെ ഐതരേയാരണ്യകത്തിന്റെ ഭാഗമായ ഐതരേയോപനിഷത്തിൽ സൃഷ്ടിവർണ്ണനയ്ക്കുശേഷം ഇപ്രകാരം പറയുന്നു:

"സ: ഈക്ഷത കഥം ന്വിദം മദൃതേ സ്യാദിതി കോ അഹമിതി " (ഐത.ഉപ.1:3:11)

സാരം: സൃഷ്ടികർമ്മം പൂർത്തിയാക്കിയശേഷം, വിശേഷബുദ്ധിയോടെ സൃഷ്ടിയുടെ മകുടമായി സൃഷ്ടിക്കപ്പെട്ട മനുഷ്യനെ നോക്കിക്കൊണ്ട് പരമാത്മാവ് ഇപ്രകാരം ചിന്തിച്ചു: "എന്നെക്കൂടാതെ മനുഷ്യൻ എങ്ങനെ നിലനിൽക്കും? അവന് നൽകിയിരിക്കുന്ന ബുദ്ധിയും സ്വാതന്ത്ര്യവും ഉപയോഗിച്ച്, ആത്മാവിന്റെ സഹായം കൂടാതെ മനുഷ്യൻ എന്ത് പ്രവർത്തിക്കും? എങ്ങനെ ജീവിക്കും? എന്ന് എനിക്കറിയണം. (മനുഷ്യന്റെ പരീക്ഷണ ഘട്ടം) അവൻ സ്വയം ജീവിക്കുവാൻ പ്രാപ്തനായാൽ പിന്നെ അവന്റെ സ്രഷ്ടാവായ ഞാൻ ആരാണ് എന്ന് അവൻ എങ്ങ്നെ അറിയും?"

മനുഷ്യൻ തന്റെ സ്രഷ്ടാവിനെ അറിയണം. ഇത് അവൻ സ്വയം ചെയ്യുമോ എന്നുള്ള പരീക്ഷണ ഘട്ടമായിട്ടാണ് ദൈവം പ്രവൃത്തി മേഖലയിൽ നിന്നും നിവൃത്തനായത് എന്നാണ് ഋഗ്വേദം നൽകുന്ന മറുപടി.

സകലതും "ഏറ്റവും നല്ലത്" എന്ന അവസ്ഥയിൽ വിശേഷസൃഷ്ടിയായ മനുഷ്യനെ സ്വതന്ത്രനായി വിട്ടിട്ട് ദൈവം നിവൃത്തനായി-മാറി നിന്ന് മനുഷ്യനെ ശ്രദ്ധിക്കാൻ തുടങ്ങി.

"ഏദൻ തോട്ടത്തിൽ വേല ചെയ്യാനും അതിനെ കാപ്പാനും ദൈവം മനുഷ്യനെ അവിടെയാക്കി." (ഉൽപ.2.15)

സ്വയം സമൃദ്ധമായ തോട്ടമാണ് ഏദൻ എന്ന് വിശ്വസിക്കുമ്പോൾ അവിടെ മനുഷ്യന് ചെയ്യാനുണ്ടായിരുന്ന

www.malankaralibrary.com

"വേല" എന്തായിരുന്നിരിക്കാം? സ്രഷ്ടാവിനെ സേവിക്കുക (ആരാധിക്കുക) എന്നല്ലാതെ വേറെ വേലയോന്നും മനുഷ്യന് ഏദനിൽ വസിക്കുമ്പോൾ ചെയ്യാനുണ്ടായിരുന്നില്ല എന്ന് ചിന്തിക്കുന്നതാവും ശരി. അത് വേലയുടെ ഒരു ഭാഗം. രണ്ടാമത്തെ ഭാഗമാണ് "തോട്ടം കാക്കുക" എന്നുള്ളത്. അതിവിശുദ്ധമായി, എത്രയും നല്ലതായിരിക്കുന്ന അവസ്ഥയിലുള്ള തോട്ടത്തിലെ "കാവൽ" ജോലി എന്തായിരിക്കാം? തോട്ടത്തിന്റെ വിശുദ്ധിക്ക് ഹാനി വരുത്താവുന്ന യാതൊരു ബാഹ്യശക്തിയെപ്പറ്റിയുമുള്ള അറിവോ താക്കീതോ (Warning) മനുഷ്യന് നൽകപ്പെട്ടിരുന്നില്ല. പിന്നെ, ഈ "കാവൽ" എന്തിനെതിരെയാണ്?

"തോട്ടത്തിലെ സകലവൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ തിന്നാം" (ഉൽപ.2.16). ഇതാണ് മനുഷ്യന് നൽകിയ സ്വാതന്ത്ര്യം. ഇഷ്ടം പോലെ തിന്നാമെന്നുള്ള സ്വാതന്ത്ര്യമുണ്ടെങ്കിലും തീറ്റിക്ക് ആവശ്യമായതിൽ മാത്രമേ കൈവെയ്ക്കാവൂ. (ഉൽപത്തി 2.17) "ഓരോരുത്തന് ഭക്ഷിക്കാവുന്നത്രയുമേ പെറുക്കാവൂ"(പുറപ്പാട് 16.16). എത്ര വേണമെങ്കിലും പെറുക്കാമെന്ന സ്വാതന്ത്ര്യത്തിൽ ആവശ്യത്തിലധികമായി പെറുക്കിയതത്രയും ക്രിമിച്ചു നാറി (പുറ.16.20) വിശുദ്ധമായിരുന്നത്, ജീവൻ നിലനിർത്താൻ അത്യാവശ്യമായിരുന്നത് എങ്കിലും "ഇഷ്ടം പോലെ" എന്ന സ്വാതന്ത്ര്യം മൂലം അതിർത്തിരേഖ കടന്നപ്പോൾ പുഴുത്തു നാറുകയാണുണ്ടായത്. ഇവിടെ, വിശുദ്ധമായിരുന്നത് അശുദ്ധമായിത്തീരുന്നു.

സംഭവിക്കാമായിരുന്ന ഈ അശുദ്ധപ്പെടുത്തലിന് എതിരെയുള്ള താക്കീതാണ് ഏദനിൽ മനുഷ്യന് നൽകപ്പെടുന്നത്. ദൈവം വിശുദ്ധമായി സൃഷ്ടിച്ചതിനെ മനുഷ്യൻ തന്റെ സ്വാതന്ത്ര്യത്തിൽ അശുദ്ധമാക്കരുത്. ഇതാണ് മനുഷ്യനെ ഏൽപ്പെടുത്തിയ "കാവൽ". ദൈവം നിവൃത്തനാവുന്നതിനുമുൻപ് ഇതായിരുന്നു മനുഷ്യന് നൽകിയ ഉത്തരവാദിത്വം.

"തോട്ടത്തിൽ വേല ചെയ്യുക, അതിനെ കാക്കുക." അതായത് സ്രഷ്ടാവിനെ അറിഞ്ഞ് അവനെ സ്തുതിസ്തോത്രങ്ങളാൽ ആരാധിക്കുക, വിശുദ്ധമായി സൃഷ്ടിച്ചതിനെ അശുദ്ധമാക്കാതിരിക്കുക. (വിശുദ്ധിയുടെ നിയമം ലംഘിക്കാതിരിക്കുക). മനുഷ്യൻ ഇതിന് പ്രാപ്തനാണോ?

www.malankaralibrary.com

ഇതാണ് പരീക്ഷണം. ഈ പരീക്ഷണം നടത്താനായി ദൈവം നിവൃത്തനാവുന്നു, അല്പകാലത്തേക്ക് പ്രവൃത്തി മേഖലയിൽ നിന്നും പിൻവാങ്ങുന്നു.

മനുഷ്യനെ പരീക്ഷിക്കാനായി പിതാവ് നിവൃത്തനാവുന്ന സമയത്ത് സൃഷ്ടിയുടെ പരിപാലകനായ പുത്രന് സംഭവിക്കുന്നത് എന്താണെന്ന് ശ്രദ്ധിക്കാം.

പിതാവിനെ കൂടാതെ സ്വയം പ്രവർത്തിക്കാൻ കഴിയാത്ത പുത്രൻ പ്രജാപതി എന്ന പരിപാലകനാണെങ്കിലും പിതാവ് ബന്ധം വിച്ഛേദിച്ചതു മൂലം നിഷ്ക്രിയനായി പ്രവർത്തിപ്പാൻ കഴിവില്ലാത്തവനായി ഭവിച്ചു.

"The vital airs went out of him =പിതാവുമായി ബന്ധം നിലനിർത്തിയിരുന്ന ആത്മാവിൻെറ ശക്തി അവനെ വിട്ടു പിരിഞ്ഞു." എന്നാണ് ശതപഥബ്രഹ്മണത്തിൽ പറയുന്നത്. പിതാവ് കൈവെടിഞ്ഞ പുത്രൻ മനുഷ്യന്റെ മേലുള്ള നിയന്ത്രണാധികാരം ഉപയോഗിക്കാൻ അപ്രാപ്തനായി ത്തീർന്നു. "ജീവനെ തെരഞ്ഞെടുത്തു കൊള്ളുക" എന്ന വിവേകപരമായ ഉപദേശം മനുഷ്യമനസ്സിൽ ശക്തീകരിപ്പാൻ പിതാവ് ബന്ധംവിടർത്തിയ പുത്രന് അസാദ്ധ്യമായിത്തീർന്നു. ക്രമപാലന അധികാരശക്തിയില്ലാതെ പ്രജാപതി വെറും ചൈതന്യമായി, ജീവനായി മാത്രം പ്രപഞ്ചത്തിൽ സ്ഥിതി ചെയ്തു. കാരണം, പിതാവിനെ കൂടാതെ പുത്രന് സ്വയമായി ഒന്നും പ്രവർത്തിക്കാൻ കഴിയുകയില്ല.

ഈ അവസരത്തിലാണ് മനുഷ്യവംശത്തിനു മുഴുവൻ നാശകരമായ ശാപം എന്നെന്നേക്കുമായി സംഭവിച്ചത്. "അരുത്" എന്ന വിലക്ക് സ്വതന്ത്രമായ മനുഷ്യമനസ്സിൽ ദുർബലമായിത്തീരുകയാൽ മനുഷ്യൻ അരുതാത്തത് പ്രവർത്തിച്ചു. "ഏറ്റവും നല്ലത്" എന്നു കണ്ട അവസ്ഥയിലെ നൻമയ്ക്ക് കളങ്കം സംഭവിച്ചു. മനുഷ്യൻ പാപം ചെയ്തു. മാനവജാതി എന്നെന്നേക്കുമായി ശാപത്തിൻ കീഴിലുമായി. ഇതാണ് പരീക്ഷണത്തിന്റെ ഫലം.

തന്നെക്കൂടാതെ ഈ മനുഷ്യവംശത്തിന് നിലനില്പില്ല എന്നും, മനുഷ്യന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എപ്പോഴും ദോഷകരമായിരിക്കും എന്നും തന്റെ പരീക്ഷണത്തിൽ നിന്നും പരമാത്മാവ് മനസ്സിലാക്കി. ഭൂമിയിൽ മനുഷ്യനെ സൃഷ്ടിക്കകൊണ്ട് തനിക്ക്

www.malankaralibrary.com

ദു:ഖിക്കേണ്ടി വരും എന്ന് മനസ്സിലാക്കിയ ദൈവം, സ്വന്ത സാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യനെ വീണ്ടെടുക്കണം എന്നും തീരുമാനമെടുക്കുന്നു.

"വെയിലാറിയപ്പോൾ"

നിവൃത്തനായിരുന്ന ദൈവം അങ്ങനെ വീണ്ടും പ്രവൃത്തി മേഖലയിലേക്ക് വരുന്നു:

"വെയിലാറിയപ്പോൾ യഹോവയായ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച കേട്ടു." (ഉൽപത്തി 3.8)

ദൈവം പതിവുപോലെ ഒരു സായാഹ്നസവാരിക്കിറങ്ങുന്ന ഭാവപ്രതീതിയാണ് ഇവിടെ ഉപരിപ്ലവമായി കാണുന്നത്. എന്നാൽ വിഷയം അപ്രകാരമല്ല. തോട്ടത്തിലെ വൃക്ഷഫലം ഇഷ്ടം പോലെ തിന്നാമെന്ന സ്വാതന്ത്ര്യവും, തോട്ടത്തിലെ വേലയും കാവലും മനുഷ്യനെ ഏർപ്പെടുത്തിയ ശേഷം പിൻവാങ്ങുന്ന ദൈവം പിന്നീട് ആദ്യമായിട്ടാണ് മനുഷ്യനുമായുള്ള ബന്ധത്തിൽ ഇപ്പോൾ രംഗപ്രവേശം ചെയ്യുന്നത്. അതിനാൽ ഒരു സായാഹ്ന സവാരിയുടെ പതിവ് അർത്ഥവത്താവുന്നില്ല. ഇവിടെ "വെയിൽ" (ചൂട്) എന്ന പദം കൊണ്ട് സൂചിപ്പിക്കാനുദ്ദേശിക്കുന്ന അർത്ഥം കാലാനുകൂലമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യം മൂലം മനസ്സിലുണ്ടായ മോഹങ്ങളുടെ ചൂടിൽ-ആവേശത്തളളലിൽ- പാപം ചെയ്യാൻ മനുഷ്യൻ പ്രേരിതനാവുകയും, പ്രവർത്തിച്ചശേഷം-ചൂടടങ്ങി ആവേശമൊതുങ്ങി-(വെയിലാറിയപ്പോൾ) ലജ്ജിതനായി ഒളിപ്പാൻ ശ്രമിക്കയും ചെയ്യുമ്പോൾ ദൈവം രംഗത്തേക്കു കടന്നു വരുന്നു. സന്ദർഭമനുസരിച്ച് ഈ ആശയമാണ് യുക്തം.

"മനുഷ്യാ, നീ എവിടെ?" ഉൽപ 3.9. ദൈവം മനുഷ്യനുമായി സംവാദത്തിലേർപ്പെടുന്നു. "എറ്റവും നല്ലത്" എന്നു കണ്ട വിശുദ്ധിയുടെ അവസ്ഥയിൽ നിന്നെ അധിവസിപ്പിച്ചിട്ട്, സ്വതന്ത്രനായ നീ എന്തു ചെയ്യും (എന്നെക്കൂടാതെ നീ എങ്ങനെ ജീവിക്കും) എന്ന് കാൺമാൻ ഞാൻ മാറി നിന്ന് നിന്നെ നിരീക്ഷിക്കുകയായിരുന്നു. ഈ അവസരത്തിൽ നീ അരുതാത്തത് ചെയ്തു. തോട്ടത്തിൽ വേല ചെയ്യാനും കാപ്പാനും വിശുദ്ധിയിൽ പാർപ്പിച്ചിരുന്ന നീ ഇപ്പോൾ എവിടെ എന്ന് നിനക്കറിയാമോ? നിന്റെ മനസ്സിന്റെ

www.malankaralibrary.com

സ്വാതന്ത്ര്യം നിന്നെ തെറ്റിലേക്ക് വഴി നടത്തി. തെറ്റുകാരനായ നിനക്ക് വിശുദ്ധിയുടെ പറുദീസ നഷ്ടമായിരിക്കുന്നു.

"മനസ്സിന്റെ അതേ സ്വാതന്ത്ര്യത്തോടുകൂടെത്തന്നെ, നീ നിമിത്തം ശാപഗ്രസ്തമായ ഈ ഭൂമിയുടെ വിശാലതയിലേക്ക് നിന്നെ ഇറക്കി വിടുകയാണ്. അവിടെ അദ്ധ്വാനിച്ച് ജീവിക്കണം. മനുഷ്യൻ എന്റെ പ്രമോദ സൃഷ്ടിയാണ്. പാപം മൂലം അവൻ ഇപ്പോൾ മരണത്തിന് അധീനനായിരിക്കുന്നു. എങ്കിലും ഞാൻ മനുഷ്യനെ സ്നേഹിക്കുന്നു. എന്റെ സ്നേഹസ്വഭാവം മൂലം മനുഷ്യനെ ആദിവിശുദ്ധിയിലേക്ക് വീണ്ടെടുക്കുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു.

"എന്റെ പരീക്ഷണം നിന്റെ തെറ്റിന് അവസരമാവുകയാൽ, അഥവാ, തെറ്റിൽ നിന്നും നിന്നെ തടയുന്നതിൽ എന്റെ പുത്രൻ നിഷ്ക്രിയനായത് എന്റെ പരീക്ഷണം മൂലമാകയാൽ, ഭാവിയിൽ എന്റെ പുത്രൻ നിന്റെ തെറ്റിന് പ്രായശ്ചിത്തം ചെയ്യും."

"ഈ വാഗ്ദാനം ഞാൻ മനുഷ്യവർഗ്ഗത്തിനായി തരുന്നു. ഈ വാഗ്ദാനത്തിന്റെ ഉറപ്പിൽ മനുഷ്യവംശത്തിന്റെ സംരക്ഷണം അന്ത്യംവരെയും നിലനിർത്തപ്പെടും. "ആദാമിനും ഭാര്യയ്ക്കും തോൽകൊണ്ടുള്ള ഉടുപ്പ് നൽകി" (ഉൽപത്തി 3.21) ഈ "ഉടുപ്പ്" ഭാവിയിൽ പ്രജാപതി യാഗത്താലുള്ള പാപമോചനത്തിൻെറയും വീണ്ടെടുപ്പിൻെറയും വാഗ്ദാനമാകുന്നു... സംരക്ഷണവാഗ്ദാനം.

ആറാം ദിവസത്തെ സൃഷ്ടിയുടെ പൂർണ്ണതയോടെ നിവൃത്തനായ ദൈവം ഏഴാം ദിവസം എന്ന യുഗ പൂർണ്ണതയെ ഇപ്രകാരം അനുഗ്രഹിച്ച് ശുദ്ധീകരിച്ചു. പ്രായശ്ചിത്തത്തിനായി നിയുക്തനായ പ്രജാപതിയുടെ യാഗത്തോടെ ഈ അനുഗ്രഹവും ശുദ്ധീകരണവും പാപത്തിൽ പതിച്ച മനുഷ്യവംശത്തിന്റെ വിമോചനത്തിനായി ലഭ്യമായിത്തീർന്നു.

മനുഷ്യന്റെ തെറ്റിന് ദൈവം പ്രായശ്ചിത്തം ചെയ്യാൻ കാരണമായത് ഇപ്രകാരമാണ്.

"കഥം നു ഇദം മദ്യതേസ്യാത്"

www.malankaralibrary.com

എന്നെക്കൂടാതെ ഈ മനുഷ്യൻ എങ്ങനെ നിലനില്ക്കും? എന്ന പരീക്ഷണം ഒരു പ്രജാപതിയാഗത്തിന് വഴി തെളിച്ചു. ദൈവം നിവൃത്തനായി മനുഷ്യനെ പരീക്ഷിക്കുകയും, മനുഷ്യന് വീഴ്ച സംഭവിക്കുകയും, ആ വീഴ്ചയിൽ നിന്ന് അവൻ സ്വയം മോചനം നേടുവാൻ അശക്തനായിരിക്കയും ചെയ്കയാൽ പാപമില്ലാത്ത കുഞ്ഞാടായ ആദ്യജാതൻ,

"സർവ്വേഭ്യഃ പാപ്മഭ്യഃ ഉദിതഃ പുരുഷഃ"

യാതൊരുവിധ പാപവുമേശാത്ത പ്രജാപതി (സാമവേദം) പ്രായശ്ചിത്തബലിക്കായി നിയോഗിക്കപ്പെടുന്നു. ലോകാരംഭം മുതലേ അറുക്കപ്പെട്ടവനായി അവൻ വേർതിരിക്കപ്പെട്ടിരുന്നു. (വെളിപാട് 13.8)

## പിതാവ് പുത്രനെ കൈവിട്ടതിന്റെ പ്രതിധ്വനി

ദൈവം നിവൃത്തനായ കാരണം ഒരു പ്രജാപതിയാഗം ആവശ്യമായിത്തീരുന്നു. ഏകജാതനായ പുത്രൻ മനുഷ്യ പുത്രനായി പ്രായശ്ചിത്തബലിയിൽ അറുക്കപ്പെടുമ്പോൾ, പൂർണ്ണമനുഷ്യനായിരുന്ന അവസ്ഥയിൽ യാഗത്തിന്റെ ക്രൂരത അസഹ്യമായിത്തീരുകയാൽ, ലോകാരംഭത്തിൽ മനുഷ്യനെ സൃഷ്ടിച്ചശേഷം ദൈവം നിവൃത്തനാകയാലാണല്ലോ ഈ പ്രായശ്ചിത്തബലി ആവശ്യമായി വന്നത് എന്ന് അനുസ്മരിച്ചു കൊണ്ട് പ്രജാപതി യാഗാഗ്നിയിൽ (ക്രൂശിൽ) കിടന്ന് ഇപ്രകാരം വിലപിക്കുന്നു:

"ഏലി, ഏലി, ലമ്മാ ശബക്താനി"

എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?" (മത്തായി 27.46)

ക്രൂശിൽ നിന്നുയർന്ന ഈ ശബ്ദം ലോകാരംഭത്തിൽ പിതാവ് നിവൃത്തനായപ്പോൾ സംഭവിച്ചതിന്റെ പ്രതിധ്വനി മാത്രമാണ്. ദൈവം നിവൃത്തനായതുമൂലം മനുഷ്യനെ പാപപ്രവൃത്തയിൽ നിന്ന് തടയുവാൻ പുത്രൻ ശക്തനായിരുന്നില്ല. മനുഷ്യൻ തന്റെ സ്വാതന്ത്ര്യത്തിൽ പാപം ചെയ്തു. മനുഷ്യനെ വീണ്ടെടുക്കുവാൻ പിതാവിന് ഇഷ്ടം തോന്നി. ഈ വീണ്ടെടുപ്പിനായി പുത്രനെ ബലി കഴിക്കാനും പിതാവിന് ഇഷ്ടമായി (യെശയ്യാ 53.10). അങ്ങനെ പാപിയായ മനുഷ്യന് ഒരു കൃപായുഗം ലഭ്യമായി.

www.malankaralibrary.com

കാലസമ്പൂർണ്ണതയിൽ പുത്രൻ പൂർണ്ണമനുഷ്യനായി ജനിച്ച് ബലിയായി അർപ്പിച്ചു. മാനുഷികമായ പരിമിതികളിൽ അസഹ്യമായ വേദനകളനുഭവിച്ചുകൊണ്ട് പിതാവിന്റെ ഇഛാപൂർത്തി വരുത്തുന്നതോടൊപ്പം, അല്പസമയം പിതാവ് കൈവിട്ടതുകൊണ്ട് മാത്രമാണല്ലോ ഈ വേദന സഹിക്കേണ്ടി വന്നത് എന്നോർത്ത് വിലാപവാക്കുകൾ ഉതിർന്നു വീഴുകയാണുണ്ടായത്. മാനുഷികമായ വേദന അനുഭവിച്ചുവെങ്കിലും പിതാവിന്റെ ഇഷ്ടം "നിവർത്തിച്ചു" എന്ന സംതൃപ്തിയാണ് വിലാപത്തിനുശേഷം പുറപ്പെട്ട ഉപസംഹാരമന്ത്രം-"നിവൃത്തിയായി"(യോഹ.19.30). സൃഷ്ടിക്കുശേഷം നിവൃത്തനായ പിതാവുമൂലം നഷ്ടപ്പെട്ട മാനവവംശത്തെ വീണ്ടെടുക്കുന്നതിന് പുത്രനെ ഭരമേൽപ്പിച്ചിരുന്ന രക്ഷാപദ്ധതി പ്രജാപതിയാഗത്തോടെ നിവൃത്തിയായി-പൂർണ്ണമായി-എന്ന് പുത്രൻ സംതൃപ്തിപ്പെടുന്നു(യോഹ.17.4). ഇപ്രകാരം പിതൃധർമ്മം നിറവേറ്റപ്പെടുന്നതിനാൻ "പുത്രൻ" എന്ന നാമം അന്വർത്ഥമായി ഭവിക്കുന്നു.

ദൈവം നിവൃത്തനായി എന്നതിന്റെ മർമ്മം ഇപ്രകാരമാണ് മനസ്സിലാക്കേണ്ടത്. എന്നെ കൈവിട്ടത് എന്ത്? എന്ന് യേശു ക്രൂശിൽ കിടന്നുകൊണ്ട് വിലപിക്കുന്നതിന്റെ പശ്ചാത്തലവും ഇപ്രകാരം മനസ്സിലാക്കണം. സാധാരണ ചിന്തിച്ചു പോരുന്നതുപോലെ, പുത്രൻ ക്രൂശിൽ കിടക്കുന്ന സമയത്ത് പിതാവ് കൈവിട്ടതുകൊണ്ടല്ല പുത്രൻ വിലപിക്കുന്നത്. ക്രൂശിൽ പിതാവ് പുത്രനെ കൈവെടിഞ്ഞില്ല.

"സപ്താസ്യാസൻ പരിധയഃ"

യാഗത്തിന്റെ സംരക്ഷണത്തിന് എല്ലാ കരുതൽ നടപടികളും ചെയ്തിരുന്നു എന്നാണ് ഋഗ്വേദം പറയുന്നത്. ക്രൂശിലെ വേദനയെപ്പറ്റി ശരിക്കും ബോധവാനായിരുന്ന യേശു ഗദ്ശമനതോട്ടത്തിൽ വെച്ച് പൂർണ്ണമായും പിതാവിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പിച്ചിരിക്കെ (ലൂക്കോസ് 22:39.46), ക്രൂശിൽ വെച്ച് വീണ്ടും ഇതേ ചൊല്ലി വിലപിച്ചിരിക്കാൻ സാദ്ധ്യതയില്ല.

പുത്രനിൽ നിക്ഷേപിച്ചിരുന്ന തന്റെ ആത്മാവിനെ തിരികെ സ്വീകരിച്ച് പ്രായശ്ചിത്തബലി ആശീർവദിക്കുവാനായി

www.malankaralibrary.com

പിതാവ് സമീപത്തു തന്നെ നിന്നിരുന്നു. (യോഹന്നാൻ 19.30, യെശയ്യാ 53:10.12)

എല്ലാവരും പുത്രനെ തനിയെ വിട്ടിട്ട് സ്വന്തത്തിലേക്ക് ചിതറിപ്പോകുമ്പോഴും "പിതാവ് എന്നോടു കൂടെയുള്ളതിനാൽ ഞാൻ ഏകനല്ല" (യോഹ.16.32) എന്ന് അന്ത്യാവസ്ഥയെ യേശു വളരെ വ്യക്തമാക്കിയിരുന്നു. യാഗത്തിന്റെ മഹത്വത്തെ സ്വീകരിപ്പാനായി പിതാവ് പുത്രനോടു കൂടെ അന്ത്യംവരെയും ഉണ്ടായിരുന്നു. യാഗത്തിന്റെ സത്തായ "സൗരഭ്യവാസന" സ്വീകരിക്കേണ്ടവനായ പിതാവ്, ഹോമിക്കപ്പെട്ടുകൊണ്ടിരിക്കുന്ന യാഗമൃഗത്തെ കൈവിടുന്ന പ്രശ്നമേ ഉദിക്കുന്നില്ല. ക്രൂശിലെ രോദനത്തിന് കാരണമായ ഭീകരത മനുഷ്യന്റെ പാപത്തിൻെറ കാഠിന്യമായിരുന്നു. ഇത് സംഭവിച്ചത് സൃഷ്ടിക്കുശേഷം പരീക്ഷണത്തിനായി ദൈവം നിവൃത്തനായ സമയത്തും. വെയിലാറിയപ്പോൾ ബന്ധം പുനസ്ഥാപിച്ച ദൈവം അപ്പോൾ തന്നെ പുത്രനെ ലോകത്തിന്റെ പാപഭാരം ചുമക്കുന്ന കുഞ്ഞാടായി നിയോഗിക്കുകയും ചെയ്തു. (യോഹ.1.29. വെളി.13.8) ഇതൊക്കെയും സംഭവിക്കാൻ കാരണം പരിപാലകനായ പുത്രനെ നിഷ്ക്രിയനാക്കിക്കൊണ്ട് പിതാവ് നിവൃത്തനായതു തന്നെ. സ്വതന്ത്രനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സ്രഷ്ടാവിനെക്കൂടാതെ ജീവിച്ചാൽ എന്തു സംഭവിക്കും എന്ന പരീക്ഷണം പരമാത്മാവിന്റെ മായാവിലാസമായിരുന്നു. അന്ന് വീഴ്ച സംഭവിച്ച മനുഷ്യന് ഭാവിയിൽ വീണ്ടെടുപ്പ് വാഗ്ദാനം ചെയ്തുവെങ്കിലും, അന്നുവരെയും,

"ഭ്രാമയൻസർവ്വഭൂതാനി യന്ത്രാരൂഢാനി മായയാ"

(ഭ.ഗീ.18:61)

സ്വാതന്ത്ര്യത്തിന്റെ മായയിൽ സർവ്വജനത്തെയും യന്ത്രത്തിൽ ഘടിപ്പിച്ച പാവപോലെ പ്രപഞ്ചവ്യവഹാരങ്ങളിൽ കറക്കിക്കൊണ്ടിരിക്കയാണ് എന്നാണ് ഗീതയിൽ പറയുന്നത്. "വിളയും കളയും കൊയ്ത്തോളം ഒരുമിച്ചു വളരുവാൻ അനുവദിച്ചിട്ട്" (മത്തായി 13.30) "ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ യഹോവ സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യപുത്രൻമാരെ നോക്കിക്കൊണ്ടിരിക്കയാണ്" (സങ്കീർത്തനം 14.2)

നിവൃത്തനായ പരമാത്മാവ്, മനുഷ്യൻ തന്നെക്കൂടാതെ

www.malankaralibrary.com

നേരായ മാർഗത്തിൽ ജീവിക്കില്ല എന്നു കാണുകയാൽ മനുഷ്യനുമായി വീണ്ടും ബന്ധം പുലർത്തുന്ന വിധം ഐതരേയോപനിഷത്തിൽ പറയുന്നത് ശ്രദ്ധിക്കാം:

"സ: ഏതമേവ സീമാനം വിദ്യാര്യ ഏതയാ ദ്വാരാ പ്രാപദ്യത" (ഐത.ഉപ.1:3.12)

അർത്ഥം: ആത്മാവ് ജ്ഞാനശക്തിരൂപത്തിൽ ശിരസ്സിലെ രന്ധ്രത്തിലൂടെ മനുഷ്യനിൽ പ്രവേശിച്ചു. (ഉത്തമാംഗമായ ശിരസ്സിൽ, ചിത്തത്തിൽ, ജ്ഞാനരൂപമായ ഉപദേശങ്ങൾ നൽകിക്കൊണ്ട് ആത്മാവ് തന്റെ പ്രവൃത്തി ചെയ്യുന്നു എന്നാണ് ഇവിടുത്തെ സൂചന. ഇത് ജീവൻ എന്ന പുത്രന് ലഭിക്കുന്ന പ്രവർത്തനശേഷിയാണ്. പിതാവ് പുത്രനിലൂടെ പ്രവർത്തിക്കുന്നു.)

"ജീവനും മരണവും നിന്റെ മുമ്പാകെ വെച്ചിരിക്കുന്നു, ജീവനെ തെരഞ്ഞെടുത്തു കൊള്ളുക"

(ആവർത്തനം 30:15.20)

"വിമൃശ്യ ഏതദശേഷേണ യഥേച്ഛസി തഥാ കുരു"

(ഭ.ഗീത.18.63)

സകലതും നല്ലവണ്ണം പരിശോധനചെയ്തശേഷം ഏത് ഇഷ്ടപ്പെടുന്നുവോ അതുപോലെ പ്രവർത്തിക്കുക.

വിവേകത്തെ ഇപ്രകാരം ഉപദേശരൂപമായി പുത്രൻ മനുഷ്യമനസ്സിലേക്ക് കടത്തിവിട്ടുകൊണ്ടിരിക്കുന്നു.

"പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തുന്നത് (യോഹ.16.8) ആത്മാവ് ജ്ഞാനരൂപമായി ചിത്തത്തിൽ വസിച്ചുകൊണ്ടാണ്.

ദൈവം നിവൃത്തനായപ്പോൾ മനുഷ്യൻ പാപം ചെയ്തു. ഇത് അന്നുവരെയുണ്ടായിരുന്ന സുവർണ്ണകാലഘട്ടത്തിന്റെ -കൃതയുഗത്തിൻെറ -അന്ത്യമായി കണക്കാക്കിപ്പോരുന്നു. "മനുഷ്യനെ എടുത്തിരുന്ന നിലത്ത് കൃഷി ചെയ്യേണ്ടതിന് യഹോവയായ ദൈവം അവനെ ഏദൻ തോട്ടത്തിൽ നിന്ന് പുറത്താക്കി" (ഉൽപത്തി 3:23)

## വീണ്ടെടുപ്പ്

ഇപ്രകാരമാണ് മനുഷ്യന്റെ വീഴ്ചയുടെ ഇതിഹാസം.

www.malankaralibrary.com

ഇങ്ങനെ വീഴ്ച സംഭവിച്ച മനുഷ്യൻ ദൈവത്തെ പ്രീതിപ്പെടുത്തുവാനായി ആവിഷ്ക്കരിച്ച സമ്പ്രദായങ്ങൾ പല ജാതികളുടെയും മതഗ്രന്ഥങ്ങളിൽ വിവിധമായി രേഖപ്പെടുത്തിയിരിക്കുന്നു.

ആര്യൻമാരും എബ്രായരും ആദ്യജാതബലിയിലൂടെയുള്ള പ്രായശ്ചിത്തത്തിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ചിരുന്നു. ഇരുകൂട്ടർക്കും തുല്ല്യമായുള്ള പഞ്ചമഹായാഗങ്ങളിൽ "പാപയാഗം" ആദ്യജാതബലിയുടെ നിഴലായി ഊനമില്ലാത്ത കാളക്കിടാവിനെയോ ആട്ടുകൊറ്റനെയോ ബലിയർപ്പിച്ച് ആചരിച്ചു പോന്നു. (ലേവ്യർ 4.3). മനുഷ്യന്റെ പാപങ്ങളെ ചുമത്തി ഒരാടിനെ അസസ്സേൽ എന്ന നരകദേവതയ്ക്ക് ബലിയായി മരുഭൂമിയിലേക്ക് അയച്ചിരുന്നു (ലേവ്യർ 16.21). ശതപഥബ്രാഹ്മണം ഏഴാം ഖണ്ഡത്തിൽ 5:2:37ൽ ഇതേ വിഷയം വളരെ വ്യക്തമായും സമാനമായും പറഞ്ഞിരിക്കുന്നു.

ഹിരണ്യഗർഭൻ (Goldenman), പ്രകാശത്തിൽ നിന്നുള്ള പ്രകാശമായി ജനിച്ച ആദ്യജാതൻ, ഊനമില്ലാത്തവൻ, പാപമില്ലാത്തവൻ (perfect man) ആകയാൽ ആ പുരുഷൻ യാഗത്തിന് യോഗ്യനാകുന്നു. "പുരുഷോ ഹി പ്രജാപതി" പുരുഷൻ തന്നെയാണ് പ്രജാപതി (ശത.ബ്രാ.VII.4:1:15) പ്രജാപതിയാഗത്തിന്റെ നിഴലായി ആര്യൻമാരും എബ്രായരും പാപയാഗം അർപ്പിച്ചുകൊണ്ടിരുന്നു.

ബാബിലോന്യ ഇതിഹാസത്തിൽ, സൃഷ്ടിക്കുശേഷം തന്റെ വാസസ്ഥലത്തേക്ക് പിൻവാങ്ങിയ ദേവനെ ആകർഷിച്ച് ഒളിസ്ഥലത്തുനിന്നും പുറത്തുകൊണ്ടുവരാൻ ഉതനപിഷ്ടിം നിരന്തരമായി ജീവബലികൾ അർപ്പിച്ചു കൊണ്ടിരുന്നു എന്ന് പറഞ്ഞിരിക്കുന്നു. അവരുടെ ആശയ പ്രകാരം, രക്തദാഹിയായ ദൈവം ജീവബലിയിൽ പ്രീതിപ്പെടുന്നു എന്നാണ് വിശ്വാസം.

ഈജിപ്ഷ്യൻ വിശ്വാസത്തിൽ സ്രഷ്ടാവായ ഒസീരിസ് എന്ന ദേവൻ സൃഷ്ടിക്കുശേഷം അവയവങ്ങളെ നാനാദിക്കിലേക്കും ചിതറിച്ചുകൊണ്ടാണല്ലോ (disintegrate) നിവൃത്തനാവുന്നത്. ഒസീരിസിന്റെ ഭാര്യയായ ഐസിസിന് (Isis) അതുവരെയും സന്താനങ്ങൾ ജനിച്ചിരുന്നില്ല. ഇതിൽ ഖിന്നയായ ഐസിസ് നാലു ദിക്കിൽ നിന്നും ഒസീരിസിന്റെ അവയവങ്ങളെ കൂട്ടിച്ചേർത്ത് രൂപപ്പെടുത്തിയ ശേഷം

www.malankaralibrary.com

ഗർഭവതിയായി ഒരു മകനെ പ്രസവിക്കുന്നു. ഹോറസ് (Horus) എന്ന പേരോടുകൂടിയ ആ പുത്രൻ പിതാവിന്റെ ഭരണം ഏറ്റെടുത്ത് നടത്തുന്നു.

(എല്ലാ പൗരാണിക മതവിശ്വാസങ്ങളിലും ഒരു ഏക ദേശരൂപമായ ആശയത്തിന്റെ അവതരണം ദൈവം നിവൃത്തനാവുന്നതും പുനരാഗമിക്കുന്നതുമായ സങ്കല്പത്തിൽ നിലനിർത്തിയിരുന്നു എന്നതിന് സംശയമില്ല.)

സഹസ്രാബ്ദങ്ങൾക്ക് ശേഷം, ക്രിസ്തീയ വിശ്വാസത്തിൽ കന്യക പരിശുദ്ധാത്മാവിനാൽ ഗർഭവതിയായി ഒരു പുത്രനെ ജനിപ്പിക്കുന്നു. ഈ പുത്രൻ മനുഷ്യനും ദൈവത്തിനും മധ്യവർത്തിയായി നിന്നുകൊണ്ട് പിതാവിന്റെ ഭരണം നിർവഹിക്കുന്നു.

ഈജിപ്ഷ്യൻ വിശ്വാസത്തിലും ഒരു പുത്രനിലൂടെ വീണ്ടെടുപ്പ് (salvation) സാദ്ധ്യമാക്കിത്തീർക്കുന്ന ആശയം പോലെതന്നെ, ശതപഥബ്രാഹ്മണത്തിലും പ്രജാപതി എന്ന ആദ്യജാതനിലൂടെ രക്ഷാമർഗ്ഗം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

പരമാത്മവ് വിശ്രമത്തിനായി പിൻവാങ്ങിയിരുന്ന സമയത്ത് പ്രജാപതി സ്വയം പ്രവർത്തിക്കാൻ അശക്തനായിത്തീർന്നു. ഈ അവസരത്തിൽ തനിക്ക് ശക്തി തിരികെത്തരണമേയെന്ന് പ്രജാപതി അഗ്നിയോട് അപേക്ഷിച്ചു. (എന്നെ കൈവിട്ടത് എന്ത് എന്ന് പിതാവിനോട് വിലപിക്കുന്ന സാന്ദർഭിക ആശയം ഇവിടെ യോജിപ്പിക്കാം) അപേക്ഷപ്രകാരം അഗ്നി പ്രജാപതിക്ക് ശക്തി നല്കി. അപ്പോൾ അഗ്നി പിതാവും പ്രജാപതി പുത്രനുമായിത്തീർന്നു. എന്നാൽ, സൃഷ്ടിപരിപാടിയിൽ പ്രജാപതിയാണ് അഗ്നിയെ സൃഷ്ടിച്ചത് എന്ന കാരണത്താൽ പ്രജാപതി അഗ്നിയുടെ പിതാവായിത്തീർന്നു. "പിതാവും പുത്രനും ഒന്നാണ്" എന്ന ആശയത്തിന് ശതപഥബ്രാഹ്മണം ഇപ്രകാരമൊരു ചിത്രീകരണവും നൽകുന്നുണ്ട്. (ശത.ബ്രാ.VI:1:2:13)

ആത്മാവിനെ കൂടാതെ ജീവന് ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് (വിവേകപരമായി) ജീവിക്കാൻ സാദ്ധ്യമല്ല എന്ന ആശയമാണ് ഈ ഏകത്വബന്ധത്തിൽ പ്രതിഫലിപ്പിക്കുന്നത്. പിതാവിൽ നിന്ന് ശക്തിപ്രാപിച്ച പുത്രൻ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പ് സാധിക്കാനുള്ള ഏകമാർഗ്ഗമായി പിതാവിനും മനുഷ്യനും മദ്ധ്യത്തിൽ

www.malankaralibrary.com

നിൽക്കുന്നു. ഇതാണ് യാഗത്തിൽ സൂചിപ്പിക്കപ്പെടുന്ന മഹത്വം. ആദികാലങ്ങളിൽ ചിന്തിച്ചിരുന്ന "സൃഷ്ടി-വീഴ്ച -വിമോചന സങ്കല്പം" ഇതു തന്നെ. ശതപഥബ്രാഹ്മണ ത്തിലെ അമർത്യതയുടെ വ്യാഖ്യാനം ഈ രക്ഷയുടെ യാ ഗത്തെ ആസ്പദമാക്കിയുള്ളതാണ് -Creation- Salvation Myth of Prajapathi. മനുഷ്യൻ പാപം ചെയ്തതിന് ദൈവം പ്രായ ശ്ചിത്തം ചെയ്യാൻ ഉത്തരവാദിയാകുന്ന പശ്ചാത്തലം ഇതു തന്നെ.

## 2. ചോദ്യം രണ്ട്.

ദൈവം സർവ്വശക്തനും സർവ്വജ്ഞാനിയുമായിരിക്കെ, മനുഷ്യന്റെ പാപം പരിഹരിക്കാൻ പുത്രനെ ബലിയർ പ്പിക്കുന്ന കഠിനമാർഗ്ഗത്തിനു പകരം വേറെ മാർഗ്ഗം സ്വീകരിക്കാത്തത് എന്തുകൊണ്ട്?

നരബലിയും മൃഗബലിയും ഉൾപ്പെട്ട ജീവബലി ദൈവ ത്തിന് പ്രിയംകരമായിരിക്കുമെന്നത് മനുഷ്യന്റെ അവികസിത ബുദ്ധിയിൽ ഉദിച്ച പൗരാണിക ആശയമാണ്, ജീവബലി മനുഷ്യനു ചെയ്യാവുന്ന പരമാവധി ത്യാഗമാകയാൽ (Extreme Step) മനുഷ്യനിൽ നിന്നു ഇതിൽ കൂടുതലായി ഒന്നും പ്രതീക്ഷിക്കാനില്ല എന്ന അവസ്ഥയിൽ ദൈവം മനുഷ്യന്റെ പ്രായശ്ചിത്തം സ്വീകരിച്ചേ മതിയാകൂ എന്നായിരിക്കണം അവർ ധരിച്ചിരുന്നത്. ഏതാനും ജീവാത്മാക്കളെ തിരിച്ചു നൽകുന്ന ത്യാഗം മൂലം പ്രീതിപ്പെടുന്ന ദൈവം ശേഷിക്കുന്ന ഭൂരിപക്ഷം ജീവാത്മക്കളെ ഒന്നാകെ സംരക്ഷിച്ച് അനുഗ്രഹിക്കും എന്ന് പൗരാണികർ വിശ്വസിച്ചിരുന്നിരിക്കാം. "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" (ലേവ്യർ 17.11) ഇത് അവരുടെ അടിസ്ഥാന വിശ്വാസമായിരുന്നു,

രക്തമൊഴുക്കിയുള്ള ബലിയർപ്പണത്തിലൂടെ മനുഷ്യൻ എന്ത് മേൻമ പ്രാപിക്കുന്നു എന്ന് ഭഗവത് ഗീതയിൽ പറയുന്നതു ശ്രദ്ധിക്കുക.

"സർവ്വേപ്യേതേ യജ്ഞവിദോ
യജ്ഞക്ഷപിത കന്മഷാ" (ഭഗീ.4.30)

അർത്ഥം: വിധിപ്രകാരം യാഗം അനുഷ്ടിക്കാൻ അറിയുന്ന സകലരും യാഗംമൂലം സകലപാപങ്ങളിൽ നിന്നും മോചിത രാകുന്നു.

www.malankaralibrary.com

"യജ്ഞശിഷ്ടാമൃതഭുജോ
യാന്തി ബ്രഹ്മ സനാതനം
നായം ലോകോ ഽ സ്ത്യയജ്ഞസ്യ
കുതോ ഽ ന്യഃ കുരുസത്തമ (ഭഗീ 4.31)

അർത്ഥം: ബലിയർപ്പിച്ചശേഷം ആ ബലിവസ്തു ഭക്ഷിക്കുന്നവർ നിത്യാത്മാവിനെ പ്രാപിക്കുന്നു. ബലിയർപ്പിക്കാത്തവർക്ക് ഈ ലോകം പോലും അനുകൂലമല്ല, പിന്നെയല്ലേ പരലോകം!

"ത്രൈവിദ്യാ മാം സോമപാഃ പൂതപാപാഃ
യജ്ഞൈരിഷ്ട്വാ സ്വർഗ്ഗതിം പ്രാർത്ഥയന്തേ
തേ പുണ്യമാസാദ്യ സുരേന്ദ്രലോക
മശ്നന്തി ദിവ്യാന്ദിവി ദേവഭോഗം (ഭഗീ 9.20)

അർത്ഥം: വേദം പഠിച്ച് പാപനാശത്തിനായി സോമരസം കുടിച്ചും യാഗങ്ങളർപ്പിച്ചും ആരാധന നടത്തി പ്രാർത്ഥിക്കുന്നവൻ സ്വർഗ്ഗത്തെ പ്രാപിക്കുന്നു. അവിടെ അവർണ്ണനീയമായ ദേവഭോഗം ആസ്വദിക്കുന്നു.

ഇപ്രകാരം ബലികളർപ്പിച്ച് അമർത്യത നേടാമെന്ന വിശ്വാസത്തോടെ സഹസ്രാബ്ദങ്ങളിലൂടെ അവർ സഞ്ചരിച്ചു. മനുഷ്യന്റെ ഈ വൃഥാ പ്രയത്നം ദൈവം അംഗീകരിച്ചില്ല. വിവിധയാഗങ്ങളുൾപ്പെട്ട കർമ്മാചാരത്തെ ഉപനിഷത്തുകൾ പുറം തള്ളി. ഇത് അജ്ഞാനമാണ് എന്ന് ജ്ഞാനികൾ വിധിച്ചു.

"അന്ധേനൈവ നീയമാനാഃ യഥാന്ധാഃ"

(കഠോപനിഷത് 1:2:5)

കർമ്മമാർഗ്ഗത്തിലെ ആരാധനാ സമ്പ്രദായങ്ങളെല്ലാം അന്ധൻ അന്ധനെ വഴികാട്ടുന്നതുപോലെ ആർക്കും പ്രയോജനപ്രദമല്ല എന്ന് അവർ പ്രഖ്യാപിച്ചു.

"നിങ്ങളുടെ ഹനന യാഗങ്ങളുടെ ബാഹുല്ല്യം എനിക്കെന്തിന്?"(യെശയ്യാ 1.11) എബ്രായ പ്രവാചകൻമാരും ജീവബലിയെ നിഷേധിക്കുന്നു.

പാപിയായ മനുഷ്യന്റെ കളങ്കപ്പെട്ട ജീവനോ മൃഗങ്ങളുടെ രക്തമോ സ്വീകരിച്ച് തൃപ്തിപ്പെട്ട് മനുഷ്യവംശത്തിന്റെ പാപം മോചിച്ചു കൊടുക്കാൻ ദൈവം സന്നദ്ധനായിരുന്നില്ല.

www.malankaralibrary.com

ദൈവം രക്തദാഹിയുമല്ല. സ്വന്തം ജീവനാണ് മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്നത്. ആ ജീവനാണ് പാപപ്രവൃത്തികൾ മൂലം മലിനപ്പെട്ടിരിക്കുന്നത്. ആ മാലിന്യം അകറ്റുവാൻ മലിനപ്പെടാത്ത ജീവൻ വിലയായി നൽകപ്പെടണം. ഈ വില നൽകുവാൻ മനുഷ്യൻ പ്രാപ്തനായിരുന്നില്ല. ജീവബലികളുൾപ്പെട്ട കർമ്മാചാരങ്ങൾ മുഴുവൻ പരാജയപ്പെട്ടതിന്റെ കാരണം ഇതാണ്.

കളങ്കമില്ലാത്ത ഒരേ ഒരു ജീവനേയുള്ളു. ആ ജീവനാണ് ആദ്യജാതനായ പുത്രൻ എന്ന പ്രജാപതി.

"ഏഷ:പുരുഷോ ദൃശ്യതേ ഹിരണ്യശ്മശ്രുർ ഹിരണ്യകേശ: ആപ്രണഖാത് സർവ്വ ഏവ സുവർണ്ണ:"
(ഛാന്ദോഗ്യോപനിഷത് 1:6.6)

അർത്ഥം: സ്വർണ്ണം പോലെ പ്രകാശിക്കുന്ന താടിരോമങ്ങളോടും തലമുടിയോടും കൂടിയ ഈ പുരുഷൻ നഖശിഖാന്തം സ്വർണ്ണം പോലെ പ്രകാശ സ്വരൂപനാകുന്നു (കളങ്കമില്ലാത്തവനാകുന്നു)

"അവൻ പാപം അറിയാത്തവനായിരുന്നു" (2 കൊരി.5.21) "അവൻ ലോകത്തിൻെറ പാപം ചുമക്കുന്ന ദൈവത്തിൻെറ കുഞ്ഞാടായിരുന്നു" (യോഹ 1.29) " അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുന്നവനാകുന്നു." (മത്താ.1.21)

മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് മറുവിലയായി നൽകുവാൻ യോഗ്യമായ വിശുദ്ധിയുള്ള മറ്റൊന്നും ഇല്ലാതിരുന്നതിനാൽ, മറ്റു മാർഗ്ഗങ്ങളിലൂടെ സാധിക്കാത്തത് സാധിക്കുവാൻ, പിതാവ് പുത്രനെത്തന്നെ ബലിയർപ്പിക്കുന്നു. "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" (എബ്രാ.9.22) എന്ന ആശയം ഇപ്രകാരമാണ് സമന്വയിക്കുന്നത്. മറ്റുമാർഗ്ഗങ്ങളൊന്നും ഫലവത്താകുമായിരുന്നില്ല എന്ന കാരണത്താൽ പിതാവിന് ആദ്യജാതബലി അനുവദിക്കേണ്ടി വന്നു. പ്രതിശരീരവർത്തിയായ സ്വന്തജീവന്റെ -ജീവാത്മാവിന്റെ-ശുദ്ധീകരണം സ്വയത്യാഗത്തിലൂടെ മാത്രം സാദ്ധ്യമാകുന്നു. സ്വന്തം ജീവൻ മറുവിലയായി നൽകി ദൈവപുത്രൻ മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുന്നു.

www.malankaralibrary.com

## 3. ചോദ്യം മൂന്ന്

**ദൈവപുത്രന്റെ യാഗം മൂലം മനുഷ്യന്റെ പാപം പരിഹരിക്കപ്പെടുന്നത് (പാപം നീങ്ങിക്കിട്ടുന്നത്) എങ്ങനെ?**

**"തേന ദേവാ: അയജന്ത" (ഋവേ.10:90.7)**

പുരുഷരൂപേണ പശുനാ മാനസികയജ്ഞം നിഷ്പാദിതവന്ത:=ദേവൻമാർ (ജ്ഞാനികൾ) പുരുഷനെ (പ്രജാപതിയെ) യാഗമൃഗമായി സങ്കല്പിച്ച് മാനസയാഗത്തിൽ ഹോമിച്ചു. ഈ മാനസ യാഗം പിൽക്കാലത്ത് അനുയുക്തമായ അവസരത്തിൽ നടക്കാനിരുന്ന പ്രായശ്ചിത്ത യാഗത്തിന്റെ നിഴൽ അഥവാ ദർശനം ആയിരുന്നു. ഈ യാഗം നടക്കുമ്പോൾ എന്ത് സംഭവിക്കുന്നു എന്ന് പുരുഷസൂക്തത്തിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. (ഇത് അന്യത്ര ചേർത്തിരിക്കുന്നു) നിലവിലുള്ള സൃഷ്ടി മലിനപ്പെട്ടതായിരിക്കേ ഈ യാഗത്തിലൂടെ അതിനെ ഒരു പുതുസൃഷ്ടിയാക്കിമാറ്റി പുതിയ വ്യവസ്ഥിതിയിലാക്കിത്തീർക്കുന്നു.

ആദ്യമായി, ഈ യാഗത്തിൽ നിന്നുയരുന്ന "സൗരഭ്യവാസന" മണത്ത് പ്രീതനാകുന്ന ദൈവം (മഹത് ത്യാഗത്തിലൂടെ കടന്നുവരുന്ന പുത്രന്റെ ജീവനെ കൈപ്പറ്റുന്ന ദൈവം) യാഗത്തിന്റെ വിജയത്തിൽ സന്തുഷ്ടനായി മനുഷ്യനുമായി പുതിയ വ്യവസ്ഥിതിയുടെ ഉടമ്പടി കരാറാക്കുന്നു. (Refer ഉൽപത്തി 8.19.22). യാതൊരു വിലയും വാങ്ങാതെ മനുഷ്യന്റെ പാപം ക്ഷമിച്ചുകൊടുക്കുന്നു. പാപം ക്ഷമിച്ചു കൊടുക്കുന്നതുമൂലം സകലമനുഷ്യരും നിത്യരക്ഷപ്രാപിപ്പാൻ അർഹരായിത്തീരുന്നു. ഈ അർഹത വ്യക്തിപരമായി ഓരോ മനുഷ്യനും സ്വയം സാക്ഷ്യപ്പെടുത്തണം. സാക്ഷ്യപ്പെടുത്തിയ നിലയിൽ (വീണ്ടും ജനിച്ച അവസ്ഥയിൽ) അന്ത്യത്തോളം നിലനിൽക്കുന്നു. ഇപ്രകാരം വ്യക്തിപരമായി ഓരോ മനുഷ്യനും ചെയ്ത പാപം പരിഹരിക്കപ്പെടുന്നു. നിത്യജീവന്റെ പാത അവന്റെ മുമ്പാകെ തുറന്നു കിടക്കുന്നു. ഏതു കഠിനപാപിക്കും യാതൊരു വിലയും നൽകാതെ അവന്റെ പാപം ക്ഷമിക്കപ്പെടുവാനും നിത്യരക്ഷദാനമായി ലഭിപ്പാനും പുത്രന്റെ പ്രായശ്ചിത്തബലി മാത്രമാണ് ഏകവഴി.

www.malankaralibrary.com

"സർവ്വധർമ്മാൻ പരിത്യജ്യ
മാമേകം ശരണം വ്രജ
അഹം ത്വാ സർവ്വപാപേഭ്യോ
മോക്ഷയിഷ്യാമി, മാശുചഃ (ഭ.ഗീ.18.66)

അർത്ഥം: എല്ലാ കർമ്മാചാരങ്ങളും ഉപേക്ഷിച്ചിട്ട് എന്നെ ത്തന്നെ ശരണം പ്രാപിച്ചു കൊള്ളുക. സകല പാപങ്ങളിൽ നിന്നും ഞാൻ നിങ്ങളെ മോചിപ്പിക്കും. യാതൊരു സംശയവും വേണ്ടാ.

ദൈവപുത്രൻ ചെയ്യുന്ന പ്രായശ്ചിത്തം മനുഷ്യന്റെ പാപത്തിന് പരിഹാരമായി ഭവിക്കുന്നത് ഇപ്രകാരമാണ്.

"യസ്യഛായാമൃതം യസ്യമൃത്യു:" (ഋഗേ്വ.10:121.2)

അർത്ഥം: പാപപരിഹാരയാഗത്തിൽ ഹോമിക്കപ്പെട്ട പ്രജാപതി വിശ്വസിക്കുന്നവരുടെ നിത്യരക്ഷയ്ക്കും, അവിശ്വാസികളുടെ മരണശിക്ഷയ്ക്കും സർവ്വാധികാരിയായി ഭവിക്കുന്നു.

ഈ യാഗത്തിന്റെ നിഴലായി പാപയാഗം അർപ്പി ച്ചുകൊണ്ടിരുന്ന കാലത്ത് പാപം നീങ്ങിക്കിട്ടുന്നതിന്റെ ദൃശ്യഭാവമായി പ്രദർശിപ്പിച്ചിരുന്നതാണ് "അസ്സസ്സേലിന്റെ ആട്ടുകൊററൻ". ഇത് അടുത്ത അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

www.malankaralibrary.com

# III

# മനുഷ്യൻ

# പ്രജാപതിയാഗംവരെ

പരമാത്മാവിൽ മറഞ്ഞിരുന്ന മൂലപ്രകൃതി "ഉളവാകട്ടെ" എന്ന നാദസ്ഫുരണത്തിൽ രൂപവും നാമവും പ്രാപിച്ച് തെളിവായി പ്രത്യക്ഷപ്പെട്ടതാണ് ഈ പ്രപഞ്ചവും അതിലുള്ള സകലതും എന്ന് ആസ്തിക്യ സിദ്ധാന്തത്തിൽ വിശ്വസിച്ചുപോരുന്നു. ഈ സൃഷ്ടികളിൽ മനുഷ്യൻ സകലതിനും മേലെയാകുന്നു. "പുരുഷോ വാവ സുകൃതം" എന്ന് വേദം ഈ ആശയത്തെ ശരിവെക്കുന്നു. (ഐ.ഉ.1:2:3)"

"എന്റെ പ്രമോദം മനുഷ്യപുത്രൻമാരോടു കൂടെയായിരുന്നു." (സദൃ.വാ.8.31) ഈ സൃഷ്ടിക്കെല്ലാം കാരണം ആദ്യജാതനായ പ്രജാപതിയാകുന്നു. സൃഷ്ടികർമ്മത്തിനും പരിപാലനത്തിനും അവൻ തന്നെ ഉത്തരവാദി.

ദിവ്യഹിതപ്രകാരമുള്ള ഈ സൃഷ്ടിയിൽ സകലതും വിശുദ്ധമായിരുന്നു. മനുഷ്യൻ കൃതകൃത്യതയോടെ, പാപമെന്തന്നറിയാതെ ജീവിച്ചിരുന്ന ആദിയുഗം (Golden Age) എത്രകാലം നിലനിന്നിരുന്നു എന്നറിയാൻ ഒരു നിവൃത്തിയുമില്ല. അപ്രകാരമുള്ള കാലഗതിയിൽ എന്നോ ഒരുനാൾ മനുഷ്യൻ ദോഷകർമ്മങ്ങൾ ചെയ്യുവാൻ കാരണമായി. അങ്ങനെ പാപം ലോകത്തിൽ കടന്നു. ക്രമേണ, "ശരീരജൈ: കർമ്മദോഷൈ: യാനി സ്ഥാവരതാം നര:"= ശരീരത്തോടെ ജനിച്ച സകലരും ദോഷപ്രവൃത്തികൾ ചെയ്ത് പാപികളായിത്തീർന്നു. "യഹോവ സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യപുത്രൻമാരെ നോക്കുന്നു. എല്ലാവരും വഴി തെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. നൻമ ചെയ്യുന്നവനില്ല, ഒരുത്തൻ പോലുമില്ല" (സങ്കീ.14:2.3) "എല്ലാവരും പാപം ചെയ്കയാൽ മരണം എല്ലാവരിലും പരന്നിരിക്കുന്നു." (റോമർ 5:12)

ഇപ്രകാരം പരിണമിച്ച ലോകത്തിൽ ജ്ഞാനികളായ ഒരു കൂട്ടം മനുഷ്യർ ഒരു വിടുതലിനായി നിലവിളിച്ചു കൊണ്ടിരുന്നു.

www.malankaralibrary.com

"പാപോഹം പാപകർമ്മോഹം
പാപാത്മാ പാപസംഭവ:
ത്രാഹിമാം പുണ്ഡരീകാക്ഷ
സർവ്വയജ്ഞേശ്വരാ ഹരേ"

(പ്രാത:സ്നാനമന്ത്രം)

സാരം: സകലയാഗങ്ങളുടെയും അധിപനായുള്ള ദേവനെ, സമൂലം പാപിയായിത്തീർന്ന എന്നെ രക്ഷിക്കണമേ.

ഈ പ്രാത:സ്ഥാനമന്ത്രം അനുദിനം അവർ ഉരുവിട്ടു കൊണ്ടിരുന്നു, പാപത്തിൽ നിന്ന് വിടുതലിനായുള്ള രോദനം. രക്തരൂക്ഷിതമായ നിരവധി യാഗങ്ങൾ വിധി പ്രകാരം നടത്തിയിരുന്ന ഋഷിമാർ മൃഗബലികൊണ്ട് പാപമോചനം സാദ്ധ്യമല്ല എന്ന സത്യം മനസ്സിലാക്കിയ പ്പോൾ ഒരു പാപപരിഹാരയാഗത്തിലൂടെ അവർക്ക് വിമോചനം നൽകേണമേ എന്ന് പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

പ്രഭാതസ്നാനസമയത്ത് സ്വന്ത പാപങ്ങളെ ഏറ്റുപറഞ്ഞ് മാനസാന്തരം വരുത്തിയിരുന്ന മഹർഷിമാർ (ഋഗ്വേദം.1:23.22) ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രാർത്ഥനാ യജ്ഞത്തിൽ അവരുടെ അപേക്ഷ ഇപ്രകാരം തുടർന്നിരുന്നു

"അസതോ മാ സത് ഗമയ
തമസോ മാ ജ്യോതിർ ഗമയ
മൃത്യോർ മാ അമൃതം ഗമയ" (ബൃഹ.ഉപ.1:3.28)

സാരം: താൻ ജീവിക്കുന്ന ഈ ലോകം ദോഷപൂരിതമാണെന്നും, ഇവിടെ ജീവിതം അനിത്യമാണെന്നും മനസ്സിലാക്കിയ ഭക്തർ, പാപനിർഭരമായ ഈ അവസ്ഥയിൽ നിന്നും അന്ധകാരമയമായ ജീവിതത്തിൽ നിന്നും നാശോൻമുഖമായ ലോകത്തിൽ നിന്നും വിമോചനം ആഗ്രഹിച്ചിരുന്നു. ശാശ്വതമായതും നൻമനിറഞ്ഞതും തേജോമയവും മരണമില്ലാത്തതും നിത്യവുമായ ഒരു അഭൗമിക ജീവിതത്തിനായി ദാഹിച്ചിരുന്നു. അപ്രകാരമുള്ള ഒരു സൗഭാഗ്യസ്ഥാനത്തേക്ക് തന്നെ നയിക്കേണമേ എന്ന് വിനയാന്വിതരായി അപേക്ഷ കഴിച്ചുകൊണ്ടിരുന്നു.

www.malankaralibrary.com

"ഇദമാപ പ്രവഹത
യത് കിഞ്ച ദുരിതം മയി
യദ്വാഹമഭിദുദ്രോഹ
യദ്വാശേപ ഉതാനൃതം (ഋഗ്വേ 1:23.22)

അർത്ഥം: അറിഞ്ഞോ അറിയാതെയോ ചെയ്തുപോയിട്ടുള്ളതോ പറഞ്ഞുപോയിട്ടുള്ളതോ ആയ എന്തെങ്കിലും പാപം എന്നിലുണ്ടെങ്കിൽ, അല്ലയോ ജലങ്ങളെ, പ്രവാഹരൂപത്തിൽ എന്നിൽ നിന്നും ഒഴുക്കിക്കളഞ്ഞാലും.

പ്രാർത്ഥനയുടെ ഈ ആദ്യാവസ്ഥയിൽ പാപത്തെപ്പറ്റി അവ്യക്തബോധമുണ്ടെങ്കിലും പ്രാതഃസ്നാനസമയത്ത് ഒഴുക്കുനീര് ഈ പാപങ്ങളും ഒഴുക്കിക്കളയട്ടെ എന്ന ധാരണ മാത്രമാണ് പ്രതിവിധിയായി ചിന്തിച്ചിരുന്നത്.

ഈ അവസ്ഥയിൽ നിന്നും ജ്ഞാനത്തിൽ പുരോഗമിച്ച മനുഷ്യൻ യാഗകർമ്മങ്ങളുടെ പരിചയം സമ്പാദിച്ചപ്പോൾ യാഗങ്ങളുടെ അധിപതിയായ ദേവൻ പ്രസാദിച്ചാൽ പാപപരിഹാരമുണ്ടാകും എന്ന ധാരണയിൽ എത്തിച്ചേരുകയും താൻ സമൂലം പാപിയാണെന്ന് സമ്മതിച്ച് പാപങ്ങളെ ഏറ്റു പറഞ്ഞ് മനഃശുദ്ധി വരുത്തി യാഗത്താൽ രക്ഷ സാദ്ധ്യമാകും എന്ന ആശയോടെ പ്രാതഃസ്നാനമന്ത്രം ഉരുവിട്ടുകൊണ്ടുമിരുന്നു. കർമ്മമാർഗ്ഗത്തിന്റെ സംഭാവന ഇപ്രകാരമുള്ള അറിവ് മാത്രമായിരുന്നു.

മൂകജീവികളായ മൃഗങ്ങളുടെ രക്തമൊഴുക്കി പാപപരിഹാരം നേടാമെന്ന വിചാരം വെറും വ്യാമോഹമാണെന്ന് സഹസ്രാബ്ദങ്ങളിലെ അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കിയ മഹർഷിമാർ പാപത്തിന് പ്രായശ്ചിത്തമായി ബലിയർപ്പിക്കപ്പെടാൻ പാപമില്ലാത്തവൻ മാത്രമേ യോഗ്യനായിട്ടുള്ളു എന്ന് മനസ്സിലാക്കുകയും (ശതപഥബ്രാഹ്മണം 3.10), അപ്രകാരമൊരു പുരുഷനെ വിദൂരതയിലെവിടെയോ കണ്ടുകൊണ്ട് അവർ രക്ഷാമാർഗ്ഗത്തെ ഇപ്രകാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു:

"വേദാഹമേതം പുരുഷം മഹാന്തം
ആദിത്യവർണ്ണം തമസഃ പരസ്താദ്
തമേവ വിദിത്വാ അതിമൃത്യുമേതി
ന അന്യഃപന്ഥാ വിദ്യതേ അയനായ"

(ശ്വേതാശ്വതരോപനിഷത് 3.8)

www.malankaralibrary.com

അർത്ഥം: മഹാത്മാവും (അതുല്ല്യനും) പ്രകാശരൂപനും (വെളിച്ചത്തിൽ നിന്നു ജനിച്ച വെളിച്ചവും) ആയ പുരുഷനെ (പുത്രനെ) തമോമണ്ഡലത്തിനുമപ്പുറത്തായി (അജ്ഞാനാന്ധകാരത്തിനുമപ്പുറത്തായി) ഞാൻ കാണുന്നു. അവനെ അറിയുന്നതുകൊണ്ട് (അവനിൽ വിശ്വസിക്കുന്നതുകൊണ്ട്) മാത്രമേ പാപത്തിൽ നിന്ന് വിമോചനവും നിത്യജീവനിൽ അവകാശവും ലഭിക്കയുള്ളു. ഈ പദവി പ്രാപിക്കുവാൻ വേറെ യാതൊരു വഴിയും അറിയപ്പെട്ടിട്ടില്ല.

കർമ്മമാർഗ്ഗവിധികൾ പ്രകാരം മൃഗബലികളർപ്പിച്ച് മുഷിഞ്ഞ് മനസ്സുമടുത്ത മഹർഷിമാരുടെ ദൃഢമായ ഒരു വഴിത്തിരിവായിരുന്നു ഈ ദർശനം. ഈ അവസ്ഥയിലെത്തിയപ്പോഴേക്കും രക്ഷകനായ ഒരു ദേവനെപ്പറ്റിയുള്ള അറിവ് അവരിൽ നിത്യജീവിതത്തിന്റെ പ്രത്യാശാദീപം ജ്വലിപ്പിക്കുകയുണ്ടായി.. അപ്പോൾ മുതൽ രക്ഷകനായ ആ ദേവന്റെ പ്രത്യക്ഷതയെ പ്രതീക്ഷിച്ചുകൊണ്ട് "സദവസ്ഥയിലേക്ക്, പ്രകാശത്തിലേക്ക്, അമർത്യതയിലേക്ക് മരണമില്ലാത്ത നിത്യജീവിതത്തിലേക്ക് എന്നെ വഴി നടത്തിയാലും" എന്ന് പ്രത്യാശാനിർഭരമായി പ്രാർത്ഥിക്കുവാൻ തുടങ്ങി.

തമസ്സിൽ മറഞ്ഞിരുന്ന നിശ്ചലപ്രകൃതിയെ തന്റെ പ്രഭാപൂരത്താൽ സൃഷ്ടപ്രപഞ്ചമാക്കുകയും സ്വയം അതിന്റെ പരിപാലനം ഏറ്റെടുക്കുകയും ചെയ്ത ആദ്യജാതൻ മനുഷ്യവംശത്തിന്റെ ദു:സ്ഥിതി കണ്ടും വിടുതലിനായുള്ള നിലവിളി കേട്ടും മനസ്സലിഞ്ഞ് ഇപ്രകാരം പ്രഖ്യാപിച്ചു:

"സംഭവാമി യുഗേ യുഗേ" (ഭ.ഗീ.4.8)

"ഇതാ ഞാൻ വരുന്നു" (സങ്കീ 40.7)

"സർവ്വപാപേഭ്യോമോക്ഷയിഷ്യാമി, മാ ശുച:"

(ഭ.ഗീത18.66)

എല്ലാ പാപങ്ങളിൽ നിന്നും നിങ്ങളെ ഞാൻ മോചിപ്പിക്കും, കണ്ണുനീരെല്ലാം തുടച്ചുകളയും, ഇനി മരണമുണ്ടാവുകയില്ല. മാ ശുച:= ഹൃദയം കലങ്ങരുത്, ഭ്രമിക്കയുമരുത്. ദു:ഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാവുകയില്ല (വെളി.21:4.5)

"നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും, രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും, സർവ്വപാപേഭ്യ:=

www.malankaralibrary.com

എല്ലാവിധ പാപങ്ങളിൽ നിന്നും, മോക്ഷയിഷ്യാമി= ഞാൻ നിങ്ങളെ മോചിപ്പിക്കും"(യെശയ്യാ 1:18) എന്തുകൊണ്ടെന്നാൽ,

അമൃതത്വസ്യ ഈശാനഃ= നിത്യജീവൻെറ അധികാരിയായ ഞാൻ, അന്നേന അതിരോഹതി= മനുഷ്യപുത്രനായി അതിശയജനനമെടുക്കുന്നു.

"അമൃതത്വസ്യ സ്വാമി സ്വകീയാം കാരണാവസ്ഥാം അതിക്രമ്യ പരിദൃശ്യമാനം ജഗദവസ്ഥാം പ്രാപ്നോതി

(ഋഗ്വേദം 10:90.2)

സകലസൃഷ്ടിക്കും കാരണഭൂതനായ പുരുഷൻ, സൃഷ്ടിക്ക് കാരണഭൂതനായി വചനമായി പരമാത്മാവോടുകൂടെ ഇരുന്നവൻ, നിത്യരക്ഷയുടെ അധികാരിയായവൻ-" അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടു സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപമെടുത്ത് മനുഷ്യസാദൃശ്യത്തിലായി" (ഫിലിപ്യർ2:6.7), വചനം ജഡമായിത്തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി മനുഷ്യരുടെ ഇടയിൽ പാർത്തു. അവന്റെ തേജസ്സ് പിതാവിൽ നിന്നും ഏകജാതന്റെ തേജസ്സായി കണ്ടു. (യോഹ.1.14) ഇത് പരിപാലനം എന്ന തന്റെ ഉത്തരവാദിത്വത്തിന്റെ പൂർത്തീകരണത്തിനായിട്ട് സ്വയമായി, സ്വന്ത ഇഷ്ടത്താൽ സംഭവിച്ചതാണ്." ലോകത്തെ രക്ഷിപ്പാനത്രേ ഞാൻ വന്നത്" (യോഹന്നാൻ 12.47)

സഹസ്രാബ്ദങ്ങളായിട്ട് നിരർത്ഥകമായി മൃഗബലിയിലൂടെ രക്തമൊഴുക്കി മനുഷ്യവംശത്തിന്റെ പാപത്തിന് പ്രായശ്ചിത്തം വരുത്താൻ പരിശ്രമിച്ച് മനുഷ്യർ പരാജയപ്പെട്ടപ്പോൾ, പാപമില്ലാത്തവൻ പ്രായശ്ചിത്ത ബലിയായി ഒരിക്കലായി അർപ്പിക്കപ്പെടുവാൻ മനുഷ്യപുത്രനായി ജനിച്ചു. ഈ യാഗപുരുഷനാണ് വേദപ്രസിദ്ധനായ പ്രജാപതി. ഈ ജനനം രഹസ്യമായിരുന്നില്ല. വാനഗോളങ്ങൾ അത് പ്രതിഫലിപ്പിച്ചു. വാനശാസ്ത്രജ്ഞർ അത് തിരിച്ചറിഞ്ഞു. നിഷ്ക്കളങ്കരായ ആട്ടിടയർ അതിൽ സന്തോഷിച്ചു. കിഴക്കുദേശത്തുള്ള വിദ്വാൻമാർ കണ്ടു സ്തൃപ്തരായി. ഇവർ വേദജ്ഞാനികളായ ഭാരതീയ മഹർഷിമാരുടെ പിൻഗാമികൾ തന്നെയായിരുന്നിരിക്കണം.

## ആര്യൻമാരും എബ്രായരും

നോഹയുടെ പാരമ്പര്യത്തിൽ ശേമ്യവർഗ്ഗത്തിൽപ്പെട്ട

www.malankaralibrary.com

അബ്രഹാമിന്റെ സന്തതികളിലെ രണ്ടു വംശങ്ങളായിരുന്നിരിക്കണം ആര്യൻമാരും എബ്രായരും. പാർസികൾ ആര്യൻമാരുടെ തന്നെ ഒരു ഉപവിഭാഗമാണ്. ഈ മൂന്നു കൂട്ടരുടെയും വേദഗ്രന്ഥങ്ങളിൽ കാണുന്ന സമാനത ഈ ആശയത്തെ ബലപ്പെടുത്തുന്നു.

ഒരു കാലത്ത് മെസോപ്പൊത്തേമിയാ എന്ന ഭൂവിഭാഗം പരിഷ്ക്കാരത്തിലും സംസ്ക്കാരത്തിലും ഉന്നതനിലവാരം പുലർത്തിയിരുന്നു.. അന്ന് ആ പ്രദേശത്തുണ്ടായിരുന്ന ജാതികളിൽ ഏറ്റം ശ്രേഷ്ഠരായിരുന്നവർ ആയിരിക്കണം ആര്യൻമാരും എബ്രായരും. ഫലഭൂയിഷ്ഠമായ ഈ ദേശത്ത് വടക്കുനിന്നുള്ള രാജാക്കൻമാരുടെ ആക്രമണം സഹിക്കാതെ വന്നപ്പോഴാണ് ഈ രണ്ടു ജാതികളും ആടുമാടു സമ്പത്തുമായി സൈ്വരമായി ജീവിക്കാവുന്ന മേച്ചിൽ പുറങ്ങൾ തേടി പുറപ്പെട്ടു പോയത്. ഈ രണ്ടു ജാതികളും തമ്മിൽ വളരെ അടുത്ത ബന്ധം പുലർത്തിയിരുന്നു എന്ന് ഇരുകൂട്ടരുടേയും വേദഗ്രന്ഥങ്ങളിലെ സമാനവിഷയങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ഇതിനുപുറമേ, ശതാബ്ദങ്ങൾക്കുശേഷം അശ്ലൂർ രാജാക്കൻമാരുടെ ആക്രമണത്തിന് ഇരയായ യിസ്രായേല്യർ ലോകമെമ്പാടും ചിതറിപ്പോയ കൂട്ടത്തിൽ വളരെപ്പേർ ഭാരതത്തിലും വന്നു താമസിച്ചിരിക്കാൻ സാദ്ധ്യതയുണ്ട്. ഇതുകൂടാതെ, BC അഞ്ചാം നൂറ്റാണ്ടിൽ ഉത്തരേന്ത്യമുതൽ എത്യോപ്യവരെ നൂറ്റി ഇരുപത്തേഴ് സംസ്ഥാനങ്ങളെ പാർസി രാജാക്കൻമാർ അടക്കി ഭരിച്ചിരുന്നപ്പോൾ ഈ സംസ്ഥാനങ്ങളിൽ ചിതറിപ്പാർത്തിരുന്ന അനേകം യഹൂദൻമാരും ഇന്ത്യയിലേക്ക് കുടിയേറിപ്പാർത്തിരുന്ന തെളിവുകൾ നിലനിൽക്കുന്നു. പഴയ ചരിത്രരേഖകൾ പരിശോധിച്ചാൽ ഇതിന്റെയെല്ലാം തെളിവുകൾ കാണുവാൻ കഴിയുമായിരിക്കും.

കാലക്രമത്തിൽ ഈ കുടിയേറ്റക്കാരെല്ലാം ഒരേ ജാതിയായിത്തീർന്ന് ആര്യ(ശ്രേഷ്ഠ) ജാതിയായി അറിയപ്പെട്ടു എന്നാണ് അഭിജ്ഞമതം. ഈ കുടിയേറ്റവും ഏകമതരൂപീകരണവുമെല്ലാം ആത്മീയതലത്തിൽ പുതിയ പുരോഗതിക്കും ദർശനത്തിനും സഹായകമായിത്തീർന്നിട്ടുണ്ടാവാമെന്ന ചിന്തയും പരിഗണനാർഹമാണ്. ഭാരതീയ സാഹിത്യ കൃതികളിൽ കാണുന്ന എബ്രായ-പാർസി-കൽദായ ഭാഷാ

www.malankaralibrary.com

പദങ്ങൾ ഈ ആശയത്തെ പിൻതാങ്ങുന്നില്ലേ എന്ന് ചിന്തിക്കാവുന്നതാണ്.

പ്രജാപതിയാഗവിവരണമായ സുപ്രസിദ്ധ പുരുഷ സൂക്തം, സൃഷ്ടിയുടെ അജ്ഞേയത്വം വിവരിക്കുന്ന നാസദീയസൂക്തം മുതലായ പ്രസിദ്ധങ്ങളായ സൂക്തങ്ങൾ ഋഗ്വേദം പത്താം മണ്ഡലത്തിലാണ്. ഈ പത്താം മണ്ഡലം പല തരത്തിലും മറ്റു മണ്ഡലങ്ങളിൽ നിന്നും വ്യത്യസ്തമായിരിക്കുന്നു. ഇത് പിൽക്കാലത്ത് എന്നോ കൂട്ടിച്ചേർത്തതായിരിക്കണം എന്നും ചില പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിരിക്കുന്നു എന്ന് ഋഗ്വേദത്തിന്റെ അവതാരികയിൽ ചേർത്തിട്ടുണ്ട്.

ഇന്നത്തെപ്പോലെ ജാതിമത വ്യവസ്ഥയില്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് വേദങ്ങൾ രചിക്കപ്പെട്ടത്. അതുകൊണ്ടു തന്നെ വേദജ്ഞാനം ഏതെങ്കിലുമൊരു ജാതിയുടേയോ മതത്തിന്റേയോ ദൈവശാസ്ത്രമാണ് എന്ന് ചിന്തിപ്പാൻ നിവൃത്തിയില്ല. മാനവവംശത്തെ ഒന്നായി വീക്ഷിക്കുന്ന ഒരു ദൈവാവബോധ ശാസ്ത്രമായിട്ടാണ് വേദങ്ങൾ ആവിർഭവിച്ചത്.

ഇന്നത്തെപ്പോലെ തൊഴിൽസംബന്ധമായി വിവേചിക്കപ്പെടുന്ന ജാതിവ്യത്യാസം പുരാതനകാലത്ത് നിലവിൽ വന്നിരുന്നില്ല. ഒരു കുടുംബത്തിലെ മൂത്തപുത്രന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പൈതൃകപാരമ്പര്യം നിലവിലിരുന്നു. ഈ വ്യവസ്ഥയിലുള്ള കണ്ണികളിൽ പ്രശസ്തരായിത്തീരുന്നവരുടെ പേരിൽ വംശങ്ങൾ സ്ഥാപിതമായിക്കൊണ്ടിരുന്നു. ഈ വംശങ്ങളിലെ ആദ്ധ്യാത്മിക ചിന്തയാണ് ദൈവശാസ്ത്രമായി പരിണമിച്ചത്. പരസ്പര സമ്പർക്കത്തിൽ വസിച്ചിരുന്ന വംശങ്ങളിലെ ദൈവാവബോധവും (God- Consciousness) മിക്കവാറും സമാനമായിരുന്നു എന്ന തെളിവുകളാണ് ലഭിച്ചിരിക്കുന്നത്. സ്ഥലകാല ഭേദമനുസരിച്ച് പ്രാദേശിക ചിന്താഭേദങ്ങളും അവിടവിടെയായി സംഭവിച്ചിരിക്കാം. അവ അത്ര പ്രാധാന്യമർഹിക്കുന്നില്ല.

"ഹിമാനിയുഗം" എന്ന പ്രളയത്തിനുശേഷം ജീവിച്ചിരുന്ന പ്രഗത്ഭനായ ഒരു വ്യക്തിയായിരുന്നു "നോഹ"- (Noe or Noah) "നൂഹൻ" എന്ന് ഭവിഷ്യപുരാണത്തിൽ നാമകരണം ചെയ്തിരിക്കുന്നു. നോഹയ്ക്ക് 600 വയസ്സുള്ളപ്പോൾ

www.malankaralibrary.com

ജലപ്രളയമുണ്ടായി. അതിനുശേഷം 350 വർഷങ്ങൾ നോഹ ജീവിച്ചിരുന്നു. അങ്ങനെ 950 വർഷങ്ങൾ ജീവിച്ചിരുന്ന നോഹയെ അദ്ധ്വാനശീലനായ ഒരു കൃഷിക്കാരനായിട്ടാണ് വേദത്തിൽ പരിചയപ്പെടുത്തിയിരിക്കുന്നത്. അക്കാലത്ത് അത്യാവശ്യമായിരുന്ന വിഭവങ്ങൾ ആഹാരവും വസ്ത്രവുമായിരുന്നതിനാൽ പ്രളയം മൂലം സർവ്വനാശമുണ്ടായതിനുശേഷം ഇവയുത്ഭവിപ്പിക്കാൻ വിജയിച്ച മനുഷ്യൻ വംശത്തലവനായി ഗണിക്കപ്പെട്ടു. ഭവിഷ്യപുരാണം ഇപ്രകാരം തന്നെ വിലയിരുത്തിയിരിക്കുന്നു.

നോഹയുടെ മൂന്നു പുത്രൻമാരിൽ മൂത്തപുത്രനായ ശേമിൻെറ പാരമ്പര്യത്തിന് പിന്നീട് പരിഗണന ലഭിക്കുന്നു. ശേമിന്റെ പരമ്പരയിലെ പേലഗിന്റെ (ഫാലഗ് ലൂക്കോസ് 3.35, ഫലജൻ എന്ന് ഭവിഷ്യപുരാണം) കാലത്ത് ഭൂവാസികൾ പിരിഞ്ഞുപോയി എന്ന് സൂചിപ്പിച്ചിരിക്കുന്നു (ഉൽപത്തി 10.25) ഇത് ശേമിൽ നിന്ന് ആറാം തലമുറയിൽ സംഭവിച്ചു. ഇതുവരെയും ഭൂമിയിൽ മനുഷ്യരെല്ലാം ഒരേ ജാതിയായിരുന്നു; അവർ ഒരേ ഭാഷ സംസാരിച്ചിരുന്നു. (ഉൽപ.10:32,11.1)

"ഏകവർണ്ണമിദം പൂർവ്വം വിശ്വമാസീത് യുധിഷ്ഠിര"

(മഹാഭാരതം)

പണ്ട് ഭൂമിയിൽ മനുഷ്യരെല്ലാം ഒരേ ജാതിയിൽപ്പെട്ടവരായിരുന്നു എന്നർത്ഥം.

കാലക്രമത്തിൽ ജനസംഖ്യ വർദ്ധിച്ചപ്പോൾ മനുഷ്യർ കുലംകുലമായി ചിതറിപ്പാർക്കുകയും പ്രാദേശികാനുഭവങ്ങളോടു ബന്ധപ്പെട്ട് ഭാഷയും സംസ്ക്കാരവും രൂപാന്തരം പ്രാപിക്കുകയും ചെയ്തു എന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു.

പേലഗിൽ നിന്ന് അഞ്ചാം തലമുറയിൽ അബ്രഹാം ജനിക്കുന്നു. ഈ വംശപരമ്പരയിലെ ഏറ്റം ഉന്നതനായ വ്യക്തിയായിരുന്നു അബ്രഹാം. ഭവിഷ്യപുരാണവും ഇത് ശരിവെക്കുന്നു. അബ്രഹാം ഭാര്യാസമേതം ജൻമദേശത്തു നിന്ന് പുറപ്പെട്ട് ഹാരാൻ എന്ന സ്ഥലത്ത് വന്നു താമസിച്ചു. ഹാരാൻ മെസോപ്പൊത്തേമിയായിലെ ഒരു അരാമ്യ പട്ടണമായിരുന്നു. "അബ്രഹാം അമോര്യനായ മമ്രേയുടെ തോപ്പിൽ വസിച്ചിരുന്നു" (ഉൽപ്പത്തി 14.13)

അബ്രഹാം ഒരു നാട്ടു പ്രമാണിയും (ഷെയ്ക്ക്) മഹാ

www.malankaralibrary.com

സമ്പന്നനും ആയിരുന്നു. പൊന്നും വെള്ളിയും കൂടാതെ ദേശത്തിന് വഹിക്കാൻ കഴിയാതെവണ്ണം ആടുമാടു സമ്പത്തും ഭൃത്യഗണവും ഉണ്ടായിരുന്നു.(ഉൽപ.13:1,6). ശൂരൻ മാരായ നാലു രാജാക്കൻമാരുടെ പടജ്ജനത്തോട് അഭ്യാ സികളായ 318 ഭൃത്യൻമാരുമായി ചെന്ന് യുദ്ധം ചെയ്ത് തോൽപ്പിച്ച വീരനായിരുന്നു അബ്രഹാം. (ഉൽപത്തി 14:14.15). അഞ്ചു രാജാക്കൻമാർ ഒരു വശത്തും നാലു രാജാക്കൻമാർ മറുവശത്തുമായി 14 വർഷങ്ങൾ നീണ്ടു നിന്ന ഈ കലാപമായിരുന്നിരിക്കണം ആടുമാടുസമ്പൽസമൃദ്ധരും സമാ ധാനപ്രിയരുമായ നാടോടി വർഗ്ഗങ്ങളെ മെസോ പ്പോത്തേമിയായിൽ നിന്ന് പലായനം ചെയ്യാൻ പ്രേരിപ്പിച്ചത്.

## പുത്രകാമേഷ്ടിയും ആദ്യജാതബലിയും

പുരാതന വർഗ്ഗങ്ങളിൽ ബഹുഭാര്യാത്വം സാധാരണവും നിയമാനുസൃതവുമായിരുന്നു. ഒരാൾക്ക് അനേകം ഭാര്യമാരും, വെപ്പാട്ടികളും, ദാസിമാരും ഉണ്ടാവാമെങ്കിലും കുലധർമ്മ മനുസരിച്ച് വിവാഹിതയാകുന്ന ഒരു ധർമ്മപത്നി മാത്രമേ ഉണ്ടാവുകയുള്ളു. എല്ലാ ഭാര്യമാരുടെയും വെപ്പാട്ടികളുടെയും ദാസിമാരുടെയും മക്കൾക്ക് അവകാശമായി സമ്പത്ത് ലഭിക്കുമെങ്കിലും (ഉൽപത്തി 25.6) ധർമ്മപത്നിയിൽ ജനി ക്കുന്ന പുത്രനിലൂടെ മാത്രമേ വംശപാരമ്പര്യം നിലനിർ ത്തുകയുള്ളു.

അബ്രഹാമിന് അനേകം വെപ്പാട്ടികളും ദാസിമാരും അവരിൽ സന്താനങ്ങളും ഉണ്ടായിരുന്നു. എങ്കിലും ധർമ്മ പത്നിയായ സാറായിൽ മാത്രം സന്തതികൾ ജനിച്ചിരുന്നില്ല. ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ നടത്താറുള്ള "പുത്രകാ മേഷ്ടി" എന്ന യാഗം ഇഷ്ടസന്താനലാഭം നൽകും എന്ന് പൗരാണികർ വിശ്വസിച്ചിരുന്നു. ഈ വിശ്വാസവും ആചാരവും ആര്യൻമാരുടെ ഇടയിൽ സർവ്വസാധാര ണമായിരുന്നു. മൃഗങ്ങളേയും പറവകളേയും ബലിയർപ്പിച്ച് അബ്രഹാം ഒരു "പുത്രകാമേഷ്ടി" നടത്തുന്നു. (ഉൽപത്തി 15:9.10). കാലാന്തരത്തിൽ വിവിധരൂപവും ഭാവവും സ്വീകരിച്ച ഈ യാഗം ബലികളുടെയും നേർച്ചകളുടെയും കാഴ്ച കളുടെയും രൂപത്തിൽ ഇന്നും എല്ലാ ജാതികളുടെയും ഇടയിൽ നിലനിൽക്കുന്നു.

ദൈവപ്രീതിക്കായി ആദ്യസന്തതിയെ ബലികഴിക്കുക എന്ന നിയമം പൗരാണിക വംശങ്ങളിൽ നിലവിലിരുന്നു. ഇത്

www.malankaralibrary.com

അല്പം ക്രൂരമായിപ്പോവുന്നില്ലേ എന്ന് ചിന്തിച്ചവർ പ്രായശ്ചിത്തം ചെയ്ത് വീണ്ടെടുക്കുക എന്ന നിയമം നടപ്പാക്കി. അങ്ങനെ, ഒരു മൃഗത്തെ പകരം ബലികഴിച്ചിട്ട് ആദ്യജാതനെ വീണ്ടെടുക്കുന്ന സമ്പ്രദായം നിലവിൽ വന്നു. ആര്യൻമാരിലെന്നപോലെ എബ്രായരിലും ഈ യാഗസമ്പ്രദായം നിലവിലിരുന്നു എന്ന് മീഖാ പ്രവചനം 6.7 തെളിവ് നൽകുന്നു. അന്യജാതിക്കാരും യിസ്രായേല്യരും ഇത് ഒരുപോലെ ആചരിച്ചിരുന്നു എന്ന് 2 ദിനവൃത്താന്തം 28.3ൽ വ്യക്തമായിപ്പറഞ്ഞിരിക്കുന്നു.

പുത്രകാമേഷ്ടി നടത്തിയശേഷം അബ്രഹാമിന് സാറാ യിൽ ഒരു മകൻ ജനിക്കുന്നു. ആദ്യജാതനെ ബലികഴിക്കുക എന്ന പതിവിൻ പ്രകാരം അബ്രഹാം പുത്രനെ ഹോമയാഗത്തിനായി നിശ്ചയിക്കയും, പകരമായി ഒരു ആട്ടുകൊറ്റനെ യാഗം കഴിച്ച് പുത്രനെ വീണ്ടെടുക്കുകയും ചെയ്തു. (ഉൽപത്തി 22:1-13)

ഫറവോന്റെ അടിമത്വത്തിൽനിന്ന് യിസ്രായേൽ ജനത്തിന് വിമോചനം നൽകാനായി യഹോവ മിസ്രയീമിലെ രാജാവിന്റെ ആദ്യജാതൻ മുതൽ ദേശത്തിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂലിനെ ഒക്കെയും സംഹരിക്കുമ്പോൾ, യിസ്രായേൽ ജനം ഓരോ വീട്ടിലും ഒരാട്ടിൻകുട്ടിയെ വീതം ബലികഴിച്ച് തങ്ങളുടെ ആദ്യജാതസന്തതികളെ വീണ്ടെടുക്കുന്നു. വിടുതലിന്റെ ഈ ആചാരം യഹൂദർ ഇന്നും ആചരിച്ചുപോരുന്നു. ഭാരതീയർ ബാധകളിൽ നിന്ന് വിടുതലിനായി മൃഗങ്ങളെയും പക്ഷികളെയും ബലികഴിച്ചുപോരുന്നു. സ്വന്തം സന്താനങ്ങൾക്ക് ദോഷം ഭവിക്കാതിരിക്കട്ടെ എന്നാണ് ഇവിടെയും ധ്വനിക്കുന്നത്. ഈ ആചാരങ്ങളൊക്കെയും പൗരാണികരുടെ ഇടയിൽ ആരംഭിച്ചതാണ്. ആര്യൻമാർക്കും എബ്രായർക്കും ഇവയെല്ലാം ഒരുപോലെയുള്ള ആചാരമര്യാദകളായിരുന്നു.

"മനുഷ്യവംശത്തിന്റെ വീണ്ടെടുപ്പ്" എന്ന അതിപ്രധാനമായ ഒരു സൂചനയാണ് ഇവിടെ നൽകപ്പെടുന്നത്. വിമോചനം ഒരു ആദ്യജാതന്റെ ബലിമൂലം മാത്രം സാദ്ധ്യമാകുന്നു എന്ന അവ്യക്തമായ ഒരാശയം കഴിഞ്ഞ കാലങ്ങളുടെ മറവിൽ എവിടെയോ ഉദയം ചെയ്തിരുന്നു. ഈ ആശയം പൗരാണിക ജാതികളിലെല്ലാം നിലനിന്നിരുന്നു. അർത്ഥം വ്യക്തമാവാതെ ആത്മീയസംസ്ക്കാരത്തിൽ മറഞ്ഞിരുന്ന

www.malankaralibrary.com

ആദ്യജാതബലിയുടെ നിഴലായി മൃഗബലിയും നരബലിയും വരെ യുഗങ്ങളിലൂടെ ആചരിച്ചുകൊണ്ടിരുന്നു. സകലജാതികളും ഇതിൽ പങ്കുവഹിച്ചിരുന്നു. അർത്ഥമെന്തെന്നറിയാത്ത ഒരു "വിടുതലിനു" വേണ്ടി ഇവയൊക്കെയും ഭവ്യതയോടെ നടത്തിക്കൊണ്ടിരുന്നു.

"സകലജാതികൾക്കുമുണ്ടാവാനുള്ളോരു മഹാസന്തോഷം" (ലൂക്കോസ് 2.10) എന്ന് ഭാവികാലത്തൊരിക്കൽ വിശേഷിപ്പിക്കപ്പെട്ടതിന്റെ നിഴൽ പൂർവ്വകാലങ്ങളിൽ അവ്യക്തമായി ആചാരങ്ങളിൽ നിലനിന്നിരുന്നു. ഇന്നേക്ക് നൂറുവർഷങ്ങൾക്ക് മുൻപ് സ്വാമി വിവേകാനന്ദൻ ഇതേ വിഷയത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിക്കയുണ്ടായി:-

"ക്രൂശിക്കപ്പെട്ട ലോകരക്ഷകന്റെ പ്രതീകം, ക്രൂശിൽ തറയ്ക്കപ്പെട്ട ഒരു മനുഷ്യന്റെ പ്രതീകം ലോകത്തിൽ മിക്കവർഗ്ഗക്കാർക്കും അറിയപ്പെട്ടിരുന്നതായി തോന്നുന്നു." (വിവേകാനന്ദ സാഹിത്യസർവ്വസ്വം (Vol I P-73)

രോഗങ്ങളിൽ നിന്ന്, ബാധകളിൽ നിന്ന്, ശത്രുക്കളിൽ നിന്ന്, അടിമത്വത്തിൽ നിന്ന് ഒക്കെയുള്ള വിടുതലിനായി ചരിത്രാതീതകാലം മുതൽ എല്ലാ ജാതികളുടെയുമിടയിൽ ക്രൂശിലെ യാഗത്തിന്റെ നിഴലായി ക്രൂരമായ ആദ്യജാത ബലികളും, കാലാന്തരത്തിൽ പകരമായി മൃഗബലികളും നടന്നുകൊണ്ടിരുന്നു. അബ്രഹാമിന്റെ കാലമായപ്പോഴേക്കും ഇത് ഒഴിച്ചുകൂട്ടാൻ പാടില്ലാത്ത ഒരാചാരമായി മാറിക്കഴിഞ്ഞിരുന്നു. "അബ്രഹാം യഹോവയിൽ വിശ്വസിച്ചു; അത് അവൻ അവന്ന് നീതിയായി കണക്കിട്ടു "(ഉൽപത്തി 15.6). ഈ വിശ്വാസത്തിൽ അബ്രഹാം പുത്രകാമേഷ്ടി നടത്തി, ഇഷ്ടസന്താനത്തെ ലാഭിച്ചു. ആദ്യജാതബലിയുടെ ഒരുക്കസമയത്ത് "ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?" എന്ന ബാലന്റെ നിഷ്ക്കളങ്കമായ ചോദ്യത്തിന് "ദൈവം തനിക്ക് ഹോമയാഗത്തിന് ഒരാട്ടിൻകുട്ടിയെ നോക്കിക്കൊള്ളും"(ഉൽപത്തി 22:7.8) എന്ന ദൃഢവിശ്വാസത്തോടെ ഒരുക്കങ്ങൾ പൂർത്തിയാക്കുകയും, വിശ്വാസം പോലെ തന്നെ ഒരു ആട്ടുകൊറ്റനെ ബലിയർപ്പിച്ച് പുത്രനെ വീണ്ടെടുക്കുകയും ചെയ്തു.

പിൽക്കാലത്ത് ആര്യ,-എബ്രായ ഗോത്രങ്ങളിൽ ഒരുപോലെ ഉരുത്തിരിഞ്ഞ പഞ്ചമഹായാഗങ്ങൾ കാലത്തിന്റെ

www.malankaralibrary.com

ആവശ്യകതയെയും ജ്ഞാനത്തിന്റെ അഭിവൃദ്ധിയേയും സൂചിപ്പിക്കുന്നു. ഈ സംസ്ക്കാരം സംഭവിക്കാത്ത ബാബിലോന്യ വർഗ്ഗങ്ങളിൽ ജീവബലികൾ ക്രൂരഭാവത്തിൽ തന്നെ തുടർന്നുകൊണ്ടിരുന്നതിന്റെ തെളിവാണ് "ബൻ ഹിന്നോം താഴ്വരയിലെ അഗ്നിപ്രവേശം" (2 ദിന.28.3). അത് ഇന്നും വിവിധവേഷങ്ങളിൽ തുടരുന്നു.

ബലികൾ ഏതു വേഷത്തിലായിരുന്നാലും ഉദ്ദേശം ഒന്നു തന്നെയായിരുന്നു-"വിടുതൽ". ആത്മീയമായി അഭിജ്ഞരല്ലാതിരുന്നപ്പോൾ ലൗകികമായി വിരോധികളായിരുന്ന രോഗ, ദു:ഖ, ശത്രു, പ്രകൃതിക്ഷോഭാദികളിൽ നിന്നും ലഭിക്കാവുന്ന വിടുതൽ എന്ന് അവർ ധരിച്ചിരുന്നു. ക്രൂരമായ ഈ ബലിയാചാരങ്ങൾ കാലാന്തരത്തിൽ പാപപരിഹാരബലി എന്ന ആശയത്തിലെത്തിച്ചപ്പോൾ, സങ്കല്പ ദേവതകൾക്ക് ബലിയർപ്പിച്ച് പാപക്ഷമ നേടാമെന്ന ചിന്തയിലെത്തിച്ചേർന്നു. പാപപരിഹാരവും ഭൗമികമായ അഭിവൃദ്ധിയും എന്ന രണ്ടു ലക്ഷ്യങ്ങൾ യാഗങ്ങളുടെ ഫലമായി അനുഭവിക്കാമെന്ന് ചിന്തിച്ചു.

"ഇന്ദ്രം പ്രാതർഹവാമഹ
ഇന്ദ്രം പ്രയത്യദ്ധ്വരേ
ഇന്ദ്രം സോമസ്യ പീതയേ" (ഋഗ്വേദം 1:16.3)

സോമയാഗമർപ്പിച്ചുകൊണ്ട് ആരാധകനെ അനുഗ്രഹിക്കേണമേ എന്ന് രാവിലെയും ഉച്ചയ്ക്കും വൈകിട്ടും അങ്ങനെ എല്ലാ ദിവസവും ഇന്ദ്രനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആര്യൻമാരുടെ പ്രാരംഭയാഗങ്ങൾ ഇപ്രകാരമായിരുന്നപ്പോൾ, കയീന്റെയും ഹാബേലിന്റെയും മാതൃകയിലുള്ള ബലികൾ (ഉൽപത്തി 4:3.4) എബ്രായരുടെ പ്രാരംഭദശകങ്ങളിലെ യാഗരീതികളായിരുന്നിരിക്കണം

തുടർന്നുള്ള കാലങ്ങളിൽ "രാവിലെ ഒരുക്കികാത്തിരിക്കുന്നതും" (സങ്കീർത്തനം 5.3) "വൈകുന്നേരത്തും കാല ത്തും ഉച്ചയ്ക്കും സങ്കടം ബോധിപ്പിച്ച് കരയുന്നതും" (സങ്കീർത്തനം 55.17), " കൈകളെ മലർത്തി ധൂമാർച്ചനയും യാഗാർപ്പണവും നടത്തുന്ന സന്ധ്യാ യാഗങ്ങളും" (സങ്കീർത്തനം 141:2) എബ്രായരുടെ ഇടയിൽ പതിവായിരുന്നു. പ്രാത:സ്നാന വേളയിൽ പാപക്ഷമയ്ക്കായുള്ള മന്ത്രോച്ചാരണവും എല്ലാ ബലിയർപ്പണങ്ങളും ഇരുകൂട്ടർക്കും ഒരുപോലെ ആചാരക്രമങ്ങളായിരുന്നു.

www.malankaralibrary.com

## പാപപരിഹാരബലി ദർശനത്തിൽ

ആചാരങ്ങൾ കൊണ്ടോ ജീവബലികൾ കൊണ്ടോ ആത്മസംതൃപ്തി ലഭിക്കാതെ സഹസ്രാബ്ദങ്ങൾ കടന്നുപോയി. ഈ അസംതൃപ്തി ജ്ഞാനികളെ ഒരു അവ്യക്തമായ വെളിച്ചത്തിലേക്ക് വഴി നടത്തി. ഈ വെളിച്ചത്തിൽ ഒരു ആദ്യജാതൻ പാപപരിഹാര ബലിയായി അർപ്പിക്കപ്പെടുന്നത് അവർ ദർശിച്ചു.

"തം യജ്ഞം ബർഹിഷി പ്രൗക്ഷൻ
പുരുഷം ജാതമഗ്രത:
തേന ദേവാ: അയജന്ത
സാദ്ധ്യാ: ഋഷയശ്ച യേ" (ഋഗ്വേദം 10:90.7)

സർവ്വസൃഷ്ടിക്കും ആദ്യജാതനായ പുരുഷൻ (പ്രജാപതി) യൂപബദ്ധനായി യാഗം ചെയ്യപ്പെടുന്നു.

ഈ ദർശനം ആദ്ധ്യാത്മിക തലത്തിൽ വലിയൊരു വഴിത്തിരിവായിരുന്നു. മാനവവംശത്തിന്റെ ഭാവി സുരക്ഷിതമാക്കിത്തീർക്കുന്ന ഈ യാഗം, ലോകോൽപ്പത്തി മുതൽ ഉത്തരം ലഭിക്കാതെ ആവർത്തിച്ചുകൊണ്ടിരുന്ന ബലികളിൽ സംശയാസ്പദമായി നിർത്തിയിരുന്ന "മനുഷ്യാത്മാവിന്റെ രക്ഷ" എന്ന പ്രശ്നത്തിന് സംശയരഹിതമായ ഏക ഉത്തരമായി ഭവിച്ചു.

എണ്ണമറ്റ മൃഗങ്ങളുടെയും പക്ഷികളുടെയും രക്തമൊഴുക്കി വിളിച്ചും വിലപിച്ചും സഹസ്രാബ്ദങ്ങളിലൂടെ രക്ഷാനിർണ്ണയം ലഭിക്കാതെ സഞ്ചരിച്ചിരുന്ന എബ്രായ ജാതിയിലെ പ്രവാചകൻമാരും ഇതേ ആദ്യജാതന്റെ ബലിയർപ്പണം ദർശിച്ചു:-

" He was wounded (tourtured) for our transgressions, he was bruised for our iniquities; the chastisement of our peace was upon him; and with his stripes (bruise) we are healed. All we, like sheep, have gone astray; we have turned every one to his own way; and the Lord had laid on him the iniquity of us all... He is brought as a lamb to the slaughter"

"അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെ മേലായി,

www.malankaralibrary.com

അവന്റെ മുറിവുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു. നാമെല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു. നാം ഓരോരുത്തനും താന്താന്റെ വഴിക്ക് തിരിഞ്ഞിരിക്കുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി. അറുപ്പാനുള്ള ആടിനെപ്പോലെ അവൻ ബന്ധിതനായിരുന്നു. (യെശയ്യാ 53:5.7)

ആര്യജ്ഞാനികളുടെയും എബ്രായ പ്രവാചകൻമാരുടെയും "ആദ്യജാതബലി"യെക്കുറിച്ചുള്ള ദർശനം എത്ര മനോഹരവും സമാനവുമായിരിക്കുന്നു എന്ന് നോക്കുക.

"പുരുഷം ജാതം അഗ്രത:"= ആദ്യജാതനായ പുരുഷനാണ് ഇവിടെ ബലിയായി അർപ്പിക്കപ്പെടുന്നത്. ഈ ആദ്യജാതൻ ആരാണെന്ന് ശ്രദ്ധിക്കാം.

"ഹിരണ്യഗർഭഃ സമവർത്തതാഗ്രേ
ഭൂതസ്യ ജാത:പതിരേക ആസീത്
സദാധാര പൃഥിവീം ദ്യാമുതേമാം
കസ്മൈ ദേവായ ഹവിഷാ വിധേമ

( ഋഗ്വേദം 10:121.1)

അർത്ഥം: തേജ:സ്വരൂപനായ പ്രജാപതി സർവ്വസൃഷ്ടിക്കും മുമ്പേ തേജോരൂപനായ പരമാത്മാവിൽ നിന്നും ജനിച്ചു. (പ്രകാശത്തിൽ നിന്നുള്ള പ്രകാശമായി, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവമായി, തത്വത്തിൽ പിതാവിനോട് ഏകത്വമുള്ളവനായി, സർവ്വസൃഷ്ടിക്കും മുമ്പേ പിതാവിൽ നിന്നും ജനിച്ചു.) അവൻ ജനിച്ചവനും (Let there be light, and there was light-ഉൽപത്തി1.3), സൃഷ്ടി അല്ലാത്തവനും (സൃഷ്ട പ്രപഞ്ചത്തിൽ നിന്നും വ്യത്യസ്ഥനും) ആയിരുന്നു. "ജാത: ഏവ ഭൂതസ്യ ഏക:പതി:ആസീത്"= സകല സൃഷ്ടിക്കും മുഖാന്തരമായവൻ ജനിച്ചപ്പോൾ തന്നെ ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും അധിപതിയും പരിപാലകനും രക്ഷകനുമായിത്തീർന്നു. പ്രജാപതിയായ ആ ദേവനെ ഞങ്ങൾ വിശ്വസിച്ചാരാധിക്കുന്നു.

ഇതാണ് ആര്യജ്ഞാനികൾ ദർശിച്ച ആദ്യജാതന്റെ രൂപം. അടുത്ത ഒൻപത് മന്ത്രങ്ങളിലും കൂടെ വിവരിച്ചിരിക്കുന്ന ആദ്യജാതന്റെ വിശേഷണങ്ങൾ അന്യത്ര വ്യാഖ്യാനിച്ചിട്ടുണ്ട്.

ആദ്യജാതബലിയൊഴികെയുള്ള സകലയാഗങ്ങളും

www.malankaralibrary.com

ദൈവാവബോധമുണ്ടായ മനുഷ്യൻ ഭൗമികമായ സ്വാർത്ഥ താല്പര്യങ്ങൾക്കായി, സങ്കല്പത്തിൽ നിർത്തിയിരുന്ന ദൈവത്തെ പ്രീതിപ്പെടുത്താൻ അനുഷ്ഠിച്ചു പോന്നവയാണ്. ഇത് ആദ്യകാലഘട്ടത്തിലെ അവസ്ഥ. ആദ്ധ്യാത്മിക ജ്ഞാനം വികസിച്ച മദ്ധ്യകാലഘട്ടത്തിൽ, ജീവിതം ഈ ലോകാവസാനത്തോടെ അവസാനിക്കുന്നില്ല എന്നും ജീവാത്മാവ് അനശ്വരമാണ് എന്നും മനസ്സിലാക്കിയ ജ്ഞാനികൾ ഐഹിക സുഖങ്ങൾക്കും പുറമേ നിത്യമായ ഒരു ജീവിതത്തിനു തങ്ങളെ യോഗ്യരാക്കണേ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ രണ്ടു കാര്യങ്ങൾക്കുമായി സങ്കല്പത്തിൽ നിർത്തിയിരുന്ന ദൈവത്തിന് യാഗങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരുന്നു.

ഈ രണ്ടു കാലഘട്ടങ്ങളിലേയും യാഗങ്ങൾ പാപിയായ മനുഷ്യന്റെ മോചനത്തിന് പ്രയോജനപ്പെടുന്നവയായിരുന്നില്ല. മാനവചരിത്രത്തിന്റെ ആദ്യദശയിൽ യാഗത്തിന്റെ ആദ്യരൂപം കേവലം അനൗപചാരികമായ ഒരു മാനസിക സംതൃപ്തി മാത്രമായിരുന്നു എന്നു കാണാം.

വേട്ടയും പശുപാലനവുമായി സിന്ധു നദീതടങ്ങളിൽ കുടിപാർത്തിരുന്ന ആര്യൻമാർ പകൽമുഴുവനുമുള്ള അദ്ധ്വാനത്തിനുശേഷം സന്ധ്യയ്ക്ക് ഒത്തുകൂടി ഇറച്ചിയും കാട്ടുകിഴങ്ങുകളും ചുട്ട് ആഹാരമൊരുക്കി ഭക്ഷിക്കാനാരംഭിക്കുമ്പോൾ, അന്നത്തെ ആഹാരം ലഭിക്കാൻ സഹായിച്ച അജ്ഞാതദേവന് നന്ദിരേഖപ്പെടുത്തുന്ന സ്തുതിഗീതങ്ങൾ പാടുകയും ആഹാരത്തിൽ ഒരു നുള്ള് മാറ്റിവെക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ആരംഭിച്ച നന്ദിപ്രകടനമായ ആചാരമാണ് കാലക്രമേണ വഴിപാടായും നേർച്ചയായും ബലിയായും, പിന്നെ വികസിതരൂപത്തിലുള്ള യാഗമായും തീർന്നത്.

മാനവസംസ്ക്കാരത്തിന്റെ മദ്ധ്യകാലഘട്ടത്തിൽ രക്തരൂഷിതമായ ഈ യാഗം രൂക്ഷഭാവവും പ്രചാരവും പ്രാപിച്ചിരുന്നു. ശ്രീബുദ്ധന്റെ അഹിംസാസിദ്ധാന്തപ്രചരണം ഭാരതത്തിലും, പ്രവാചകൻമാരുടെ പ്രതിഷേധസ്വരം എബ്രായരുടെ ഇടയിലും യാഗത്തിന്റെ പേരിലുള്ള രക്തച്ചൊരിച്ചിലിന് സാവകാശംവരുത്തി.(യെശയ്യാ 1:11 etc)

ഇതിനുശേഷം ഉയർന്ന വേദാന്തികൾ മൃഗബലി തുടങ്ങിയ കർമ്മാചാരങ്ങളെ മുഴുവനായും നിഷേധിച്ചു.

www.malankaralibrary.com

"ഇഷ്ടാപൂർത്തം മന്യമാനാ വരിഷ്ടം
നാന്യത് ശ്രേയോ വേദയന്തേ പ്രമൂഢാഃ
നാകസ്യപൃഷ്ടേ തേ സുകൃതേ ∫ നുഭൂ
ത്വേമം ലോകം ഹീനതരം വാ വിശന്തി"

(മുണ്ഡകോപനിഷത് 1:2:10)

സാരം: വേദവിധിപ്രകാരമുള്ള യാഗങ്ങളും സ്മൃതിയിൽ വിധിച്ചിട്ടുള്ള സൽക്കർമ്മങ്ങളും ചെയ്ത് മോക്ഷം പ്രാപിക്കാമെന്ന് കരുതുന്നവൻ വാസ്തവത്തിൽ മോക്ഷത്തെപ്പറ്റി ഒന്നുമറിയുന്നില്ല. സൽക്കർമ്മങ്ങൾ ചെയ്തു എന്ന മാനസികസംതൃപ്തി അവർക്കുണ്ടാകുമായിരിക്കാം. പക്ഷേ, മോക്ഷത്തിനുപകരം ഈ ലോകത്തേക്കാൾ ഹീനമായ അവസ്ഥയിലായിരിക്കും അവർ ചെന്നു ചേരുന്നത്.

ഇനിയും ഒരുദാഹരണം നോക്കാം:

"അന്ധം തമഃ പ്രവിശന്തി
യേ അവിദ്യാമുപാസതേ
തതോ ഭൂയ ഇവ തേ തമോ
യ ഉ വിദ്യായാം രതാഃ"

(ഈശാവാസ്യോപനിഷത് 1.9)

സാരം: മോക്ഷം ഉദ്ദേശിച്ച് കർമ്മങ്ങൾ അനുഷ്ഠിക്കുന്നവർ ഒടുവിൽ കൂരിരുട്ടിൽ ചെന്നു വീഴുന്നു. കർമ്മങ്ങളെ ഉപേക്ഷിച്ചാലും ബഹുദേവതകളെ ആരാധിക്കുന്നവർ അതിലും ഘോരമായ ഇരുട്ടിൽ പതിക്കുന്നു.

ഭഗവത്ഗീത ഇതേപ്പറ്റി പരാമർശിക്കുന്നത് ഇപ്രകാരമാണ്:

"ഏവം ത്രയീധർമ്മമനുപ്രന്നാ
ഗതാഗതം കാമകാമാ ലഭന്തേ" (9.21)

സാരം: സത്വ,രജോ,തമ ഗുണങ്ങളുടെ വശീകരണത്താൻ യാഗങ്ങളും സൽക്കർമ്മങ്ങളും ചെയ്ത് സംതൃപ്തരാകുന്നവർ ഈ ബന്ധനത്തിൽ നിന്നും മോചനം പ്രാപിക്കാതെ നഷ്ടപ്രായരായിത്തീരുന്നു.

വേദാന്തികൾ ഇപ്രകാരം യാഗങ്ങളേയും സൽക്കർമ്മങ്ങളെയും (പുണ്യപ്രവൃത്തികൾ) മോക്ഷമാർഗ്ഗത്തിൽ നിന്ന് പുറം തള്ളുന്നു.

www.malankaralibrary.com

ആത്മാവായ ദൈവത്തെ വിശ്വാസത്താൽ അറിയണം എന്നും ആദ്യജാതബലി എന്ന പാപപരിഹാരയാഗത്താൽ മനുഷ്യവംശത്തിന് സാദ്ധ്യമാക്കിത്തീർക്കുന്ന നിത്യജീവൻ ആ ദേവനെ അറിഞ്ഞ് അവനിലുളള വിശ്വാസത്തിലൂടെ അവകാശമാക്കണമെന്നും വേദാന്തികൾ ഉപദേശത്തിലൂടെ പ്രചരിപ്പിച്ചു. ഈ വേദാന്തോപദേശങ്ങളുടെ കാലമായ അന്തിമകാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്.

കയീനും ഹാബേലും യഹോവയ്ക്ക് വഴിപാടുകൾ അർപ്പിക്കുന്ന ചിത്രീകരണം മാനവസംസ്ക്കാരത്തിന്റെ ആദ്യകാലഘട്ടത്തിലെ ദൈവാവബോധത്തെ സൂചിപ്പിക്കുന്നു. ദൈവം മനുഷ്യന്റെ പ്രവൃത്തികളിൽ പ്രതികരിക്കുന്നവനാണ് എന്ന് എബ്രായർക്കുണ്ടായിരുന്ന ധാരണയുടെ ആദ്യ രൂപമാണിത്.

സോമരസം ഒരുക്കിവെച്ച് രാവിലെയും ഉച്ചയ്ക്കും വൈകിട്ടും ഇന്ദ്രനെ ക്ഷണിച്ചുകൊണ്ടിരുന്ന ആര്യൻമാരുടെ ആദ്യകാലത്തെ ധാരണപോലെ തന്നെയാണ് ഈ വഴിപാടു സംഭവം എന്ന് ചിന്തിക്കാം. ഇഹലോകജീവിതത്തിലെ സംതൃപ്തി മാത്രമേ ഇവിടെ ഉദ്ദേശിക്കപ്പെടുന്നുളളൂ.

വഴിപാടിലാരംഭിച്ച നിവേദ്യങ്ങൾ മോശയുടെ കാലമായപ്പോഴേക്കും ക്രമീകൃതമായ പഞ്ചമഹായാഗ ങ്ങളായി രൂപം പ്രാപിച്ചു. "അവയെ ചെയ്യുന്നവൻ അവയാൽ ജീവിക്കും" (ലേവ്യർ 18.5) എന്നതായിരുന്നു ഈ കാലയളവിന്റെ തത്വം. ക്രമേണ, പാപബോധവും പാപപരിഹാരവും ചിന്താവിഷയമാവുകയും, ഇവയെ ആത്മതപനത്തോടും ദഹനയാഗത്തോടും (ഹോമയാഗം) ബന്ധിപ്പിക്കുകയും ചെയ്തു (ലേവ്യർ 23.27). അപ്പോൾ മുതൽ ദഹനയാഗം പാപപരിഹാരത്തിനുളള പ്രായശ്ചിത്തബലിയായി അംഗീകരിക്കുവാൻ തുടങ്ങി. (ലേവ്യർ 23.28)

## "ഇതാ, ഞാൻ വരുന്നു"

പിൽക്കാലത്ത് പാപപരിഹാര ദിവസം എന്ന ആശയം വളർന്ന് അർത്ഥസമ്പുഷ്ടവും പ്രത്യാശാപരവുമായി പരിണമിച്ചപ്പോൾ അതിന്റെ രൂപം ഇപ്രകാരമായിരുന്നു.

"യഹോവേ, ഹനനയാഗവും ഭോജനയാഗവും നീ ഇച്ഛിച്ചില്ല; എന്റെ ചെവികളെ നീ തുളച്ചിരിക്കുന്നു. ഹോമയാഗവും പാപയാഗവും നീ ചോദിച്ചില്ല. നിന്റെ ഇഷ്ടം

www.malankaralibrary.com

ചെയ്യാൻ ബാദ്ധ്യസ്ഥനാകയാൽ, അപ്പോൾ ഞാൻ പറഞ്ഞു.

"ഇതാ ഞാൻ വരുന്നു"

പുസ്കച്ചുരുളുകളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. നിൻെറ ഇഷ്ടം ചെയ്യാൻ ഞാൻ പ്രിയപ്പെടുന്നു. നിന്റെ ന്യായപ്രമാണം എന്റെ ഉളളിലിരിക്കുന്നു." (സങ്കീ.40:6 .8)

ഇവിടുത്തെ ആശയം വളരെ ഗഹനമാണ്. ഇത് പ്രജാപതിയാഗത്തിലേക്കുളള ചൂണ്ടുപലകയാണ്. ഭ.ഗീത 4.8 ലെ ആശയവും ഇതു തന്നെയാണ്.

അദൃശ്യനായ ദൈവത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ എന്തായിരാക്കാമെന്ന് യാതൊരറിവുമില്ലാത്ത മനുഷ്യൻ, ദൈവത്തിനിഷ്ടമായിരിക്കാമെന്നുളള നിഗമനത്തിൽ രൂപഭാവം നൽകി ആചരിച്ചുകൊണ്ടിരിക്കുന്ന ഹനന യാഗവും (Burnt offerings) ഭോജനയാഗവും (പ്രീതി ലഭിക്കാനായി നൽകപ്പെടുന്ന പ്രിയവസ്തു) ദൈവം ആവശ്യപ്പെട്ടിട്ടുളള വയല്ല. യജമാനന്റെ ഇഷ്ടമറിഞ്ഞ് അതുപോലെ പ്രവർത്തിക്കേണ്ടവനാണ് ദാസൻ, തനിക്ക് സ്വന്തമായവരെ സ്നേഹിക്കുകയാൽ ആയുഷ്ക്കാലം മുഴുവൻ യജമാനനെ അനുസരിച്ച് ജീവിച്ചുകൊളളാമെന്ന് വാഗ്ദാനം ചെയ്യുന്ന ദാസന്റെ കാത് കുത്തിത്തുളയ്ക്കണം. അങ്ങനെയുളള ദാസൻ ആജീവനാന്തം യജമാനന്റെ ഇഷ്ടം ചെയ്ത് ജീവിക്കണം എന്നാണ് ന്യായപ്രമാണം (പുറപ്പാട് 21.6)

സൃഷ്ടിച്ചപ്പോൾ തന്നെ സകല പ്രജകളുടെയും പരിപാലനം ആദ്യജാതനെ ഏൽപ്പിച്ചിരിക്കുകയാണ്. "സ:ജാതമാത്ര ഏവ സർവ്വസ്യ ജഗത: അദ്ധിതീയ: ഈശ്വര: ആസീത്"= അവൻ ജനിച്ചപ്പോൾ തന്നെ സർവ്വ സൃഷ്ടിയുടെയും അദ്വിതീയനായ പരിപാലകനായി ഭവിച്ചു. (ഋഗ്വേദം 10:121.1, കൊലോസ്യർ 1:15.17) ഇവിടെ "അദ്വിതീയ:" എന്നതിന് ഏകജാതനായവൻ എന്നർത്ഥം.

മനുഷ്യവംശത്തിന്റെ രക്ഷ യജമാനന്റെ ഇഷ്ടമാണ്. അത് ആദ്യജാതന്റെ ഉത്തരവാദിത്വമായി നൽകപ്പെട്ടിരിക്കുന്നു. ന്യായപ്രമാണപ്രകാരം കാതുകൾ തുളയ്ക്കപ്പെട്ട് ആയുഷ്ക്കാല സേവനം യജമാനന്റെ ഇഷ്ടപ്രകാരം ചെയ്തുകൊളളാമെന്ന് പൂർണ്ണമായി തന്നെത്തന്നെ സമർപ്പിക്കുന്ന ദാസനെപ്പോലെ ഈ രക്ഷാകരപ്രവൃത്തിയുടെ ഉത്തരവാദിത്വം താൻ ഏറ്റെടുത്തിരിക്കുകയാണ്.

www.malankaralibrary.com

തന്റെ പ്രജകളെ ആദ്യന്തം സ്നേഹിക്കുന്ന ആദ്യജാതൻ (സദൃ.വാ.8.31) യജമാനന്റെ പ്രീതി സമ്പാദിച്ച ദാസനാണ്. (യെശ.42.1) അവൻ യജമാനന്റെ ഇഷ്ടപ്രകാരം പ്രജകളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്ന കഷ്ടപ്പെടുന്ന ദാസനായി വർത്തിക്കുന്നു.

ഹോമയാഗമോ ഹനനയാഗമോ മനുഷ്യനിൽ നിന്ന് യജമാനൻ ആവശ്യപ്പെട്ടിട്ടില്ല. "നിങ്ങളുടെ ഹനനയാഗങ്ങളുടെ ബാഹുല്യം എനിക്ക് എന്തിന്?...മൃഗങ്ങളുടെ മേദസ്സും രക്തവും എനിക്ക് ഇഷ്ടമല്ല.... ഇത് നിങ്ങളോട് ചോദിച്ചതാർ?... ധൂപവും വഴിപാടും അമാവാസ്യയും സമ്പത്തും സഭായോഗവും ഉത്സവവും എല്ലാം ഞാൻ വെറുക്കുന്നു." (യെശയ്യാ 1:11-14) ഇവിടെ യാഗങ്ങളും വഴിപാടുകളും നിഷേധിക്കപ്പെട്ടിരിക്കുന്നു.

മൃഗങ്ങളെ അഗ്നിയിൽ ദഹിപ്പിക്കുന്ന ഹോമകുണ്ഡത്തിൽ നിന്നുയരുന്ന പുകപടലത്തിലെ സൗരഭ്യവാസന മണത്ത് ദൈവം സംപ്രീതനായി മനുഷ്യന് രക്ഷനൽകും എന്ന പൗരാണിക വിശ്വാസം (ഉൽപത്തി 8.21) ഇനിമേൽ വിലപ്പോവുകയില്ല.

"യോ അഗ്നീഷോമാ ഹവിഷാ സപര്യാത്
ദേവദ്രീചാ മനസാ യോ ഘൃതേന
അസ്യവ്രതം രക്ഷതം പാതമംഹസോ
വിശേ ജനായ മഹി ശർമ്മ യച്ഛതം"

(ഋഗ്വേദം 1:93:8)

സാരം: ആത്മാർത്ഥതയോടും ശ്രദ്ധയോടും കൂടെ സൗരഭ്യവാസനയുയർത്തുന്ന ശുദ്ധമായ നെയ്യ് ഹോമിച്ച് അഗ്നിസോമൻമാരെ സേവിക്കുന്നവരുടെ പാപങ്ങൾ ക്ഷമിച്ച് രക്ഷിക്കണം, ശാരീരികസൗഖ്യവും നൽകണം.

യാഗങ്ങളുടെ പ്രാരംഭദശകങ്ങളിലെ ധാരണ ഇപ്രകാരമായിരുന്നു. ഇവയൊന്നും പാപപരിഹാരമാർഗ്ഗമല്ല എന്ന് വേദാന്തികൾ പിൽക്കാലത്ത് വിധിച്ചു.

വ്യക്തിയായോ കൂട്ടമായോ ചെയ്യുന്ന ദോഷ പ്രവൃത്തികൾ മൂലം കണക്കിടപ്പെടുന്ന പാപപങ്ങൾക്ക് പരിഹാരമായി പൗരാണിക വിശ്വാസാചാരപ്രകാരം നടത്തിവന്നിരുന്ന ബലിയർപ്പണങ്ങൾ എന്ന "പാപയാഗം" മനുഷ്യന്റെ പാപപരിഹാരത്തിനുള്ള പ്രായശ്ചിത്ത ബലിയാവുകയില്ല.

www.malankaralibrary.com

ഇവയൊന്നും യജമാനൻ മനുഷ്യനോട് ആവശ്യപ്പെട്ടിട്ടുള്ളവയല്ല.

(പാപയാഗം പുറ 29:11.14, ലേവ്യർ 4:1.5,13 6:24.30, സംഖ്യാ 15:22.27)

പിന്നെ, യജമാനൻ ആവശ്യപ്പെടുന്നതെന്താണ്? പുസ്തകങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നത് എന്താണ്?

The only son is to be offered for a burnt offering -

ഏകജാത നായ പുത്രൻ ബലികഴിക്കപ്പെടണം.

നീതിമാന്റെ ചരിത്രപ്പുസ്കത്തിൽ അത് എഴുതപ്പെട്ടിരിക്കുന്നു.

"നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ പുത്രനെ ഹോമയാഗം കഴിക്കുക"

(ഉൽപത്തി 22.2)

"അനുസരിപ്പാനായി കാതുകൾ തുളയ്ക്കപ്പെട്ട ദാസനും ഏകജാതനും യജമാനൻ സ്നേഹിക്കുന്നവനുമായ ആദ്യജാതൻ ഇതാ, വരുന്നു. യജമാനനേ, നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ ഇഷ്ടപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, നിന്റെ ഇഷ്ടം ചെയ്ത് നിന്റെ ജോലി തികയ്ക്കുന്നത് തന്നെ എന്റെ ആഹാരമാകുന്നു-എന്റെ നിലനിൽപ്പിന്റെ രഹസ്യമാകുന്നു. (യോഹന്നാൻ 4.34). ആജീവാനാന്തം നിന്റെ ഇഷ്ടം ചെയ്വാനായി എന്റെ കാതുകളെ തുളച്ച് നിന്റെ ദാസനാക്കിത്തീർത്ത ന്യായപ്രാമാണം എന്റെ ഉള്ളിലിരിക്കുന്നു. ഇതാ, ഞാൻ വരുന്നു. പകൽ ഉള്ളിടത്തോളം-ഭൂമിയിൽ ജീവൻ നിലനിൽക്കുന്നിടത്തോളം-എന്നെ ഏൽപ്പിച്ച പ്രവൃത്തി ഞാൻ ചെയ്യേണ്ടതാകുന്നു." (യോഹന്നാൻ 9:4)

"പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
m XYbecfã gai ã gai " (ഭ.ഗീ.4.8)

സാരം: മനുഷ്യവർഗ്ഗത്തിന് രക്ഷാമാർഗ്ഗം ഉപദേശിച്ചു കൊടുക്കണം, പാപപരിഹാരത്തിനുള്ള വഴി തുറന്നു കൊടുക്കണം, നീതിയിൽ വസിക്കുന്നവർക്ക് നീതിപൂർവ്വകമായ പ്രതിഫലം നൽകണം. നിയമനിഷേധികളായവരെ ദണ്ഡന

www.malankaralibrary.com

ത്തിന് വിധേയമാക്കി നീതി നടപ്പാക്കണം, സൃഷ്ടിയെ പുതുക്കണം, പ്രപഞ്ചത്തിൽ പുതിയ ധാർമ്മിക വ്യവസ്ഥിതി നടപ്പാക്കണം. സകലതും പുതുതാക്കണം. ഇത് എന്നിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന രഹസ്യമാകുന്നു -ധർമ്മമാകുന്നു. അത് സ്ഥാപിക്കുവാനായി, ഇതാ, ഞാൻ വരുന്നു; വീണ്ടും ഞാൻ വരും.

ഇതാണ് ഗീതാശ്ലോകത്തിലെ ആശയം. ഇതിൽ, പാപപരിഹാരത്തിനായുള്ള വരവും, ശുദ്ധീകരണത്തിനായുള്ള രണ്ടാമത്തെ വരവും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. (പ്രശ്നോപനിഷത്6:5.7ൽ രണ്ടാമത്തെ വരവും ആദിയിലെന്നപോലെ സകലതും അവനിൽ ഒന്നായിച്ചേരുന്നതും വളരെ വ്യക്തമാക്കിയിട്ടുണ്ട്)

ആദ്യജാതബലിയിലൂടെ മാത്രമേ പാപപരിഹാരമുള്ളൂ എന്ന ആശയം ഇപ്രകാരം ബലപ്പെടുകയുണ്ടായി. ആര്യൻമാരും എബ്രായരും ഒരുപോലെ അനുഷ്ഠിച്ചുവന്ന പഞ്ചമഹായാഗങ്ങളെ നിരാകരിച്ചുകൊണ്ടാണ് പാപപരിഹാരത്തിനായി ആദ്യജാതബലി എന്ന പ്രജാപതിയാഗം ദർശിക്കപ്പെടുന്നത്.

ഈ പ്രജാപതിയുടെ ശക്തിവിശേഷത്തെ ശതപഥ ബ്രാഹ്മണം XI:2:3.4ൽ ഇപ്രകാരം പറയുന്നു: -

ആകൃതിയില്ലാത്ത ആത്മാവായ ദൈവത്തിന്റെ സ്വരൂപത്തിലിരുന്നവൻ (refer കൊലേസ്യർ 1:15), ജഗദവസ്ഥയിൽ നാമവും രൂപവും സ്വീകരിച്ചു. ഈ നാമവും രൂപവും ആത്മാവിന്റെ മഹത്തായ ശക്തി തന്നെയായിരുന്നു. (refer ഫിലിപ്യർ 2:9) ഈ ശക്തിയുടെ രഹസ്യം അറിയുന്നവനും വലിയ ശക്തിയായിത്തീരും (refer 1 യോഹന്നാൻ 3:2)" തുടർന്ന് ഇപ്രകാരം പറയുന്നു:-

"ആദിയിൽ ദേവൻമാർപോലും മരണമില്ലാത്തവർ ആയിരുന്നില്ല; അവർ ആത്മാവിനെ പ്രാപിക്കുംവരെയും അവരുടെ അവസ്ഥ അപ്രകാരമായിരുന്നു."(refer അ.പ്രവൃത്തികൾ 2:1.4) (ശത.ബ്രാ.XI:2:3.6)

പ്രജാപതിയാഗം മൂലം മനുഷ്യന് ലഭ്യമായ രക്ഷയാണ് ഇത് സൂചിപ്പിക്കുന്നത്. (ദേവൻമാർ എന്നതിന് ജ്ഞാനികളായ ശ്രേഷ്ഠമനുഷ്യർ എന്നേ വിവക്ഷയുള്ളു) ആത്മാവിന്റെ ശക്തിയും ജീവന്റെ രക്ഷയും (മരണമില്ലായ്മ)

www.malankaralibrary.com

പ്രജാപതി യാഗത്തിലൂടെയാണ് മനുഷ്യന് ലഭ്യമായത് എന്നർത്ഥം.

## അസസ്സേലിനുള്ള ആട്ടുകൊറ്റൻ (ലേവ്യർ 16.8)

യാഗവിഷയത്തിൽ ആര്യമഹർഷിമാർ ചെയ്തിരുന്ന ഒരു പ്രത്യേകത വളരെ ശ്രദ്ധാർഹമാണ്. യാഗമൃഗത്തെ ബലികഴിക്കുന്ന പ്രക്രിയയിൽ ആ മൃഗത്തിനോട് ചെയ്യുന്ന ക്രൂരതയ്ക്ക് ലാഘവം വരുത്തി അതിന് വേദന അനുഭവപ്പെടാതിരിക്കട്ടെ എന്ന സങ്കല്പത്തിൽ "ഉത്സർഗ്ഗം" (Abandonment) എന്ന യാഗവിധി നടത്തുക പതിവായിരുന്നു. ഇതിൽ, യാഗത്തിനായി കൊല്ലപ്പെടുന്ന മൃഗത്തിൻെറ വേദനകളെ ജീവിച്ചിരിക്കുന്ന മറ്റൊരു മൃഗത്തിന്റെമേൽ ചുമത്തിയിട്ട് മരുഭൂമിയിലേക്ക് ഓടിച്ചുവിടുക പതിവായിരുന്നു. ഈ പ്രക്രിയയിലൂടെ, യാഗംചെയ്യപ്പെടുന്ന മൃഗത്തിന് വേദന ഇല്ലാതാക്കുന്നു എന്നാണ് സങ്കല്പം (ശതപഥ ബ്രാഹ്മണം VII 5:2:28, 32,37)

എബ്രായരുടെ പാപയാഗവിധിയിലും ഇതുപോലെ ഒരു വിഷയം കാണാം. ലേവ്യപുസ്തകം പതിനാറാം അദ്ധ്യായം 5 മുതൽ 22 വരെ വായിക്കുക. മഹാപുരോഹിതൻ രണ്ട് ആടുകളെ പാപയാഗത്തിനായി നിയോഗിച്ച്, ഒന്ന് യഹോവയ്ക്കും മറ്റേത് അസസ്സേലിനും എന്ന് ചിറ്റിട്ട് വേർതിരിക്കണം. (ആട്ടുകൊറ്റൻമാർ രണ്ടും ഒരുപോലെ ഊനമില്ലാത്തതായിരിക്കണം എന്നാണ് ഇത് സൂചിപ്പിക്കുന്നത്) യഹോവയ്ക്ക് ചിറ്റുവീണ ആടിനെ പാപയാഗമായി അർപ്പിക്കണം. പിന്നെ, മഹാപുരോഹിതൻ അസസ്സേലിന് ചീട്ടുവീണ ആടിന്റെ തലയിൽ രണ്ടു കയ്യും വെച്ച് യിസ്രയേൽമക്കളുടെ എല്ലാ കുറ്റങ്ങളും സകലപാപങ്ങളുമായ ലംഘനങ്ങളൊക്കെയും ഏറ്റുപറഞ്ഞ് ആടിൻെറ തലയിൽ ചുമത്തി അതിനെ മരുഭൂമിയിലേക്ക് അയയ്ക്കണം.

ഈ യാഗത്തിൽ ആര്യൻമാരും എബ്രായരും ചെയ്യുന്നത് ഒരേ വിഷയമാണ്. തങ്ങളുടെ പാപങ്ങളുടെ പരിഹാരത്തിനായി ഒരു മൃഗം ബലികഴിക്കപ്പെടുന്നു. ആ നിർദ്ദോഷിയായ മൃഗത്തിന്റെ വേദനയും തങ്ങളുടെ പാപങ്ങളും വഹിച്ചുകൊണ്ട് വേറെ ഒരു മൃഗം മരുഭൂമിയിൽ പോയി മറയുന്നു. ഈ മൃഗത്തിനാണ് Scape Goat എന്നു പറയുന്നത്. അന്യന്റെ പാപം സ്വന്തം ചുമലിൽ വഹിച്ചു

www.malankaralibrary.com

കൊണ്ട് അന്യനെ നിരപരാധിയാക്കിത്തീർക്കുന്നവൻ എന്നർത്ഥം.

(ഇപ്രകാരം ഒരു യാഗക്രമം ആരംഭിച്ച കാലത്ത് ബലികഴിക്കപ്പെടുന്ന മൃഗത്തിൻെറയും, വേദനയും പാപവും ചുമന്നുകൊണ്ട് മരുഭൂമിയിലേക്ക് പോകുന്ന മൃഗത്തിന്റെയും വ്യക്തിത്വസംബന്ധമായി ഇരുകൂട്ടർക്കും എന്തോ സംഭ്രാന്തി (Confussion) ഉണ്ടായിരുന്നതായി തോന്നുന്നു. ബലിക്കായി അറുക്കപ്പെടുന്ന മൃഗം വേദന മുഴുവൻ സഹിക്കണം. അപ്പോൾ മാത്രമേ പ്രായശ്ചിത്തമാവുകയുള്ളു. ഋഗ്വേദം 5:46.1 ഇത് നിഷ്ക്കർഷിക്കുന്നു. "അസ്യാ: വിമുചം ന വശ്മി" ഈ നുകത്തിൽ നിന്ന് വിമോചനം ഞാൻ ആഗ്രഹിക്കുന്നില്ല. "പ്രതരിണീം അവസ്യുവം താം വഹാമി" മനുഷ്യവർഗ്ഗത്തിന്റെ നിത്യരക്ഷയ്ക്കായുള്ള ആ നുകം ഞാൻ തന്നെ വഹിക്കേണ്ടതാകുന്നു. "ഈ പാനപാത്രം ഞാൻ കുടിക്കേണ്ടതാകുന്നു" (യോഹന്നാൻ 18.11) വേദനയും പാപവും വേറൊരു മൃഗം വഹിച്ചുകൊണ്ട് ശൂന്യതയിലേക്ക് പോവുകയാണെങ്കിൽ പിന്നെ, ബലിയർപ്പിക്കപ്പെടുന്ന മൃഗം വഹിക്കുന്ന ചുമതല എന്ത്? എന്ന ചോദ്യമുദിക്കുന്നു.

ബലികർമ്മം ക്രൂരമാകയാൽ ബലിമൃഗം അനുഭവിക്കേണ്ടിവരുന്ന വേദനമുഴുവനും ആവഹിച്ച് വേറൊരു മൃഗത്തിന്റെമേൽ ചുമത്തി ശൂന്യതയിലേക്ക് പറഞ്ഞയയ്ക്കുകയാണ് ആര്യപുരോഹിതൻമാർ ചെയ്യുന്നത്. യാഗം ചെയ്യപ്പെടുന്ന മൃഗത്തോട് അല്പം സഹതാപം കാട്ടുന്നു എന്ന് ചിന്തിക്കാം.

യിസ്രായേൽ പുരോഹിതൻമാർ യിസ്രായേൽ ജനത്തിന്റെ മുഴുവൻ പാപങ്ങളേയും അസസ്സേലിന് ചീട്ടുവീണ മൃഗത്തിന്റെമേൽ ചുമത്തി മരുഭൂമിയിലേക്ക് അയയ്ക്കുകയും യഹോവയ്ക്ക് ചീട്ടുവീണ ആടിനെ ബലിയർപ്പിക്കയും ചെയ്യുന്നു.

എബ്രായരുടെ ധാരണയിൽ "അസസേൽ" എന്നൊരു ദുഷ്ടഭൂതം (ദുർദേവത) മരുഭൂമിയിൽ എവിടെയോ വസിച്ചിരുന്നു. വനഭൂതമെന്നും വേതാളമെന്നും മറ്റുമുള്ള പേരുകളിൽ ഒരു ഉഗ്രജീവിയുള്ളതായി അവർ വിശ്വസിച്ചിരുന്നു. (യെശ.34.14)

ആര്യൻമാർ "നിരൃതി" എന്ന് ഇതിനെ വിശേഷിപ്പിച്ചിരുന്നു. നരകത്തിന്റെ ദേവതയെന്നോ നശിപ്പിക്കുന്ന ഭീകരത

www.malankaralibrary.com

എന്നോ ഒക്കെ അർത്ഥം അവർ നൽകിയിരുന്നു. ഈ ഭൂതം വസിക്കുന്ന സ്ഥലത്ത് മഴപെയ്യുകയില്ല എന്ന് ശതപഥ ബ്രാഹ്മണം VII 5:2:37ൽ പറയുന്നു. "മരുഭൂമി" എന്ന സൂചന ഇവിടെയും നൽകപ്പെടുന്നു.

പാപയാഗത്തിൽ ആര്യൻമാരും എബ്രായരും വേദനയും പാപവും ചുമത്തി ഒരു യാഗമൃഗത്തെ അയയ്ക്കുന്നത് ഈ ദുർഭൂതത്തിന് ആഹാരമായിട്ടാണ്. രണ്ടുകൂട്ടരും വിവരിക്കുന്നത് ഒരേ വിഷയമാണ്.

ഈ ചടങ്ങ് സൂചിപ്പിക്കുന്ന അർത്ഥം ഇതാണ്. മനുഷ്യന്റെ പാപം ഭയങ്കരമാണ്, അതിന് പരിഹാരം കാണേണ്ടത് ആവശ്യവുമാണ്. യാഗത്തിലൂടെ മാത്രമേ പരിഹാരമുള്ളു എന്ന് ഇരുകൂട്ടരും വിശ്വസിച്ചിരുന്നു. അങ്ങനെ വിവിധയാഗങ്ങൾ ആവിഷ്ക്കരിച്ചതിൽ ഒന്നാണ് പാപയാഗം. ഈ പാപയാഗത്തിന്റെ സവിശേഷത എന്താണെന്നുവെച്ചാൽ പാപപരിഹാരത്തിനായി പാപമില്ലാത്ത ഒരുവൻ പ്രായശ്ചിത്തം ചെയ്യണം. അതിനുയോഗ്യമായവനെ അന്വേഷിച്ച് യുഗങ്ങളായി ധ്യാനിച്ചുവന്നിരുന്ന ഋഷിമാർ ഒടുവിൽ ആദ്യജാതനെ പ്രകാശത്തിൽ നിന്നുളള പ്രാകാശമായി, ഊനമില്ലാത്തവനായി (perfect) കണ്ടെത്തുന്നു. അങ്ങനെ, ആദ്യജാതന്റെ ബലിയർപ്പണത്തിലൂടെ മനുഷ്യന്റെ പാപ പരിഹാരം സാദ്ധ്യമാകും എന്ന് വിശ്വസിക്കുന്നു.

S ÿ ew , F b ßë Zjgm XŸeé f (confusion) ഉദിക്കുന്നു. ആദ്യജാതൻ ഹോമിക്കപ്പെടുമ്പോൾ മനുഷ്യന്റെ പാപം എങ്ങനെ, ഏതുവിധം ഒഴിവാക്കപ്പെടും? ഈ പ്രശ്നത്തിന് പരിഹാരമായി അവർ കണ്ടുപിടിച്ച "ദൃശ്യമായ" വഴിയാണ് രണ്ടുമൃഗങ്ങൾ. ഒന്ന് യാഗമായി അർപ്പിക്കപ്പെടുക-അത് പ്രായശ്ചിത്തബലി. മറ്റൊന്ന് മനുഷ്യവർഗ്ഗത്തിന്റെ പാപം ഏറ്റെടുക്കുന്നു എന്ന സങ്കല്പത്തിൽ മരുഭൂമിയിലേക്ക് അയയ്ക്കപ്പെടുക-പാപം വഹിച്ചുകൊണ്ടുചെന്ന് ഭൂതത്തിനാഹാരമായിത്തീരുക, അതോടെ, മനുഷ്യവർഗ്ഗം പാപവിമുക്തമായിത്തീരുന്നു, പാപം പാപമൂർത്തിയിൽ തിരികെ ചെന്നുചേരുന്നു. ഇതാണ് മനുഷ്യനെ ബോദ്ധ്യപ്പെടുത്താനുളള സുന്ദരമായ സങ്കല്പം.

ആദ്യജാതൻ മനുഷ്യപുത്രനായി ബലിയർപ്പിക്കപ്പെടുന്നതിനുമുൻപ് അതിന്റെ നിഴലായി അർപ്പിക്കപ്പെട്ടിരുന്ന യാഗത്തിന്റെ ആശയത്തിൽ പാപപരിഹാരം ഇപ്രകാരം

www.malankaralibrary.com

അവ്യക്തഭാവനയിൽ നിർത്തപ്പെട്ടിരുന്നു എന്നു വേണം ചിന്തിക്കാൻ. അല്ലെങ്കിൽ ഒരു മൃഗം പാപയാഗമായി ബലിയർപ്പിക്കപ്പെടുക, വേറൊരു മൃഗം പാപത്തെയും വഹിച്ചുകൊണ്ട് മരുഭൂമിയിലേക്ക് ദുർഭൂതത്തിന് ആഹാരമായിപ്പോവുക, എന്ന് ചിന്തിക്കുന്നതിൽ വലിയ അർത്ഥമൊന്നുമില്ല.

ദൈവത്തിന്റെ പേരിലും ഭൂതത്തിന്റെ പേരിലും ബലിയർപ്പിക്കപ്പെടുന്ന രണ്ട് ആട്ടുകൊറ്റൻമാരിൽ പ്രസാദിക്കുന്ന ദൈവത്തിൽ നിന്നോ ഭൂതത്തിൽ നിന്നോ പാപപരിഹാരമുണ്ടാവുന്നത്? വാസ്തവത്തിൽ പാപം വഹിക്കുന്നത് ആരാണെന്ന് യാഗം നടത്തുന്നവർക്ക് അക്കാലത്ത് നിശ്ചയമില്ലായിരുന്നു എന്ന് തോന്നുന്നു. യിസ്രായേൽ പുരോഹിതൻമാർ അസസ്സേലിന്റെ ആടിനെ ഒരു പുറജാതിക്കാരന്റെ കൈവശം കൊടുത്തയയ്ക്കുന്നു. (ലേവ്യർ 16.21) അവൻ അതിനെ യരുശലേമിൽ നിന്ന് ദൂരെയായി മരുഭൂമിയുടെ വഴിയിൽ പാറക്കെട്ടിന് മുകളിൽ നിന്ന് താഴേക്ക് തള്ളിയിട്ട് കൊല്ലുന്നു. ഇതാണ് ദുർഭൂതത്തിനുള്ള ബലി. ആര്യൻമാരുടെ നിരൃതി (നരകദേവത) എന്ന സങ്കല്പത്തിൽ നിന്ന് എബ്രായരിലേക്ക് കടന്ന ആചാരമായിരിക്കാം ഇത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഇവിടെ, പാപപരിഹാരം വരുത്തുന്നത് അസസ്സേൽ എന്ന വനഭൂതമല്ല, പ്രായശ്ചിത്തബലിയായി അർപ്പിക്കപ്പെടുന്ന ആദ്യജാതൻ തന്നെയാകുന്നു. പൗരാണിക ചിന്തയെ ഇപ്രകാരം മനസ്സിലാക്കുന്നതാവും ശരി. അല്ലാതെ ഒരു ഊനമില്ലാത്ത മൃഗം പ്രായശ്ചിത്ത ബലിയായി അർപ്പിക്കപ്പെടുകയും, വേറൊന്ന് പാപഭാരവും പേറിക്കൊണ്ട് പാതാളത്തിലേക്ക് പോവുകയും ചെയ്യുന്നു എന്ന അവതരണം അത്ര ഭംഗിയായി തോന്നുകയില്ല.

**യാഗത്തിൽ പാപത്തിന്റെ പരിഹാരത്തെ ദൃശ്യമാക്കിക്കാട്ടുന്ന ആവിഷ്ക്കരണമാണ് അസസ്സേലിനുള്ള ആട്ടുകൊറ്റൻ.**

ആര്യൻമാരും എബ്രായരും ഒരേ സങ്കല്പത്തിൽ വിഷയം സമാനമായി അവതരിപ്പിച്ചിരിക്കുന്നു. ആദ്യജാതന്റെ ബലിയാണ് പാപത്തിന് പ്രായശ്ചിത്തമായിത്തീർന്നത് എന്ന് ആ സംഭവം വ്യക്തമാക്കുകയും ചെയ്തു.

www.malankaralibrary.com

ഋഗ്വേദത്തിൽ പുരുഷസൂക്തം ഈ ആശയമാണ് അംഗീകരിച്ചിരിക്കുന്നത്. മറ്റ് മൂന്നു വേദങ്ങളിലും ഇതേ വിഷയം തുല്ല്യപ്രാധാന്യത്തിൽ ചേർത്തിരിക്കുന്നു. ബ്രാഹ്മണങ്ങൾ യാഗവിധികളെ വിവരിക്കുന്നു. യജൂർവേദത്തിന്റെ ബ്രാഹ്മണമായ ശതപഥബ്രാഹ്മണത്തിൽ പ്രജാപതി യാഗത്തിന്റെ യാഗവിധികൾ വിശദമായും മനോഹരമായും പ്രതിപാദിച്ചിരിക്കുന്നു. ഈ പ്രജാപതിയാഗത്തിന്റെ വിശദാംശങ്ങളെ ഋഗ്വേദസംഹിതയിലെ പുരുഷസൂക്തത്തിൽ വിവരിച്ചിരിക്കുന്നത് ശ്രദ്ധിക്കാം.

www.malankaralibrary.com

# IV
# പ്രജാപതിയാഗം

ഈശ്വരൻ, ജീവൻ, ശരീരം (സ്രഷ്ടാവ്, ചൈതന്യം, ജഗത്) ഈ മൂന്നിനേപ്പറ്റിയും ജ്ഞാനികൾ ആദ്ധ്യാ ത്മികമായി അവഗാഹചിന്തനം ചെയ്തതിന്റെ ഫലമായി മൂന്നിനും ആധാരമായി നിൽക്കുന്ന അനശ്വരസത്യത്തെ അറിയുവാനിടയാവുകയും അതിന് ബ്രഹ്മം അഥവാ പരമാത്മാവ് എന്ന് പേര് നൽകുകയും ചെയ്തു. ഈ പരമാത്മാവിന്റെ സൃഷ്ടിപരമായ ഇച്ഛമൂലം ആത്മാവുതന്നെ സൃഷ്ടിപരമായ ഈശ്വരഭാവം സ്വീകരിച്ച് സൃഷ്ടി നടത്തുന്നു എന്നാണ് ആര്യജ്ഞാനികളുടെ നിഗമനം. ഈ അവസ്ഥയിൽ ബ്രഹ്മം ഹിരണ്യഗർഭനായി, അതായത്, പ്രകാശത്തിൽ നിന്നുളള പ്രകാശമായി, ഇരുളിൽ മറഞ്ഞിരുന്ന പ്രപഞ്ചബീജത്തെ ഇരുൾ നീക്കി പ്രകാശിപ്പിച്ചുകൊണ്ട് രൂപവും നാമവും ഉൾപ്പെട്ട പ്രപഞ്ചത്തെ ഒരു ക്രമീകൃതമായ പരിപാടിയായി സൃഷ്ടിക്കുന്നു.

"ഹിരമ്യഗർഭഃസമവർത്തതാഗ്രേ"

എന്ന മന്ത്രത്തിൽ സൃഷ്ടികാരണമായ ആദ്യജാതന്റെ ജനനം വിവരിച്ചിരിക്കുന്നു. ഋഗ്വേദസംഹിതയിൽ ഈ ആദ്യജാതനെ "പുരുഷൻ" എന്ന് നാമകരണം ചെയ്യുന്നു. അതുകാരണം, ഋഗ്വേദം പത്താം മണ്ഡലത്തിൽ തൊണ്ണൂറാം സൂക്തത്തിന് "പുരുഷസൂക്തം" എന്ന് പേരായി. "പുരുഷം ജാതം അഗ്രത:" എന്ന് പ്രകാശത്തിൽ നിന്ന് പ്രകാശമായി ജനിച്ച ആദ്യജാതൻ തന്നെയാണ് "പുരുഷൻ" എന്ന് വെളിപ്പെടുത്തുന്നു. "പുരുഷോ ഹി പ്രാജാപതി" പുരുഷൻ തന്നെയാണ് പ്രജാപതിയെന്ന് ശതപഥബ്രാഹ്മണത്തിൽ വെളിപ്പെടുത്തുന്നു. അങ്ങനെ, പുരുഷസൂക്തത്തിൽ വിവരിക്കുന്ന യാഗം "പ്രജാപതിയാഗം" എന്ന പേരിൽ പ്രസിദ്ധമായിത്തീർന്നു.

"ഇദം പുരുഷസൂക്തം ഹി
സർവ്വേഷു വേദേഷു പഠ്യതേ
അത: ശ്രുതിഭ്യ: സർവ്വഭ്യോ
ഫലവത് സമുദീരിതം"

www.malankaralibrary.com

അർത്ഥം: പുരുഷസൂക്തം എല്ലാ വേദങ്ങളിലേയും പാഠ്യ വിഷയമായതുകൊണ്ട് ഇത് എല്ലാ വേദങ്ങളുടെയും സാരാംശങ്ങളായി പ്രകീർത്തിക്കപ്പെടുന്നു.

നാലു വേദങ്ങളിലും പുരുഷസൂക്തം ഇപ്രകാരം കാണപ്പെടുന്നു.

1 ഋഗ്വേദം പത്താം മണ്ഡലം, തൊണ്ണൂറാം സൂക്തം:1.16.
2 ശുക്ലയജ്ജൂർവേദ വാജസനേയസംഹിതയിൽ
അദ്ധ്യായം 31:1.22.
3 കൃഷ്ണയജ്ജൂർവേദ തൈത്തരിയാരണ്യകം 3:12.13.
4 സാമവേദം, ആരണ്യകാണ്ഡം അദ്ധ്യായം 3
5 അഥർവ്വവേദം 19:3.6.

വിശുദ്ധമായി സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തെ മനുഷ്യൻ ദോഷപ്രവൃത്തികൾ മൂലം പാപപങ്കിലമാക്കിത്തീർത്തു. മനുഷ്യവംശത്തിൻെറ ഈ പാപത്തിന് പരിഹാരമായി പ്രജാപതി യാഗമായി അർപ്പിക്കപ്പെടുന്നു. ഈ പ്രായശ്ചിത്ത ബലിമൂലം പാപത്തിന് പരിഹാരമുളള പുതിയ വ്യവസ്ഥിതി നിലവിൽ വരുന്നു-ഒരു പുതുസൃഷ്ടിയുടെ പ്രതീതി. മനുഷ്യന് നിത്യജീവൻ പ്രാപിക്കാനുളള വഴി തുറന്നുകൊടുത്തുകൊണ്ട് പുനരുജ്ജീവിക്കുന്ന പ്രജാപതി സൃഷ്ടിയോടുകൂടെ വസിക്കുന്നു. ഈ പ്രജാപതിയുടെ ശരീരത്തിലെ അവയവങ്ങളായി വസിച്ചുകൊണ്ട് ഒരു ആത്മീയശരീരമായിത്തീരുന്ന യുഗാന്ത്യമർമ്മത്തെ നോക്കിപ്പാർത്തുകൊണ്ട് സൃഷ്ടി അക്ഷമയോടെ കാത്തിരിക്കുന്ന മനസ്സാക്ഷിയുഗത്തിലും ന്യായപ്രമാണയുഗത്തിലും അറിയപ്പെടാതിരുന്ന വീണ്ടെടുപ്പിന്റെ ജ്ഞാനം പ്രജാപതിയാഗം മൂലം മനുഷ്യന് ലഭ്യമായിത്തീരുന്നു. യാഗാനന്തരം പുനരുജ്ജീവിക്കുന്ന പ്രജാപതി വിശ്വസിക്കുന്നവർക്ക് നിത്യരക്ഷ നൽകുവാനും വിശ്വസിക്കാത്തവർക്ക് മരണശിക്ഷ നൽകുവാനും സർവ്വാധികാരവും പ്രാപിക്കുന്നു. ഇത്രയുമാണ് പുരുഷസൂക്തത്തിലെ വിഷയസാരാംശം.

ഇനിയും ഋഗ്വേദസംഹിതയിൽ നൽകിയിരിക്കുന്ന പുരുഷസൂക്തത്തിലെ ഓരോ മന്ത്രത്തിന്റെയും വിശദാംശങ്ങൾ ശ്രദ്ധിക്കാം.

www.malankaralibrary.com

# പുരുഷസൂക്തം

ഋഗ്വേദസംഹിത, മണ്ഡലം 10. സൂക്തം 90:1.16.

## നിത്യതയിലെ പ്രാജാപതി

സഹസ്രശീർഷാ പുരുഷഃ
സഹസ്രാക്ഷഃസഹസ്രപാത്
സ ഭൂമിം വിശ്വതോ വൃത്വാ
അത്യതിഷ്ഠ ദശാംഗുലം (1)

അർത്ഥം: സമഷ്ടിരൂപത്തിൽ, അതായത്, പ്രകാശത്തിൽ നിന്നുളള പ്രകാശമായി പരമാത്മാവോടു സമഭാവത്തിൽ തേജഃസ്വരൂപനായിരിക്കുന്നവനും, പ്രപഞ്ചത്തിന്റെ ചൈതന്യമായി സമസ്ത പ്രാണികളുടെയും ജീവനായിരിക്കുന്നവനുമായ പുരുഷൻ,

സഹസ്രശീർഷഃ= ആയിരം തലകളുളളവനായി, അതായത്, സമസ്തവും തന്നിൽത്തന്നെ ഉൾക്കൊളളുന്നവനായി, (സർവ്വശക്തനായി)

സഹസ്രാക്ഷഃ= ആയിരം കണ്ണുകളുളളവനായി, അതായത്, സകലസൃഷ്ടികളെയും എപ്പോഴും തന്റെ കണ്ണിൻമുമ്പിൽ കരുതലോടെ കാത്തുസൂക്ഷിക്കുന്നവനായി, (സർവ്വജ്ഞാനിയായി)

സഹസ്രപാദഃ= ആയിരം കാലുകളുളളവനായി, അതായത്, സകലരുടെയും അരികിൽ സദാസമയവും എത്തുന്ന ശീഘ്രഗാമിയായി, (സർവ്വവ്യാപിയായി) ഈ ഭൂമിയിൽ നിറഞ്ഞ് കവിഞ്ഞു നിൽക്കുന്നു.

(പ്രജാപതി മനുഷ്യവേഷം ധരിക്കുന്നതിനുമുൻപ് പിതാവിനോടുകൂടെ വസിച്ചിരുന്ന നിത്യതയിലെ മഹത്വസ്വരൂപത്തെയാണ് ഇവിടെ വളരെ ആലങ്കാരികമായി മനോഹരമായി വർണ്ണിച്ചിരിക്കുന്നത്. അവൻ പിതാവിനോടുകൂടെ സർവ്വശക്തനും സർവ്വജ്ഞാനിയും സർവ്വവ്യാപിയുമായി വസിക്കുന്നു എന്ന് പരമാത്മാവിന്റെ ത്രിത്വലക്ഷണത്തിൽത്തന്നെ അവതരിപ്പിക്കപ്പെടുകയാണ്. (അനേകം തലകളും അവയവങ്ങളുമുളള വിഗ്രഹങ്ങൾ സൃഷ്ടിക്കാൻ കാരണം ഈ മന്ത്രത്തിന്റെ സാരാർത്ഥം മനസ്സിലാകാത്തതുമൂലമായിരിക്കാം).

www.malankaralibrary.com

ആര്യജ്ഞാനികൾ പ്രജാപതിയുടെ നിത്യതയിലെ മഹത്വ രൂപത്തെ ഇപ്രകാരം വർണ്ണിക്കുമ്പോൾ, എബ്രായ ജ്ഞാനികൾ പ്രജാപതിയെ തുല്യഭാവത്തിൽ വർണ്ണിക്കുന്നത് ശ്രദ്ധിക്കാം.

## മൽക്കീസേദെക്

എബ്രായഭാഷയിൽ ഈ പ്രജാപതിയെ "മൽക്കീസേദെക്" (എബ്രായർ 7:1.3) എന്ന് വിളിക്കുന്നു. ഈ മൽക്കീസേദേക് ശാലേം രാജാവാണ്. അതായത്, നിത്യസമാധാനത്തിന്റെ അധിപതി. അമൃതത്വസ്യ ഈശാന: നിത്യരക്ഷയുടെ ദൈവം.

രണ്ടാമതായി, അവൻ ദൈവത്തിന്റെ മഹാപുരോഹിതനാണ്. എന്നുവെച്ചാൽ, ദൈവത്തിന്റെ ഹിതം (ഇഷ്ടം) മനുഷ്യന് പുരോഭവിപ്പിക്കുന്നവൻ (മനുഷ്യനെ അറിയിക്കുന്നവൻ) അതോടുകൂടെത്തന്നെ, മനുഷ്യരുടെ ഹിതം (മനുഷ്യർ അപേക്ഷിക്കുന്നത്) ദൈവമുമ്പാകെ പുരോഭവിപ്പിക്കുന്നവൻ, അതായത്, മനുഷ്യനുവേണ്ടി മധ്യസ്ഥത വഹിക്കുന്നവൻ-അമൃതസ്യപരം സേതു-ദൈവത്തിനും മനുഷ്യനും മധ്യത്തിൽ നിത്യതയുടെ പാലമായി നിൽക്കുന്നവൻ ഇതാണ് മഹാപുരോഹിതന്റെ രൂപം.

മൂന്നാമതായി, അവൻ നീതിയുടെ രാജാവാണ്-പരിത്രാണായ സാധൂനാം-ശിഷ്ടനെ രക്ഷിച്ചും ദുഷ്ടനെ ശിക്ഷിച്ചും നീതിനടത്തുന്നവൻ-ഖഡ്ഗധാരിയായ ന്യായാധിപതി.

നാലാമതായി, അവന്ന് പിതാവില്ല, മാതാവില്ല, വംശാവലിയില്ല- സഃഏവ മാതാ ച പിതാ ച പുത്ര:-മാതാവും പിതാവും പുത്രനും എല്ലാം അവൻ തന്നെ, പിതാവും പുത്രനും അവനാകുന്നു.

അഞ്ചാമതായി, അവന് ജീവാരംഭവും ജീവാവസാനവും ഇല്ല-വാഗേകായനം സർവ്വേഷാം-അവൻ ആരംഭവും അവസാനവുമായി ഏകലയനസ്ഥാനമായ വചനമാകുന്നു. ആദിയിലെന്നപോലെ സകലതും അവനിൽ ഒന്നായി ച്ചേരുന്നു എന്നതാണ് കാലസമ്പൂർണ്ണതയിലെ മർമ്മം.

പ്രജാപതിയുടെ ഈ മഹത്വത്തിലെ രൂപദർശനം എത്ര മനോഹരമായിരിക്കുന്നു എന്നു കാണുക.

www.malankaralibrary.com

## മനുഷ്യാവതാരം

പുരുഷ ഏവേദം സർവ്വം
യത്ഭൂതം യച്ച ഭവ്യം
ഉതാമൃതത്വസ്യ ഈശാനഃ
യദന്നേന അതിരോഹതി (2)

അർത്ഥം: ഉണ്ടായിരുന്നതും ഇപ്പോൾ ഉള്ളതും ഇനിമേൽ ഉണ്ടാവാനിരിക്കുന്നതുമായ സകലത്തിന്റെയും (കാലത്രയത്തിന്റെ) ഉടയവനും നിയന്താവും (ഇരുന്നവനും ഇരിക്കുന്നവനും വരാനിരിക്കുന്നവനും) ഈ പുരുഷൻ തന്നെയാകുന്നു. അതായത്, സകലവും സൃഷ്ടിച്ചവനും പരിപാലിക്കുന്നവനും ഈ ഒരേ ഒരാൾ തന്നെ. പരിപാലനം തന്നെയല്ല, അമർത്യതയുടെ-മരണമില്ലാത്ത അവസ്ഥ എന്ന നിത്യരക്ഷയുടെ-അധികാരിയും ഈ പുരുഷൻ തന്നെയാകുന്നു. അങ്ങനെ, ഭൂമിയിലെ മനുഷ്യവാസത്തിന്റെയും നിത്യതയിൽ മനുഷ്യന് അവകാശം നൽകുന്നതിന്റെയും പരമാധികാരിയായ മഹാനായ പുരുഷൻ സകലത്തിനും കാരണഭൂതനായി ദൈവസ്വരൂപത്തിലിരിക്കെ, ദൈവത്തോടു സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ താഴ്മയുള്ള മനുഷ്യരൂപമെടുത്ത് തിന്നും കുടിച്ചും ജീവിക്കുന്ന ജഗദവസ്ഥയിൽ മനുഷ്യപുത്രനായി ജനിക്കുന്നു. (ഫിലിപ്യർ 2:6.8 നോക്കുക)

അന്നേന അതിരോഹതി = ഭൗതിക പ്രപഞ്ചത്തിൽ അതിശയകരമായി രോഹണം ചെയ്യുന്നു. സ്ത്രീ-പുരുഷ സംയോഗനിമിത്തത്താൽ പ്രജനനം നടക്കുന്നു എന്ന പ്രകൃതി നിയമത്തെ അതിക്രമിച്ച് അതിശയകരമായി പുരുഷനെ അറിഞ്ഞിട്ടില്ലാത്ത കന്യകയിൽ ജാതനാകുന്നു. ഈ പ്രത്യേകതയുടെ ഉദ്ദേശമെന്തെന്നുവെച്ചാൽ, സ്വന്തസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടുവെങ്കിലും കാലാന്തരത്തിൽ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും ദോഷകരമായിത്തീരുകയാൽ പാപികളായിത്തീർന്ന മനുഷ്യരെ പാപബന്ധവിമുക്തരാക്കുവാൻ വേണ്ടി പുരുഷൻ മഹത്വകരമായ തന്റെ അവസ്ഥ വിട്ട്, പാപമില്ലാത്തവനായി ആത്മീയനിയമത്തിൽകീഴിൽ ജഗദവസ്ഥയിൽ അതിശയകരമായി ജനിക്കുന്നതുകൊണ്ടു മാത്രമേ യാഗമായി അർപ്പിക്കപ്പെടാൻ യോഗ്യനാവുകയുള്ളു.

www.malankaralibrary.com

(നിത്യരക്ഷയുടെ ദൈവം മനുഷ്യപുത്രനായി കന്യകയിൽ അതിശയകരമായി ജനിക്കുന്ന ദർശനമാണ് ഈ മന്ത്രത്തിലെ വിഷയം)

"ഏതാവാനസ്യ മഹിമാ
അതോ ജ്യായാംശ്ച പൂരുഷഃ
പാദോസ്യ വിശ്വാ ഭൂതാനി
ത്രിപാദസ്യാമൃതം ദിവി (3)

അർത്ഥം: ഇരുന്നതും ഇരിക്കുന്നതും വരാനിരിക്കുന്നതുമായി സമയബദ്ധമായ ഈ പ്രപഞ്ചം മുഴുവൻ പുരുഷന്റെ മഹത്വം തന്നെയാകുന്നു. ആകാശം അവന്റെ മഹത്വത്തെയും അണ്ഡബഹിരാണ്ഡങ്ങൾ അവന്റെ കരവിരുതിനേയും വർണ്ണിക്കുന്നു. ഇപ്രകാരം വർണ്ണിക്കപ്പെടുന്ന മഹിമയേക്കാൾ വാസ്തവത്തിൽ പുരുഷൻ എത്രയോ മടങ്ങ് മഹാനാകുന്നു. ഈ പുരുഷന്റെ മഹത്വത്തെപ്പറ്റിയുള്ള വർണ്ണനകൾ അവന്റെ മഹത്വത്തിന്റെ വെറും നാലിലൊരംശമേ വെളിപ്പെടുത്തുന്നുള്ളു. അതായത്, മനുഷ്യൻ അവനേക്കുറിച്ച് ഒരു മന്ദസ്വരമേ കേട്ടിട്ടുള്ളു. അവന്റെ ബാക്കിയുള്ള മുക്കാൽ ഭാഗവും പ്രകാശാത്മകമായ സ്വരൂപമാകുന്നു. ഈ അവസ്ഥയിൽ മനുഷ്യന് അവനെ എങ്ങനെ മനസ്സിലാക്കാൻ കഴിയും? അതായത്, പുരുഷന്റെ കന്യകാജനനം തൊട്ടുള്ള ജഗദവസ്ഥയിലെ ഭാവങ്ങൾ നിത്യതയിലുള്ള തേജ:സ്വരൂപത്തെ അപേക്ഷിച്ച് തുലോം നിസ്സാരമാകുന്നു എന്ന് പറയുവാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

(പിതാവിന്റെ അടുക്കൽ പുത്രനുള്ള മഹത്വം എത്രയോ മേൻമയേറിയതാകുന്നു എന്ന സൂചന യോഹന്നാൻ 17:5ൽ കാണുക)

"ത്രിപാദൂർധ്വ ഉദൈത് പുരുഷഃ
പാദോ ऽസ്യേഹാഭവത് പുനഃ
തതോ വിഷ്വങ് വ്യക്രാമത്
സാശനാനശനേ അഭി: (4)

അർത്ഥം: ഹിരണ്യഗർഭനായി (തേജ:സ്വരൂപനായി) പിതാവിനോട് സമത്വത്തിൽ വസിക്കുന്ന ആദ്യജാതൻ പ്രാപഞ്ചിക ദോഷവശങ്ങളാൽ ബാധിക്കപ്പെടാത്തവനാണ്. അപ്ര

www.malankaralibrary.com

കാരമുള്ള പുരുഷൻ പ്രപഞ്ചധാരണം എന്ന കർത്തവ്യം നിറവേറ്റിക്കൊണ്ട്, അതായത്, പ്രപഞ്ചപരിപാലകനായിരുന്നുകൊണ്ട് അംശമാത്രസഹകരണത്തിൽ ചേതനങ്ങളും അചേതനങ്ങളുമായ സകലതിലും നിറഞ്ഞുനിൽക്കുന്നു. അതായത്, സകലസൃഷ്ടിയേയും തന്റെ രക്ഷാകരങ്ങളിൽ കാത്തുകൊള്ളുന്നു.

"തസ്മാത് വിരാട് അജായത
വിരാജോ അധിപൂരുഷഃ
സഃ ജാതോ അത്യരിച്യത
പശ്ചാത് ഭൂമിമഥോ പുരഃ (5)

അർത്ഥം: ആദിസത്യമായ പരമാത്മാവിൽ നിന്ന് വിരാട് പുരുഷൻ ഉൽപന്നനായി. അതായത്, ആത്മാവ് പ്രാണരൂപമായി ഭവിച്ചു. ഇപ്രകാരം ഉൽപന്നനായ പുരുഷൻ നാമരൂപങ്ങളെ സൃഷ്ടിക്കുവാനുള്ള ശ്രമത്തിൽ ഭൂമിയെ സൃഷ്ടിച്ചു; പിന്നെ ശരീരങ്ങളെ സൃഷ്ടിച്ചു. അതായത് സമഷ്ടിപുരുഷൻ ജീവാത്മാവായി ഭൂമിയിൽ സൃഷ്ടികളിൽ വർത്തിച്ചു. ഭൂമിയിൽ ജീവനായി വസിക്കുന്നത് ഈ പുരുഷനാണ് എന്ന് വിവക്ഷിക്കുന്നു.

(ഈ അഞ്ച് മന്ത്രങ്ങളിലെ ആശയം, പ്രപഞ്ച സൃഷ്ടിക്ക് മുമ്പുണ്ടായിരുന്ന പുരുഷന്റെ അവസ്ഥ, ആ പുരുഷന്റെ മഹത്വം, പ്രപഞ്ചസൃഷ്ടിയിൽ പുരുഷന്റെ സ്ഥാനം, പ്രപഞ്ചസൃഷ്ടി ഇവയെ വിവരിക്കുകയാണ്. സൃഷ്ട പ്രപഞ്ചത്തിന്റെ പരിപാലനം ഈ പുരുഷന്റെ കർത്തവ്യമാകുന്നു)

കാലക്രമത്തിൽ മനുഷ്യൻ പാപിയായിത്തീരുകയാൽ അവനെ വീണ്ടെടുക്കുന്നതിനായി പുരുഷൻ ജഗദവസ്ഥയിൽ ആയിത്തീരുന്നു. എന്നിട്ട് പാപപരിഹാരത്തിനായി പ്രായശ്ചിത്തബലിയായി അർപ്പിക്കപ്പെടുന്നതും ഈ ബലിമുഖാന്തരം ലോകം പുതുസൃഷ്ടിയായി ഭവിക്കുന്നതും പുതുവ്യവസ്ഥയും മറ്റും അടുത്ത മന്ത്രത്തിൽ വിവരിക്കുന്നു.

www.malankaralibrary.com

## യാഗത്തിന് അനുകൂലമായ സമയം

"യത് പുരുഷേണ ഹവിഷാ
ദേവാ യജ്ഞമതന്വത
വസന്തോ അസ്യാസീദാജ്യം
ഗ്രീഷ്മ ഇധ്മഃ ശരത് ഹവിഃ (6)

(ലോകാരംഭത്തിൽ തന്നെ, പ്രജാപതി ഭാവിയിലൊരിക്കൽ യാഗമായി അർപ്പിക്കപ്പെടണം എന്ന് തീരുമാനിക്കപ്പെട്ടിരിക്കുന്നു." സ ച ജാതമാത്ര ഏവ ഏകപതിഃആസീത്" (ഋഗ്വേദം 10:121) അവൻ ജനിച്ചപ്പോൾ തന്നെ ഏകരക്ഷകനായി നിയമിക്കപ്പെട്ടു. "ലോകസ്ഥാപനത്തിനു മുൻപേ അറുക്കപ്പെട്ട കുഞ്ഞാട്" എന്ന് വെളിപാട് 13.8ൽ ഇത് സൂചിപ്പിച്ചു കാണുന്നു. ആദ്യപാപം ഇതിന് കാരണമായി നിൽക്കുന്നു. (ഉൽപത്തി 3.6) വീണ്ടെടുപ്പിന്റെ വാഗ്ദാനവും നൽകപ്പെട്ടു. (ഉൽപത്തി 3.21) ഈ അവസ്ഥയുടെ ദർശനമായിരിക്കാം മാനസയാഗമായി സങ്കല്പിക്കപ്പെടുന്ന ഈ യാഗവർണ്ണന. ഇത് ഭാവിയിലൊരിക്കൽ ചരിത്ര സംഭവമായിത്തീരുകയും ചെയ്തു.

കുടുംബത്തിലെ രോഗവും ദുഃഖവും പ്രയാസങ്ങളും അനർത്ഥങ്ങളും മാറിക്കിട്ടുക, ഇഷ്ടകാര്യങ്ങൾ സാധിച്ചു കിട്ടുക എന്നെല്ലാമുള്ള ഉദ്ദേശത്തോടെ ആദ്യപുത്രനെ ബലിയർപ്പിക്കുന്ന സമ്പ്രദായം നിലനിർത്തിയിരുന്ന പുരാതനവർഗ്ഗങ്ങൾ, കാലാന്തരത്തിൽ ലോകജീവിതത്തിനുശേഷം അമർത്യത പ്രാപിക്കാനുമായി സൃഷ്ടിയുടെ ആരംഭമായി ആദ്യജാതനായ പുരുഷനെ പ്രായശ്ചിത്ത ബലിയായി അർപ്പിക്കുന്ന ഒരു സങ്കല്പം ആവിഷ്ക്കരിച്ചിരുന്നു, അഥവാ, ദർശിച്ചിരുന്നു എന്ന് ചിന്തിക്കാം. അല്ലെങ്കിൽ, ഇപ്രകാരമൊരു യാഗത്തിന്റെ ദർശനമുണ്ടാവുകയും അത് വിശ്വസിക്കുകയും ചെയ്തവർ ആദ്യജാതബലി എന്ന ആശയത്തിന്റെ അനുകരണമായി ആദ്യപുത്രനെ ബലികഴിക്കുന്ന സമ്പ്രദായം നടപ്പാക്കിയിരുന്നു എന്നും ചിന്തിക്കാം. ഈ നരബലി ക്രൂരമാണെന്ന് പിൽക്കാലത്ത് ചിന്തിച്ച ജ്ഞാനികൾ പകരം മൃഗങ്ങളെ ബലികഴിച്ച് ആദ്യജാതശിശുക്കളെ വീണ്ടെടുക്കുന്ന നിയമവും നടപ്പാക്കി)

www.malankaralibrary.com

ആറാമത്തെ മന്ത്രത്തിൽ പ്രജാപതിയുടെ യാഗവർണ്ണന ആരംഭിക്കുന്നു.

അർത്ഥം: പുരുഷനെ ഹവിസ്സ് (യാഗവസ്തു) ആക്കി ക്കൊണ്ട് ദേവൻമാർ യജ്ഞം അനുഷ്ഠിച്ചു. അപ്പോൾ, വസന്തം നെയ്യായും ഗ്രീഷ്മം വിറകായും ശരത് ഋതു ഹോമദ്രവ്യമായും ഉപയോഗിക്കപ്പെട്ടു.

ഈ യജ്ഞം ദേവൻമാർ (ജ്ഞാനികൾ) അനുഷ്ഠിച്ച മാനസ (ദർശന/സങ്കല്പ) യജ്ഞമായി വിശേഷിപ്പി ക്കപ്പെടുന്നു. ആദ്യജാതനായ പുരുഷനെയാണ് യാഗം ചെയ്യുന്നത്. യാഗകർമ്മത്തിന് സഹായകവസ്തുക്കളായി ഉപയോഗപ്പെടുത്തുന്നവയാണ് നെയ്യ്, ചമത, വിറക്, പുരോഡാശം മുതലായവ. മാനസയാഗത്തിന് ഭൗതിക വസ്തുക്കളുടെ ആവശ്യമില്ലാത്തതിനാൽ വസന്തഗ്രീഷ്മ ശരത് ഋതുക്കളെ സഹായകരമാക്കിത്തീർക്കുന്നു.

എന്താണിതിനർത്ഥം? ഇതേ യാഗത്തിന്റെ വിശദാംശങ്ങൾ അടുത്തുവരുന്ന മന്ത്രങ്ങളിൽ പ്രത്യേകരൂപത്തിലാണ് അവതരിപ്പിക്കുന്നത്. ഈ യാഗം നടത്താനുള്ള സമയം അനുയോജ്യമായിരിക്കുന്നു എന്ന രത്നച്ചുരുക്കമാണ് ഈ മന്ത്രത്തിലെ വിഷയം.

ഒരു സംവത്സരത്തെ വസന്തം, ഗ്രീഷ്മം, ശരത്, വർഷം, ഹേമന്തം, ശിശിരം എന്ന് ഈരണ്ടുമാസങ്ങൾ കൂടുന്ന ആറു ഋതുക്കളായി തിരിച്ചിരിക്കുന്നു. ഇവയിൽ മഴക്കാലവും മഞ്ഞുകാലവും ഒഴിവാക്കി, വസന്തം (April) മുതലുള്ള ആറുമാസക്കാലം ഉത്തരാർദ്ധത്തിൽ അനുകൂലാവസ്ഥ യുള്ളതാകയാൽ പുരാതനകാലത്ത് ഈ കാലയളവിലാണ് യാഗങ്ങൾ നടത്തിയിരുന്നത്. അമാനുഷികരായ ജീവികളെ യൊന്നുമല്ല ദേവന്മാർ എന്ന പദം കൊണ്ട് അക്കാലത്ത് സൂചിപ്പിച്ചിരുന്നത്. വെളിച്ചമുള്ളവർ അഭിജ്ഞരായ, വിവേ കികളായ മനുഷ്യർ (Learned People) എന്നേ അർത്ഥം ഉദ്ദേശിച്ചിരുന്നുള്ളു. സാമവേദത്തിന്റെ മുഖവുരയിൽ വ്യാഖ്യാതാവായ ശ്രീ.S.V.ഗണപതി ഈ വിഷയം വ്യക്തമായി പറയുന്നുണ്ട്.

ആറാമത്തെ മന്ത്രത്തിന്റെ അക്ഷരാർത്ഥം ഇപ്രകാര മായിരിക്കെ, ഇതിൽ നിന്ന് ഗ്രഹിക്കാവുന്ന നിഗൂഢാർത്ഥം എന്താണെന്ന് നോക്കാം.

www.malankaralibrary.com

"പാപോഹം പാപകർമ്മോഹം" താൻ സമൂലം ഒരു പാപിയാണെന്നും, "മൃത്യോർ മാ അമൃതം ഗമയ" പാപത്തിന്റെ ശമ്പളമായ മരണത്തിൽ നിന്നും തന്നെ മരണമില്ലാത്ത അവസ്ഥയിലേക്ക് നയിക്കണമെന്നും ഇടവിടാതെ പാപം ഏറ്റു പറഞ്ഞും രക്ഷയാചിച്ചും കൊണ്ട് കാലങ്ങളിലൂടെ നടന്നുനീങ്ങിക്കൊണ്ടിരുന്ന മഹർഷിമാർ ആദ്യജാതനായി ദർശിച്ച പുരുഷൻ മനുഷ്യവർഗ്ഗത്തിന്റെ പാപ പരിഹാരത്തിനായി യാഗമായിത്തീരുന്നത് ജ്ഞാനികളുടെ ദർശന ദൃഷ്ടിയിൽ എന്നും സജീവമായിരുന്നു. ഭാവിയിൽ എന്നെങ്കിലുമൊരിക്കൽ ഇത് ചരിത്രസംഭവമായിത്തീരും എന്ന് അവർ ദൃഢമായി വിശ്വസിക്കുകയും ഒരു വീണ്ടെടുപ്പ് പ്രത്യാശിക്കുകയും ചെയ്തിരുന്നു.

അദൃശ്യനായ ദൈവത്തെ പ്രീതിപ്പെടുത്തി ആവശ്യമായ അനുഗ്രഹം സ്വീകരിക്കുക എന്നാണ് യാഗാനുഷ്ഠാനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരമുള്ള യാഗങ്ങളിൽ രണ്ടു വിഷയങ്ങൾ കാണാം. ഒന്ന്, അദൃശ്യനായ ദൈവം സന്തുഷ്ടനാവണം; രണ്ട്, ആവശ്യക്കാരൻ ദൈവത്തിന് ഇഷ്ടമാകുന്നത് അർപ്പിക്കണം.

യാഗത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സഹായ വസ്തുവാണ് ആജ്യം= നെയ്യ്. ശുദ്ധമായ നെയ്യ് യാഗാഗ്നിയിൽ തർപ്പണം ചെയ്യുന്നത് ആസ്വാദ്യകരമായ സുഗന്ധം ഉത്ഭവിപ്പിക്കാനാണ്. യാഗകുണ്ഡത്തിൽ നിന്നുയരുന്ന ധൂമപടലത്തിനോടൊപ്പം ഈ സുഗന്ധം മേലോട്ടുയരുന്നു. ഈ സൗരഭ്യവാസന മണത്ത് ഈശ്വരൻ സന്തുഷ്ടനാകുന്നു എന്ന് പൗരാണികർ വിശ്വസിച്ചിരുന്നു. എബ്രായരുടെ വിശ്വാസവും ഇതുതന്നെയായിരുന്നു. (ഉൽപത്തി 8:21 നോക്കുക)

പ്രസ്തുതമന്ത്രത്തിൽ വസന്ത ഋതു നെയ്യായി ഉപയോഗിക്കപ്പെട്ടു എന്നു പറയുന്നതിന്, സൗരഭ്യവാസനമണത്ത് സന്തുഷ്ടനായി അനുഗ്രഹിക്കാൻ ഈശ്വരനെ സംബന്ധിച്ചിടത്തോളം കാലം അനുകൂലമാണെന്നും, യജ്ഞേശ്വരന് പ്രിയമാകുന്നവയെല്ലാം അർപ്പിക്കാൻ ശരണാർത്ഥികൾക്കും കാലം അനുകൂലമാണെന്നും അർത്ഥം കല്പിക്കാം. അതായത്, ലോകാരംഭത്തിനുമുമ്പേ അറുക്കപ്പെട്ടവനായി ഈ പുരുഷൻ ദർശിക്കപ്പെട്ടിരുന്നു. ഇത് ദർശനത്തിലെ അവസ്ഥ. ഇവിടെ വിശദാംശങ്ങൾ

www.malankaralibrary.com

അറിയപ്പെട്ടിരുന്നില്ല. ഈ യാഗം എപ്രകാരമുള്ളത് എന്നും അറിയപ്പെട്ടിരുന്നില്ല. ദർശനത്തിൽ നിർത്തപ്പെട്ടിരുന്ന ആദ്യജാതയാഗത്തിന് മഹർഷിമാർ ഭാവനാസമൃദ്ധിയിൽ രൂപം നൽകിയ നിഗമനങ്ങളാണ് യജ്ഞസജ്ജീകരണം. ഇതിന്റെ പ്രതീകങ്ങളാണ് ഭൂമിയിൽ അനുഷ്ഠിച്ചുകൊണ്ടിരുന്നത്.

"ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ" (ഭ.ഗീത.4.8)

ഭൂമിയിൽ അധർമ്മം പെരുകുകയാൽ ആദിയിൽ നല്ലത് എന്ന് ദൈവം കണ്ടിരുന്ന അവസ്ഥ പാപക്ലിഷ്ടമായി മാറുമ്പോൾ സ്രഷ്ടാവു തന്നെ പാപപരിഹാരയാഗം ചെയ്ത് സൃഷ്ടിയുടെ പുതുക്കവും പുതിയ വ്യവസ്ഥിതിയും സ്ഥാപിക്കും. ഇതിനായി ആദ്യജാതൻ നിയമിക്കപ്പെട്ടിരുന്നു. ഇപ്രകാരം നിയമിതനായ പുരുഷനാണ് അറുക്കപ്പെട്ടവനായി ദർശിക്കപ്പെടുന്നത്. ഇത് കാലത്തെ സാക്ഷിയാക്കി ഭാവി പരിപാടിയായി നിർത്തിയിരുന്നു. അനുകൂലകാലാവസ്ഥയിൽ, ഈ യാഗം ആവശ്യമായി വരുന്ന (അധർമ്മം പെരുകുന്ന) സന്ദർഭത്തിൽ, എന്ത് സംഭവിക്കുന്നു, അതായത്. യാഗം എങ്ങനെ അനുഷ്ഠിക്കപ്പെടുന്നു എന്നാണ് ഇവിടെ വിവരിക്കുന്നത്. ലോകോൽപത്തിയോടു കൂടെത്തന്നെ സജ്ജീകരിക്കപ്പെട്ടിരുന്ന രക്ഷാമാർഗ്ഗം അവ്യക്തമായിരുന്നു. പിൽക്കാലത്തെ ജ്ഞാനികളുടെ ദർശനജ്ഞാനത്തിൽ ഈ യാഗം കൂടുതൽ വ്യക്തമായിത്തീരുന്നതാണ് ഇവിടെ വിവരിക്കപ്പെടുന്നത്. വാഗ്ദാനത്തിൽ നിർത്തിയിരുന്ന ആദ്യജാതബലി പ്രാവർത്തികമാക്കാൻ പരമാത്മാവിന് ഇഷ്ടമായി എന്ന സൂചന. "ആദ്യജാതനെ തകർത്തുകളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി."(യെശയ്യാ 53.10)

(ആദ്യജാതനെ ബലി കഴിക്കുന്നവിധം അടുത്ത മന്ത്രത്തിൽ പറയുന്നു.)

www.malankaralibrary.com

## പ്രജാപതി യാഗംചെയ്യപ്പെടുന്നു.

"തം യജ്ഞം ബർഹിഷി പ്രൗക്ഷൻ
പുരുഷം ജാതമഗ്രത:
തേന ദേവാ: അയജന്ത
സാദ്ധ്യാ: ഋഷയശ്ച യേ" (7)

അർത്ഥം: സാദ്ധ്യൻമാരും ഋഷികളും ആദ്യജാതനായ പുരുഷനെ യജ്ഞസാധനമായ മൃഗമായി സങ്കല്പിച്ച് യൂപത്തിൽ കെട്ടി പ്രോക്ഷണം ചെയ്തു. ആ ദേവൻമാർ പുരുഷരൂപത്തിലുള്ള മൃഗത്തെക്കൊണ്ട് യാഗം ചെയ്തു.

ഇതിന്റെ വിശദീകരണം ശ്രദ്ധിക്കാം:-

സാദ്ധ്യാ:= സൃഷ്ടിസാധകയോഗ്യാ: പ്രജാപതി പ്രഭൃതയ:-അതായത്, തന്റെ ആജ്ഞമൂലം അനുസരിപ്പിക്കാൻ അധികാരമുള്ള ഭരണാധികാരികൾ

ഋഷയ:= തദനുകൂലാ: മന്ത്രദ്രഷ്ടാര:= അതായത് ഈ ഭരണാധികാരികളെ അനുകൂലിക്കുന ആത്മീയതലത്തിൽ ഉന്നതാധികാരമുള്ള മതനേതാക്കൾ-മഹാ പുരോഹിതൻമാർ എന്നർത്ഥം.

അഗ്രത: ജാതം പുരുഷം=സർവ്വസൃഷ്ടേ:പൂർവ്വജാതം-അതായത് സർവ്വസൃഷ്ടിക്കും മുമ്പേ ജനിച്ചവനായ പുരുഷനെ-ആദ്യജാതനെ, എന്നർത്ഥം.

ബർഹിഷി പ്രൗക്ഷൻ= മാനസേ യജ്ഞേ പ്രോക്ഷിതവന്ത:=മാനസയാഗത്തിൽ പ്രോക്ഷണം ചെയ്തു.

യാഗമായി അർപ്പിക്കേണ്ട മൃഗത്തെ യൂപത്തിൽ കെട്ടി മന്ത്രം ചൊല്ലി ജലം തളിക്കുന്ന ചടങ്ങ് യാഗത്തിൽ ഒരു വിധിയാണ്. ഇപ്രകാരം ജലം തളിച്ചശേഷം ആ മൃഗത്തെ വീണ്ടെടുക്കാൻ പാടില്ല. അതിനെത്തന്നെ യാഗം കഴിച്ചേ മതിയാകൂ. ബലിക്കായി സർവ്വസമ്മതിയോടെ അർപ്പിച്ചു, അഥവാ, സ്വന്തക്കാരും ബന്ധപ്പെട്ടവരും ഉടമസ്ഥരും കൂടെ ബലിമൃഗത്തിൻമേൽ അവർക്കുണ്ടായിരുന്ന അവകാശം തള്ളിക്കളഞ്ഞു എന്നർത്ഥം

ക്രിസ്തുവിനെ ക്രൂശിക്കാൻ ഏൽപ്പിച്ചശേഷം ഭരണാധി

www.malankaralibrary.com

കാരിയായ പീലാത്തോസ് കല്പിച്ച വിധി, ജലമെടുത്ത് കൈകഴുകിക്കൊണ്ട് ഉറപ്പിച്ചു. ഇതിനുശേഷം ആർക്കും ക്രിസ്തുവിനെ മരണത്തിൽ നിന്ന് വീണ്ടെടുക്കാമായിരുന്നില്ല. ഈ ചടങ്ങ്, "Condemned to death" എന്ന വിധിപ്രസ്താവനയുടെ ഉറപ്പിനെ സൂചിപ്പിക്കുന്നു. മത്തായി 27.24, യോഹന്നാൻ 19.16-മരണത്തിനേൽപ്പിച്ചു എന്നർത്ഥം. സ്വന്ത ജാതിയിൽപെട്ട യഹൂദൻമാരും സ്വന്തഭവനത്തിൽ പെട്ടവരും ശിഷ്യൻമാരും അനുകൂലികളും എല്ലാം നേരത്തെതന്നെ കൈവെടിഞ്ഞിരുന്നു. ആരും തന്നെ യേശുവിനെ രക്ഷിക്കാനായി ന്യായവിസ്താരസമയത്ത് എത്തിയിരുന്നില്ല. ശിഷ്യനായ പത്രോസ് വ്യക്തമായി തളളിപ്പറയുകയും ചെയ്തു. ഇപ്രകാരം സംഭവിക്കുമെന്ന് യേശു മുൻകൂട്ടി പറകയും ചെയ്തിരുന്നു. ഈ തളളിപ്പറച്ചിൽ ഐതരേയബ്രാഹ്മണം 2.6ലും ശതപഥ ബ്രാഹ്മണം XIII 6:2:2ലും വ്യക്തമായി പറയുന്നുണ്ട്.

ദേവാ: തേന അയജന്ത= പുരുഷരൂപേണ പശൂനാ മാനസയാഗം നിഷ്പാദിതവന്തഃ= ആ ദേവൻമാർ-ആ പ്രമാണികൾ പ്രജാപതിപ്രഭൃതികൾ-ഭരണാധികാരികളായ പീലാത്തോസും ഹെരോദാവും, അവരെ അനുകൂലിക്കുന്ന മഹാപുരോഹിതൻമാരായ ഹന്നാവും കയ്യാഫാവും അന്യ യഹൂദപ്രമാണികളും ചേർന്ന് മരണത്തിന് (യാഗത്തിന്) വിധിക്കപ്പെട്ട പുരുഷനെ (യോഹന്നാൻ 19:7,16) യാഗം കഴിച്ചു-ക്രൂശിച്ചു.

## യാഗത്തിന്റെ ഫലം:

## പുതുസൃഷ്ടിയും പുതിയ വ്യവസ്ഥിതിയും

"തസ്മാത് യജ്ഞാത് സർവ്വഹുതഃ
സംഭൃതം പൃഷദാജ്യം
പശൂംസ്താംശ്ചക്രേ വായവ്യാൻ
ആരണ്യാൻ ഗ്രാമ്യാംശ്ച യേ (8)

അർത്ഥം: സർവ്വാത്മകനായ പുരുഷൻ ഹോമിക്കപ്പെട്ട യാഗത്തിൽ നിന്ന് പൃഷദാജ്യം (തൈർ കലർന്ന നെയ്യ്) ലഭിച്ചു. പിന്നെ, വായുവിലും (ആകാശത്തിലും) വനത്തിലും ഗ്രാമങ്ങളിലും സഞ്ചരിക്കുന്ന ജീവജാലങ്ങൾ സംജാതമായി.

(പുരുഷനെ ബന്ധിച്ച് യാഗം കഴിച്ചതുമൂലം പ്രപഞ്ചത്തിൽ

www.malankaralibrary.com

എന്ത് സംഭവിക്കുന്നു, ലോകത്തിന് ലഭിച്ച ലാഭം എന്താണ് എന്നൊക്കെയാണ് ഈ മന്ത്രം മുതൽ പറയുന്നത്)

പ്രപഞ്ചസൃഷ്ടിയെപ്പറ്റി മനോഹരമായ വർണ്ണനകൾ പത്താം മണ്ഡലം 121,129 സൂക്തങ്ങളിലും ഐതരേയോപനിഷത്തിലും മറ്റും വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പരമാത്മാവിന്റെ പര്യാലോചനാ രൂപമായ തപസ്സിന്റെ മാഹാത്മ്യം മൂലമാണ്, അതായത്, ദിവ്യഹിതം മൂലമാണ് പ്രപഞ്ചസൃഷ്ടി നടന്നത് എന്ന് 10:129.3ൽ വ്യക്തമായി പറയുന്നു. ആദ്യജാതനായ പുരുഷനാണ് സകലസൃഷ്ടിയും നടത്തുന്നത് എന്ന് നൂറ്റി ഇരുപത്തിയൊന്നാം സൂക്തം വ്യക്തമാക്കുന്നു. ആദ്യജാതനായ അതേ പുരുഷനാണ് ഇവിടെ യാഗമായി അർപ്പിക്കപ്പെടുന്നത്. ഈ യാഗത്തിൽ ഒരു പുതിയ സൃഷ്ടിവർണ്ണന കാണുന്നു. അതിന്റെ അർത്ഥമെന്താണ്? ഈ യാഗത്തിൽ നിന്നും ആദ്യമായി ഉത്ഭവിക്കുന്ന വസ്തുവിനെ ശ്രദ്ധിക്കുക.

പൃഷദാജ്യം സംഭൃതം= ദധിമിശ്രം ആജ്യം സമ്പാദിതം=തൈരോടുകൂടിച്ചേർന്ന നെയ്യ് (വെണ്ണ) ഉൽപ്പന്നമാകുന്നു.

സാധാരണമായി യാഗത്തിൽ ശുദ്ധമായ നെയ്യ് തർപ്പണം ചെയ്യുന്നതാണ് പതിവ്. അതിനു വിപരീതമായി, ഈ യാഗത്തിൽ തൈരിൽ കലർന്നിരിക്കുന്ന നെയ്യ് ഉത്ഭവിക്കയാണ് ചെയ്യുന്നത്. എന്താണിതിനർത്ഥം? അക്ഷരാർത്ഥത്തിലുള്ള തൈരും വെണ്ണയും (വേർപിരിക്കപ്പെടാത്ത രൂപത്തിൽ കിട്ടിയത്) യാഗത്തിൽ എങ്ങനെ സമന്വയിക്കും?

അതിന്റെ പിന്നാലെ ഉത്ഭവിക്കുന്നത് ആകാശത്തിലെ പറവകളും കാട്ടിലെ മൃഗങ്ങളും ഗ്രാമീണ ജീവികളുമാണ്. തൈരും വെണ്ണയും ഇവയുടെ ആഹാരം പോലുമല്ല. തൈരും വെണ്ണയും എടുക്കുന്ന പാൽ ഉൽപാദിപ്പിക്കുന്ന ഗ്രാമ്യമൃഗങ്ങൾ ഈ തൈരും വെണ്ണയും ഉത്ഭവിച്ചതിനുശേഷമാണ് ഉൽപന്നമാവുന്നത്. എന്താണിവിടെ അർത്ഥം? അക്ഷരാർത്ഥത്തിന് ഈ വിവരണത്തിൽ യാതൊരു സ്ഥാനവുമില്ല എന്നും അഗാധമായ ഗൂഢാർത്ഥം ഇതിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. ഗൂഢാർത്ഥത്തിന്റെ ഗവേഷണത്തിൽ എന്ത് ലഭിക്കുന്നു എന്ന് നോക്കാം.

www.malankaralibrary.com

പുരുഷയാഗത്തിൽ ആദ്യമായി കാണുന്നത് പൃഷദാജ്യം. അതായത്, തൈരും നെയ്യും ചേർന്നിരിക്കുന്ന ഒരു മിശ്രിതമാണ്. നിത്യരക്ഷയുടെ ദൈവം സ്വന്ത ഇഷ്ടപ്രകാരം മനുഷ്യപുത്രനായി ജനിക്കുന്നു എന്ന് 10:90.2ൽ പറയുന്നു. ഈ സ്വന്ത ഇഷ്ടം എന്താണ്? "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കണം; അതിനായി ആദ്യജാതനെ ബലിയർപ്പിക്കുവാൻ ഏൽപ്പിച്ചു.; ഇതിന്റെ കാരണമോ ദൈവത്തിന് തന്റെ സൃഷ്ടിയോടുള്ള സ്നേഹം തന്നെ" (യോഹന്നാൻ 3.16)

ഇതാണ് ആദ്യജാതബലിയിൽ ഉൽപന്നമായ ആദ്യവസ്തുവായ നെയ്യ്, സ്നേഹം എന്നർത്ഥം. (സ്നേഹം എന്ന പദത്തിന് നിഘണ്ടുവിൽ എണ്ണ, fat, നെയ്യ് എന്നർ ത്ഥം നൽകപ്പെടാനും കാരണം ഇതായിരിക്കണം). ഈ നെയ്യ് തൈരിൽ കലർന്നതായിട്ടാണ് ലഭിച്ചിരിക്കുന്നത്. തൈര് പുളിക്കുന്ന വസ്തുവാകയാൽ അപ്രിയമാകാമെങ്കിലും സമൃദ്ധമായ ജീവനുണ്ടാകുവാൻ യോഗ്യമായ നെയ്യ് ലഭിക്കുമെന്ന കാരണത്താൽ തൈരിലെ പുളിപ്പ് സഹിച്ചേ പറ്റുകയുള്ളു.

☞

www.malankaralibrary.com

തന്നെയുമല്ല, ഈ തൈര് ശരിക്കും മർദ്ദനവിധേയമാക്കിയെങ്കിൽ മാത്രമേ നെയ്യ് ലഭിക്കുകയുമുള്ളു. ഈ തൈരാണ് ത്യാഗം. തൈരിനോടു കൂടെയല്ലാതെ ഒരിക്കലും നെയ്യ് കിട്ടുകയുമില്ല. ത്യാഗം സഹിക്കാതെ ഒരിക്കലും സ്നേഹം പ്രാവർത്തികമാക്കാൻ സാദ്ധ്യവുമല്ല.

ഈ യാഗത്തിൽ എരിഞ്ഞമരുന്ന ആദ്യജാതനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവന്നും നിത്യജീവൻ ഉണ്ടാവണം എന്നാണ് പരമാത്മാവിന്റെ ഇഷ്ടം, അതായത്, പുരുഷയാഗത്തിൽ പ്രദർശിപ്പിക്കപ്പെടുന്ന ത്യാഗവും സ്നേഹവും സ്വാനുഭവത്തിൽ സ്വീകരിപ്പാൻ ആർക്ക് കഴിയുമോ അവർ നിത്യജീവന് അവകാശികളായിത്തീരുന്നു. ഈ യാഗത്തിൽ നിന്നും പുനരുജ്ജീവിച്ച് സകല അധികാരവും കൈപ്പറ്റുന്ന പുരുഷൻ ആ വിശ്വാസികളെ അന്ത്യനാളിൽ നിത്യജീവൻ നൽകി ആദരിക്കും. (യോഹന്നാൻ 6.40)

പുരുഷയാഗത്തിലെ ആദ്യ ഉൽപന്നമായ തൈർചേർന്ന നെയ്യ് മാനവരാശിയുടെ നിത്യരക്ഷയ്ക്ക് കാരണമാകുന്ന ത്യാഗവും സ്നേഹവുമാകുന്നത് ഇപ്രകാരമാണ്. "ലോകത്തിന്റെ പാപം ചുമക്കുന്ന കുഞ്ഞാട്"(യോഹ.1.29) ആണ് ഇവിടെ ആദ്യജാതബലിയായി അർപ്പിക്കപ്പെടുന്നത്. മനുഷ്യൻ ചെയ്ത പാപത്തിന്റെ പ്രായശ്ചിത്ത ബലി. പാപത്താൽ മലിനപ്പെട്ട ആദിസൃഷ്ടിയായ പ്രപഞ്ചത്തിന്റെ രക്ഷയ്ക്കായുള്ള പ്രായശ്ചിത്തമാണ് പ്രജാപതിയാഗം.

"സ: ഈക്ഷത ലോകാന്നു സൃജാ ഇതി"

ആദിയിൽ ആത്മാവ് മാത്രമുണ്ടായിരുന്ന അവസ്ഥയിൽ ലോകങ്ങളെ സൃഷ്ടിക്കട്ടെ എന്ന് ആലോചിച്ചു.

"സ: ഇമാൻ ലോകാൻ അസൃജത"

അവൻ പ്രപഞ്ചത്തിന്റെ മൂലവസ്തുക്കളെ സൃഷ്ടിച്ചു.

സ: ഈക്ഷത ലോകപാലാന്നു സൃജാ ഇതി"

മൂലവസ്തുക്കളെ സൃഷ്ടിച്ചശേഷം ഒരു പരിപാലകനെ (രക്ഷകനെ) സൃഷ്ടിക്കട്ടെ എന്ന് ആലോചിച്ചു.

"പുരുഷം അമൂർച്ഛയത്"

ആദ്യജാതനായി പുരുഷനെ ജനിപ്പിച്ചു (ഐതരേയോപനിഷത് 1.1:3)

www.malankaralibrary.com

ഈ പുരുഷൻ പ്രപഞ്ചത്തിൽ സകലതും സൃഷ്ടിച്ച് അവയുടെ പരിപാലകനായി അവയോടുകൂടെ ജീവനായി ചൈതന്യമായി വസിച്ചു. പരമാത്മാവിന്റെ പര്യാലോചനാപരമായ തപസ്സിനാലുള്ള സൃഷ്ടി എന്ന ഋഗ്വേദത്തിൽ പറയുന്ന സൃഷ്ടി നടന്നത് ഇപ്രകാരമാണ്.

ഈ പ്രപഞ്ചത്തിൽ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദോഷകർമ്മങ്ങൾ ചെയ്ത് ലോകത്തെ പാപപങ്കിലമാക്കിത്തീർത്തു. ഈ സൃഷ്ടിക്ക് പകരമായി നടത്തുന്ന സൃഷ്ടിയല്ല പുരുഷയാഗത്തിൽ വിവരിക്കപ്പെടുന്നത്. ഈ സൃഷ്ടിയുടെ പാപപരിഹാരബലിയാണ് പുരുഷയാഗം. ഈ പുരുഷയാഗത്തിൽ പുരുഷൻ ത്യാഗം സഹിച്ച് സ്നേഹം പകർന്ന് പ്രായശ്ചിത്തം ചെയ്ത് പാപപരിഹാരം വരുത്തുന്നതിനാൽ വിജയിക്കുന്നു. ഈ പ്രക്രിയയിലൂടെ, നിലവിലിരിക്കുന്ന ദോഷപൂർണ്ണമായ ലോകം ഒരു പുതുസൃഷ്ടിയായിത്തീരുന്നു. പാപക്ലിഷ്ടമായ പഴയ അവസ്ഥയിൽ നിന്നും മോചനം സാദ്ധ്യമാകുന്ന മനുഷ്യൻ പുതിയ വ്യവസ്ഥിതിയിൽ പുതുമനുഷ്യനായി നിത്യജീവന് യോഗ്യനായിത്തീരുന്നു. ഈ പുതുസൃഷ്ടി എന്ന പുതിയ വ്യവസ്ഥിതിയാണ് പുരുഷയാഗത്തിൽ സംഭവിക്കുന്നത്.

"പുരുഷയാഗത്തിൽ വിശ്വാസം മൂലം പങ്കാളികളാകുന്നവർ പുരുഷന്റെ പുനരുജ്ജീവനത്തിൽ പങ്കുള്ളവരായിത്തീർന്ന് ജീവന്റെ പുതുക്കം പ്രാപിക്കുന്നു." (റോമർ 6.4)

"പാപിയായിരുന്ന പഴയ മനുഷ്യനെ പുരുഷൻ തന്റെ യാഗത്തിൽ പങ്കാളിയായി ചേർത്തുകൊണ്ട് അവന്റെ പാപഭാരത്തെ തന്നോടുകൂടെ യാഗാഗ്നിയിൽ ദഹിപ്പിച്ച് മനുഷ്യനെ പാപത്തിൽ നിന്ന് മോചിപ്പിച്ച് പുതിയ മനുഷ്യനാക്കിത്തീർക്കുന്നു. (റോമർ 6:6:7)

"പാപം മൂലം അശുദ്ധരായിരുന്ന മനുഷ്യർ പ്രജാപതി യാഗം മൂലം ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനായിത്തീരുന്നു. (എഫേസ്യർ 4.22.24)

"ദോഷികളായിരുന്ന പഴയ സ്വഭാവക്കാർ ഈ യാഗത്തിന്റെ അനുഭവമായി പഴയ സ്വഭാവത്തെ ഉപേക്ഷിച്ചിട്ട് പരിജ്ഞാനത്തിന്റെ പുതുക്കം പ്രാപിക്കുന്നു. ഈ പുതിയ വ്യവസ്ഥിതി അനുഭവിക്കുന്നതിന് ദേശ-ജാതി-ആചാര

www.malankaralibrary.com

സമ്പ്രദായങ്ങളൊന്നും ബാധകമല്ല. ഈ പ്രജാപതി സകലരുടെയും രക്ഷകനാകുന്നു." (കൊലോസ്യർ 3:9.11)

"സഹയജ്ഞാ: പ്രജാ സൃഷ്ടാ
പുരോവാച പ്രജാപതി:
അനേന പ്രസവിഷ്യദ്ധ്വ
മേഷ വോ$\not$സ്ത്വിഷ്ടകാമധുക് (ഭ.ഗീത.3.10)

അർത്ഥം: തന്റെ പ്രജകളെ (മനുഷ്യരെ) തന്റെ യാഗത്തിൽ പങ്കാളികളായി ചേർത്തുകൊണ്ട് പ്രജാപതി ഇപ്രകാരം പറഞ്ഞു: ഈ യാഗത്തിന്റെ അനുഭവത്തിൽ അഭിവൃദ്ധി പ്രാപിക്കുക, അമർത്യതയിലേക്ക് നയിക്കേണമേ എന്നുളള നിങ്ങളുടെ ആഗ്രഹം സാദ്ധ്യമായിത്തീരും.

ഇതാണ് പ്രജാപതിയാഗത്തിലെ പുതുസൃഷ്ടിയും പുതിയ വ്യവസ്ഥിതിയും.

ഋഗ്വേദത്തിൽ പ്രജാപതിസ്തുതിയിലും (സൂക്തം 121), നാസദീയ സൂക്തത്തിലും (സൂക്തം 129) വിവരിച്ചിരിക്കുന്ന പര്യാലോചനാരൂപമായ സൃഷ്ടിയാണ് " ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു"എന്നാരംഭിക്കുന്ന ഉൽപ്പത്തിക്കഥയിലെ സൃഷ്ടിവർണ്ണന. ഐതരേയോപനിഷത്, ഒന്നാം അദ്ധ്യായം, ഒന്നാം ഖണ്ഡം ഇത് വളരെ വ്യക്തമാക്കുന്നു. പുരുഷസൂക്തത്തിൽ പറയപ്പെടുന്ന സൃഷ്ടി അക്ഷരാർത്ഥത്തിൽ ഗ്രഹിക്കേണ്ടതല്ല. ആദ്യ സൃഷ്ടി ദോഷപൂർണ്ണമായി ഭവിച്ചപ്പോൾ ആദ്യജാതനെ ബലികഴിച്ച് പ്രപഞ്ചത്തെ വിശുദ്ധീകരിക്കുന്നു പാപമോചനവും നിത്യരക്ഷയും സാദ്ധ്യമാക്കിത്തീർക്കുന്നു.

ആകാശത്തിലും വനാന്തരത്തിലും ഗ്രാമപ്രദേശങ്ങളിലും ജീവികൾ സൃഷ്ടിക്കപ്പെടുന്നു എന്ന് രണ്ടാം ഭാഗത്ത് പറയുന്നതിന്, സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതിഫലനം പ്രകൃതിയിലും ദൃശ്യമാകും. ഒരു പുതിയ വ്യവസ്ഥിതി പക്ഷിമൃഗാദി തിര്യക്കുകളിലും സംഭവിക്കും എന്ന ആശയമാണ് പരിഗണനാർഹമായി തോന്നുന്നത്. "ചെന്നായും കുഞ്ഞാടും ഒരുമിച്ചു മേയും; സിംഹം കാളയെന്ന പോലെ വൈക്കോൽ തിന്നും; സർപ്പത്തിന് പൊടി ആഹാരമായിരിക്കും; എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്യുകയില്ല." (യെശയ്യാ 65.25). ഇതുപോലെയൊരു നിരുപദ്രവാവ

www.malankaralibrary.com

സ്ഥയുടെ പ്രത്യാശയാണ് ഇവിടെ പ്രജാപതിയാഗ ത്തിലൂടെ വിവക്ഷിക്കപ്പെടുന്നത്.

"ചെന്നായ് കുഞ്ഞാടിനോടു കൂടെ പാർക്കും; പുള്ളിപ്പുലി കോലാട്ടുകുട്ടിയോടു കൂടെ കിടക്കും. പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും; ഒരു ചെറിയ കുട്ടി അവയെ നടത്തും; പശു കരടിയോടുകൂടെ മേയും; അവയുടെ കുട്ടികൾ ഒരുമിച്ച് കിടക്കും; സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും; മുലകുടിക്കുന്ന ശിശു സർപ്പത്തിന്റെ പോതിങ്കൽ കളിക്കും; മുലകുടിമാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈ ഇടും." (യെശയ്യാ 11.6.8) "ഭൂമി ദൈവത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞിരിക്കും." (യെശയ്യാ 11.9)

മൃഗങ്ങൾ തിര്യക്ക് ജീവികളാണ് വിവേകമില്ലാത്ത വർഗ്ഗം. അവ തമ്മിൽ കടിച്ചു കീറുകയോ കുത്തിമുറിക്കുകയോ, പിടിച്ചു വിഴുങ്ങുകയോ എന്തുവേണമെങ്കിലും ചെയ്യട്ടെ. ഇതെല്ലാം പ്രകൃതി അനുവദിച്ചുകൊടുത്തിരിക്കുന്ന വിഷയങ്ങൾ. പ്രജാപതി യാഗമാകുന്നത് മൃഗങ്ങളെ മര്യാദ പഠിപ്പിക്കാനല്ല. യാഗത്തിനിരയാവുന്ന പാവം മൃഗങ്ങൾ മനുഷ്യന്റെ നിഗമനത്തിലെ യാഗവിധികളുടെ അർത്ഥമൊന്നും മനസ്സിലാക്കുന്നുമില്ല. അവ മൃഗങ്ങൾ മാത്രം.

ചെന്നായും കുഞ്ഞാടും ഒരുമിച്ചു മേഞ്ഞുനടക്കുന്നതു തൊട്ടുള്ള വർണ്ണനകൾ ഗൂഢാർത്ഥമുൾക്കൊള്ളുന്ന അലങ്കാരഭാഷയാണ്. മൃഗങ്ങളെപ്പോലെ വിവേകശൂന്യരായി തമ്മിൽ തമ്മിൽ കടിച്ചുകീറിയും പരസ്പരം പാരവെച്ചും ജന്തുസമാനം ജീവിക്കുന്ന മനുഷ്യവർഗ്ഗത്തിന് ദൈവികമായ പരിജ്ഞാനം മൂലം ഉണ്ടാകാവുന്ന നിരുപദ്രവാവസ്ഥയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ആകാശത്തിലെ പറവകൾ അതിന്റെ സ്ഥാനത്തും, കാട്ടിലെ മൃഗങ്ങൾ കാട്ടിനുള്ളിലും, ഗ്രാമീണ ജീവികൾ അവയുടെ അതിർത്തിക്കുള്ളിലും ജീവിച്ചാൽ എപ്രകാരം നീതിക്കും നിയമത്തിനും അധീനമായിരിക്കുകയും അന്യജീവികർക്ക് ദോഷകരമാവാതിരിക്കുകയും ചെയ്യുമോ അതുപോലെ തന്നെ, ദൈവത്തിന്റെ പരിജ്ഞാനം പ്രാപിക്കുന്ന മനുഷ്യൻ പരസ്പരസൗഹാർദ്ദത്തിലും, ഇടപെടലുകളിൽ ഒരു ദോഷവും ചെയ്യാത്തവരുമായി ജീവിക്കും. സ്നേഹവും ത്യാഗവും നിരുപദ്രവാവസ്ഥ നിലനിർത്തും. ഈ അവസ്ഥ

www.malankaralibrary.com

സാദ്ധ്യമാക്കിത്തീർക്കുന്ന മഹോന്നതമായ ത്യാഗവും അത്യഗാധമായ സ്നേഹവും പ്രജാപതിയാഗത്തിലാണ് പ്രകടമാവുന്നത്. ഇത് വിശ്വസിച്ച് അതിൽ പങ്കുചേരുന്നവർ വിരുദ്ധസ്വഭാവക്കാരായ ചെന്നായും കുഞ്ഞാടും സുഹൃദ്ബന്ധത്തിൽ ഒരുമിച്ചു മേയുന്നതുപോലെ നിർദ്ദോഷാവസ്ഥയിൽ വസിക്കും.

പ്രജാപതിയാഗത്തിൽ നിന്ന് ആദ്യമേ ഉത്ഭവിക്കുന്ന അനുഭവം സ്നേഹവും ത്യാഗവുമാകുന്നു. പൃഷദാജ്യം സംഭൃതം. ഈ തൈർനെയ് മിശ്രിതം എന്ന ത്യാഗവും സ്നേഹവും സംഭരിച്ചിട്ടുള്ളവർക്ക് നിത്യതവരെയും ഒന്നും ഭയപ്പെടാനില്ല. " ഒരു ബാധയും നിന്നോട് അടുക്കുകയില്ല" (സങ്കീർത്തനം 91.10) "എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല." (യെശയ്യാ 65.25) പുരുഷയാഗത്തിൽ ഹോമിക്കപ്പെട്ട ഹവിസ്സ് (യാഗവസ്തു) സകല ദോഷങ്ങളുടെയും പരിഹാരമാണ്.

പ്രജാപതി യാഗത്തിൽ നിന്നുത്ഭവിക്കുന്ന വിശിഷ്ട വസ്തുക്കളെ അടുത്ത മന്ത്രത്തിൽ ശ്രദ്ധിക്കുക.

"തസ്മാത് യജ്ഞാത് സർവ്വഹൂത:
ഋച: സാമാനി ജജ്ഞിരേ
ഛന്ദാംസി ജജ്ഞിരേ തസ്മാത്
യജുസ് തസ്മാദജായത (9)

അർത്ഥം. സർവ്വാത്മകനായ (സകല ജഡത്തിന്റെയും ആത്മാക്കളുടെ ദൈവമായ (സംഖ്യാ27.17) പുരുഷൻ ഹോമിക്കപ്പെട്ട യാഗത്തിൽ നിന്ന് ഋക്കുകളും സാമങ്ങളും (ഋഗ്വേദവും സാമവേദവും), അതിൽ നിന്നുതന്നെ ഛന്ദസ്സുകളും (വേദാംഗങ്ങളും), യജുസ്സും (യജുർ വേദവും) ഉണ്ടായി. വേദങ്ങളിൽ വിധിച്ചിരിക്കുന്ന ക്രമമനുസരിച്ചാണ് യാഗം നടത്തപ്പെടുന്നത്. എന്നാൽ, ഇവിടെ നടത്തപ്പെടുന്ന പുരുഷമേധത്തിൽ നിന്നാണ് ഈ വേദങ്ങളുണ്ടായത് എന്നാണ് ഈ മന്ത്രത്തിൽ പറയുന്നത്. വിരുദ്ധമായി തോന്നാവുന്ന ഈ പ്രസ്താവനയുടെ ഗൂഢാർത്ഥമെന്താണെന്ന് നോക്കാം.

പരമാത്മാവിന്റെ ത്രിത്വലക്ഷണത്തിൽ ഒരു ഘടകമാണ് സർവ്വജ്ഞത്വം, ഇവിടെ യാഗം ചെയ്യപ്പെടുന്ന പുരുഷൻ പരമാത്മാവിന്റെ തനി രൂപമാണ് ഹിരണ്യഗർഭൻ. അങ്ങനെ

www.malankaralibrary.com

അവൻ ത്രിത്വത്തിലെ ജ്ഞാനസ്വരൂപനാണ്....ദൈവശക്തിയും ദൈവജ്ഞാനവുമായവൻ (1 കൊരിന്ത്യർ 1.24) "അവൻ ദൈവത്തിൽ നിന്നുളള ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു." (1 കൊരിന്ത്യർ 1.30) ശരിക്കും ഈ വിഷയങ്ങളാണ് പുരുഷയാഗത്തിന്റെ അനുഭവം. ഋക്,യജുസ്, സാമവേദങ്ങളിലേയും വിഷയങ്ങൾ ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമാകുന്നു. അതായത്, നിത്യരക്ഷ പ്രാപിക്കാൻ എന്തു ചെയ്യണം എന്ന പ്രശ്നത്തിന് പരിഹാരമായ അറിവും വഴിയുമാണ് പുരുഷയാഗത്തിൽ നിന്നും മനുഷ്യവർഗ്ഗത്തിന് ലഭിക്കുന്നത്.

വിശ്വാസത്തിനാധാരമായ ഉപദേശങ്ങളും സത്യത്തിലും ആത്മാവിലുമുളള ആരാധനാരീതികളും വേദങ്ങളിൽ നിന്നും വേദാന്തരൂപത്തിൽ ലഭിക്കുന്നു.

"പുരുഷസ്യവാഗ് രസോ, വാചഃഋക് രസഃ
ഋചഃ സാമ രസഃ, സാമ്നഃഉദ്ഗീഥോ രസഃ"
(സാമവേദേ, ഛാന്ദോഗ്യോപനിഷത് 1.1.2)

അർത്ഥം. പുരുഷന്റെ രസം വാക്കും, വാക്കിന്റെ രസം ഋക്കും, ഋക്കിന്റെ രസം സാമവും, സാമത്തിന്റെ രസം ഉദ്ഗീഥവുമാകുന്നു. അതായത്, പുരുഷന്റെ സത്ത (Reality, Entity) ആണ് വചനം. ഈ വചനം തന്നെയാണ് ജ്ഞാനരൂപമായി വേദാന്തർഗതമായിരിക്കുന്നത്.

"തസ്യ വാചകഃ പ്രണവഃ" (യോഗസൂത്രം 1.27)

അവന്റെ വചനമാണ് പ്രണവം എന്ന സത്യസ്വരൂപം എന്ന് യോഗസൂത്രത്തിൽ പറയുന്നു. അതുതന്നെ "ഉദ്ഗീഥം".

"ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവമായിരുന്നു"(യോഹ.1.1) ഈ വചനം ജഡം ധരിച്ചതാണ് പുരുഷൻ (യോഹ.1.14). പുരുഷന്റെ രസം (സത്ത - BEING) ആണ് വചനം എന്ന് ഉപനിഷത്തിൽ പറയുന്നതിന്റെ അർത്ഥം അതാണ്.

ജഡമായിത്തീർന്ന വചനം പ്രായശ്ചിത്തയാഗത്തിൽ അർപ്പിക്കുന്നതിനെ സൂചിപ്പിച്ചുകൊണ്ട് ആദ്യജാതൻ പ്രസ്താവിക്കുന്നു. "ഇത് നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ

www.malankaralibrary.com

രക്തത്തിലെ പുതിയ നിയമമാകുന്നു." (ലൂക്കോസ് 22.19.20)

പുരുഷന്റെ രസമായ (സത്തയായ) വാക് ഈ യാഗത്തിൽ ഹോമിക്കപ്പെടുന്നു. ഈ ഹോമകുണ്ഡത്തിൽ നിന്നും വചനം സൗരഭ്യവാസനയായി ഉപദേശരൂപത്തിലും ആരാധനാരീതിയിലുംവേദങ്ങളും ശാസ്ത്രങ്ങളുമായിഉയരുന്നു. അതായത്, എന്തുദ്ദേശത്തോടെയാണോ ഈ യാഗം അർപ്പിക്കപ്പെടുന്നത് അതേപ്പറ്റിയുള്ള ജ്ഞാനം ലഭിക്കാൻ ഇത് പ്രയോജനപ്പെടുന്നു. ജ്ഞാനരൂപമായ പുരുഷനാണ് യാഗവസ്തു. ഈ പുരുഷൻ ഹോമിക്കപ്പെടുന്ന പശ്ചാത്തലവും അതുമൂലം ലഭ്യമാകുന്ന നൻമയും അറിവായ്‌വരുന്നു. നീതിയും വിശുദ്ധിയും പാലിക്കണം എന്ന പുരുഷന്റെ ഉപദേശങ്ങൾ ആജീവനാന്തം അനുസരിച്ചാൽ യാഗരക്തത്തിൽ സ്ഥാപിച്ച ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും പുതുനിയമം പാലിച്ചാൽ, പാപമോചനവും നിത്യരക്ഷയും അനുഭവിക്കാം. ഈ അറിവിന്റെ പ്രതിഫലനമാണ് യാഗത്തിൽ നിന്നും ജ്ഞാനരൂപമായ വേദങ്ങൾ ഉൽപ്പന്നമായി എന്നു പറയുനന്തിന്റെ അർത്ഥം. നിത്യജീവന്റെ വാതിൽ ഈ യാഗത്തിൽ തുറക്കപ്പെടുന്നു. അതായത്, നിത്യജീവനെ പ്പറ്റിയുള്ള അറിവും പ്രത്യാശയും അവകാശവും ഈ യാഗം മൂലം മനുഷ്യവംശത്തിന് ലഭിക്കുന്നു എന്നർത്ഥം. ഋക്, യജുസ്, സാമവേദങ്ങൾ പുരുഷ യാഗത്തിന്റെ അന്തസത്തയുൾക്കൊള്ളുന്നവയാണ് എന്ന് വ്യംഗ്യം.

അടുത്ത മന്ത്രത്തിൽ യാഗമൃഗങ്ങളുടെ ഉത്ഭവത്തെ പ്പറ്റിപ്പറയുന്നു.

"തസ്മാദശ്വാ അജായത
യേ കേ ചോഭയാദത:
ഗാവോ ഹ ജജ്ഞിരേ തസ്മാദ്
തസ്മാദ് ജാതം അജാവയ: (10)

അർത്ഥം. ആ യജ്ഞത്തിൽ നിന്ന് കുതിരകളും അതുപോലെയുള്ള മറ്റു മൃഗങ്ങളും പ്ശുക്കളും ആടുകളും മറ്റും ഉൽപന്നമായി.

ഇവിടെ ചില മൃഗങ്ങളുടെ മാത്രം പേര് പറഞ്ഞതു കൊണ്ട് അവ മാത്രമേ ഉൽപന്നമായുള്ളു എന്നർത്ഥമില്ല. അക്കാലത്ത് യാഗസംബന്ധമായി പ്രചാരത്തിലിരുന്ന കുതിര,

www.malankaralibrary.com

പശു, ആട് ഇവയുടെ പേര് സൂചിപ്പിക്കുന്നു എന്നേയുള്ളൂ.

(ആകാശത്തിലും വനാന്തരങ്ങളിലും ഗ്രാമങ്ങളിലും ജീവിക്കുന്ന മൃഗങ്ങൾ സംജാതമായി എന്ന് എട്ടാമത്തെ മന്ത്രത്തിൽ പറഞ്ഞശേഷം യാഗയോഗ്യമായ ഗ്രാമ്യമൃഗങ്ങളുടെ പേരെടുത്ത് ഇവിടെ പറഞ്ഞിരിക്കുന്നു.

"ഹിരണ്യഗർഭഃ സമവർത്തതാഗ്രേ" (ഋഗ്വേ.10.121.1)

പ്രകാശത്തിൽ നിന്ന് പ്രകാശമായി ആദ്യജാതനായി ജനിച്ച പുരുഷനാണ് ഈ യജ്ഞത്തിൽ ബലിയർപ്പിക്കപ്പെടുന്നത്. ജനിച്ചപ്പോൾ തന്നെ ഈ പുരുഷൻ പ്രപഞ്ചത്തിൽ ചൈതന്യമായി, ജീവനായി ഭവിച്ചവനാണ്. "Let there be light"- അങ്ങനെ ഉളവായ വെളിച്ചം ഇരുളിനെ നീക്കി സൃഷ്ടിയെ പ്രകാശിപ്പിച്ചു. ഈ സത്യവെളിച്ചം അവൻ മുഖാന്തരമുണ്ടായ ലോകത്തോടു കൂടി വസിച്ചു.(യോഹ.19.10) അവനിൽ ജീവൻ ഉണ്ടായിരുന്നു. ജീവൻ മനുഷ്യന്റെ വെളിച്ചമായിരുന്നു (യോഹന്നാൻ 1.4) ഈ ജീവനായകനാണ് ഇവിടെ ഹോമിക്കപ്പെടുന്നത്. ഇവിടെ ഹോമിക്കപ്പെട്ടാലും അവൻ ഇല്ലാതെയാവുന്നില്ല. പ്രകൃതിയുടെ ചൈതന്യമായി, ജീവനായി പ്രപഞ്ചത്തിൽ നിറഞ്ഞുനിൽക്കുന്നവൻ മേലിലും അതേ അവസ്ഥയിൽ തന്നെ നിലനിൽക്കുകയും എന്നും ആരാധിക്കപ്പെടുകയും ചെയ്യും. പ്രപഞ്ചത്തിൽ ദൈവത്തെ സത്യമായി ആരാധിക്കുന്ന ഒരു പുതിയ വ്യവസ്ഥിതി (അതാണ് യാഗമൃഗങ്ങൾ സൂചിപ്പിക്കുന്നത്) ഈ യാഗം മൂലം സ്ഥാപിതമാവുന്നു എന്നാണർത്ഥം. മൃഗങ്ങൾ യാഗത്തെയും, യാഗം ദൈവാവബോധത്തെയും സൂചിപ്പിക്കുന്നു. ദൈവാവബോധം ദൈവാരാധനയിലേക്ക് വഴി നടത്തുന്നു.

"യത് പുരുഷം വ്യദധുഃ
കതിധാ വ്യകൽപ്പയൻ
മുഖം കിമസ്യ കൗ ബാഹു
കാ ഊരു പാദൗ ഉ ചേതേ (11)

(പുരുഷയാഗത്തിൽ യാഗവസ്തുവായി എരിഞ്ഞമരുന്ന പുരുഷൻ വീണ്ടും ആദിയിലെന്നപോലെ ചൈതന്യമായി, ജീവനായി പ്രപഞ്ചത്തിൽ പുതുവ്യവസ്ഥിതിയിൽ നിലനിൽക്കും എന്നാണല്ലോ മുകളിൽ പറഞ്ഞത്. പുനരുജ്ജീവിക്കുന്ന ഈ പുരുഷൻ പുതിയ

www.malankaralibrary.com

വ്യവസ്ഥിതിയിൽ പ്രാപിക്കുന്ന രൂപഭേദങ്ങളെപ്പറ്റിയുളള ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിക്കപ്പെടുന്നത്)

അർത്ഥം. ആ പുരുഷന്റെ മുഖം, രണ്ടു കൈകൾ, ഇരുതുടകളും ഇരുകാലുകളും എന്തായിത്തീരുന്നു? (എങ്ങനെ തിരിച്ചറിയാൻ കഴിയും? എന്നാണ് പ്രശ്നം)

ഭൂചരജന്തുക്കളെ സംബന്ധിച്ച വിവരണം കൊണ്ട് പുതുസൃഷ്ടിയുടെ വ്യവസ്ഥിതിയെ സംബന്ധിച്ച ഒരു വശം മാത്രമാണ് ഇതുവരെ പറഞ്ഞത്. അതോടുകൂടെ ജ്ഞാനരൂപമായ ലാഭത്തെയും (വേദങ്ങളുടെ ഉൽപത്തി) പറഞ്ഞു. ജ്ഞാനം മൃഗത്തിനായുളളതല്ല, അത് മനുഷ്യനുവേണ്ടിയുളളതാണ്. ഇതോടു ബന്ധപ്പെടുത്തി ഇനിയും മനുഷ്യനെ സംബന്ധിക്കുന്ന പുതുസൃഷ്ടിയുടെ വിവരണം അവതരിപ്പിക്കാൻ പോവുകയാണ്.

## പ്രജാപതിയുടെ ശരീരവും അവയവങ്ങളും

(യോഹ.15.5)

"ബ്രാഹ്മണോ അസ്യ മുഖമാസീത്
ബാഹു രാജന്യ: കൃത:
ഊരു തദസ്യ യദ് വൈശ്യ:
പദ്ഭ്യാം ശൂദ്രോ അജായത (12)

അർത്ഥം. പ്രജാപതിയുടെ മുഖം ബ്രാഹ്മണനും, ബലിഷ്ഠമായ കരങ്ങൾ ക്ഷത്രിയനും, ശക്തമായ തുടകൾ വൈശ്യനും, പാദങ്ങൾ ശൂദ്രനും ആയിത്തീരുന്നു.

ഭാരതത്തിൽ നിലനിന്നിരുന്ന ചാതുർവർണ്ണ്യ വ്യവസ്ഥിതിയെ പശ്ചാത്തലമാക്കിക്കൊണ്ട് ഈ മന്ത്രത്തിന് നൽകുന്ന അർത്ഥമാണ് മുകളിൽ നൽകിയിരിക്കുന്നത്. എന്നാൽ, പാപപരിഹാരയാഗമാണ് പ്രജാപതിയാഗം എന്ന പശ്ചാത്തലത്തിൽ ആ മന്ത്രത്തിലെ നിഗൂഢാർത്ഥം ചിന്തിക്കാം.

നാലായി വിഭജിക്കപ്പെട്ടിരിക്കുന്ന ജാതികൾ മനുഷ്യവർഗ്ഗത്തെ മുഴുവനുമായി പ്രതിനിധീകരിക്കുന്നു. ഈ നാലു വിഭാഗങ്ങളും കൂടെ ചേരുന്നത് പ്രജാപതിയുടെ പൂർണ്ണരൂപമാകുന്നു. ഇവിടെ സൂചിപ്പിക്കപ്പെടുന്ന മർമ്മം എന്താണെന്നു നോക്കാം.

www.malankaralibrary.com

ഭൗമശരീരിയായിരുന്ന പ്രജാപതി ഹോമിക്കപ്പെട്ടശേഷം പുനരുജ്ജീവിച്ച് മുമ്പത്തേപ്പോലെ ചൈതന്യമായി, ജീവനായി പ്രപഞ്ചത്തിൽ നിറഞ്ഞു നിൽക്കുന്നു എന്നു പറഞ്ഞു. എന്നാൽ ഭൗമശരീരമില്ലാത്ത അവസ്ഥയിൽ പ്രജാപതിയെ എങ്ങനെ തിരിച്ചറിഞ്ഞ് മനസ്സിലാക്കാം എന്നാണ് സംശയം. ചാതുർവർണ്യമായി അറിയപ്പെടുന്ന മനുഷ്യസമൂഹം മുഴുവനും പ്രജാപതിയുടെ അവയവങ്ങളാകുന്നു എന്നാണ് മറുപടി ലഭിക്കുന്നത്.

"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുമാകുന്നു." (യോഹ.15.5) "നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും ആകുന്നു. (യോഹ.14.20)

ഇവിടെ പ്രജാപതിയെ മാത്രമല്ല, പ്രജാപതിയേയും അവയവങ്ങളേയും തിരിച്ചറിയുന്ന വിധം ശ്രദ്ധിക്കുക.

"പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു." (റോമർ 12.5)

പ്രജാപതിയുടെ മുഖവും കരങ്ങളും കാലുകളും പാദങ്ങളും, ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനു മാകുന്നു എന്നതിന്റെ അർത്ഥം ഇപ്പോൾ മനസ്സിലാകുന്നു എന്ന് വിശ്വസിക്കുന്നു.

"നിങ്ങൾ ക്രിസ്തുവിന്റെ ശരീരമാകുന്നു. ഓരോരുത്തനും അവയവങ്ങളും " (1 കൊരിന്ത്യർ 12.27)

"അവൻ സഭയുടെ ശിരസ്സും, സഭ അവന്റെ ശരീരവു മാകുന്നു." (എഫേസ്യർ 1.23)

പ്രജാപതിയെ ബലിയർപ്പിച്ച യാഗം മൂലം പാപമോചനവും ആത്മാവിന് വിടുതലും ലഭിക്കുന്നവരുടെ കൂട്ടമാണ് സഭ. ഈ സഭയിലെ ഓരോ അംഗവും പ്രജാപതിയുടെ ശരീരത്തിലെ അവയവങ്ങളാകുന്നു. യാഗമായിത്തീർന്ന പ്രജാപതിയുടെ ശരീരം ഈ വിധത്തിൽ എന്നും തിരിച്ചറിയപ്പെട്ടുകൊണ്ടിരിക്കും.

"നാം അവന്റെ ശരീരത്തിലെ അവയവങ്ങളാണല്ലോ." (എഫേസ്യർ 5.30). അങ്ങനെ അവയവങ്ങൾ മാത്രമല്ല, "അവനുമായി ചേരുന്നവർ ആത്മാവിൽ അവനുമായി ഒന്നായിത്തീരുന്നു." (1 കൊരിന്ത്യർ 6.17)

ലോകാവസാനം വരെയും ഇപ്രകാരം പ്രജാപതിയുടെ

www.malankaralibrary.com

ശരീരവും ജീവനും, അവന്റെ യാഗം മൂലം പാപക്ഷമ പ്രാപിക്കയും നിത്യജീവന് യോഗ്യരായിത്തീരുകയും ചെയ്യുന്ന അവന്റെ, അവയവങ്ങളായ പ്രജകളിലൂടെ തിരിച്ചറിയപ്പെട്ടുകൊണ്ടിരിക്കും. "ബ്രാഹ്മണോസ്യമുഖമാസീത്..." അതിലെ ഗൂഢാർത്ഥം ഇപ്രകാരം മനസ്സിലാക്കണം.

## പുനരുത്ഥാനം

അടുത്ത രണ്ടു മന്ത്രങ്ങളിൽ ഉയിർത്തെഴുന്നേറ്റ പ്രജാപതിയെ അവതരിപ്പിക്കുന്നു.

"ചന്ദ്രമാ മനസോ ജാത:
ചക്ഷോ: സൂര്യോ അജായതേ
മുഖാദിന്ദ്രശ്ചാഗ്നിശ്ച
പ്രാണാത് വായുരജായത (13)

അർത്ഥം. പ്രജാപതിയുടെ മനസ്സിൽ നിന്ന് ചന്ദ്രനും കണ്ണുകളിൽ നിന്ന് സൂര്യനും മുഖത്തിൽ നിന്ന് ഇന്ദ്രനും അഗ്നിയും പ്രാണനിൽ നിന്ന് വായുവും ഉത്ഭവിച്ചു.

ഇവിടെ സൂചിപ്പിക്കപ്പെടുന്ന ഗൂഢാർത്ഥം എന്താണെന്ന് നോക്കാം.

പ്രജാപതിയുടെ 'മനസ്' സൃഷ്ട്യുൽപ്പാദനരൂപമായ ജ്ഞാനശക്തിയെ സൂചിപ്പിക്കുന്നു.-Strength of knowledge. ഈ യജ്ഞത്തിൽ പ്രപഞ്ചത്തിൽ ജീവനനുകൂലമായ സകല പ്രതിഭാസങ്ങളും സൃഷ്ടിക്കപ്പെടുന്നു. ശീതളചരായോൻ മുഖമായ ചന്ദ്രമസ്സ് ജ്ഞാനപൂർവ്വം നടത്തപ്പെട്ട സൃഷ്ടിയുടെ സ്നേഹപൂർവ്വമായ സന്ധാരണത്തെ (പരിപാലനത്തെ) സൂചിപ്പിക്കുന്നു.

"ജ്ഞാനത്തിൽ ഭൂമിയെ സ്ഥാപിക്കയും വിവേകത്താൽ ആകാശത്തെ ഉറപ്പിക്കയും ചെയ്തു." (സദൃശ്യവാക്യം 3.19)

"അവൻ തന്റെ ശക്തിയാൽ ഭൂമിയെ സൃഷ്ടിച്ചു. തന്റെ ജ്ഞാനത്താൽ ഭൂമണ്ഡലത്തെ സ്ഥാപിച്ചു, തന്റെ വിവേകത്താൽ ആകാശത്തെ വിരിച്ചു." (യിരമ്യാ 51.15)

"ജ്ഞാനത്തോടെ ആകാശങ്ങളെ ഉണ്ടാക്കിയവന്റെ കരുണ എന്നും നിലനിൽക്കുന്നു" (സങ്കീർത്തനം 136:5)

ചന്ദ്രമസ്സിനുശേഷം സൂര്യനെപ്പറ്റിപ്പറയുന്നു. സൂര്യൻ പ്രജാപതിയുടെ കണ്ണുകളിൽ നിന്നുണ്ടായി. അതായത്,

www.malankaralibrary.com

പ്രജാപതി എന്ന സ്രഷ്ടാവിന്റെ ഉജ്ജ്വല ദീപ്തിയെ സൂചിപ്പിക്കുന്നു. -Power of refulgence.

യജുർവേദത്തിൽ (31.12) ഇതേ മന്ത്രത്തിന്റെ മൂന്നും നാലും പാദങ്ങൾ

"ശ്രോത്രാദ് വായുശ്ച പ്രാണശ്ച
മുഖാദഗ്നിരജായത"

എന്ന പാഠഭേദത്തോടെ കാണുന്നു. കാതുകളിൽ നിന്ന് വായുവും പ്രാണനും മുഖത്തിൽ നിന്ന് അഗ്നിയും ഉളവായി എന്നർത്ഥം.

വേദത്തിൽ കാതുകൾ (ശ്രോത്രം) അഷ്ടദിക്കുകളെ (ലോകത്തിന്റെ അതിരുകളെ) സൂചിപ്പിക്കുന്നു. പ്രജാപതിയുടെ സാർവ്വത്രികമായ വ്യാപാരവിശേഷമാണ് വായുവും പ്രാണനും എന്ന ചൈതന്യം എന്നാണ് ഇവിടുത്തെ സൂചന. ഈ അനന്തവിശാലതയെ നിലനിർത്തുന്നത് പ്രജാപതിയുടെ ജീവന്റെ പ്രസരണമാണ് എന്നർത്ഥം-Power of space.

മുഖത്തിൽ നിന്ന് അഗ്നിയുണ്ടായി. പ്രജാപതിയുടെ വായിൽ നിന്നുള്ള വചനത്താൽ അന്ത്യകാലത്ത് ദോഷപൂർണ്ണമായ ഈ ഭൂമിയെ നശിപ്പിക്കാൻ, അഥവാ ശുദ്ധീകരിക്കാനിരിക്കുന്ന ശക്തി വിശേഷത്തെയാണ് ഇവിടെ അഗ്നി എന്നു പറഞ്ഞിരിക്കുന്നത് -Power of destruction.

"ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിക്കാനുള്ള അന്ത്യദിവസത്തിൽ, ആകാശവും ഭൂമിയും ഏതു വചനത്താൽ ആദിയിൽ സൃഷ്ടിക്കപ്പെട്ടുവോ അതേ വചനത്താൽ അന്ത്യനാളിൽ അഗ്നിയാൽ നശിപ്പിക്കപ്പെടും" (2 പത്രോസ് 3.7)

"കർത്താവിന്റെ ദിവസത്തിൽ ആകാശം വലിയ ശബ്ദഘോഷത്തോടെ കടന്നുപോകും, മൂലഭൂതങ്ങൾ അഗ്നിയിൽ ദഹിക്കും. ഭൂമിയും ഭൂമിയിൽ പണിയപ്പെട്ടത് മുഴുവനും വെന്ത് നശിക്കും." (2 പത്രോസ് 3.10)

ശപിക്കപ്പെട്ടവർക്കും പ്രതിയോഗികൾക്കും അന്ത്യമായ സ്ഥാനം നിത്യാഗ്നിയാകുന്നു. (മത്തായി 25.41)

"അചരിദ്രാ:ശർമ്മ ജരിത:പുരുണി" (ഋഗ്വേദം.3.15.5)

"അന്ത്യകാലത്ത് ഈ ജഗത്ത് മുഴുവൻ അഗ്നിയിൽ ദഹിപ്പിച്ച് നശിപ്പിച്ചു കളയും.

www.malankaralibrary.com

"അന്ത്യകാലത്ത് വേരും കൊമ്പും ശേഷിപ്പിക്കാതെ ദോഷപൂർണ്ണമായ ലോകം അഗ്നിയിൽ ദഹിപ്പിക്കപ്പെടും" (മലാഖി 4.1)

"അന്ത്യകാലത്ത് ആകാശത്തുനിന്ന് തീയിറങ്ങി സാത്താനേയും സൈന്യത്തെയും ദഹിപ്പിച്ചു കളയും" (വെളിപാട് 20.7.10)

ഇതിന്റെയൊക്കെയും സാരാംശം എന്താണ്? പ്രായശ്ചിത്തയാഗമായി ദഹിപ്പിക്കപ്പെടുന്ന പ്രജാപതി അതോടെ അവസാനിക്കുന്നില്ല. യസ്യ ഛായാമൃതം യസ്യ മൃത്യു=രക്ഷിപ്പാനും ശിക്ഷിപ്പാനും ഉള്ള സർവ്വാധികാരവും പ്രാപിച്ചവനായി അവൻ പുനരുജ്ജീവിക്കുന്നു, പ്രപഞ്ചത്തിൽ നിറഞ്ഞുനിൽക്കുന്നു.

പരിജ്ഞാനത്തിന്റെ പ്രഭയും - Strength of knowledge
ഉജ്ജ്വലതേജസ്സിന്റെ ശക്തിയും - Power of refulgence
ചൈതന്യത്തിന്റെ നിറവും - Power of space
ന്യായവിധിയുടെ അധികാരവും - Power of destruction.

ഇവയെല്ലാം പ്രാപിച്ചവനായി, ഉയിർത്തെഴുന്നേറ്റ പ്രജാപതി സർവ്വാധികാരിയായി സ്ഥിതിചെയ്യുന്നു.

അടുത്ത മന്ത്രത്തിലെ ആശയവും ഇതോടു ബന്ധപ്പെട്ടതു തന്നെ.

"നാഭ്യാ ആസീദന്തരീക്ഷം
ശീർഷ്ണോ: ദ്യൗ: സമവർത്തത
പദ്ഭ്യാം ഭൂമിർ ദിശ ശ്രോത്രാത്
തഥാ ലോകാൻ അകല്പയത് (14)

അർത്ഥം. (ചന്ദ്രാദികൾ ഉത്ഭവിച്ചതുപോലെ) പ്രജാപതിയുടെ നാഭിയിൽ നിന്ന് അന്തരീക്ഷവും ശിരസ്സിൽ നിന്ന് ദ്യുലോകവും (സ്വർഗ്ഗവും), പാദങ്ങളിൽ നിന്ന് ഭൂമിയും ഉൽപന്നമായി, ചെവിയിൽ നിന്ന് ദിക്കുകളും ഉത്ഭവിച്ചു. ഇതോടെ ലോകങ്ങൾ പൂർണ്ണമായി.

സർവ്വശക്തനും സർവ്വജ്ഞാനിയും സർവ്വവ്യാപിയുമായി തത്വത്തിൽ പിതാവിനോടു സമനായി, ലോകം ഉണ്ടാകും മുൻപേ പ്രജാപതിക്ക് പിതാവിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ ( refer യോഹ.17.5) നിറഞ്ഞു നിൽക്കുന്ന പുത്രന്റെ രൂപമാണ് ഇവിടെയും ആലങ്കാരികമായി

www.malankaralibrary.com

വിവരിച്ചിരിക്കുന്നത്.

"സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദ പീഠവുമാകുന്നു" (യെശയ്യാ 66.1)

സ്വർഗ്ഗത്തിൽ സ്ഥാപിച്ചിരുക്കുന്ന കസേരയിൽ ഇരിക്കുന്ന ഈശ്വരന്റെ പാദങ്ങൾ ഭൂമിയിൽ ചവുട്ടിയിരിക്കുന്നു. അപ്രകാരം ഭീമാകാരനായിരിക്കുന്ന ഈശ്വരന്റെ നാഭിയിൽ നിന്നും പുറപ്പെടുന്ന അന്തരീക്ഷം, സ്വർഗ്ഗത്തിനും ഭൂമിക്കും മദ്ധ്യേയുളള സ്ഥലം എത്ര വിശാലമായിരിക്കണം. നാനാദിശകളിൽ നിന്നും ഉത്ഭവിക്കുന്ന ചെറിയ ശബ്ദം പോലും കേൾക്കത്തക്കവണ്ണം ശിരസ്സിലെ കാതുകൾ ദിഗന്തങ്ങൾ വരെ എത്തുന്നവയാണ്. സ്വർഗ്ഗവും ഭൂമിയും ആകാശവും ദിഗന്തങ്ങൾ വരെയും നിറഞ്ഞുനിൽക്കുന്ന ഒരു പ്രജാപതിയെയാണ് ഇവിടെ അവതരിപ്പിക്കുന്നത്. ആദ്യസൃഷ്ടിയിൽ അവൻ തന്റെ പരിപാലനകർത്തവ്യം നിറവേറ്റിക്കൊണ്ട് പ്രപഞ്ചത്തിൽ എപ്രകാരം നിറഞ്ഞു നിന്നുവോ അതുപോലെ തന്നെ പാപപരിഹാര യാഗത്തിൽ ഹോമിക്കപ്പെട്ടശേഷം പ്രജാപതി പുനരുജ്ജീവിച്ച് നിത്യ രക്ഷയുടെ ഏക മാർഗ്ഗമായി പ്രപഞ്ചത്തിൽ നിറഞ്ഞു നിൽക്കുന്നു എന്നാണ് ഇവിടുത്തെ സാരാംശം.

(അടുത്ത മന്ത്രത്തിൽ ഏകജാതനെ ബലി കഴിക്കുന്നതിന്റെ സാധൂകരണം (Justification) നൽകപ്പെടുന്നു.

"സപ്താസ്യാസൻ പരിധയ:
ത്രി:സപ്ത സമിധ:കൃതാ:
ദേവാ:യദ് യജ്ഞം തന്വാനാ:
അബധ്നൻ പുരുഷം പശും" (15)

അർത്ഥം. പ്രജാപതിയാഗം (പുരുഷമേധം) എന്ന ഈ യജ്ഞത്തിന് ഏഴു പരിധികൾ ഉണ്ടായി. ഇരുപത്തിയൊന്ന് സമിത്തുകൾ ഉണ്ടാക്കപ്പെട്ടു. ഇപ്രകാരമുളള യാഗത്തിൽ ഹോമിക്കുവാനായിട്ടാണ് പുരുഷനെ യാഗമൃഗമായി സങ്കല്പിച്ച് ബന്ധിച്ചത്.

ഇവിടെ പറയപ്പെടുന്ന ഏഴു പരിധികളും ഇരുപത്തിയൊന്ന് സമിത്തുകളും സാധാരണമായി യാഗങ്ങളിൽ അനുഷ്ഠിക്കാറുളള വിധികളെയാണ് സൂചിപ്പിച്ചിരിക്കുന്നത്.

യാഗത്തിന് തടസ്സം നേരിടാതെ നടത്തുന്നതിനായി

www.malankaralibrary.com

യാഗപീഠത്തിനു ചുറ്റും നിശ്ചിതദൂരത്തിൽ സങ്കല്പത്തിൽ നിർത്തിയിരിക്കുന്ന പ്രതിനിധികളാണ് പരിധികൾ. യാഗരക്ഷയ്ക്കായി ഇവർ കാവൽ നിൽക്കുന്നു എന്ന് സങ്കല്പം. ഋതുക്കൾ ഉൾപ്പെട്ട കാലങ്ങളും ലോകങ്ങളും ആദിത്യനും ചേർന്ന ഇരുപത്തൊന്നെണ്ണം യാഗവസ്തുവിനെ ദഹിപ്പിക്കുന്ന വിറകിന്റെ രൂപത്തിൽ പ്രവർത്തിക്കുന്നു.

ഈ അലങ്കാരഭാഷയുടെ അർത്ഥസാരാംശം എന്താണെന്ന് നോക്കാം.

യാഗം കഴിക്കപ്പെടുന്ന പുരുഷൻ ആരാണെന്നും, ഈ യാഗത്തിന്റെ ആവശ്യം എങ്ങനെയുണ്ടായി എന്നും, ഈ യാഗം മൂലം ലോകത്തിന് ലഭിക്കുന്ന നൻമ എന്താണെന്നും എല്ലാം വിവരിച്ചശേഷം, ഈ യാഗം നിർവിഘ്നം നടത്തപ്പെടേണ്ടിയിരുന്നത് ഒഴിവാക്കപ്പെടാൻ നിവൃത്തിയില്ലാത്ത ദിവ്യഹിതമായിരുന്നതിനാൽ "ഏഴു പരിധികൾ" പരമാത്മാവിന്റെ പൂർണ്ണസമ്മതവും സംരക്ഷണവും ഈ യാഗത്തിന് നൽകപ്പെട്ടിരിക്കുന്നു എന്ന് സൂചിപ്പിക്കുന്നു.

"ഭൂമിയിൽ സമാധാനം ഉണ്ടാകത്തക്കവണ്ണം ക്രൂശിൽ പുത്രന്റെ രക്തം ചൊരിയുവാൻ പിതാവിന് പ്രസാദം തോന്നി (കൊലോസ്യർ 1.19.20)

"അവനെ (പുത്രനെ) തകർത്തുകളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി"(യെശയ്യാ 53.10)

"പിതാവിന്റെ വ്യാപാരശക്തി അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിക്കയും ചെയ്തു." (കൊലോസ്യർ 2.12)

പുത്രനെ യാഗത്തിൽ തകർക്കുവാനും അവിടെ നിന്നും ഉയിർപ്പിക്കുവാനും പരമാത്മാവിന് പൂർണ്ണ സമ്മതമായിരുന്നു എന്നർത്ഥം.

കാലവും സമയവും പ്രകൃതിയുമായി ഇരുപത്തിയൊന്നെണ്ണം-സർവ്വസൃഷ്ടിയും എന്നർത്ഥം-ഈ പുരുഷനെ ദഹിപ്പിക്കുന്നതിന് വിറകായി ഭവിച്ചു എന്നതിന്, പരമാത്മാവ് തന്റെ ആദ്യജാതനായ ഏകജാതനെ പ്രായശ്ചിത്തമായി ബലികഴിക്കാൻ പൂർണ്ണമായ അനുമതി നൽകത്തക്കവണ്ണം ലോകം മുഴുവനുമായി ദോഷപൂർണ്ണമായിത്തീന്നിരിക്കയും, പ്രായശ്ചിത്ത ബലിയിലൂടെയല്ലാതെ ഒരു പുതുസൃഷ്ടിയും

www.malankaralibrary.com

പുതുവ്യവസ്ഥിതിയും സ്ഥാപിച്ച്, ലോകാരംഭത്തിൽ തന്നെ നിത്യത നഷ്ടപ്പെട്ട മനുഷ്യന് അത് വീണ്ടെടുക്കാൻ- വേറെ മാർഗ്ഗമില്ലാതായിത്തീരുകയും ചെയ്തിരുന്നു എന്ന് വ്യക്തമാക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് "അബദ്ധർ പുരുഷം പശും"=പുരുഷനെ യാഗമൃഗമായി സങ്കല്പിച്ച് ബലി കഴിപ്പാനായി കൊലമരത്തിൽ ബന്ധിച്ചത് എന്ന് യാഗത്തിന്റെ സാധൂകരണം ചോദ്യം ചെയ്യപ്പെടാൻ കഴിയാതെവണ്ണം ഉറപ്പിക്കുന്നു.

മനുഷ്യപുത്രന്റെ യാഗത്തിൽ കാലവും സമയവും പ്രകൃതിയും പഞ്ചഭൂതങ്ങളും എല്ലാ പ്രകൃതി പ്രതിഭാസങ്ങളും എങ്ങനെ പ്രതികരിച്ചു എന്ന് ബൈബിളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"ആറാം മണി നേരം മുതൽ ഒൻപതാം മണി നേരം വരെ ദേശത്ത് എല്ലാം ഇരുട്ടുണ്ടായി... മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി: ഭൂമി കുലുങ്ങി;പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്ര പ്രാപിച്ചവർ ഉയിർത്തു, അവൻ ദൈവപുത്രൻ ആയിരുന്നു, സത്യം എന്ന് അവിശ്വാസികൾ സാക്ഷ്യം പറയുകയും ഭയപ്പെടുകയും ചെയ്തു." ( മത്തായി 27.45.54)

ഇപ്രകാരമുള്ള വിസ്മയങ്ങൾ മറ്റ് ഏതെങ്കിലും ഒരു മനുഷ്യന്റെയോ, ദേവന്റെയോ, അവതാരപുരുഷന്റെയോ മരണത്തിൽ സംഭവിച്ചതായി മറ്റൊരു മതഗ്രന്ഥത്തിലും ഒരിക്കലും രേഖപ്പെടുത്തിയിട്ടില്ല. ഋഗ്വേദത്തിൽ പറയുന്ന "ത്രി:സപ്ത സമിധ:" ഇരുപത്തിയൊന്ന് സമിത്തുകൾ എന്ന പ്രകൃതി പ്രതിഭാസങ്ങളുടെ പ്രതികരണം തന്നെയാവാം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകൃതി വിസ്മയങ്ങൾ.

(പ്രജാപതിയാഗം മൂലം മനുഷ്യവംശത്തിന് ലഭിക്കുന്ന ലാഭം എന്താണെന്ന് പുരുഷസൂക്തത്തിലെ ഒടുവിലത്തെ മന്ത്രത്തിൽ പറയുന്നു)

"യജ്ഞേന യജ്ഞമയജന്ത ദേവാ:
താനി ധർമ്മാണി പ്രഥമാന്യാസൻ
തേ ഹ നാകം മഹിമാന:സചന്തേ
യത്ര പൂർവ്വേ സാദ്ധ്യാ:സന്തി ദേവാ: (16)

www.malankaralibrary.com

അർത്ഥം. സർവ്വസൃഷ്ടിക്കും കാരണഭൂതനായ പ്രജാപതി പാപയാഗമായി അർപ്പിക്കപ്പെടുന്നത് ധ്യാനദൃഷ്ടിയിൽ ദർശിച്ച ജ്ഞാനികൾ യജ്ഞപുരുഷനെ പൂജിച്ചു. ഈ യാഗത്തിൽ നിന്ന് പ്രസിദ്ധങ്ങളും പ്രധാനങ്ങളുമായ ധർമ്മങ്ങൾ ഉളവായി. ഈ യാഗവും യാഗത്തിൽ നിന്ന് ധർമ്മങ്ങളും ഉണ്ടാകുന്നതിന് മുൻപുണ്ടായിരുന്ന ദൈവഭക്തൻമാർ ഏതു സ്വർഗ്ഗത്തിൽ വസിക്കുന്നുവോ അതേ സ്വർഗ്ഗത്തിൽ ഈ യാഗപുരുഷനിലും അവൻ മുഖാന്തരമുണ്ടായ ധർമ്മോപദേശങ്ങളിലും വിശ്വസിക്കുന്നവരും ചെന്നുചേരുന്നു.

പ്രജാപതിയാഗം നടക്കുന്നതിന് മുമ്പുള്ള കാലത്ത് അനേകം ഭക്തൻമാർ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതായും (ഉൽപ.5.24), 2 രാജാക്കൻമാർ 2.11, ഉൽപ.6.8, പുറപ്പാട് 33.12, ലൂക്കോസ് 1.30 etc), അനേകം പേർക്ക് കൃപ ലഭിച്ചതായും മറ്റും ധർമ്മോപദേശഗ്രന്ഥങ്ങളിൽ കാണുന്നു. അങ്ങനെയിരിക്കെ, പാപപരിഹാരബലിയായി നടത്തപ്പെടുന്ന പ്രജാപതിയാഗംമൂലം നിത്യരക്ഷയ്ക്കുള്ള ധർമ്മോപദേശങ്ങൾ ഉളവായി എന്നും ഇതല്ലാതെ രക്ഷയ്ക്ക് വേറേ വഴികളില്ല എന്നും മറ്റും ഈ യാഗത്തോടു ബന്ധപ്പെടുത്തി ഉപദേശിക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ ഉണ്ടാകാവുന്ന സംശയ നിവാരണമായിട്ടാണ്, ഈ യാഗത്തിന് മുമ്പുണ്ടായിരുന്ന ദൈവഭക്തൻമാർക്ക് അന്നത്തെ നിയമപ്രകാരം ലഭിക്കുന്ന രക്ഷാസ്ഥാനത്തു തന്നെയാണ് ഈ യാഗപുരുഷനിലും അവന്റെ നിയമങ്ങളിലും വിശ്വസിക്കുന്നവരും നിത്യരക്ഷയ്ക്കായി ചെന്നുചേരുന്നത് എന്ന് വിഷയം വിശദമാക്കുന്നത്. ഈ യാഗത്തിനുശേഷമുള്ള കാലത്ത്,

"ന അന്യഃപന്ഥാ വിദ്യതേ അയനായ"

രക്ഷ പ്രാപിപ്പാൻ ഈ പ്രായശ്ചിത്ത ബലിയിലൂടെ അല്ലാതെ വേറോരു വഴിയുമില്ല എന്ന മർമ്മം വെളിപ്പെടുത്തുക കൂടെയാണ് ഇവിടെ ചെയ്യുന്നത്.

ന്യായപ്രമാണങ്ങൾ നൽകപ്പെടുന്നതിന് മുമ്പുള്ള മനസ്സാക്ഷിയുഗത്തിലെ ഭക്തൻമാർക്കും രക്ഷയ്ക്കവകാശമുണ്ടായിരുന്നു എന്ന് ഇവിടെ സൂചിപ്പിക്കുന്നു. ഹാബേൽ, ഏനോശ്, ഹാനോക്, നോഹ തുടങ്ങിയവരെ ഉദാരണമായെടുക്കാം.

www.malankaralibrary.com

അടുത്ത ഘട്ടമാണ് ന്യായപ്രമാണ യുഗം. അവിടെയും നിയമം അനുസരിക്കുന്ന ഭക്തൻമാർക്ക് കൃപ (രക്ഷ) ലഭിക്കുന്നു എന്നു കാണാം. മോശ, ഏലിയാവ്, ദാനിയേൽ, ദാവീദ് തുടങ്ങിയവർ ഉദാഹരണങ്ങൾ.

മനസ്സാക്ഷിയുഗ സംബന്ധമായ ഒരു ന്യായീകരണം ശ്രദ്ധിക്കാം:-

ന്യായപ്രമാണമില്ലാത്ത ജാതികൾ ന്യായപ്രമാണത്തിലുള്ളത് സ്വഭാവത്താൽ ചെയ്യുമ്പോൾ ന്യായപ്രമാണമില്ലാത്ത അവർ തങ്ങൾക്കു തന്നെ ഒരു ന്യായപ്രമാണമാകുന്നു. അവരുടെ മനസ്സാക്ഷികൂടെ സാക്ഷ്യം പറഞ്ഞും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിപാദിക്കുകയോ ചെയ്തും കൊണ്ട് അവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തി തങ്ങളുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു." (റോമർ 2.14.15)

ഇതാണ് ന്യായപ്രമാണം നൽകപ്പെടുന്നതിന് മുമ്പുണ്ടായിരുന്ന മനസ്സാക്ഷിയുഗത്തിലെ നിയമം. ന്യായപ്രമാണം ലഭിച്ചിട്ടില്ലാത്തവരായി ഈ കാലഘട്ടത്തിലുള്ളവർക്കും ഇതേ മനസ്സാക്ഷിയുഗ നിയമം ബാധകമാണ്. മനസ്സാക്ഷിപ്രകാരം തിൻമയെ വെറുക്കുകയും നൻമയെ സ്വീകരിക്കുകയും ചെയ്യുന്ന ജീവിതശൈലിയാണ് മനസ്സാക്ഷിയുഗത്തിലെ കൃപയ്ക്ക് കാരണമാകുന്ന നിയമം.

ഈ അവസ്ഥയ്ക്ക് ശേഷമുള്ള ന്യായപ്രമാണ യുഗത്തിലും ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടുന്നു. (റോമർ 3.28). ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിലെ മുഖ്യവിഷയമാണ് യാഗങ്ങൾ. വേദാന്തികൾ ഈ യാഗക്രിയകളെ തള്ളിക്കളഞ്ഞിട്ട് വിശ്വാസത്താലുള്ള രക്ഷ ഉപദേശിച്ചു. അപ്പോൾ മുതൽ യാഗത്തിന് പ്രാധാന്യം നൽകാതെ, "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" (ഹബക്കൂക് 2.4, റോമർ 1.17) എന്ന് മനസ്സാക്ഷിയെ വിശ്വാസത്തോട് ബന്ധിപ്പിച്ചു. മനസാക്ഷിയുടെ വിവേചനത്താലും ന്യായപ്രമാണത്തിലെ വിശ്വാസത്താലും ലഭിക്കുന്ന രക്ഷ അന്ത്യനാളിൽ ക്രിസ്തു മനുഷ്യരുടെ രഹസ്യങ്ങളെ ന്യായവിധിക്കായി വെളിപ്പെടുത്തുമ്പോൾ വ്യക്തമായി വരും. (റോമർ 2,16) അതായത്, മനസ്സാക്ഷിയുടെ വിശുദ്ധിയിലൂടെ രക്ഷയ്ക്ക് അർഹരാകുന്നവരും, ന്യായപ്രമാണത്തിന്റെ

www.malankaralibrary.com

വിശ്വാസത്തിലൂടെ രക്ഷയ്ക്ക് അർഹരാകുന്നവരും, പ്രായശ്ചിത്ത ബലിമൂലം രക്ഷ പ്രഖ്യാപിതമാകുന്നതിന് മുമ്പുള്ള ഭക്തൻമാരാണ്. ഇവരും, പ്രായശ്ചിത്ത ബലിയിലൂടെ പാപമോചനവും രക്ഷയും പ്രാപിക്കുന്നവരും ഒരേ രക്ഷകനാൽ തന്നെ വിസ്തരിക്കപ്പെടും (2 കൊരി.5.10) അതിനുശേഷം, മൂന്നു വിധത്തിലും രക്ഷയ്ക്ക് അർഹരായവർ ഒരേ നിത്യതയിൽ ഒരേ സ്ഥാനത്ത് എത്തിച്ചേരും. ഇതാണ് വേദത്തിലെ രഹസ്യം.

മനുഷ്യൻ പാപം ചെയ്തതോടെ സുവർണ്ണയുഗം (കൃതയുഗം) അവസാനിക്കുന്നു. ഈ സുവർണ്ണയുഗത്തിനും ന്യായപ്രമാണയുഗത്തിനും ഇടയ്ക്കുള്ള കാലഘട്ടമാണ് മനസ്സാക്ഷിയുഗം. മനസ്സാക്ഷി യുഗത്തിൽ പൊതുവേ മനുഷ്യന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും ദോഷകരമായിത്തീർന്നു. എന്നാൽ ഇതിനിടയിൽ കൃപ ലഭിച്ച ന്യൂനപക്ഷവും ഉണ്ടായിരുന്നു. അതാണ്, നോഹ ദൈവത്തോടു കൂടെ നടന്നു, അവന് കൃപ ലഭിച്ചു എന്നു പറഞ്ഞിരിക്കുന്നത്. നോഹയ്ക്ക് കൃപ ലഭിക്കയാൽ, ദൈവകോപത്താലുള്ള പ്രളയത്തിൽ നോഹയും കുടുംബവും രക്ഷപെടുന്നു.

ആര്യൻമാരുടെ അഭിപ്രായത്തിൽ, നോഹയുടെ കാലത്തെ പ്രളയസമയത്ത് കൃപ ലഭിച്ചവരായി എൺപത്തെണ്ണായിരം മഹർഷിമാർ ബദര്യാശ്രമത്തിൽ (ഹിമാലയത്തിൽ) ധ്യാനത്തിൽ മുഴുകി ദൈവത്തോടു കൂടെ വസിച്ചിരുന്നു. അവരും കൃപമൂലം പ്രളയത്തെ അതിജീവിച്ചു. നോഹ ദൈവത്തോടുകൂടെ സ്വന്തമനസ്സാക്ഷിപ്രകാരം നടക്കുകയാൽ കൃപ ലഭിക്കുകയും പ്രളയത്തെ അതിജീവിക്കുകുയും ചെയ്തതുപോലെ, ബദര്യാശ്രമ വാസികളും ദൈവികധ്യാനത്തിൽ ഇരുന്നിരുന്നതിനാൽ അവരുടെ ആശ്രമം പ്രളയത്തിൽ മുങ്ങാതിരിക്കത്തക്കവണ്ണം ദൈകൃപ ലഭിച്ചു എന്നാണ് ഭവിഷ്യപുരാണത്തിൽ പറയുന്നത്.

"വത്സ ന്യൂഹ ശൃണുഷ്വേദം
പ്രളയ: സപ്തമേ ƒഹനി
ഭവിതാ ത്വം ജനൈസ്സാർധം
നാവമാരൂഹ്യ സത്വരം (48)

അർത്ഥം. അല്ലയോ പ്രിയനായ നോഹേ, ഇന്നുമുതൽ

www.malankaralibrary.com

ഏഴാമത്തെ ദിവസം ഭൂമിയിൽ പ്രളയം ഉണ്ടാകും. നീ പരിവാരങ്ങളോടു കൂടെ പെട്ടകത്തിൽ കടന്നുകൂടുക. (ഉൽപ.7.4)

"ആരുഹ്യസ്വകുലൈസ്സാർദ്ധം വിഷ്ണുധ്യാനപരോഭവത്
സാംവർത്തകോ മേഘഗണോ മഹേന്ദ്രേണ സമന്വിത: (51)
ചത്വാരിംശദ്ദിനാന്യേവ മഹാവൃഷ്ടിമകാരയത്
സർവ്വംതു ഭാരതവർഷെ ജലൈ:പ്ലാവ്യതുസിന്ധവ: (52)

അർത്ഥം. നോഹ കുടുംബസമേതം പെട്ടകത്തിൽ കടന്ന് ദൈവത്തെ ധ്യാനിച്ചുകൊണ്ടിരുന്നു. നാല്പതു ദിവസം തുടർച്ചയായി മഴ പെയ്തുകൊണ്ടിരുന്നു.(ഉൽപ.7.12) ഭാരതവർഷം മുഴുവൻ ജലപ്രളയത്തിൽ മുങ്ങി.

"ചത്വാരോ മിളിതാ:സർവ്വേ വിശാലായാം ന ചാഗതാ:
അഷ്ടാശീതി സഹസ്രാണി മുനിയോ ബ്രഹ്മവാദിന: (53)
ന്യൂഹശ്ച സ്വകുലസ്സാർധം ശേഷാസ്സർവേ വിനാശിതാ:
തദാ ച മുനയസ്സർവ്വേ വിഷ്ണുമായാം പ്രതുഷ്ഠുഷു (54)

അർത്ഥം. വെള്ളം പൊങ്ങി നാലുകടലും തമ്മിൽ യോജിച്ചു. ഹിമാലയത്തിലുള്ള വിശാലയിൽ (ബദര്യാശ്രമത്തിൽ) മാത്രം വെള്ളം കയറിയില്ല. അവിടെ ധ്യാനത്തിലിരുന്നിരുന്ന എൺപത്തെണ്ണായിരം മഹർഷിമാരും നോഹയും കുടുംബവും മാത്രം രക്ഷ പ്രാപിച്ചു. അവർ ദൈവത്തെ സ്തുതിച്ചു. ഇവരൊഴികെയുള്ള ജീവജാലങ്ങളെല്ലാം പ്രളയത്തിൽ നശിച്ചു. (ഉൽപ.7.21.24)

"അബ്ദാന്തരേ മഹീ സർവ്വാം സ്ഥലീ ഭൂത്വാ പ്രദൃശ്യതേ
ആരാച്യ ശിഷിണാ നാത ഹിമാദ്രേസ്തടഭൂമയ : (59)

അർത്ഥം. ഒരു വർഷത്തിനുശേഷം ഭൂമിയിൽ വെള്ളം വറ്റി. പെട്ടകം പർവ്വതത്തിന്റെ കൊടുമുടിയിൽ ഉറച്ച് ഉണങ്ങിയ നിലവും കാണപ്പെട്ടു (ഉൽപ.8.13.14)

"ന്യൂഹസ്തത്രസ്ഥിതോ
നാവമാരുഹ്യസ്വകുലൈസ്സഹ
ജലാന്തേ ഭൂമിമാഗത്യ
തത്ര വാസ:കരോതി സ: (60)

അർത്ഥം. പ്രളയത്തിനുശേഷം ഭൂമി ഉണങ്ങി വാസയോഗ്യ

www.malankaralibrary.com

മായപ്പോൾ നോഹയും കുടുംബവും ഭൂമിയിൽ വാസമുറപ്പിച്ചു. (ഉൽപത്തി 8.18).

(ഭവിഷ്യപുരാണം, പ്രതിസർഗ്ഗപർവ്വം, പ്രഥമഖണ്ഡം, നാലാം അദ്ധ്യായത്തിൽ നിന്നും ഉദ്ധരിച്ചിരിക്കുന്നു.)

മനസ്സാക്ഷിയുഗത്തിൽ കൃപ ലഭിക്കുന്നത് എങ്ങനെ എന്നതിന് ഉദാഹരണമായി ഈ വൃത്താന്തത്തെ കരുതാം.

"താനി ധർമ്മാണി പ്രഥമാനി ആസൻ"

പ്രജാപതി യാഗത്തിൽ പ്രസിദ്ധങ്ങളും പ്രധാനങ്ങളുമായ ധർമ്മങ്ങളുണ്ടായി. ഇതിന്റെ രഹസ്യം എന്താണെന്ന് നോക്കാം.

ജ്ഞാനോപദേശങ്ങളായ ഋക്,യജുസ്,സാമവേദങ്ങളും വേദാംഗങ്ങളും ഈ യാഗത്തിൽ നിന്നുണ്ടായി എന്ന് ഒൻപതാമത്തെ മന്ത്രത്തിൽ പറഞ്ഞു. അപ്പോൾ, ഇവിടെ പറയപ്പെടുന്ന പ്രസിദ്ധങ്ങളും പ്രധാനങ്ങളുമായ ധർമ്മോപദേശങ്ങൾ ഏതാണ്?

മനുഷ്യൻ സ്വപ്രയത്നത്താൽ ശുദ്ധമാക്കുന്ന മനസ്സാക്ഷിയിലൂടെ നേടുന്ന രക്ഷയും, ന്യായപ്രമാണങ്ങളുടെ അനുസരണത്താൽ നീതികരിക്കപ്പെടുന്ന വിശുദ്ധൻമാർക്ക് ലഭിക്കുന്ന രക്ഷയും പൊതുവേ മനുഷ്യവംശത്തിൽ പരാജയമായിത്തീരുകയാൽ, "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല"(ലേവ്യർ 17.11, എബ്രായർ 9.22) എന്ന ന്യായപ്രമാണപ്രകാരമുള്ള ആശയം, അതുവരെയും അനുഷ്ഠിച്ചുകൊണ്ടിരുന്ന മൃഗബലിക്ക് അപ്പുറത്തുള്ള ഒരു "പരമയാഗ"ത്തിന്റെ സൂചനയായി ചിന്തിക്കപ്പെട്ടു.

"ആദ്യജാതൻ പാപപരിഹാരയാഗമായി അർപ്പിക്കപ്പെടണം"- ഇതാണ് പ്രജാപതിയാഗം. ഈ യാഗത്തിൽ പ്രസിദ്ധങ്ങളും പ്രധാനങ്ങളുമായ ധർമ്മോപദേശങ്ങൾ ഉളവായി എന്നാണ് ഋഗ്വേദം പറയുന്നത്. ഈ പ്രതിപാദനം വേദാന്തോപദേശങ്ങളെയാണ് സൂചിപ്പിക്കുന്നത്. വേദങ്ങളുടെ ഉത്ഭവത്തെപ്പറ്റി ഒൻപതാം മന്ത്രത്തിൽ പറഞ്ഞു. ഇപ്പോൾ വേദാന്തത്തെപ്പറ്റി പറയുന്നു.

ബൈബിളിൽ പുതിയ നിയമമായി രേഖപ്പെടുത്തിയിരിക്കുന്ന സുവിശേഷനിയമങ്ങൾ വേദാന്തോപദേശങ്ങളായ ധർമ്മോപദേശങ്ങളാണ്. യാഗം മൂലം സംജാതമായ പുതിയ

www.malankaralibrary.com

സൃഷ്ടിയുടെ പുതിയ വ്യവസ്ഥിതി എന്ന പുതിയ നിയമങ്ങൾ യാഗത്തിൽ ബലിയർപ്പിക്കപ്പെട്ട പ്രജാപതിയുടെ നിത്യരക്ഷയെ സംബന്ധിച്ച ഉപദേശങ്ങൾ ഈ യാഗസംബന്ധമായ ഉപദേശങ്ങൾ തന്നെ, അവ ഏതുകാലത്തിനും ദേശത്തിനും ജാതിക്കും യോജിക്കുന്ന പ്രസിദ്ധങ്ങളും പ്രധാനങ്ങളുമായ നിത്യതയുടെ ഉപദേശങ്ങളാണ്.

ഒൻപതാമത്തെ മന്ത്രത്തിൽ പറയപ്പെടുന്ന വേദങ്ങളുടെ ഉത്ഭവം മൃഗങ്ങളുടെ പ്രയോജനമില്ലാത്ത രക്തമൊഴുക്കുന്ന കർമ്മമാർഗ്ഗത്തെ സൂചിപ്പിക്കുമ്പോൾ, ഈ മന്ത്രത്തിൽ പറയപ്പെടുന്ന ധർമ്മോപദേശങ്ങൾ പാപമോചനവും നിത്യരക്ഷയും പ്രാപിക്കാനുള്ള വിശ്വാസമാർഗ്ഗമാണ്. ഇപ്രകാരം രക്ഷയ്ക്കുള്ള സത്യമാർഗ്ഗം വെളിപ്പെട്ടപ്പോൾ,

"യജ്ഞേന യജ്ഞമയജന്ത ദേവാ:"

=യജ്ഞസ്വരൂപം പരമാത്മാനം പൂജിതവന്തഃ= യാഗപുരുഷനെ സത്യാത്മാവായി അറിഞ്ഞ് ഋഷിമാർ അവനെ പൂജിച്ചു-അവനിൽ ശരണം പ്രാപിച്ചു, എന്നർത്ഥം.

"തം ഹ ദേവം ആത്മബുദ്ധിപ്രകാശം
മുമുക്ഷുർ വൈ ശരണമഹം പ്രപദ്യേ"

(ശ്വേത.ഉപ.6.18)

ആത്മീയമായി ബുദ്ധിയെ പ്രകാശിപ്പിക്കുന്നവനായ, (പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധി യെക്കുറിച്ചും ബോധം വരുത്തുന്നവനായ (യോഹ.16.8), ആ ദേവനെ നിത്യത-മോക്ഷം-ഇച്ഛിക്കുന്നവനായ മഹർഷി ശരണം പ്രാപിക്കുന്നു.

"യത്ര പൂർവ്വേ സാദ്ധ്യാ: ദേവാ:സന്തി തത് നാകം തേ മഹിമാന:സചന്തി" =മനസ്സാക്ഷിയുഗത്തിലും ന്യായപ്രമാണയുഗത്തിലും രക്ഷയ്ക്ക് യോഗ്യരായവർ ചെന്നുചേരുന്ന അതേ സ്വർഗ്ഗത്തിൽ തന്നെ പ്രജാപതി യാഗത്തിലൂടെ സാദ്ധ്യമായ നിത്യരക്ഷനേടുന്നവരും ചെന്നുചേരുന്നു.

ഇതാണ് പുരുഷസൂക്തത്തിൽ വിവരിക്കപ്പെടുന്ന പ്രജാപതിയാഗവർണ്ണനയിലെ അവസാനമന്ത്രത്തിലെ ഗൂഢാർത്ഥവിശദീകരണം. നിത്യരക്ഷയുടെ ദൈവം മനുഷ്യപുത്രനായി ജനിച്ച് ലോകത്തിന്റെ പാപം ചുമന്നുകൊണ്ട് കാലങ്ങൾക്കും ലോകങ്ങൾക്കും സാക്ഷ്യമായി ഹോമിക്കപ്പെട്ട

www.malankaralibrary.com

ഹോമിക്കപ്പെട്ട ബലിക്കുശേഷം, ആ യാഗത്തിലൂടെ തുറക്കപ്പെട്ട വഴിയിലൂടെ മാത്രമേ അന്നുമുതൽ രക്ഷ പ്രാപിക്കാൻ സാദ്ധ്യമാ വുകയുളളു എന്നതാണ് ഈ പരമയാഗത്തിന്റെ സവിശേഷത. ഈ സവിശേഷതയുടെ അംഗീകാരമായിട്ടാണ് ഋഷികൾ യജ്ഞസ്വരൂപനെ ശരണം പ്രാപിക്കുന്നത്. തന്നെയുമല്ല,

"ന അന്യോ ഹേതുർ വിദ്യത ഈശനായ"

ഇനിമേൽ രക്ഷിക്കപ്പെടുവാൻ വേറെ യാതൊരു മാർഗ്ഗവും അറിയപ്പെടുന്നില്ല എന്ന് അവർ പ്രഖ്യാപിക്കയും ചെയ്തു. ഋഗ്വേദം മണ്ഡലം പത്ത് സൂക്തം 90ൽ 16 മന്ത്രങ്ങളിലായി പ്രജാപതിയാഗത്തെ വിവരിച്ചിരിക്കുന്നതാണ് ഇതുവരെ പ്രസ്താവിച്ചത്. യജുർവേദം മുപ്പത്തിയൊന്നാം അദ്ധ്യായത്തിൽ ഈ 16 മന്ത്രങ്ങൾക്കും പുറമെ, 6 മന്ത്രങ്ങൾ കൂടെ ചേർത്തിരിക്കുന്നു. അവയിലെ ആശയവും ചുരുക്കമായി ചിന്തിക്കാം.

"അദ്ഭ്യഃസംഭൃതഃപൃഥിവൈ്യ രസാച്ച
വിശ്വകർമ്മണഃസമവർത്തതാധി
തസ്യത്വഷ്ടാ വിദധദ് രൂപമേതി
തൻമർത്യസ്യ ദേവത്വമാജാനമഗ്രേ (17)

അർത്ഥം. പരമാത്മാവായ ദൈവം ആദിയിൽ സ്വന്ത ഇഷ്ടപ്രകാരം ജലപ്രധാനമായ ഭൂമി ഉൾപ്പെട്ട പ്രപഞ്ചത്തെ സൃഷ്ടിച്ചു. പിന്നീട്, പ്രപഞ്ചപരിപാലകനായ പുരുഷൻ പരമാത്മാവിൽ നിന്നും ജനിച്ചു. ആ പുരുഷൻ പരമാത്മാവിന്റെ ഇഷ്ടാനിഷ്ടങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്നു. ഈ പുരുഷന്റെ ആത്മീയ സ്വഭാവം ആദിയിൽ തന്നെ ഉളവായതാകുന്നു. മനുഷ്യവർഗ്ഗത്തിന്റെ ജ്ഞാനവും ശക്തിയും അവൻ തന്നെയാകുന്നു.

പ്രപഞ്ചപരിപാലനത്തിനായി ആദ്യജാതനായ പുരുഷൻ പരിപാലനകർത്തവ്യനിവൃത്തിക്കായി സ്വയം യാഗമായ ശേഷവും ആദിയിലെന്നപോലെ തന്റെ ആത്മീയ സ്വരൂപത്തിൽ മാനവരാശിയുടെ രക്ഷകനായി സ്ഥിതി ചെയ്യുന്നു എന്നാണ് ഇവിടുത്തെ ആശയം.
"ലോകമുണ്ടാകുന്നതിനുമുൻപേ പുത്രന് പിതാവിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ, അതായത്,

www.malankaralibrary.com

പ്രകാശത്തിൽ നിന്നുളള പ്രകാശമായി, പിതാവിനോട് സമത്വമുളളവനായി, സർവ്വാധികാരവുമുളളവനായി ഈ യാഗത്തിനുശേഷം വീണ്ടും യഥാസ്ഥാനപ്പെടുത്തേണമേ"എന്ന് യോഹന്നാൻ 17.5ൽ സൂചിപ്പിച്ചിരിക്കുന്ന അതേ ആശയമാണ് ഇവിടെയും കാണുന്നത്.

## ഉയിർത്തെഴുന്നേറ്റ പ്രജാപതിയെ ഭക്തൻ ദർശിക്കുന്നു.

"വേദാഹമേതം പുരുഷം മഹാന്തം
ആദിത്യവർണ്ണം തമസഃ പരസ്താദ്
തമേവ വിദിത്വാ അതിമൃത്യുമേതി
നാന്യഃപന്ഥാ വിദ്യതേ അയനായ (18)

അർത്ഥം. ഏതം പുരുഷം=ഈ പുരുഷനെ (ഊനമില്ലാത്ത മൃഗമായി സങ്കല്പിച്ച് യാഗം ചെയ്യപ്പെട്ട ആ പുരുഷനെ) പരിപൂർണ്ണ ദൈവമായി, സൂര്യനെപ്പോലെ പ്രകാശിക്കുന്നവനായി (തേജോരൂപനായി), എന്നെ വലയം ചെയ്യുന്ന അന്ധകാരത്തിനും അപ്പുറത്തായി (എന്റെ അജ്ഞാനത്തിനപ്പുറത്തായി) ഞാൻ കാണുന്നു. (അവനെ ഞാൻ ഇപ്പോൾ അറിയുന്നു) ഈ പുരുഷനെ അറിഞ്ഞാൽ മാത്രമേ മരണത്തെ ജയിച്ചു നിത്യജീവൻ പ്രാപിക്കാൻ സാധിക്കയുളളു. ഈ ലക്ഷ്യത്തിലെത്തിച്ചേരാൻ വേറെ യാതൊരു വഴിയും അറിയപ്പെട്ടിട്ടില്ല-For Salvation there is no other path except this.

യാഗത്തിൽ പശുത്വം കല്പിച്ച് ബലികഴിക്കപ്പെട്ട പുരുഷന്റെ പുനരുജ്ജീവനം (ഉയിർത്തെഴുന്നേൽപ്പ്) വളരെ വ്യക്തമായി ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ് തേജഃസ്വരൂപനായി സ്വർഗ്ഗാരോഹണം ചെയ്ത് മാനവരാശിയുടെ നിത്യരക്ഷയ്ക്ക് ഏകവഴിയായി നിൽക്കുന്ന രക്ഷകനെ വിശ്വാസത്താൽ അറിയുന്ന ഭക്തൻ, ഈ വഴിയിലൂടെ മരണത്തെ ജയിച്ച് നിത്യജീവൻ പ്രാപിക്കാമെന്ന അറിവുമൂലം അത്യാഹ്ലാദഭരിതനായി ത്തീരുകയും നിത്യരക്ഷയ്ക്ക് കാരണമായി ഈ പുരുഷനല്ലാതെ വേറോരു ദേവനില്ല എന്ന് സ്വന്തസാക്ഷ്യം അതിശക്തമായി പ്രസ്താവിക്കയുമാണ് ചെയ്യുന്നത്.

യജ്ജൂർവേദം ഇപ്രകാരം പറയുമ്പോൾ, ഇതിന്റെ വേദാന്തഭാഗമായ ശ്വേതാശ്വതരോപനിഷത് കുറേക്കൂടെ

www.malankaralibrary.com

...ക്തമായി പറയുന്നു:

"അമൃതസ്യ പരം സേതും
ദഗ്ധേന്ധനമിവാനലം" (ശ്വേ.ഉ.6.19)

അർത്ഥം. വിറകെരിഞ്ഞു തീർന്ന അഗ്നിപോലെ തേജ:സ്വരൂപനായി (മരിച്ചുയർത്തെഴുന്നേറ്റ് തേജോരൂപം പ്രാപിച്ചവനായി, നിത്യരക്ഷയുടെ ദൃഢമായ പാലമായി (പരമാത്മാവിനും മനുഷ്യനും ഇടയിൽ മദ്ധ്യസ്ഥനായി) രക്ഷയ്ക്കുള്ള ഏകവഴിയായി നിൽക്കുന്ന ദേവൻ (മുമുക്ഷുർ വൈ ശരണമഹം പ്രപദ്യേ=നിത്യതയിൽ പ്രത്യാശ വച്ചിരിക്കുന്ന ഞാൻ അവനെ ശരണം പ്രാപിക്കുന്നു)

ഇവിടെ പ്രജാപതിയുടെ ഉയിർത്തെഴുന്നേൽപ്പ് സംശയരഹിതമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

പുനരുജ്ജീവിച്ച പ്രജാപതി സ്വർഗ്ഗാരോഹണം ചെയ്ത് ദൂരെ ഏതോ അപ്രാപ്യമായ സ്ഥാനത്ത് ചെന്ന് ജ്വലിച്ചുകൊണ്ടിരിക്കയാണ് എന്ന് സംശയമുണ്ടാകാതിരിക്കാനായി ഭക്തർ വീണ്ടും തന്റെ അനുഭവസാക്ഷ്യം വിവരിക്കുന്നതാണ് അടുത്ത മന്ത്രം.

"എല്ലാ നാളും കൂടെയിരിക്കും" (മത്തായി 28.20)

"പ്രജാപതിശ്ചരതി ഗർഭെ അന്ത:
അജായമാനോ ബഹുധാ വിജായ തേ
തസ്യയോനീം പരിപശ്യന്തി ധീരാ:
തസ്മിൻ ഹ തസ്ഥുർ ഭുവനാനി വിശ്വാ (19)

സാരം.പ്രജാപതി എല്ലാവരുടെയും ഹൃദയങ്ങളിൽ വസിക്കുന്നു. അവന് ജനനമോ മരണമോ ഇല്ലെങ്കിലും അവൻ പ്രപഞ്ചത്തിൽ ചൈതന്യമായി, ജീവനായി ജനിക്കുന്നു. അവനിൽ വിശ്വസിക്കുന്നവൻ അവന്റെ രൂപത്തെ കാണുകയും അവന്റെ സ്ഥാനത്തെ അറിയുകയും ചെയ്യുന്നു. സകലലോകവും അവനാൽ പരിപാലിക്കപ്പെടുന്നു. (അവനെ കൂടാതെ ഒന്നിനും നിലനിൽപ്പില്ല എന്നർത്ഥം)

"ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളും ജീവിക്കും. ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്നറിയണം. എന്നെ സ്നേഹിക്കുന്നവന് ഞാൻ എന്നെ വെളിപ്പെടുത്തും. എന്നിൽ വിശ്വസിച്ച് എന്റെ വചനം

www.malankaralibrary.com

പ്രമാണിക്കുന്നവരുടെ ഹൃദയങ്ങളിൽ ഞാനും പിതാവും കൂടെ വസിക്കും" (യോഹ.14.19.23)

ഉത്ഥിതനായ ക്രിസ്തു സ്വരൂപം പ്രാപിച്ച് വസിക്കുന്ന സ്ഥാനത്തെയും രൂപത്തെയുമാണ് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. അവനിൽ വിശ്വസിക്കുന്നവർക്ക് ഈ അറിവിന്റെ അനുഭവമുണ്ടാകും.

അടുത്ത മന്ത്രത്തിൽ, ദർശനാനുഭവം കൊണ്ട് സന്തുഷ്ട നായ ഭക്തൻ ആ ദേവന്റെ മുമ്പാകെ സ്വയം സമർപ്പിക്കുന്നു.

## സമർപ്പണം

"യോ ദേവേഭ്യ:ആതപതി
യോ ദേവാനാം പുരോഹിത:
പൂർവ്വോ യോ ദേവേഭ്യോ ജാത:
നമോ രുചായ ബ്രഹ്മയേ" (20)

സാരം. തന്നെ അറിയാനാഗ്രഹിക്കുന്നവർക്കായി പ്രകാശിക്കുകയും അവരുടെ ഇഷ്ടങ്ങൾ സാധിച്ചു കൊടുക്കുകയും ചെയ്യുന്നവനും, എല്ലാവർക്കും മുമ്പേ ജനിച്ചവനും തേജ:സ്വരൂപനുമായ ബ്രഹ്മാത്മകനെ ഞാൻ നമിക്കുന്നു, ശരണം പ്രാപിക്കുന്നു.

"ക്രിസ്തുവോ വരുവാനുള്ള നൻമകളുടെ മഹാപുരോഹിതനായി വന്നിട്ട്, കൈപ്പണിയില്ലാത്തതായി, എന്നു വെച്ചാൽ, ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽക്കൂടി ആട്ടുകൊറ്റൻമാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ട് വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുമുളേളാരു വീണ്ടെടുപ്പ് സാധിച്ചു (എബ്രായർ 9.11.12)

"പുരോഹിതൻ" എന്ന വാക്കിന് മുൻപിൽ ഹിതം ചെയ്യുന്നവൻ എന്നർത്ഥം."ദേവാനാം പുരോഹിത: "എന്നതിന്, ദേവൻമാരുടെ മുൻപിൽ അവരുടെ ഇഷ്ടം സാധിച്ചു കൊടുക്കുന്നവൻ എന്നർത്ഥം. ദേവൻമാർ എന്ന പദത്തിന്, ദൈവത്തിൽ വിശ്വസിച്ച് ദൈവത്തെ ആരാധിക്കുന്ന ശ്രേഷ്ഠജനം എന്നർത്ഥം. ദേവൻമാരുടെ പുരോഹിതൻ എന്നതിന് തന്നിലാശ്രയിക്കുന്ന ഭക്തജനങ്ങളുടെ ഇഷ്ടം

www.malankaralibrary.com

സാധിച്ചുകൊടുക്കുന്നവൻ എന്നേ അർത്ഥമുളളു. വരുവാനുളള നൻമകളുടെ മഹാപുരോഹിതനായ ക്രിസ്തു എന്നതിന്, തന്നിൽ വിശ്വസിക്കുന്നവർക്ക് അന്ത്യകാലത്ത് നിത്യജീവൻ എന്ന നൻമ ദാനമായി നൽകുന്നവൻ എന്നർത്ഥം. ആ മഹാപുരോഹിതൻ സ്വന്തം രക്തമൊഴുക്കി ഹോമിക്കപ്പെട്ട് മനുഷ്യവർഗ്ഗത്തിന് നിത്യമായ വീണ്ടെടുപ്പ് സാധിച്ചു വിജയിയായി സ്ഥിതി ചെയ്യുന്നു. ഈ വിമോചകനെ വിശ്വാസത്താലറിയുന്ന ഭക്തൻ തന്നെത്തന്നെ അവന്റെ ഇഷ്ടത്തിനായി സമർപ്പിക്കുന്നു. "നമോരുചായ ബ്രഹ്മയേ"=വെളിച്ചം നൽകുന്നവനായ ആ ദൈവപുത്രന് നമസ്ക്കാരം.

സകലസൃഷ്ടിയോടും പറയണം

"രുചം ബ്രാഹ്മം ജനയന്ത:
ദേവാ:അഗ്രേ തദബ്രുവൻ
യസ്ത്വൈവം ബ്രാഹ്മണോ വിദ്യാത്
തസ്യ ദേവാ:അസൻ വശേ (21)

സാരം. ആദ്യമേ ആത്മീയ പരിജ്ഞാനം പ്രാപിക്കയും വിശ്വസിക്കയും സമർപ്പിക്കയും ചെയ്തവർ, ശരീരത്തിന്റെ നശ്വരതയേയും ആത്മാവിന്റെ (ജീവന്റെ) നിത്യതയേയും പറ്റി ഈ അറിവ് ലഭിച്ചിട്ടില്ലാത്തവരോട് ഉപദേശിച്ചു കൊണ്ടിരുന്നു. നിത്യതയുടെ അറിവ് ലഭിക്കുന്നവർക്കെല്ലാം അത് പ്രാപിക്കാനായി പരിശ്രമിക്കാവുന്നതാണ്.

"അത്യാശ്രമിഭ്യ:പരമം പവിത്രം
പ്രോവാച സമ്യക് ഋഷിസംഘജുഷ്ടം"

(ശ്വേ.ഉ.6.21)

സാരം. അത്യുൽകൃഷ്ടവും അതിവിശുദ്ധവുമായി മഹർ ഷിമാർ ഗ്രഹിച്ച ഈ ജ്ഞാനത്തെ, ഈ ലോകോത്തര പരമ സത്യത്തെ, ജിജ്ഞാസുക്കളായ സന്യാസിമാർക്ക് നല്ലവണ്ണം വിവരിച്ചുകൊടുത്തു-എന്ന് ശ്വേതാശ്വത രോപനിഷത്തിൽ ഈ വിഷയത്തെപ്പറ്റി പറയുന്നു.

"വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിൻെറ വചനത്താലും വരുന്നു." റോമർ 10.17). ഈ ആശയമാണ് രക്ഷാവഴിയുടെ പ്രചരണവും സ്വീകരണവും എന്നർ ത്ഥത്തിൽ ഈ മന്ത്രത്തിലെ നിഗൂഢത. 1 യോഹന്നാൻ

www.malankaralibrary.com

1.1.3 ശ്രദ്ധിക്കുക. ശ്രവിക്കുന്ന തത്വം, ഗ്രഹിക്കുന്ന മർമ്മം സ്വന്ത നൻമയ്ക്കായി പ്രയോജനപ്പെടുത്തുന്നതോടൊപ്പം ഇത് അറിഞ്ഞിട്ടില്ലാത്തവർക്കും അവരുടെ പ്രയോജനത്തിനായി പറഞ്ഞുകൊടുക്കണം.

"ഉക്ത്വാ ശ്രുത്വാ ച മേധാവീ
ബ്രഹ്മലോകേ മഹീയതേ (കഠ.ഉ.3.16)

സാരം. ബ്രഹ്മതത്വത്തെ, നിത്യരക്ഷയുടെ മാർഗ്ഗത്തെപ്പറ്റി പറഞ്ഞും കേട്ടും ബുദ്ധിമാൻമാർ സ്വർലോകത്തിൽ മഹതീകരിക്കപ്പെടുന്നു.

"ഈ പ്രവചനത്തിലെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതി യിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാൻമാർ. (അവർ സ്വർഗ്ഗത്തിൽ മഹതീകരിക്കപ്പെടും?" (വെളിപാട് 1.3)

"അന്യോ ̷ പ്യേവം യോ വിദധ്യാത്മമേവം"
(കഠോപനിഷത് 6.18)

സാരം. നിത്യരക്ഷയെപ്പറ്റി അറിയുകയും അതിൽ പ്രത്യാശവെയ്ക്കുയും ചെയ്യുന്ന സകലരും ആ നിത്യത പ്രാപിക്കും.

നിത്യരക്ഷയുടെ വഴി ലോകത്തിൽ ഒരു വ്യക്തിപോലും അറിയാതിരിക്കരുത് എന്ന് ക്രിസ്തു ആഗ്രഹിക്കുന്നു.

"ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളാകുവിൻ" (അ.പ്ര.1.8)

"സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കോസ് 16.15)

"മഹതോ മഹീയാൻ"മഹാത്മാക്കളേക്കാൾ മഹത്തമനായ പരമപുരുഷനെ ഭക്തിനിർഭരമായി സ്തുതിച്ചുകൊണ്ടും, ആവശ്യങ്ങളെ തിരുമുമ്പാകെ സമർപ്പിച്ചുകൊണ്ടും അടുത്ത മന്ത്രത്തോടെ യജ്ജൂർവേദത്തിലെ പുരുഷസൂക്തം അവസാനിക്കുന്നു.

www.malankaralibrary.com

## നിത്യജീവന്നായുള്ള അപേക്ഷ

"ശ്രീശ്ച തേ ലക്ഷ്മീശ്ച പത്ന്യാ, അഹോ
രാത്രേ പാർശ്വേ നക്ഷത്രാണി
രൂപം അശ്വിനൗ വ്യാത്തം
ഇഷ്ണന്നിഷാന്നാമും മ ഇഷാണ
സർവ്വലോകം മ ഇഷാണ" (22)

സാരം. ശ്രീയും ലക്ഷ്മിയും അങ്ങയുടെ ഭാര്യമാരാകുന്നു, അതായത്, ജ്ഞാനവും സമൃദ്ധിയും അങ്ങയുടെ അധീനതയിൽ കഴിയുന്നു.

രാവും പകലും അങ്ങയുടെ ഇരുവശങ്ങളുമാകുന്നു. അതായത്, കാലവും കാലഭേദങ്ങളും അങ്ങയെ അനുസരിക്കുന്നു.

നക്ഷത്രങ്ങൾ അങ്ങയുടെ രൂപമാകുന്നു, അതായത്, നക്ഷത്രം പോലെ അങ്ങ് ശോഭാപൂർണ്ണനാകുന്നു, അഥവാ അങ്ങയുടെ രൂപം തേജസ്സാകുന്നു.

ദ്യാവാപൃഥിവികൾ അങ്ങയുടെ വായാകുന്നു, അതായത്, ആകാശവും ഭൂമിയും അങ്ങയുടെ നിറവാകുന്നു. Thy Fulness Thy Presence.

ഏവംവിധം മഹത്തമനായ ദേവനേ, ഞങ്ങൾ ആഗ്രഹിക്കുന്ന നിത്യരക്ഷയെ നൽകണമേ എന്ന് ഞങ്ങൾ വിനീതമായി അപേക്ഷിക്കുന്നു. -We implore, grant salvation unto us. അതിന് യോഗ്യരാകത്തക്ക പരമാത്മജ്ഞാനത്തെ തന്നരുളിയാലും, നിത്യസന്തോഷം അനുഭവിക്കുമാറാക്കിയാലും.

ആദിയിൽ ഇരുൾമൂടിയിരുന്ന മൂലപ്രകൃതിയെ പ്രകാശിപ്പിക്കുവാൻ വെളിച്ചമായി ആദ്യജാതനായ പുരുഷൻ പ്രപഞ്ചപരിപാലനത്തിന് നിയമിക്കപ്പെട്ട് അഖിലാണ്ഡത്തിന്റെ ചൈതന്യമായി,ജീവനായി, വസിച്ചവൻ,

നിയന്ത്രണമില്ലാത്ത മനുഷ്യമനസ്സിന്റെ മോഹങ്ങളാൽ വശീകരിക്കപ്പെട്ട് ദോഷപൂർണ്ണമായ ലോകത്തിൽ സമൂലം പാപിയായിത്തീർന്ന മനുഷ്യവംശത്തിൻെറ വീണ്ടെടുപ്പിനും സൃഷ്ടിയുടെ പുതുക്കത്തിനുമായി യാഗമായിത്തീർന്നവൻ, പുനരുജ്ജീവിച്ച് ആകാശത്തിലും ഭൂമിയിലും സർവ്വാധികാരവും പ്രാപിച്ച് നിത്യജീവന്നധികാരിയായി നിൽക്കുന്നു.

www.malankaralibrary.com

ഈ മനോഹരദൃശ്യം ജ്ഞാനദൃഷ്ടിയിൽ ദർശിക്കുന്ന ഭക്തൻ തന്റെ വംശത്തിന്റെ രക്ഷയ്ക്കായി അപേക്ഷിച്ചു കൊണ്ട് ആ സർവ്വാത്മകന്റെ മുമ്പാകെ സ്വയം സമർപ്പിക്കുന്നു. ഇതാണ് ഇവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്.

യാഗസംബന്ധമായ തത്വവിചാരമാണ് ഋക്,യജൂർവേദ സംഹിതകളിലെ പുരുഷസൂക്തത്തിൽ ഇതുവരെ നാം കണ്ടത്. യാഗത്തിൽ ഹോമിക്കേണ്ട മൃഗത്തെ പരിചരിക്കുന്നതും യാഗം ചെയ്യുന്ന വിധികളും ക്രിയകളും (Process) വേദങ്ങളുടെ ബ്രാഹ്മണം എന്ന ശാഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. (ഐതരേയ ബ്രാഹ്മണം, ശതപഥബ്രാഹ്മണം മുതലായവ ഉദാഹരണം)

മാനസികയാഗമായി, അതായത്, ദർശനത്തിൽക്കണ്ട ആദ്യജാതബലിയുടെ അനുസ്മരണമോ അനുകരണമോ ആയിട്ടായിരിക്കാം യാഗം എന്ന കർമ്മമാർഗ്ഗം തന്നെ ഉരുത്തിരിഞ്ഞത്. ഇത് ഭാവിയിലൊരിക്കൽ നടക്കാനിരുന്ന പരമയാഗത്തിന്റെ നിഴലായി യുഗങ്ങളോളം നിലനിന്നിരിക്കാം. പ്രസ്താവയോഗ്യമായി യാഗത്തിൽ സംഭവിച്ചവയെ സവിസ്തരം പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളാണ് "ബ്രാഹ്മണങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. ഓരോ വേദത്തിനും ഒന്നോ ഒന്നിലധികമോ ബ്രാഹ്മണങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. ഐതരേയബ്രാഹ്മണം ഋഗ്വേദത്തിന്റെയും ശതപഥ ബ്രാഹ്മണം യജൂർവേദത്തിന്റെയും അവാന്തര വിഭാഗങ്ങളാണ്.

പൗരാണികരായ ഋഷിമാർ ജ്ഞാനദർശനങ്ങളിൽ നിന്ന് കർമ്മമാർഗ്ഗത്തിലേക്ക് വിഷയീഭവിപ്പിച്ച വിധികൾ നരബലിയും മൃഗബലിയും ഉൾപ്പെട്ട ക്രൂരമാർഗ്ഗമായി പിൽക്കാലത്ത് ജ്ഞാനികൾക്കു തന്നെ ബോദ്ധ്യപ്പെടുകയുണ്ടായി.

പ്രജാപതിയാഗസംബന്ധമായ ദർശനത്തിൽ വിലീനമായിരിക്കുന്ന സത്യം നിത്യരക്ഷയുടെ വഴിയാണെന്നും, ആ യാഗം ഒരിക്കലായുള്ള പ്രതിവിധിയാണെന്നും മനസ്സിലാക്കിയ ജ്ഞാനികൾ, കർമ്മമാർഗ്ഗത്തിലൂടെ അനുദിനം കൊലചെയ്ത് നിർബാധമൊഴുക്കിയിരുന്ന തിര്യക്കുകളുടെ രക്തം പാപത്തിന് പരിഹാരമാവുകയില്ല എന്നു കണ്ടു. അതിന്റെ ഫലമായി മൃഗബലികൾ നിർത്തലാക്കുകയും വേദാന്തമർമ്മങ്ങൾ വെളിപ്പെടുത്താൻ പരിശ്രമിക്കുകയും

www.malankaralibrary.com

ചെയ്തു. അതോടെ, പ്രജാപതിയാഗം എന്നെന്നേക്കുമുള്ള ഏക പ്രായശ്ചിത്ത ബലിയായി അംഗീകരിക്കപ്പെടുകയും ചെയ്തു. എന്നിട്ട് ദർശനത്തിൽ കണ്ട യാഗപുരുഷനായ പ്രജാപതി മനുഷ്യപുത്രനായി ജനനമെടുക്കുന്നത് കാണുവാനായി അവർ കാത്തിരുന്നു; പക്ഷേ, അവർ കണ്ടില്ല.

"ഏറിയ പ്രവാചകരും നീതിമാൻമാരും നിങ്ങൾ കാണുന്നത് കാൺമാൻ ആഗ്രഹിച്ചിട്ടും കണ്ടില്ല. നിങ്ങൾ കേൾക്കുന്നത് കേൾപ്പാൻ ആഗ്രഹിച്ചിട്ടും കേട്ടില്ല" (മത്തായി 13.17)

ഈ അവസ്ഥയിൽ ജ്ഞാനം രൂപീകൃതമാവുന്നതിന് മുമ്പ് ആവർത്തിച്ചാവർത്തിച്ച് അനുഷ്ഠിക്കുവാനായി ക്രമപ്പെടുത്തിയ യാഗരീതിയിൽ ദർശനത്തിലിരുന്ന പ്രജാപതിയാഗം ഉൾക്കൊള്ളിച്ച് ബ്രാഹ്മണങ്ങളിൽ എഴുതിയിരിക്കുന്ന ഏതാനും മുഖ്യവിഷയങ്ങളെപ്പറ്റിയും ചുരുക്കമായി ചിന്തിക്കാം. ഇതേ യാഗത്തിന്റെ ബൈബിളിൽ കാണുന്ന ക്രൂശീകരണം എന്ന ചരിത്രസംഭവത്തിലെ സമാനതയും ചേർത്ത് ചിന്തിക്കാം.

www.malankaralibrary.com

# V

# പ്രജാപതിയുടെ യാഗയോഗ്യതകളും യാഗക്രമവും

"പെസഹാ കുഞ്ഞാട് ഊനമില്ലാത്തതായിരിക്കണം

(പുറപ്പാട് 12.5)

"ഹോമയാഗത്തിനായി ഊനമില്ലാത്ത ആണിനെ അർപ്പിക്കണം" (ലേവ്യർ 1.3)

"പാപയാഗമായി ഊനമില്ലാത്ത ഒരു കാളക്കിടാവിനെ അർപ്പിക്കണം" (ലേവ്യർ 4.3)

ഇങ്ങനെ, ദഹനയാഗത്തിനായി കുറ്റവും കുറവുമില്ലാത്ത മൃഗങ്ങളെയാണ് തെരഞ്ഞെടുത്തുകൊണ്ടിരുന്നത്. ഈ നിയമം എബ്രായർക്കും ആര്യൻമാർക്കും ഒരു പോലെ ബാധകമായിരുന്നു.

പുരുഷമേധത്തെ സംബന്ധിച്ചിടത്തോളം ഈ നിയമം പാലിക്കാൻ ആര്യൻമാർക്ക് പ്രയാസമുണ്ടായിരുന്നതായി തോന്നുന്നു. കാരണം,

"ശരീരജൈ: കർമ്മദോഷൈ: യാനി സ്ഥാവരതാം നര:

ശരീരത്തോടെ ജനിച്ചിട്ടുള്ള സകലമനുഷ്യരും പാപപ്രവൃത്തികൾ ചെയ്ത് പാപികളായിത്തീർന്നവരാണ്. ഇങ്ങനെ കുറ്റവും കുറവുമുള്ള മനുഷ്യൻ യാഗമായി അർപ്പിക്കപ്പെടാൻ യോഗ്യനല്ല എന്ന് ശതപഥബ്രാഹ്മണം വിധിക്കുന്നു. അങ്ങനെയിരിക്കെ, പാപമില്ലാത്തവനായി ദർശിച്ച ഏക പുരുഷനാണ് പ്രജാപതി. "അവൻ പാപമൊഴികെ സർവ്വത്തിലും മനുഷ്യതുല്ല്യനാകുന്നു." (എബ്രായർ 4.15)

ഈ യാഗപുരുഷനെ സംബന്ധിച്ച യോഗ്യതകളും യാഗവിധികളും വിവരിക്കുന്നത് ശ്രദ്ധിക്കാം.

## 1. യാഗപുരുഷൻ കുറ്റമില്ലാത്തവനായിരിക്കണം.

(ഊനമില്ലാത്തവൻ, പാപമില്ലാത്തവൻ, spotless, unblemished..) "ഉതാമൃതത്വസ്യ ഈശാന: യദന്നേനാതിരോഹതി" (ഋഗ്വേ.10:90:2) ഈ പുരുഷന്റെ ജനനം അതിവിശുദ്ധമാണ്

www.malankaralibrary.com

എന്നിവിടെ പറയുന്നു. ഒന്നാമതായി, അമൃതത്വസ്യ ഈശാനഃ= നിത്യരക്ഷയുടെ അധികാരിയാണ് മനുഷ്യപുത്രനായി ജനിക്കുന്നത്. രണ്ടാമതായി, അവന്റെ ഭൂമിയിലെ ജനനംതന്നെ പുരുഷസ്പർശമേറ്റിട്ടില്ലാത്ത പവിത്രയായ കന്യകയിലാണ് നടക്കുന്നത്. അതിരോഹതി= അതിശയേന രോഹതി= അതിശയകരമായി ജനിക്കുന്നു. ഈ അതിശയജനനം കന്യകാ ജനനത്തെ സൂചിപ്പിക്കുന്നു.

"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും" (യെശയ്യാ 7.14, ലൂക്കോസ് 1.31)

ആര്യമഹർഷി ദർശിച്ചതുപോലെ, എബ്രായപ്രവാചക നായ യെശയ്യാവും ഈ അതിശയജനനം ദർശിക്കുന്നു.

"ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും" (ലൂക്കോസ് 1.34)

ഈ ചോദ്യത്തിൽ, കന്യകാ ജനനം അതിശയ ജനനമാകുന്നു എന്ന ധ്വനി ശക്തമായിരിക്കുന്നു.

"കൃപ ലഭിച്ചവളേ, നിനക്ക് വന്ദനം " (ലൂക്കോസ് 1.28) ഒരു അതിശയ ശിശുവിനെ പ്രസവിപ്പാൻ ഭാഗ്യം ലഭിച്ച കന്യകയെ ദൈവപുത്രൻ പോലും വന്ദിക്കുമ്പോൾ, ആ ജനനത്തിലെ അതിശയഭാവം ഇരട്ടിക്കുന്നു.

"ഇതെന്തൊരു വന്ദനം" (ലൂക്കോസ് 1.29)

എന്ന് കന്യകയും അതിശയിക്കുമ്പോൾ അതിശയം ത്രിമാനമായിത്തീരുന്നു.

"പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും, ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും. (ലൂക്കോസ് 1.35)

ലോകത്തിൽ അന്നുവരെ അറിയപ്പെട്ടിട്ടില്ലാത്ത ഒരു ജനന സംവിധാനം ഇപ്രകാരം പ്രഖ്യാപിക്കപ്പെടുമ്പോൾ ഇതിലെ അതിശയഭാവം ശതഗുണീഭവിക്കുന്നു.

"സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ, നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടത്. എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെ നിന്നുണ്ടായി?" (ലൂക്കോസ് 1:42.43)

അതിശയ ജനനം മനസ്സിലാക്കിയ സഹോദരിയുടെ അതിശയഭാവം എല്ലാ അതിരുകളും കടന്ന് നിൽക്കുന്നു.

www.malankaralibrary.com

"ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും" (ലൂക്കോസ് 1.48)

അതിശയ ശിശുവിനെ ഉദരത്തിൽ വഹിച്ചിരിക്കുന്ന ആ പവിത്രയായ കന്യക, ഇപ്രകാരം സർവ്വവിധമായ അതിശയങ്ങൾക്ക് കർമ്മഭൂമിയായ തന്നെ യുഗാന്ത്യം വരെയുള്ള തലമുറകൾക്ക് "ഭാഗ്യവതി"യായി പരിചയപ്പെടുത്തുന്നതിലൂടെ കന്യകാജനനം എന്ന അതിശയ ജനനം കാലത്തെയും സമയത്തെയും മറികടന്ന് നിലനിൽക്കുന്നു.

"ഈശപുത്രം ച മാം വിദ്ധി കുമാരീഗർഭസംഭവം"

(ഭവിഷ്യപുരാണം 3:2.23)

"ഞാൻ ദൈവപുത്രനും കന്യകയിൽ ജനിച്ചവനുമാകുന്നു എന്ന് അതിശയജനനമെടുത്ത മനുഷ്യപുത്രൻ സ്വയം പരിചയപ്പെടുത്തുന്നു.

ഇപ്രകാരം ഒരു ജനനം മുമ്പോ പിമ്പോ നടന്നതായിട്ട് ചരിത്രമില്ലാത്തതിനാൽ ഈ ജനനം ശരിക്കും അതിശയ ജനനം തന്നെ.

"അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൻ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് അവന് യേശു എന്ന് പേരിട്ടു"

(മത്തായി 1.21)

യെശയ്യാ പ്രവാചകൻ ദർശിച്ച ഇമ്മാനുവേൽ എന്ന പ്രജാപതി (യെശ.7.14) മനുഷ്യപുത്രനായ യേശുവായി അറിയപ്പെട്ടു.

ഇപ്രകാരം അതിശയകരമായി ജനിക്കുന്ന ശിശു മുഴുവനായും വിശുദ്ധനായിരിക്കും-ഊനമില്ലാത്തവൻ. അവൻ ഊനമില്ലാത്തവനാകയാൽ പ്രായശ്ചിത്തബലിയായി അർപ്പിക്കപ്പെടാൻ യോഗ്യനുമായിത്തീരുന്നു.

ഈ പുരുഷൻ പാപമില്ലാത്തവനാണ് എന്ന് സാമവേദത്തിൽപെട്ട ഛാന്ദോഗ്യോപനിഷത്തിൽ പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധിക്കാം.

"ഏഷോ ƒ ന്തരാദിത്യേ ഹിരണ്മയ: പുരുഷോ ദൃശ്യതേ ഹിരണ്യശ്മശ്രുർ ഹിരണ്യ കേശ: ആപ്രണഖാത് സർവ്വ ഏവ സുവർണ്ണ:" (ഛാ.ഉ.1:6.6)

അർത്ഥം: സൂര്യമണ്ഡലത്തിനുള്ളിൽ കാണുന്ന, സ്വർണ്ണം പോലെ പ്രകാശിക്കുന്ന പുരുഷൻ സ്വർണ്ണ നിറമുള്ള

www.malankaralibrary.com

മീശയും കേശവും ഉള്ളവനും നഖാഗ്രം വരെ സ്വർണ്ണം പോലെ പ്രകാശരൂപനുമാകുന്നു. കളങ്കമേശാത്തവനാകുന്നു എന്നർത്ഥം.

"സ: ഏഷ: സർവ്വേഭ്യ: പാപ്മഭ്യ: ഉദിത: ഉദേതി ഹ വൈ സർവ്വേഭ്യ: പാപ്മഭ്യോ യ ഉ ഏവം വേദ"

(ഛാ.ഉ.1:67)

അർത്ഥം: ഈ പുരുഷൻ എല്ലാ പാപങ്ങളിൽ നിന്നും ഉയർന്നവനാകുന്നു-പാപമേശാത്തവനാകുന്നു. അവൻ തന്റെ ജനത്തെ എല്ലാ പാപങ്ങളിൽ നിന്നും രക്ഷിക്കുന്നു. അതായത്, അവനെ ആരാധിക്കുന്നവരും എല്ലാ പാപങ്ങളിൽ നിന്നും ഉയരുന്നു. അവൻ പാപമോചനം നൽകുന്നവനാകുന്നു എന്നർത്ഥം.

(അവൻ പാപമില്ലാത്തവനും പാപമോചനം നൽകുന്നവനുമാകുന്നു എന്ന് സാരം)

"നിഷ്കലം നിഷ്ക്രിയം ശാന്തം
നിരവദ്യം നിരഞ്ജനം " (ശ്വേ.ഉ.6.19)

അവൻ കളങ്കമില്ലാത്തവനും, നിർമ്മലനും, കുറ്റമറ്റവനും ആകുന്നു എന്ന് ശ്വേതാശ്വതരോപനിഷത്തിൽ പറയുന്നു. " അവൻ പാപം അറിയാത്തവനായിരുന്നു"

(2 കൊരിന്ത്യർ 5.21)

"അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നുമുണ്ടായിരുന്നില്ല" (1 പത്രോസ് 2.22)

"അവനിൽ ഒരു പാപവും കാണ്മാൻ ആർക്കും കഴിയുമായിരുന്നില്ല" (യോഹന്നാൻ 8.46)

യാഗത്തിനായി അർപ്പിക്കപ്പെട്ട പുരുഷൻ ഊനമില്ലാത്തവനായിരുന്നു എന്ന് എല്ലായിടത്തും സാക്ഷിക്കപ്പെട്ടു.

## 2. തലയിൽ കാട്ടുവള്ളി ചുറ്റിക്കെട്ടണം

അശ്വമേധത്തിൽ കുതിരയുടെ തലയിൽ കാട്ടുവള്ളി ചുറ്റിക്കെട്ടി മറ്റെല്ലാറ്റിൽ നിന്നും വേർപെടുത്തി യാഗത്തിനായി ഒരുക്കുന്ന വിധമാണ് ശതപഥബ്രാഹ്മണത്തിൽ വിവരിക്കുന്നത്. (ശതപഥബ്രാഹ്മണം XIII:6:2.2). പുരുഷമേധത്തിനും ക്രിയാവിധി ഇപ്രകാരം തന്നെയായിരിക്കണം.

സാക്ഷാൽ പ്രജാപതിയെ ബലികഴിക്കുന്നതിനുമുൻപ്

www.malankaralibrary.com

മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞ് അവന്റെ തലയിൽ വെച്ചു (മത്തായി 27.29)

### 3. സ്വന്ത ജനങ്ങൾ തള്ളിപ്പറയണം

ശതപഥബ്രാഹ്മണം XIII6:2.2, പുരുഷമേധം അദ്ധ്യായത്തിൽ യാഗപുരുഷൻ ജനങ്ങളാൽ തിരസ്ക്കരിക്കപ്പെടണം എന്ന് പറയുന്നു. ഐതരേയബ്രാഹ്മണം 2.6 ലും ഇതേ വിഷയം പറയപ്പെടുന്നു.

"അന്വേനം മാതാ മന്യതാമനുപിതാനുഭ്രാതാ
സഗർഭ്യോ അനുസഖാ സയൂഥ്യ ഇതി
ജനിത്രൈരേവൈനം തത് സമനുമതമാലംഭത.:

സാരം. സ്വന്തജനവും സ്നേഹിതരും സഹചാരികളുമെല്ലാം യാഗപുരുഷനെ .യാഗത്തിനു മുമ്പേ തള്ളിക്കളയണം.

"അവൻ സ്വന്തത്തിലേക്ക് വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല" (യോഹന്നാൻ 1.11)

"അവന്റെ പൗരൻമാരോ, അവനെ വെറുത്തു, അവൻ തങ്ങളുടെ രാജാവായിരിക്കുന്നത് സമ്മതമല്ല എന്ന് ബോധിപ്പിച്ചു." (ലൂക്കോസ് 19.14, യോഹന്നാൻ 19.15)

"ഈ രാത്രിയിൽ എല്ലാവരും എങ്കൽ ഇടറും, ഇടയനെ വെട്ടും, കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും" (സെഖര്യാവ് 13.7, മത്തായി 26.31)

"ആ മനുഷ്യനെ ഞാൻ അറിയുന്നില്ല " (മത്തായി 26.73)

ഇപ്രകാരം സ്വന്തജനങ്ങളാൽ ഉപേക്ഷിക്കപ്പെട്ട ഒരു പുരുഷനാണ് കാൽവറിയാഗത്തിൽ ഹോമിക്കപ്പെട്ടത്.

### 4.യാഗപുരുഷൻ കഷ്ടതകൾ അനുഭവിക്കണം.

"ഹയോ ന വിദ്വാൻ അയുജി സ്വയം ധുരി
താം വഹാമി പ്രതരണീം അവസ്യാവം
നാസ്യാ വശ്മി വിമുചം നാവൃതം പുനർ
വിദ്വാൻ പഥ: പുര ഏത ഋജൂനേഷതി" (ഋഗ്വേ 5:46.1)

അർത്ഥം. സർവ്വജ്ഞനായവൻ യാഗമാകുന്ന നുകത്തിൽ കുതിരയെപ്പോലെ പൂട്ടപ്പെട്ടിരിക്കുന്നു. പാപത്തിന്റെ മറുകര എത്തിക്കുന്നതും രക്ഷിക്കുന്നതുമായ ആ നുകം രക്ഷകനായ ഞാൻ ചുമക്കുന്നു. ആ നുകത്തിൽ നിന്ന് വിടുതൽ

www.malankaralibrary.com

ഞാൻ ആഗ്രഹിക്കുന്നില്ല.

പുരുഷപ്രജാപതിയുടെ യാഗം എത്ര കഷ്ടതകൾ നിറഞ്ഞതും വേദനാനിർഭരവുമായിരുന്നു എന്ന് നോക്കുക.

"അടിക്കുന്നവർക്ക് മുതുകും രോമം പറിക്കുന്നവർക്ക് കവിളും കാണിച്ചു കൊടുത്തു; മുഖം നിന്ദയ്ക്കും തുപ്പലിനും മറച്ചിട്ടുമില്ല." ( യെശയ്യാ 50.6)

"മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായിരുന്നു. (യെശയ്യാ 53.3)

"നമ്മുടെ വേദനകളെ അവൻ ചുമന്നു" (യെശയ്യാ 53.4)

"മുറിവേറ്റും തകർന്നുമിരുന്നു" (യെശയ്യാ 53.5)

"നമ്മുടെ കുറ്റം അവന്റെമേൽ ചുമത്തി" (യെശയ്യാ 53.6)
"ദുഷ്ടൻമാരോടുകൂടെ ശവക്കുഴി കൊടുത്തു"
(യെശയ്യാ.53.9)

"അവനെ തകർത്തുകളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി" (യെശയ്യാ 53.10)

പ്രാണവേദനയിലായ അവന്റെ വിയർപ്പ് ചോരത്തുള്ളികൾപോലെ നിലത്തു വീണു" (ലൂക്കോസ് 22.44)

"ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു, ഈ നാഴികയിൽ നിന്ന് എന്നെ രക്ഷിക്കേണമേ, എങ്കിലും നിന്റെ ഇഷ്ടം പോലെയാവട്ടെ" (യോഹന്നാൻ 12.47, ലൂക്കോസ് 22.42)

"(പീഢനങ്ങളാൽ ക്ഷീണിതനായിരുന്ന) അവൻ താൻ തന്നെ ക്രൂശ് ചുമന്നുകൊണ്ട് ഗോൽഗോഥായിലേക്ക് പോയി, അവിടെ ക്രൂശിക്കപ്പെട്ടു" (യോഹന്നാൻ 19:17.18)

"താം വഹാമി" = ധുരമഹം ധാരയാമി = ആ നുകം ഞാൻ വഹിക്കുന്നു. അസ്യാ:വിമുചം ന വശ്മി = ധുര: വിമോചനം ന കാമയേ=ആ നുകത്തിൽ നിന്ന് വിടുതൽ ഞാൻ ആഗ്രഹിക്കുന്നില്ല.

ഇപ്രകാരം കഷ്ടതയുടെ നുകം സ്വയം വഹിക്കുന്ന ദേവനെ "നിഷ്ക്രിയൻ" എന്ന് ശ്വേതാശ്വതരോപനിഷത്തിൽ വിശേഷിപ്പിക്കുന്നു. പിഢിപ്പിക്കുന്നവരോട് പ്രതികാരം ചെയ്യാത്തവൻ എന്നർത്ഥം.

"പിതാവ് എനിക്കു തരുന്ന പാനപാത്രം ഞാൻ

www.malankaralibrary.com

കുടിക്കേണ്ടതാകുന്നു" (യോഹന്നാൻ 18.11)

"ഇതിൽ നിന്ന് വിടുതൽ ഞാൻ ആഗ്രഹിക്കുന്നില്ല" (യോഹന്നാൻ 18.36)

എന്തുകൊണ്ടെന്നാൽ,

"പ്രതരണീം അവസ്യാവം ധുരം വഹാമി"= പ്രകർഷേണ താരയിത്രീം ധുരമഹം വഹാമി= മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ മറുകര എത്തിക്കുന്ന നുകമാണ് ഞാൻ വഹിക്കുന്നത്. ഇത് എത്ര കണ്ട് വേദനാജനകമാണെങ്കിലും ആ നുകം ഞാൻ ചുമന്നേ മതിയാകൂ. ആ പാനപാത്രം ഞാൻ തന്നേ കുടിച്ചേ തീരൂ. യാഗപുരുഷൻ കഷ്ടതകൾ സഹിച്ചേ മതിയാകൂ. മനുഷ്യവർഗ്ഗത്തിന്റെ രക്ഷ ഈ നുകത്തോടു ബന്ധിക്കപ്പെട്ടിരിക്കുകയാണ്. പുരുഷപ്രജാപതി ഈ നുകം ചുമക്കാനായി പിതാവിനോടുള്ള സമത്വം മുറുകെപ്പിടിക്കാതെ ജഗദവസ്ഥയിൽ താണിറങ്ങി വന്നവനാണ്. അതുകൊണ്ട് ഈ നുകത്തിൽ നിന്ന് വിമോചനം അവൻ ആഗ്രഹിക്കുന്നില്ല.

## 5. യാഗമൃഗത്തെ യൂപത്തോട് ചേർത്ത് കെട്ടണം

"നവരുതേ യൂപാത്പാശം അലാഭതേകദാചന"

(ശതപഥബ്രാഹ്മണം III:7:3.1)

അർത്ഥം. യൂപത്തിൽ (ബലിമരത്തിൽ) ചേർത്ത് കെട്ടാതെ ബലിമൃഗത്തെ കൊല്ലരുത്.

(യാഗമൃഗത്തെ യൂപത്തിൽ (Sacrificial post) കെട്ടിയിട്ട് മന്ത്രം ചൊല്ലി ജലം തളിച്ച് (പ്രോക്ഷണം) യാഗത്തിനായി ശുദ്ധീകരിച്ച് വേർതിരിച്ചശേഷമേ ബലികർമ്മം നടത്തുകയുള്ളു. ഇത് ഒഴിച്ചു കൂട്ടാൻ പാടില്ലാത്ത ചടങ്ങാണ്. ക്ഷേത്രങ്ങളുടെ മുമ്പാകെ സ്ഥാപിച്ചിരിക്കുന്ന കൊടി മരം ആദികാലങ്ങളിലെ യാഗസ്തംഭത്തെ സൂചിപ്പിക്കുന്നു. നിയമം മൂലം ജീവബലിയർപ്പണം നിരോധിച്ചിട്ടുണ്ടെങ്കിലും ഉൾനാടുകളിൽ അപരിഷ്കൃതരായ ഗ്രാമവാസികൾ ഇന്നും പറവകളെയോ, മൃഗങ്ങളെയോ ബലികഴിക്കുന്നത് തുടർന്നു പോരുന്നു. മാരിയമ്മൻ കോവിലുകളിലെ കോഴിവെട്ടും, വടക്ക് കിഴക്കൻ മേഖലകളിൽ ഭദ്രകാളീക്ഷേത്രങ്ങളിൽ പോത്തിനെ വെട്ടുന്നതും എല്ലാം ഈ ആചാരത്തിന്റെ വൈകൃതമായ തുടർച്ചയായിരിക്കാം. അപൂർവ്വമായി മനുഷ്യക്കുരുതികളുടെ

www.malankaralibrary.com

കഥകളും പത്രത്തിൽ വാർത്തയാവാറുണ്ട്. ജീവികളെ ബലിയർപ്പിക്കുന്നതിനുമുൻപ് ആദ്യമെ ക്ഷേത്രത്തിന് മുൻപിൽ നാട്ടിയിരിക്കുന്ന കുറ്റിയിൽ കെട്ടും. യാഗവിധികളോടെ പിന്നീട് ബലിയർപ്പിക്കും. ഈ ആചാരങ്ങൾ അപൂർവ്വമായി ഇന്നും നടന്നുവരുന്നു. ഇത് വേദവിധിപ്രകാരമുള്ള യാഗത്തിന്റെ തുടർച്ചയായി കരുതിപ്പോരുന്നു.

എബ്രായരും ഈ ആചാരം മുറപോലെ നടത്തിപ്പോന്നു എന്നതിന്റെ തെളിവാണ് "യാഗപീഠത്തിന്റെ കൊമ്പുകളോളം യാഗപശുവിനെ കയറുകൊണ്ട് കെട്ടുവിൻ " (സങ്കീർത്തനം 118.27) എന്ന പ്രസ്താവനയിൽ കാണുന്നത്.

"അവൻ ഹോമയാഗത്തിന്റെ തലയിൽ കൈവെക്കേണം" (ലേവ്യർ 1.4) ഇതു തന്നെ വേദത്തിൽ പ്രോക്ഷണം എന്നു പറയുന്ന ക്രിയാവിധി.

"തലയോടിടം എന്ന സ്ഥലത്ത് (അതാണ് യാഗവേദി) ഇടത്തും വലത്തും രണ്ടു ദുഷ്പ്രവൃത്തിക്കാരെയും യേശുവിനെ നടുവിലുമായി ക്രൂശിച്ചു" (യോഹ.19.18)

"ദേവാ: യത് യജ്ഞം തന്വാനാ:
അബന്ധൻ പുരുഷം പശും" (ഋഗ്വേദം 10:90.15)

നിഷ്ക്കളങ്കനായ പുരുഷനെ മൃഗമായി സങ്കല്പിച്ച് യാഗം കഴിപ്പാനായി യൂപത്തിൽ ബന്ധിച്ചു.

"മാനവരാശിയുടെ പാപപരിഹാരത്തിനായുള്ള നുകം താൻ സ്വയം ചുമക്കുന്നു" എന്ന് ഋഗ്വേദം 5:46.1ൽ പറയുന്നതിന്റെ വാച്യാർത്ഥം പോലെ, "യേശു താൻ തന്നെ ക്രൂശ് ചുമന്നുകൊണ്ട് ഗോൽഗോഥായിലേക്ക് (യാഗവേദിയിലേക്ക്) പോയി " എന്ന് യോഹന്നാൻ 19.17ൽ കാണുന്നു.

ഐതരേയബ്രാഹ്മണം II.1ലും, കൗസിതകീബ്രാഹ്മണം X:1 ലും (രണ്ടും ഋഗ്വേദം) യൂപത്തിലെ ബന്ധനം ഭയങ്കരവും നിന്ദാവഹവും എന്ന് പറഞ്ഞിരിക്കുന്നു.

(ഈ നിന്ദ സഹിച്ചുള്ളവിജയം കൊലോസ്യർ 2:13.15ലും, ഗലാത്യർ 5.24ലും കാണാം)

www.malankaralibrary.com

## 6. യാഗമൃഗത്തിന്റെ ശരീരത്തിൽനിന്ന് രക്തം ഒഴുകണം

"തം യജ്ഞം ബർഹിഷി പ്രൗക്ഷൻ
പുരുഷം ജാതമഗ്രത:
തേന ദേവാ: അയജന്ത
സാദ്ധ്യാ: ഋഷയശ്ച്ച യേ (ഋഗ്വേ.10:90.7)

അർത്ഥം. സാദ്ധ്യൻമാരും ഋഷികളും (നാടുവാഴികളും പുരോഹിതൻമാരും) ചേർന്ന് ആദ്യജാതനെ യാഗമൃഗമായി സങ്കല്പിച്ച് യൂപബദ്ധനാക്കി യാഗം കഴിച്ചു.

ഇവിടെ, ഭരണാധികാരികളുടെ ചേവകർ പുരുഷന്റെ മാറിടത്തിൽ കുത്തി രക്തമൊഴുക്കുന്നതും (യോഹ.19.34) ബലികർമ്മത്തിൽ ആണിപ്പഴുതിൽ നിന്ന് ചിന്തപ്പെടുന്ന രക്തവും അവ്യക്തമായി സൂചിപ്പിക്കപ്പെടുന്നു. രക്തമൊഴുകാതെ ബലി നടക്കുകയില്ലല്ലോ.

ബൃഹദാരാണ്യകോപനിഷത് 3:9.28ൽ ഒന്നും രണ്ടും പദ്യങ്ങൾ ശ്രദ്ധിക്കാം.

"യഥാ വൃക്ഷോ വനസ്പതി:
തഥൈവ പുരുഷോ ƒ മൃഷാ
തസ്യലോമാനി പർണ്ണാനി
ത്വഗസ്യോത്പാടികാ ബഹി" (1)

അർത്ഥം. വനത്തിലുള്ള എല്ലാ മരങ്ങൾക്കും നേതാവായ ഒരു മഹാവൃക്ഷം എന്ന പോലെ, ഭൂമിയിലുള്ള സകലമനുഷ്യർക്കും നാഥനായ ഒരുവനാണ് ഈ പുരുഷൻ (പ്രജാപതി) എന്നത് സത്യമാകുന്നു. ഈ പുരുഷന്റെ രോമങ്ങൾ മരത്തിന്റെ ഇലകൾ പോലെയും ഇവന്റെ പുറംതൊലി (ചർമ്മം) മരത്തിന്റെ പുറംതൊലിക്ക് സമവുമാകുന്നു.

(ആകാശത്തിനും ഭൂമിക്കും മദ്ധ്യേ നിൽക്കുന്ന പുരുഷനെ (മനുഷ്യപുത്രനെ) ഒരു മരത്തോട് ഉപമിച്ചിരിക്കുന്നു.) അടുത്ത പദ്യം വളരെ ശ്രദ്ധേയമാണ്.

"ത്വച ഏവാസ്യ രുധിരം
പ്രസ്യന്ദി ത്വച ഉത്പട:
തസ്മാത്തദാ തൃണ്ണാത് പ്രൈതി
രസോ വൃക്ഷാദിവാഹതാത്" (2)

www.malankaralibrary.com

അർത്ഥം. പുരുഷന്റെ ത്വക്കിൽ നിന്ന് രക്തവും മരത്തിന്റെ തൊലിയിൽ നിന്ന് കറയും ഒഴുകുന്നത് ഒരുപോലെയാകുന്നു. മുറിക്കപ്പെട്ട വൃക്ഷത്തിൽ നിന്ന് കറ എന്നപോലെ കൊല്ലപ്പെട്ട പുരുഷനിൽ നിന്ന് രക്തം ഒഴുകുന്നു.

"അവർ യേശുവിന്റെ അരികിൽ വന്നു, അവൻ മരിച്ചുപോയി എന്നു കണ്ടു. എങ്കിലും പടയാളികളിൽ ഒരുവൻ കുന്തം കൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി; ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു." (യോഹന്നാൻ 19:33.34)

മുറിവുപറ്റിയ മരത്തിന്റെ തൊലിയിൽ നിന്നും കൊല്ലപ്പെടുകയും മുറിവേൽക്കയും ചെയ്ത പുരുഷന്റെ മാറിൽ നിന്നും കറയും രക്തവും ഒഴുകുന്ന സമാനത വളരെ മനോഹരമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ബൃഹദാരണ്യകോപനിഷത്തിൽ തന്നെ വേറൊരു ഭാഗത്ത് കാണുന്ന മർമ്മപ്രധാനമായ ഒരു പ്രസ്താവന ശ്രദ്ധിക്കാം.

"സ: അകാമയത, മേധ്യം മാ ഇദം സ്യാത്, ആത്മന്വീ അനേന സ്യാമിതി. തതോ ƒ ശ്വ: സമഭവത്... തം സംവത്സരസ്യപരസ്താദാത്മന: ആലഭത..."

(ബൃഹ.ഉപ.1:2.7)

അർത്ഥം. ഞാൻ യാഗത്തിന് യോഗ്യമായ ശരീരമുള്ളവനായിത്തീരണം എന്ന് പ്രജാപതി ആഗ്രഹിച്ചു. അങ്ങനെ യാഗയോഗ്യമായ മൃഗമായ അശ്വമെന്ന സങ്കല്പത്തിൽ ചുരുങ്ങിയ കാലത്തിനുശേഷം തന്റെ ശരീരത്തെ ബലിയർപ്പിക്കുന്നതിനായി സ്വയം ഏൽപ്പിച്ചു.

"നിങ്ങൾ ആരെ അന്വേഷിക്കുന്നു എന്ന് തന്നെ ബന്ധിക്കുവാൻ വന്നവരോട് യേശു ചോദിച്ചു. നസ്രായനായ യേശുവിനെ എന്ന് അവർ ഉത്തരം പറഞ്ഞപ്പോൾ അത് ഞാൻ തന്നെ എന്ന് യേശു പറഞ്ഞു. പടയാളികൾ യേശുവിനെ പിടിച്ചു കെട്ടികൊണ്ടുപോയി." (യോഹന്നാൻ 18:1.4)

പ്രകാശത്തിൽ നിന്നുള്ള പ്രകാശമായി ആദ്യജാതനായി തത്വത്തിൽ പിതാവിനോട് സമനായിരിക്കുന്നവൻ യാഗയോഗ്യമായ ശരീരം പ്രാപിച്ച് ചുരുങ്ങിയ കാലം ഭൂമിയിൽ വസിച്ചശേഷം യാഗമൃഗത്തെപ്പോലെ ബന്ധിക്കപ്പെടുവാനും ബലികഴിക്കപ്പെടുവാനുമായി സ്വയം സമർപ്പിക്കുന്ന ദൃശ്യമാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്.

www.malankaralibrary.com

## 7.യാഗപുരുഷന്റെ എല്ലുകൾ ഒന്നും ഒടിക്കരുത്

"ഷഡ്വിംശതിരസ്യ വംക്രയസ്താ അനുഷ്ഠ്യോച്ച്യാവയതാദ്, ഗാത്രം ഗാത്രമസ്യാനൂനം കൃണുതാദിത്യംഗാന്യേവാസ്യ തന്ദ്രാം ത്രാണി പ്രീണാതി." (ഐതരേയബ്രാഹ്മണം 2.6)

അർത്ഥം. യാഗമൃഗത്തിന്റെ ഇരുപത്തിയാറ് വാരിയെല്ലുകളും അതിന്റെ ക്രമമനുസരിച്ച് എടുക്കണം. അവയിൽ ഒന്നുപോലും ഒരു തരത്തിലും മുറിപ്പെടാതെ അതിന്റെ സമഗ്രഭാവത്തിൽ ( in its integrity) സൂക്ഷിക്കണം. അങ്ങനെ യാഗമൃഗത്തിന്റെ സകല അവയവങ്ങളേയും നഷ്ടമാവാതെ ആദായപ്പെടുത്തുന്നു.

"പെസഹാ കുഞ്ഞാടിനെ അറുക്കുമ്പോൾ അതിന്റെ ഒരു അസ്ഥിയും ഒടിക്കരുത് " (പുറ.12.46, സംഖ്യാ.9.12)

"അവന്റെ അസ്ഥികളെല്ലാം അവൻ സൂക്ഷിക്കുന്നു, അവയിൽ ഒന്നും ഒടിഞ്ഞുപോകയില്ല." (സങ്കീർത്തനം 34.20)

"പടയാളികൾ വന്ന് യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ടവരുടെ കാൽ ഒടിച്ചു, എന്നാൽ യേശുവിന്റെ കാൽ ഒടിച്ചില്ല. അവന്റെ ഒരസ്ഥിയും ഒടിഞ്ഞുപോകയില്ല എന്ന തിരുവെഴുത്തിൻപ്രകാരം തന്നെ അത് സംഭവിച്ചു." (യോഹന്നാൻ 19:33,36)

യാഗമൃഗത്തിന്റെ എല്ലുകൾ ഒന്നും ഒടിയുകയില്ല എന്നതുപോലെ, അവന്റെ അങ്കിയും കീറിക്കളയുകയില്ല എന്ന പ്രവചനം ഐതരേയ ബ്രാഹ്മണത്തിൽ യാഗമൃഗം എന്ന അവതരണത്തിനനുയോജ്യമായി പറഞ്ഞിരിക്കുന്നത് നോക്കാം.

## 8. യാഗമൃഗത്തിന്റെ തോൽ (അങ്കി) കീറരുത്

"ഏകധാസ്യ ത്വചമാച്യതാത്" (ഐത.ബ്രാ.2.6)

അർത്ഥം. യാഗമൃഗത്തിന്റെ തോൽ ഒരു കേടും കൂടാതെ (മുറിക്കാതെ) മുഴുവനായി, ഒന്നായി ഊരി എടുക്കണം

"എന്റെ വസ്ത്രം അവർ പകുത്തെടുത്തു. എന്റെ അങ്കിക്കായി അവർ ചീട്ടിട്ടു." (സങ്കീ.22.18)

യേശുവിനെ ക്രൂശിച്ചശേഷം പടയാളികൾ, മേൽതൊട്ട് അടിയോളം മുഴുവനും ഒന്നായി നെയ്തിരുന്ന അവന്റെ

www.malankaralibrary.com

അങ്കി കീറി ഭാഗംവെക്കാതെ ചീട്ടിട്ട് അവകാശം സ്ഥാപിച്ചു." (യോഹന്നാൻ 19:23.24)

## 9.യാഗമായി ദഹിപ്പിക്കപ്പെട്ടശേഷം വീണ്ടും ജീവിക്കണം

ഋഗ്വേദം പുരുഷസൂക്തത്തിലെ പ്രജാപതിയാഗ വർണ്ണനയിൽ 13,14 മന്ത്രങ്ങളിൽ യാഗാനന്തരമുളള ഉയിർത്തെഴുന്നേൽപ്പിന്റെ സൂചന കാണാം. ഇത് അന്യത്ര വ്യാഖ്യാനിച്ചിട്ടുണ്ട്.

ബൃഹദാരണ്യകോപനിഷത്തിൽ, മരണാനന്തരം പുനരുജ്ജീവിക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നത് ശ്രദ്ധിക്കാം (ബൃഹ.ഉപ.3:9:28:4.7)

"യദ് വൃക്ഷോ വൃക്ണോ രോഹതി
മൂലാന്നവതര: പുന: മർത്ത്യ:
സ്വിൻമൃത്യുനാ വൃക്ണ:
കസ്മാത് മൂലാത് പ്രരോഹതി "(4)

അർത്ഥം. വൃക്ഷം വെട്ടിക്കളഞ്ഞാൽ അതിന്റെ ചുവട്ടിൽ നിന്നും വീണ്ടും മുളച്ചുവരുന്നു. എന്നാൽ, മരണത്താൽ മുറിക്കപ്പെടുന്ന മനുഷ്യൻ ഏതു മൂലത്തിൽ നിന്ന് ആണ് വീണ്ടും ജീവൻ പ്രാപിക്കുന്നത്?

"ധ്രുവം ജൻമ മൃതസ്യ ച" എന്ന സ്മൃതി വചനമനുസരിച്ച് വീണ്ടും ജീവിക്കേണ്ടതാകുന്നു. പുനരുത്ഥാനത്തെക്കുറിച്ച് സംശയമുന്നയിച്ചിട്ട്, പുനരുത്ഥാനമുണ്ട് എന്ന് സംശയരഹിതമായി സ്ഥാപിക്കാൻ പോവുകയാണ്.

(സദൂക്യരും പരീശൻമാരും തമ്മിലുണ്ടായിരുന്ന പുനരുത്ഥാനസംബന്ധമായ വാദഗതിപോലെയാണ് ഇവിടുത്തെയും ആവിഷ്ക്കരണം (അ.പ്ര.23.8) (ഇവിടെ പ്രതിവാദം ആലങ്കാരികമാണ്)

"രേത സ ഇതി മാ വോചത
ജീവതസ്താത് പ്രജായതേ
ധാനാരുഹ ഇവ വൈ വൃക്ഷോ
അഞ്ജസാ പ്രേത്യ സംഭവ:" (5)

അർത്ഥം. വീണ്ടും ജീവിക്കുന്നത് പ്രത്യുൽപാദനശേഷിയിൽ

www.malankaralibrary.com

നിന്നാണ് എന്ന് വിചാരിപ്പാൻ നിവൃത്തിയില്ല, കാരണം, ജീവിച്ചിരിക്കുന്നവനുമാത്രമേ ആ ശേഷിയുള്ളു. വെട്ടിക്കളയുന്ന വൃക്ഷത്തിന്റെ ബീജത്തിൽ നിന്ന് മുളയ്ക്കുന്നതായും കാണുന്നുണ്ട്. അതുകൊണ്ട് മരിച്ചശേഷം ജനിക്കുക (പുനരുത്ഥാനം പ്രാപിക്കുക) എന്നത് പ്രത്യക്ഷമാകുന്നു-സംഭവ്യമാകുന്നു.

(പുനരുത്ഥാനമുണ്ട് എന്നിവിടെ സ്ഥാപിച്ചശേഷം എങ്ങനെ? എന്ന് വീണ്ടും സംശയമുന്നയിക്കുന്നതാണ് അടുത്ത പദ്യം)

"യത് സമൂലമാവൃഹേയുർ
വൃക്ഷം ന പുനരാഭവേത്
മർത്ത്യ: സ്വിൻമൃത്യുനാ വൃക്ണ:
കസ്മാത് മൂലാത് പ്രരോഹതി" (6)

അർത്ഥം. വൃക്ഷത്തെ സമൂലം പിഴുതുകളയുകയാണെങ്കിൽ അത് വീണ്ടും ഉണ്ടാവുകയില്ല. അപ്പോൾ, മരണത്താൽ മുറിക്കപ്പെട്ട മനുഷ്യൻ ഏതുമൂലത്തിൽ നിന്നാണ് വീണ്ടും ജനിക്കുന്നത്?

(സംശയങ്ങളെയെല്ലാം ഖണ്ഡിച്ചുകൊണ്ട്, മരിച്ചവർ ഉയിർക്കുന്നത് എങ്ങനെയാണ് എന്ന് സ്ഥാപിക്കുന്നതാണ് അടുത്ത പദ്യം)

"ജാത ഏവ ന ജായതേ കോ നു ഏനം ജനയേത്
പുന: വിജ്ഞാനമാനന്ദം ബ്രഹ്മ രാതിർദാദു:
പരായണം തിഷ്ഠമാനസ്യ തദ്വിദ ഇതി" (7)

അർത്ഥം. ഇവൻ ജനിച്ചു കഴിഞ്ഞവൻ തന്നെയാണ്, പുനരുജ്ജീവനമല്ല എന്ന് പറയുകയാണെങ്കിൽ അത് ശരിയല്ല. അവൻ വീണ്ടും ജനിക്കുന്നുണ്ട്. ആരാണ് അവനെ വീണ്ടും ജനിപ്പിക്കുന്നത്? (പുനരുത്ഥാനം നൽകുന്നത്?) വിജ്ഞാനമാനന്ദം ബ്രഹ്മ=വിജ്ഞാനവും ആനന്ദവുമായ ബ്രഹ്മം-പരമാത്മാവ്-ആത്മാവായ ദൈവം തന്നെ. അതിൽ വിശ്വസിക്കുന്നവൻ അതേ മഹത്വം പ്രാപിക്കുന്നു.

"ക്രിസ്തു ക്രൂശിൽ മരണം വരിച്ചു. ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ട് അവനെ ഉയിർത്തെഴുന്നേൽപ്പിച്ചു. മരണം അവനെ പിടിച്ചുവെക്കുന്നത് അസാദ്ധ്യമായിരുന്നു." (അ.പ്ര.2.24)

www.malankaralibrary.com

"ദൈവത്തിന്റെ (വിജ്ഞാനവും ആനന്ദവുമായ ബ്രഹ്മത്തിന്റെ) വ്യാപാരശക്തി അവനെ (ക്രിസ്തുവിനെ) മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു." (കൊലോസ്യർ 2.12)
"ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചതുപോലെ നമ്മെയും തന്റെ ശക്തിയാൽ ഉയിർപ്പിക്കും." (1 കൊരിന്ത്യർ 6.14)

(Also See റോമർ 8.11, 2 കോരി 4.14, എഫേ.1.20, 1 തെസ്സ.1.10. എബ്രായർ 13.20)

യാഗത്തിൽ ഹോമിക്കപ്പെട്ട പ്രജാപതിയെ പരമാത്മാവ് തന്റെ വ്യാപാരശക്തികൊണ്ട് ഉയിർത്തെഴുന്നേൽപ്പിക്കുന്നു എന്ന് ഇവിടെ വ്യക്തമാക്കുന്നു. മരിച്ചവർക്ക് പുനരുത്ഥാനമുണ്ട് എന്ന പൊതുതത്വവും ഇവിടെ സ്ഥാപിക്കപ്പെടുന്നു.

"സകലതിലും താൻ മുമ്പനാകേണ്ടതിന് അവൻ ആരംഭവും, മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യനായി എഴുന്നേറ്റവനുമാകുന്നു." (കൊലോസ്യർ 1.18)

"ക്രിസ്തു ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തിരിക്കുന്നു. ആദ്യഫലം ക്രിസ്തു; പിന്നെ അവനിൽ വിശ്വസിക്കുന്നവർ." ( 1 കൊരി.15.20,23)

## 10.യാഗമൃഗത്തിന്റെ മാംസം ഭക്ഷിക്കണം

"യജ്ഞശിഷ്ടാമൃതഭുജോ
യാന്തി ബ്രഹ്മ സനാതനം" (ഭ.ഗീത 4.31)

അർത്ഥം. യാഗമൃഗത്തിന്റെ അവശിഷ്ടമായ മാംസം ഭക്ഷിക്കുന്നവൻ പരമാത്മാവിൽ ചെന്നുചേർന്ന് നിത്യതയനുഭവിക്കുന്നു.

മിസ്രയിമിൽ നിന്നുള്ള വിമോചനത്തിനായി അറുക്കപ്പെടുന്ന പെസഹാ കുഞ്ഞാടിന്റെ മാംസം തീയിൽ ചുട്ട് പുളിപ്പില്ലാത്ത അപ്പത്തോടും കയ്പ്പ് ചീരയോടും കൂടെ തിന്നണം എന്ന് പുറപ്പാട് 12.8ൽ വിവരിച്ചിരിക്കുന്നു. ഇതോടു സാമ്യമായ വിഷയം പ്രജാപതി-യാഗസംബന്ധമായി ശതപഥബ്രാഹ്മണം V:1.1:1.2ൽ വിവരിച്ചിരിക്കുന്നു.

യേശു ക്രിസ്തു പറയുന്നു:-

"നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ

www.malankaralibrary.com

ജീവനില്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്, ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും. എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിൻമൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും."

(യോഹന്നാൻ 6:53.57)

ഇതിന്റെ പ്രതീകാചരണം നിലനിർത്തിപ്പോരുന്നു. (മത്തായി 26:26.28, 1 കൊരിന്ത്യർ 11:23.26)

യാഗാനന്തരം മാംസം പങ്കുവെയ്ക്കുന്നതും ഭക്ഷിക്കുന്നതും ബ്രാഹ്മണങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അദ്വൈതവാദികളായിരുന്ന ശ്രീശങ്കരാചാര്യരും ശ്രീ രാമാനുജവും മൃഗബലിയെ അംഗീകരിച്ചിരുന്ന വിഷയം Sacred Book of the East എന്ന പുസ്കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. മഹോപാദ്ധ്യായ ശ്രീ പി.ബി.കാനേ (P.B.Kane) എന്ന പണ്ഡിതൻ എഴുതിയ "ധർമ്മശാസ്ത്ര കാ ഇതിഹാസ്" എന്ന പുസ്തകത്തിൽ യാഗവിധിയും യാഗവസ്തു പങ്കുവെയ്ക്കുന്നതുമെല്ലാം വിവരിച്ചിട്ടുണ്ട്. ഇന്നും ക്ഷേത്രങ്ങളിൽ തൊഴുതുമടങ്ങുന്ന ഭക്തൻമാർക്ക് നൽകപ്പെടുന്ന "പ്രസാദം" യാഗമാംസഭോജനത്തിന്റെ പ്രതീകമാകുന്നു. ക്രിസ്തീയ ആരാധനയിലെ ബലിയർപ്പണവും ഭോജനവും ഇതേ പ്രതീകാചാരം തന്നെ.

മുകളിൽ പ്രസ്താവിക്കപ്പെട്ട പത്ത് ഉദാഹരണങ്ങൾക്കും പുറമേ, അനേകം സമാനതകൾ പ്രജാപതിയാഗവും ക്രൂശീകരണവും സംബന്ധിച്ച് വേദഗ്രന്ഥങ്ങളിൽ കാണാം. ഇവയെപ്പറ്റി അവധാനപൂർവ്വം പഠിച്ചാൽ, രണ്ടു വിവരണങ്ങളും "പാപപരിഹാരയാഗം" എന്ന ഒരേ ശീർഷകത്തിൻ കീഴിൽ അവതരിപ്പിക്കാം എന്നത് നിരാക്ഷേപകമാകുന്നു. നിഷ്പക്ഷബുദ്ധിയോടെ നോക്കുന്ന ആർക്കും ഈ സത്യം വെളിവാകും. ആര്യഗ്രന്ഥങ്ങളിൽ സരസമായി ദാർശനികമായി വിവരിച്ചിരിക്കുന്നത് അനന്തരകാലത്തെ സംഭവകഥയുടെ നിഴൽ മാത്രമാണ് എന്നതിൽ സംശയമില്ല. എബ്രായവേദത്തിലെ വിവരണങ്ങൾ

www.malankaralibrary.com

ഈ അഭിപ്രായത്തെ മുഴുവനായും ശരിവെക്കുന്നു. എബ്രായവേദാഖ്യാനവും ആര്യവേദാഖ്യാനവും തമ്മിൽ ആദ്ധ്യാത്മികമായും അവതരണത്തിലും സമാനതയും സാദൃശ്യവും നിലനിൽക്കുന്നു.

www.malankaralibrary.com

# VI

# യാഗത്തിനുശേഷം

## 1. പുനരുജ്ജീവനം (ഉയിർത്തെഴുന്നേൽപ്പ്)

മരിച്ചവർ വീണ്ടും ജീവിക്കുമോ? എല്ലാക്കാലത്തും ഈ ചോദ്യം നിലനിന്നിരുന്നു. ക്രൂശിക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ട യേശു "താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു" (മത്തായി 28.6)

ഇതിന്റെ സത്യാവസ്ഥയെ ചോദ്യം ചെയ്യുന്ന പല പണ്ഡിതൻമാരും ഇന്നും ഉത്തരം ലഭിക്കാതെ വിഷമിച്ചു നിൽക്കുന്നു. എന്നാൽ, ആര്യജ്ഞാനികൾക്ക് ഈ പുനരുത്ഥാനത്തിൽ യാതൊരു സംശയവുമുണ്ടായിരുന്നില്ല എന്ന് വേദോപനിഷത്തുകൾ തെളിവ് തരുന്നു.

a. "ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു എന്ന് പ്രസംഗിച്ചു വരുന്ന അവസ്ഥയ്ക്ക് മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്ന് നിങ്ങളിൽ ചിലർ പറയുന്നത് എങ്ങനെ? ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം." (1 കൊരിന്ത്യർ 15:12,14)

"ചിലർ പറയുന്നത്" ശരിയല്ല എന്നും, പ്രസംഗവും വിശ്വാസവും വ്യർത്ഥമല്ല എന്നും ആര്യഗ്രന്ഥങ്ങളും ബൈബിളും തെളിവ് നൽകുന്നു.

ക്രൂശിൽ മരിച്ച് അടക്കപ്പെട്ട ക്രിസ്തു മൂന്നാം നാൾ തേജ:ശ്ശരീരത്തോടെ ഉയിർത്തെഴുന്നേറ്റു എന്ന് ചരിത്രരേഖകളിൽ കാണുമ്പോൾ, അതിന്റെ നിഴലായി ആര്യജ്ഞാനികളുടെ ദർശനം ബൃഹദാരണ്യകോപനിഷത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് ശ്രദ്ധിക്കാം.

"കോ നു ഏനം ജനയേത് പുന:"?

ആരാണ് ഇവന് വീണ്ടും ജീവൻ നൽകുന്നത്?

ഉത്തരം:

"വിജ്ഞാനമാനന്ദം ബ്രഹ്മ"

സർവ്വജ്ഞാനിയായ ദൈവം പരമാനന്ദഭാവത്തിൽ തന്റെ

www.malankaralibrary.com

വ്യാപാരശക്തികൊണ്ട് മരിച്ചവനെ ഉയിർത്തെഴുന്നേൽപ്പിക്കുന്നു.

(ഈ വിഷയം കഴിഞ്ഞ അദ്ധ്യായത്തിൽ വിശദമായി വ്യാഖ്യാനിച്ചിട്ടുണ്ട്)

b. "ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥം; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു." (1 കൊരിന്ത്യർ 15:17.18)

ക്രിസ്തു ഉയിർത്തു എന്നും, ആ വിശ്വാസം വ്യർത്ഥമല്ല എന്നും, പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയിരിക്കുന്നു എന്നും യജ്ജൂർവേദം 31.18ൽ ഉറപ്പു നൽകുന്നു.

"വേദാഹമേതം പുരുഷം മഹാന്തം..."

(ഇത് അന്യത്ര വിശദമായി വ്യാഖ്യാനിച്ചിട്ടുണ്ട്)

സാരം. "പ്രായശ്ചിത്ത ബലിയിൽ ഹോമിക്കപ്പെട്ട പുരുഷൻ സൂര്യനെപ്പോലെ തേജഃസ്വരൂപനായി, പാപവിമോചകനായി, നിത്യജീവന്റെ ഏകവഴിയായി സ്ഥിതി ചെയ്യുന്നു."

"ന അന്യഃ പന്ഥാ വിദ്യതേ അയനായ"

ഈ പുരുഷനല്ലാതെ നിത്യജീവൻ നൽകുന്ന വേറൊരു ദേവനുമില്ല. ഈ പുരുഷനാണെങ്കിലോ അവൻ പുരുഷമേധത്തിൽ പശുവായി സങ്കല്പിക്കപ്പെട്ട് ഹോമിക്കപ്പെട്ടവനുമാണ്. ഹോമിക്കപ്പെട്ടവൻ പുനരുജ്ജീവിച്ചില്ലെങ്കിൽ അവൻ നിത്യജീവൻ നൽകുന്നതെങ്ങനെ? അവൻ മാത്രമേ നിത്യജീവൻ നൽകുന്നവനായുള്ളുവെങ്കിൽ പാപത്തിന് പ്രായശ്ചിത്തം ചെയ്യാനായി മരിച്ചശേഷം ഉയിർത്തെഴുന്നേറ്റവനുമാകുന്നു.

c."ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി, ക്രിസ്തുവിൽ പ്രത്യാശ വെച്ച് ജീവിച്ചിരിക്കുന്നവരായ നാം സകല മനുഷ്യരിലും അരിഷ്ടൻമാരുമായിത്തീരുന്നു." (1 കൊരിന്ത്യർ 15.19)

ക്രിസ്തുവിൽ നിദ്രകൊണ്ടവരും (ക്രിസ്തുവിൽ വിശ്വസിച്ച് ജീവിച്ച് ശാരീരിക മരണം വരിച്ചവരും), ക്രിസ്തുവിൽ പ്രത്യാശവെച്ച് ഇന്ന് ജീവിച്ചിരിക്കുന്നവരും നശിച്ചു പോകയില്ല എന്ന് യജ്ജൂർവേദം 31.22ൽ വളരെ വ്യക്തമായി പറയുന്നു.

"ഇഷ്ണന്നിഷാണാമും മ ഇഷാണ
സർവ്വലോകം മ ഇഷാണ"

www.malankaralibrary.com

(പ്രജാപതിയാഗം വിജയകരമായി പൂർത്തിയാക്കിയശേഷം ആ യാഗത്തിൽ ബലികഴിക്കപ്പെട്ട പ്രജാപതിയോട് ഭക്തൻമാർ കഴിക്കുന്ന പ്രാർത്ഥനയും അപേക്ഷയുമാണിത്)

സാരം. " We implore, grant salvation to us, grant us knowledge and pleasure."

"നിത്യരക്ഷയെ നൽകേണമേ എന്ന് ഞങ്ങൾ വിനീതമായി അപേക്ഷിക്കുന്നു. പരമാത്മജ്ഞാനം നൽകി നിത്യ സന്തോഷം അനുഭവിക്കുമാറാക്കിയാലും"

പ്രജാപതിയാഗത്തിനുശേഷം നടത്തുന്ന ഈ പ്രാർത്ഥന ഹോമകുണ്ഡത്തിൽ എരിഞ്ഞ് നശിച്ചുപോയ ഒരാളോടായിരിക്കാൻ സാദ്ധ്യതയില്ല. മരിച്ചുപോയവർ വിളികേൾക്കുകയില്ലല്ലോ. അപ്പോൾ, ആരെ വിളിച്ചപേക്ഷിക്കുന്നുവോ അവൻ ജീവിച്ചിരിക്കുന്നവൻ തന്നെയായിരിക്കണം. അമൃതത്വസ്യ ഈശാന:= നിത്യരക്ഷയുടെ ദൈവമാണ് മനുഷ്യപുത്രനായി ജനിക്കയും യാഗമായി ബലിയർപ്പിക്കപ്പെടുകയും ചെയ്തത്. ബലി നടത്തിയശേഷം ഭക്തൻമാർ നിത്യരക്ഷ യാചിക്കുന്നത് നിത്യരക്ഷയുടെ ദേവനോടു തന്നെയാണ്. അപ്പോൾ, പാപപരിഹാര ബലിയായി അർപ്പിക്കപ്പെട്ടവൻ സർവ്വശക്തിയോടും അധികാരത്തോടും ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നു തന്നെയാണ് അവനോടുള്ള ഈ പ്രാർത്ഥന സൂചിപ്പിക്കുന്നത്. അതുകൊണ്ട്, ക്രിസ്തുവിൽ നിദ്ര കൊണ്ടവർ നശിച്ചുപോയിട്ടില്ല, ക്രിസ്തുവിൽ പ്രത്യാശവെച്ചിരിക്കുന്നവർ അരിഷ്ടൻമാരായിത്തീരുകയുമില്ല. എന്തുകൊണ്ടെന്നാൽ അവൻ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു.

"അഹം വിശ്വം ഭുവനം അഭ്യവാം, സുവർന ജ്യോതീ:"

(തൈത്തരീയോപനിഷത് 3:10.6)

സാരം. "മരണത്തെ ജയിച്ച് തേജ: സ്വരൂപം പ്രാപിച്ച ഞാൻ സകലത്തെയും കീഴടക്കി സർവ്വാധികാരിയായിത്തീർന്നിരിക്കുന്നു."

ഹോമകുണ്ഡത്തിൽ യാഗാഗ്നിയിൽ ദഹിച്ചുപോയ പുരുഷ പ്രജാപതി ആർക്കും പ്രയോജനപ്പെടുന്നവനല്ല. ക്രൂശിൽ മരിച്ച് കല്ലറയിൽ അടക്കപ്പെട്ട അവസ്ഥയിൽ കഴിയുന്ന ക്രിസ്തു ആർക്കും പ്രത്യാശയ്ക്ക് വക നൽകുന്നില്ല.

www.malankaralibrary.com

അങ്ങനെ വന്നാൽ, ദർശനത്തിലെ യാഗത്തിന്റെയും ചരിത്രത്തിലെ ക്രൂശീകരണത്തിന്റെയും ഉദ്ദേശം തന്നെ പരാജയപ്പെട്ടു പോകുന്നു. ഇപ്രകാരം ഒരു പരാജയം സംഭവിക്കില്ല എന്ന് യജുർവേദം 32.4ൽ പറയുന്നു.

"ഏഷോ ഹ ദേവഃ പ്രദിശോ ⁄ നു സർവ്വാഃ
പൂർവ്വോ ഹ ജാതഃ സ ഉ ഗർഭേ അന്തഃ
സ ഏവ ജാതഃ സ ജനിഷ്യമാണഃ
പ്രത്യങ്ജനസ്തിഷ്ഠതി സർവ്വതോ മുഖഃ"

**"He was present in the past, He is present now, and will be preseent in future also."**

പൂർവ്വോ ഹ ജാതഃ= ആദ്യജാതനായ ഈ ദേവൻ ആദി മുതലേ ഇരുന്നവനും,

സ ഏവ ജാതഃ= ഇപ്പോൾ ഇരിക്കുന്നവനും,

സ ജനിഷ്യമാണഃ= ഭാവിയിൽ ജനിക്കുവാൻ പോകുന്നവനും (ഇരുന്നവനും വന്നവനും വീണ്ടും വരുന്നവനും) ആകുന്നു.

സർവ്വതോ മുഖഃ= ആ ദേവൻ അന്തർരംഗങ്ങളെ ശോധന ചെയ്യുന്നവനുമാകുന്നു, അവനു മറവായിട്ട് ഒന്നും തന്നെയില്ല. (എബ്രായർ 4.13)

"ഹിരണ്യഗർഭഃ സമവർത്തതാഗ്രേ" -പ്രജാപതിയാണ് ആദ്യ ജാതൻ എന്ന് അവിടെ പറയുന്നു.

"പുരുഷം ജാതം അഗ്രതഃ" ആദ്യജാതനായ പുരുഷനാണ് ഹോമിക്കപ്പെട്ടത് എന്നും പറയുന്നു.

"പൂർവ്വോഹ ജാതഃ ജനിഷ്യമാണഃ" ആദ്യജാതനായ ഇവൻ തന്നെയാണ് ഇരുന്നവനും ഇരിക്കുന്നവനും വീണ്ടും വരുന്നവനുമായ ദേവൻ എന്ന് ഇവിടെ പറയുന്നു.

അപ്പോൾ, ബലിയർപ്പിക്കപ്പെട്ടശേഷം അവൻ പുനരുജ്ജീവിച്ചു എന്നതിന് വേറെ തെളിവുകളൊന്നും തന്നെ ആവശ്യമില്ല. എങ്കിലും ശ്വേതാശ്വതര മഹർഷിക്ക് അല്പം കൂടെ മനോഹരമായി പറയാനുള്ളതും കൂടെ ശ്രദ്ധിക്കാം.

www.malankaralibrary.com

"നിഷ്കലം നിഷ്ക്രിയം ശാന്തം
നിരവദ്യം നിരഞ്ജനം
അമൃതസ്യ പരം സേതും
ദഗ്ധേന്ധനമിവാനലം " (ശ്വേ.ഉ.6.19)

നിഷ്കലൻ= ആ ദേവൻ കളങ്കമില്ലാത്ത കുഞ്ഞാടായിരുന്നു.

നിഷ്ക്രിയൻ= അവൻ തന്നെ ദ്രോഹിക്കുന്നവരോട് പ്രതികാരം ചെയ്യാത്തവനായിരുന്നു.

ശാന്തൻ= അപമാനിച്ചിട്ടും മുറിപ്പെടുത്തിയിട്ടും എതിർക്കാതെ ശാന്തനായിരുന്നു.

നിരവദ്യൻ=കുറ്റമില്ലാത്തവൻ എന്ന് സാക്ഷിക്കപ്പെട്ട വനായിരുന്നു.

നിരഞ്ജനൻ= അതിശയജനനം കൊണ്ടും ജീവിതചര്യ കൊണ്ടും നിർമ്മലനായിരുന്നു.

ദഗ്ധേന്ധനം ഇവ അനലൻ= ഇപ്രകാരമെല്ലാമുള്ളവൻ യാഗാഗ്നിയിൽ വിറക് (ഭൗമശരീരം) എരിഞ്ഞുതീർന്ന അഗ്നിപോലെ തേജഃശ്ശരീരത്തോടുകൂടിയവനായി (ഉയിർ ത്തെഴുന്നേറ്റ്),

അമൃതസ്യപരം സേതു= നിത്യരക്ഷയുടെ ബലവത്തായ പാലമായി സ്ഥിതി ചെയ്യുന്നു.

ഭരണാധികാരികളുടെ പടജ്ജനത്താൽ ക്രൂരമായി പീഢിപ്പി ക്കപ്പെട്ടിട്ടും "നിലവിളിക്കാതെയും ഒച്ചയുണ്ടാക്കാതെയും, തെരുവീഥിയിൽ ശബ്ദം കേൾപ്പിക്കാതെയും" കഷ്ടപ്പെടുന്ന ദാസനായി, യെശയ്യാ പ്രവചനം 42,50,52,53 അദ്ധ്യായങ്ങളിൽ പ്രവാചകൻ ദർശിച്ചിരിക്കുന്ന ദേവൻ യാഗത്തിനായി ഒരുക്കപ്പെടുന്നതും, യാഗത്തിൽ ദഹനക്രിയയിലൂടെ കടക്കുന്നതും, യാഗാനന്തരം മരണത്തെ ജയിച്ച് തേജോരൂപം പ്രാപിച്ച് നിത്യരക്ഷയിലേക്ക് നടന്നുകയറുവാനുള്ള ദൃഢമായ പാലമായി, വഴിയും സത്യവും ജീവനുമായി നിൽക്കുന്നതുമായ ദർശനം ശ്വേതാ ശ്വതരമഹർഷി അതിമനോഹരമായി അവതരിപ്പിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ ദേവന്റെ രൂപം ഇവിടെ അതിപ്രഭാ വത്തോടെ ശോഭിക്കുന്നു. ഉയിർപ്പിന്റെ വർണ്ണന ഇതിലുപരി അസാദ്ധ്യമാവുംവിധം പ്രഗത്ഭമായിരിക്കുന്നു.

www.malankaralibrary.com

ആര്യമഹർഷിമാരും എബ്രായപ്രവാചകൻമാരും ലോക രക്ഷകന്റെ പരമയാഗത്തെ ദർശനപരമായി വീക്ഷിച്ചിരുന്നു. ആ യാഗം നടത്തിയതുകൊണ്ടു മാത്രം അവർ സംതൃപ്ത രായി പിന്തിരിയുന്നില്ല. മനുഷ്യവംശത്തിന്റെ പാപത്തെ പാപമില്ലാത്തവൻ സ്വയം വഹിച്ചുകൊണ്ട് യാഗാഗ്നിയിൽ എരിഞ്ഞമരുന്നു. ഇത് പാപത്തിന്റെ ശക്തിയെ എന്നന്നേക്കുമായി തോൽപ്പിക്കമാത്രമേ ആവുന്നുള്ളു. പാപം പരിഹരിക്കപ്പെട്ട മനുഷ്യവംശത്തെ വീണ്ടെടുത്ത് യഥാസ്ഥാനപ്പെടുത്തുവാനായി ഈ യാഗപുരുഷൻ പുനരുജ്ജീവിച്ചേ മതിയാകൂ എന്ന് അവർ ദൃഢമായി വിശ്വസിച്ചിരുന്നു. ഈ വിശ്വാസത്തിന്റെ ഉറപ്പാണ് "വിറകെരിഞ്ഞുതീർന്ന അഗ്നിപോലെ തേജോമയനായവൻ നിത്യരക്ഷയുടെ പാലമായി നിൽക്കുന്നു" എന്ന പ്രസ്താവന. ഈ പ്രസ്താവനയോടെയും വിഷയം സമാപിക്കുന്നില്ല.

"മുമുക്ഷുർ വൈ ശരണമഹം പ്രപദ്യേ"

നിത്യതയിൽ പ്രത്യാശ വെച്ചിരിക്കുന്ന ഞാൻ ആ ദേവനെ ശരണം പ്രാപിക്കുന്നു എന്ന് ശ്വേതാശ്വതരമഹർഷി സ്വയം സമർപ്പണം ചെയ്യുന്നതിലൂടെ, ഈ പ്രത്യാശയു ള്ളവരെയെല്ലാം താൻ ചെയ്തതുപോലെ ദേവന്റെ മുമ്പാകെ സമർപ്പിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

"അത്യാശ്രമിഭ്യഃ പരമം പവിത്രം
പ്രോവാച സമ്യക് ഋഷിസംഘജുഷ്ടം" (ശ്വേ.ഉ.6.21)

സാരം. ഋഷിമാർക്ക് മാത്രം അറിയപ്പെട്ടിരുന്നതും ഏറ്റവും പരിപാവനവുമായ നിത്യരക്ഷയുടെ ഈ ജ്ഞാനം മറ്റുള്ളവർക്കും നല്ലവണ്ണം വിശദീകരിച്ചു കൊടുത്തു.

ഇതോടെ പ്രജാപതിയാഗവിവരണവും പൂർണ്ണമാകുന്നു.

"ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളാകുവിൻ" എന്ന അന്ത്യോപദേശം നൽകുന്നതോടെ ഭൂമിയിൽ യാഗപുരുഷൻ തന്റെ ദൗത്യം പൂർത്തിയാക്കിയിട്ട് സ്വർഗ്ഗാരോഹണം ചെയ്യുന്നു. (അപ്പോ.പ്രവൃത്തി.1:8.9)

ഈ യാഗത്തിൽ സംഭവിച്ചത് എന്താണ്? എന്ന് ലോകം മുഴുവൻ അറിയണം എന്നു തന്നെയായിരുന്നു മഹർഷി മാരുടെയും ആഗ്രഹം.

യജ്ജൂർവേദം നിഷ്ക്കർഷിക്കുന്നതും ഇതു തന്നെയാണ്:-

www.malankaralibrary.com

"യഥേമാം വാചം കല്യാണീമാവദാനി ജനേഭ്യഃ"
(യജ്ജുർവേദം 26.2)

ലോകത്തിന്റെ അറുതിവരെയുള്ള സർവ്വജനങ്ങളുടെയും നൻമയ്ക്കായി ഈ വചനം (ജ്ഞാനം, ഉപദേശം) നൽകപ്പെടുന്നു, സകലമനുഷ്യരും ഇത് അറിയട്ടെ, അവർക്ക് നൻമ ഭവിക്കട്ടെ.

## 2. മരണത്തെ ജയിച്ച വിജയം (അഭിഷിക്തനായ രാജാവ്)

ഉത്ഥിതനായ പ്രജാപതിയെ ശരണം പ്രാപിച്ച ഭക്തൻമാർ മൂന്നു കാര്യങ്ങൾ അപേക്ഷിക്കുന്നു.

a. ഒന്ന്, നിത്യജീവനായി തെരഞ്ഞെടുക്കണം.

"അഭീവർത്തേന ഹ വിഷാ
യേനേന്ദ്രോ അഭിവാ വൃതേ
തേനാസ്മാൻ ബ്രഹ്മണസ്പതേ
അഭിരാഷ്ട്രായ വർത്തയ" (ഋവേ.10:174.1)

സാരം. അല്ലയോ ബ്രഹ്മണസ്പതേ, വിറകെരിഞ്ഞുതീർന്ന അഗ്നിപോലെ തേജസ്സായ ആത്മസ്വരൂപം പ്രാപിച്ചവനേ, പ്രായശ്ചിത്ത യാഗത്തിലൂടെ മാനവവംശത്തിന്റെ വീണ്ടെടുപ്പ് സാധിച്ചവനേ, ആ നിത്യരാജ്യം പ്രാപിക്കാൻ ഞങ്ങളേയും സഹായിച്ചാലും-രാഷ്ട്രം പ്രാപ്തും അസ്മാൻ അഭിഗമയ= നിത്യരാജ്യത്തിലെത്തുവാൻ ഞങ്ങളെ പറഞ്ഞയച്ചാലും (ഞങ്ങളെ തെരഞ്ഞെടുത്താലും)

b. രണ്ട്, ഇതിന് തടസ്സമായുള്ളതെല്ലാം നശിപ്പിക്കണം

"അഭിവൃത്യ സപത്നാൻ
അഭിയാനോ അരാതയഃ
അഭിപൃതന്യന്തം തിഷ്ഠ
അഭിയോ ന ഇരസ്യതി" (ഋഗേ. 10:174.2)

സാരം. നിത്യജീവന്റെ അവകാശത്തിന് യോഗ്യരാകാത്തവണ്ണം ഇതുവരെയും ഞങ്ങളെ അകറ്റി നിർത്തിയിരുന്ന എല്ലാ ശത്രുക്കളേയും നശിപ്പിച്ചാലും, നാശത്തിന്റെ സേനകളുമായി മനുഷ്യരുടെ ഇടയിൽ ഭരണം നടത്തുന്ന പ്രതിയോഗിയെ കീഴടക്കിയാലും, ഞങ്ങളുടെ വഴികളിൽ

www.malankaralibrary.com

തടസ്സം സൃഷ്ടിക്കുന്ന സകലരേയും അകറ്റി യാലും.

C. മൂന്ന്, ലോകജീവിതത്തിൽ നൻമകൾ നൽകണം.

"അഭിത്വാ ദേവ സവിതാ
അഭിസോമോ അവീവൃതൽ
അഭിത്വാ വിശ്വാ ഭൂതാനി
അഭീവർത്തോ യഥാ സസി" (ഋഗ്വേ.10:174.3)

സാരം. അല്ലയോ പ്രകാശരൂപനായ ദേവനേ, അവിടുത്തെ പ്രഭാപൂരം രാജ്യത്തെ ശോഭായമാനമാക്കിത്തീർക്കട്ടെ. രാജ്യം സന്തോഷപൂർണ്ണമായിത്തീരുമാറാകട്ടെ, അവിടുത്തെ സാമീപ്യം കൊണ്ട് ഭൂമിയും ഭൂവാസികളും അനുഗൃഹീത രായിത്തീരുമാറാകട്ടെ.

1. നിത്യജീവൻ പ്രാപിക്കാൻ സഹായിക്കണം.
2. അതിനെതിരായി നിൽക്കുന്ന ശത്രുക്കളായ രാഗദ്വേഷ മോഹാദി വിപരീത വികാരങ്ങളെയെല്ലാം ജയിക്കുവാൻ സഹായിക്കണം.
3. ഇഹലോകവാസക്കാലമത്രയും അവിടുത്തെ അനുഗ്രഹവും സംരക്ഷണവും ഉണ്ടായിരിക്കണം.

ഇപ്രകാരം മൂന്നു കാര്യങ്ങളാണ് ഭക്തൻമാർ ആവശ്യ പ്പെടുന്നത്.

അടുത്ത രണ്ടു മന്ത്രങ്ങളിൽ ഉത്ഥിതനായ ദേവൻ അഭിക്ഷിക്തനായ രാജാവ്-ഭക്തൻമാർക്ക് മറുപടി നൽകുന്നു:-

1 "യേനേന്ദ്രം ഹവിഷാ കൃത്വീ
അഭവദ്യുമ്ന്യുത്തമഃ
ഇദം തദക്രി ദേവാഃ
അസപത്നഃ കിലാഭുവം " (ഋഗ്വേ. 10:174.4)

സാരം. അല്ലയോ ദേവൻമാരേ, (ഭക്തജനങ്ങളേ) ഏതൊരു യാഗം കൊണ്ട് ശത്രുജയം സാദ്ധ്യമാണോ ആ യാഗം ഞാൻ അനുഷ്ഠിച്ചിരിക്കുന്നു. ആ യാഗത്തിലെ വിജയം എന്നെ ശത്രുരഹിതനാക്കിത്തീർത്തിരിക്കുന്നു. (ഞാൻ എന്നെത്തന്നെ ഹവിസ്സായി-യാഗവസ്തുവായി-അർപ്പിച്ച് പാപത്തിന്റെ ശക്തിയെ തകർത്തിരിക്കുന്നു.

www.malankaralibrary.com

2 "അസപത്നഃ സപത്ന ഹാ
അഭിരാഷ്ട്രോ വിഷാ സഹി
യഥാഹം ഏഷാം ഭൂതാനാം
വിരാജാനി ജനസ്യ ച" (ഋഗ്വേ.10.174.5)

സാരം. ശത്രുക്കളെ നശിപ്പിക്കുന്ന ഞാൻ ശത്രുരഹിതനായിത്തീർന്നിരിക്കുന്നു. (മരണമെന്ന ശത്രുവിനെ ഞാൻ ജയിച്ചിരിക്കുന്നു) സകലതും കീഴടക്കിക്കൊണ്ട് രാജത്വം പ്രാപിച്ചിരിക്കുന്നു. മനുഷ്യവംശത്തിനും സകലജീവജാലങ്ങൾക്കും അധിപതിയാകത്തക്കവണ്ണം സകല ശത്രുക്കളേയും ഞാൻ ജയിച്ചിരിക്കുന്നു.

ആര്യമഹർഷിയെപ്പോലെ, എബ്രായജ്ഞാനിയായ ദാനിയേൽ ഈ സർവ്വാധിപതിയെ ദർശിക്കുന്നത് ശ്രദ്ധിക്കുക.

"സകലവംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് അവന് ആധിപത്യവും രാജത്വവും ലഭിച്ചു, അവന്റെ ആധിപത്യം നീങ്ങിപ്പോകാത്തതും അവന്റെ രാജത്വം നശിച്ചുപോകാത്തതുമാകുന്നു." (ദാനിയേൽ 7.14)

അഭിഷിക്തനായ പ്രജാപതി സ്വയം പ്രഖ്യാപിക്കുന്നത് ശ്രദ്ധിക്കുക:-

"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു" (മത്തായി 28.18)

ഈ അധികാരിയെപ്പറ്റിയുള്ള സാക്ഷ്യം ശ്രദ്ധിക്കുക:-

"ദൂതൻമാരും അധികാരങ്ങളും ശക്തികളും അവന്ന് കീഴ്പെട്ടിരിക്കുന്നു." (1 പത്രോസ് 3.22)

ഭക്തൻമാർ അപേക്ഷിച്ചതുപോലെ, തന്നിൽ വിശ്വസിച്ച് ആരാധിക്കുന്നവർക്ക് നിത്യരക്ഷയും, മരണമെന്ന ശത്രുവിൻമേൽ വിജയവും, ഐഹികമായ ക്ഷേമൈശ്വര്യങ്ങളും സാദ്ധ്യമാക്കിക്കൊണ്ട് ഉയിർത്തെഴുന്നേറ്റ ദേവൻ സർവ്വാധിപതിയായി നിൽക്കുന്നു എന്ന പ്രഖ്യാപനമാണ് ഇവിടെ കാണുന്നത്.

യജ്ജൂർവേദത്തിൽപെട്ട തൈത്തരീയോപനിഷത്തിലും ഈ വിഷയത്തിന്റെ സൂചന കാണുന്നു:-

"അഹം വിശ്വം ഭുവനം അഭ്യവാം സുവർന്ന ജ്യോതീഃ"
(തൈത്തരീയോപനിഷത് 3:10.6)

www.malankaralibrary.com

സാരം. ഞാൻ എല്ലാ ലോകങ്ങളെയും കീഴടക്കി ജയിച്ചിരിക്കുന്നു. സൂര്യനെപ്പോലെ തേജ: സ്വരൂപനായി (ഭൂവാസികൾക്ക് ക്ഷേമദായകനായി) സ്ഥിതി ചെയ്യുന്നു.

കല്ലറ ഭേദിച്ച് മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രഖ്യാപനമാണിത്.

**"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ലോകാവസാനത്തോളം ഞാൻ നിങ്ങളോടു കൂടെ ഇരിക്കും"**

(മത്തായി 28:18.20)

(ഐഹികമായ ക്ഷേമൈശ്വര്യങ്ങളും സംരക്ഷണവും അന്ത്യത്തിൽ നിത്യജീവനും നൽകുന്ന സർവ്വാധികാരിയാണ് ക്രിസ്തു എന്നാണിവിടുത്തെ അർത്ഥം.)

ഈ സർവ്വാധികാരിയെപ്പറ്റി ആര്യജ്ഞാനികളെപ്പോലെ തന്നെ എബ്രായ പ്രവാചകനായ ദാനിയേലിന് ലഭിച്ച ദർശനമാണ് ദാനിയേൽ 7.14ൽ രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രജാപതിയാഗത്തിനുശേഷം പുനരുജ്ജീവിക്കുന്ന പ്രജാപതി മരണത്തെ ജയിച്ച് നിത്യജീവന്നധികാരിയായി നിൽക്കുന്ന അവസ്ഥാവിശേഷത്തെയാണ് ഇതുവരെ ആര്യ -എബ്രായ ദർശനങ്ങളിൽ വിവരിച്ചിരിക്കുന്നതായി കണ്ടത്.

"പൂർവ്വോ ഹ ജാത:, സ ഏവ ജാത:,
സ: ജനിഷ്യമാണ:" (യജുർവേദം 32.4)

ആദ്യജാതനായി പിതാവിനോടു കൂടെ ഇരുന്നിരുന്നവനും, മനുഷ്യപുത്രനായി വന്നവനും, യുഗാന്ത്യത്തിൽ ന്യായാധിപനായി വരാനിരിക്കുന്നവനുമാണ് ഈ പുരുഷ പ്രജാപതി. ഇവയിൽ, യുഗാന്ത്യമർമ്മമായ പുനരാഗമനം ഇനിയും നടക്കേണ്ടിയിരിക്കുന്നു. ഇതേപ്പറ്റി ചുരുക്കമായി ചിന്തിക്കാം.

www.malankaralibrary.com

# പ്രത്യവലോകനം (Review)

സർവ്വസൃഷ്ടിക്കും മുൻപേ സൃഷ്ടിയുടെ പരിപാലകനായി നിയമിതനായ പ്രജാപതിയുടെ ജീവിതവും, യാഗവും, പുനരുജ്ജീവനവും വരെയുള്ള വിഷയങ്ങളുടെ ഒരു പ്രത്യവലോകനം (review) ചെയ്തുകൊണ്ട് "പുനരാഗമനം" എന്ന വിഷയം അവതരിപ്പിക്കാം.

1. "ലോകപാലാന്നു സൃജാ ഇതി" (ഐത.ഉപ.1:1.4)
സൃഷ്ടപ്രപഞ്ചത്തിന് ഒരു പരിപാലകൻ ഉണ്ടായിരിക്കണം എന്ന് ആത്മാവായ ദൈവം ചിന്തിച്ചു.

2 "ഹിരണ്യഗർഭഃ സമവർത്തതാഗ്രേ" (ഋഗ്വേദം 10:121.1)
പ്രകാശത്തിൽ നിന്നുള്ള പ്രകാശമായി ആ പരിപാലകൻ ആദ്യജാതനായി ജനിച്ചു.

3. "പാപോഹം പാപകർമ്മോഹം" (പ്രഭാതപ്രാർത്ഥന)
മനുഷ്യൻ പ്രവൃത്തിദോഷം കാരണം സമൂലം പാപിയായിത്തീരുകയാൽ,

4. "മൃത്യോർ മാ അമൃതം ഗമയ" (ബൃഹ.ഉപ.1:3.28)
പാപത്തിന്റെ ഫലമായ മരണത്തിന്നധീനനായവനെ രക്ഷിച്ച് നിത്യജീവന്നവകാശിയാക്കിയാലും എന്ന് മോചനത്തിനായി നിലവിളിച്ചപ്പോൾ

5. "സംഭവാമി യുഗേ യുഗേ" (ഭ.ഗീത.4.8)
ഇതാ,ഞാൻ ഉദ്ധാരണത്തിനായി വരുന്നു എന്ന പ്രഖ്യാപനത്തോടെ,

6 "അന്നേന അതിരോഹതി" (ഋഗ്വേ.10:90.2)
അതിശയകരമായി കന്യകയിൽ മനുഷ്യാവതാരമെടുക്കുന്നു.

7. "വേദാംശ്ച പ്രഹിണോതി തസ്മൈ" (ശ്വേ.ഉ.6.18)
പരമാത്മാവിൽ നിന്നും ലഭിച്ച വീണ്ടെടുപ്പിന്റെ ഉപദേശങ്ങളുമായി (ആവർത്തനം18.18) അവൻ വന്നു. എന്നിട്ട് ഇപ്രകാരം ഉപദേശിക്കാൻ തുടങ്ങി.

8. "അദിതിർമാതാ സ പിതാ സ പുത്രഃ" (ഋഗ്വേ.1:89.10)
ഞാനും പിതാവും ഒന്നാകുന്നു (യോഹ.10.30)

9. "അന്തസ്ഥൈർ ഗുണൈഃ ശുഭ്രൈർ ലക്ഷ്യതേ, നൈവ കേനചിത്"

www.malankaralibrary.com

ഹൃദയശുദ്ധിയുള ളവൻ ദൈവത്തെ കാണും (മത്താ.5.8)

10. "ധർമ്മാ: പുണ്യയമന്യായ സ്വഭാവാചാരസോമപാ:"
എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവരെ ഞാനും പിതാവും സ്നേഹിക്കുന്നു. (യോഹ.14.21)

11. "ഭോഗൈശ്വര്യപ്രസക്താനാം
തയാപഹൃത ചേതസ്സാം
വ്യവസായാത്മികാ ബുദ്ധിർ
സാമാധൗ ന വിധീയതേ" (ഭ.ഗിത.2.44)

ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് പ്രയാസമാകുന്നു. (മത്തായി 19.24)

12. "നബുദ്ധിഭേദം ജനയേദജ്ഞാനം കർമ്മസംഗിനാം
ജോഷയേത് സർവ്വകർമ്മാണി വിദ്വാൻ യുക്ത:
സമാചരൻ" (ഭ.ഗീത.3.26)

മനുഷ്യർ കാണേണ്ടതിന് നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിക്കുവിൻ (മത്തായി 6.1)

13. "പ്രശാന്തമനസം ഹ്യേനം യോഗിനം സുഖമുത്തമം
ഉപൈതി ശാന്തരജസം ബ്രഹ്മഭൂതമകൻമഷം"
(ഭ.ഗിത.6.27)

സമാധാന പ്രിയർ ഭാഗ്യവൻമാർ, അവർ ദൈവത്തിന്റെ പുത്രൻമാർ എന്ന് വിളിക്കപ്പെടും. (മത്തായി 5:3.9)

14 "മനുഷ്യാണാം സഹസ്രേഷു
കശ്ചിത് യതതി സിദ്ധയേ
യതതാമപി സിദ്ധാനാം
കശ്ചിൻമാം വേത്തി തത്വത:" (ഭ.ഗീത.7:3)

വിളിക്കപ്പെട്ടവർ അനേകർ, തെരഞ്ഞെടുക്കപ്പെടുന്നവരോ ചുരുക്കം (മത്തായി 22.14)

15. "പുണ്യോ ഗന്ധ: പൃഥിവ്യാം ച
തേജശ്ചാസ്മി വിഭാവസൗ
ജീവനം സർവ്വഭൂതേഷു
തപശ്ചാപി തപസ്വിഷു" (ഭ.ഗീത.7.9)

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. (യോഹ.8.12)
ഞാൻ ജീവന്റെ അപ്പമാകുന്നു. (യൊഹ.6.48)
എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ

www.malankaralibrary.com

വെളിച്ചമുള്ളവനാകും (യോഹ.8.12)

16. "മയ്യാവേശ്യ മനോ യേ മാം
നിത്യയുക്താ ഉപാസതേ
ശ്രദ്ധയാ പരയോപേതാ
സ്തേമേ യുക്തതമാഃ മതാഃ" (ഭ.ഗീത 12.2)

തനിക്കുള്ളതെല്ലാം വിട്ടുപിരിഞ്ഞിട്ട് എന്നിലാശ്രയിക്കുന്നവനുമാത്രമേ എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയുള്ളൂ. (ലൂക്കോസ് 14.33)

17. "മൻമനാ ഭവ മദ്ഭക്തോ
മദ്യാജീമാം നമസ്കുരു
മാമേവൈഷ്യസി സത്യം
തേ പ്രതിജാനേ പ്രീയോസി മേ" (ഭ.ഗീത.18.65)

എന്റെ വചനം കേട്ട് വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്, അവൻ ന്യായവിധിയിലാകാതെ മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു. (യോഹന്നാൻ 5.14)

എന്നിൽ വിശ്വസിക്കുന്നവനാരും ഒരു നാളും മരിക്കുകയില്ല (യോഹ.11.26)

18. "സർവ്വധർമ്മാൻ പരിത്യജ്യ
മാമേകം ശരണം വ്രജ
അഹം ത്വാ സർവ്വപാപേഭ്യോ
മോക്ഷയിഷ്യാമി, മാ ശുചഃ" (ഭ.ഗീത 18.66)

ഭൂമിയിൽ പാപങ്ങളെ മോചിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ട്. (മത്തായി 9.6).

സകലപാപവും ദൂഷണവും മനുഷ്യനോട് ക്ഷമിക്കും (മത്തായി 12.31)

മാ ശുചഃ= നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയുമരുത്, ഞാൻ പോകയും മടങ്ങിവരുകയും ചെയ്യും. (യോഹന്നാൻ 14:27.28)

ഇപ്രകാരം നിത്യജീവന്റെ ഉപദേശങ്ങൾ നൽകിക്കൊണ്ട് ജീവിക്കവേ,

19. "അബന്ധൻ പുരുഷം പശും" (ഋഗ്വേ.10:90.15)

പ്രജാപതിയെ യാഗമൃഗമായി സങ്കല്പിച്ച് യൂപത്തിൽ - ബലിമരത്തിൽ-ബന്ധിച്ചു.(അ.പ്ര..5.30)

20. "തേന ദേവാഃ അയജന്ത" (ഋഗ്വേ.10:90.7)

www.malankaralibrary.com

അധികാരികൾ അവനെ ബലികഴിച്ചു. (ലൂക്കോസ് 23.33)
21. "ദഗ്ധേന്ധനമിവാനലഃ" (ശ്വേത.ഉപ.6.19)
തേജഃ സ്വരൂപനായി അവൻ ഉയിർത്തെഴുന്നേറ്റു.
(മത്തായി 28.6)
22. "അമൃതസ്യനാഭായി" (തൈത്തരീയോപനിഷത് 3:10.6)
നിത്യരക്ഷയുടെ ദേവനായി, ഏകവഴിയായി, (യോഹ.14.6),
23. "അസപത്നഃ സപത്ന ഹാ" (ഋവേ 10:174.5)
സകലശത്രുക്കളേയും കീഴടക്കി, മരണത്തെ ജയിച്ച്,
24. "അഭിരാഷ്ട്ര;" (ഋഗ്വേ.10:174.5)
സർവ്വാധികാരവും പ്രാപിച്ചവനായി. അഭിഷിക്തനായ രാജാവായി, (മത്തായി 28.18)
25. "വിരാജാനി ജനസ്യച" (ഋഗ്വേ.10:175.5)
സർവ്വജനത്തിന്റെയും ആശാകേന്ദ്രമായി, ഏകരക്ഷകനായി ആ പുരുഷപ്രജാപതി സ്ഥിതി ചെയ്യുന്നു.
(യോഹന്നാൻ 14.6)

(വീണ്ടെടുപ്പ് സംബന്ധമായ ഒരു ജോലി ഇനിയും ബാക്കി നിൽക്കുന്നു. സംഭവവാമി യുഗേ യുഗേ രണ്ടു പ്രത്യക്ഷതകളിൽ രണ്ടാമത്തേത് ഇനിയും സംഭവിക്കേണ്ടിയിരിക്കുന്നു. അത് എപ്പോൾ സംഭവിക്കും?)

"സഃ ജനിഷ്യമാണഃ" (യജ്ജൂർവേദം 32.4)

അവൻ വീണ്ടും വരേണ്ടവനാകുന്നു, (യോഹ.14.3)

അവന്റെ വരവിന്റെ സമയം ആരും അറിയുന്നില്ല. എങ്കിലും അവന്റെ രണ്ടാം വരവിന്റെ ലക്ഷണമായി അവന്റെ വരവിനുമുൻപ് ഭൂമിയിൽ സംഭവിക്കേണ്ടുന്ന ചില പ്രത്യേകതകൾ ബൈബിളിലും അതേ വിഷയം കൽക്കിപുരാണത്തിലും പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കാം.

www.malankaralibrary.com

# പ്രജാപതിയുടെ പുനരാഗമനം

## രണ്ടാം വരവിന്റെ ലക്ഷണങ്ങൾ
## (കൽകി പുരാണം)

"ഗതേ കൃഷ്ണം സ്വനിലയം പ്രാദുർഭൂതോ യഥാ കലി:
(കൽകിപുരാണം 1.13)

സാരം. മോക്ഷപ്രാപ്തിക്കുളള സാരോപദേശങ്ങൾ നൽകിയിട്ട് കൃഷ്ണൻ (ക്രിസ്തു) ദിവംഗതനായശേഷമുളള കലിയുഗത്തിന്റെ (കൃപായുഗത്തിന്റെ) അന്ത്യത്തിൽ കലി (അധർമ്മമൂർത്തി) ഭൂമിയിൽ പ്രത്യക്ഷപ്പെട്ട് തന്റെ പ്രവർത്തനം ആരംഭിക്കുന്നു.

"സ ച അധർമ്മ: ഇതി ഖ്യാത:
തസ്യ വംശാനുകീർത്തനാത്
ശ്രവണാത് സ്മരണാത് ലോക:
സർവ്വപാപൈ: പ്രമുച്യതേ" (ക.പു.1.15)

സാരം. അവന്റെ പേര് "അധർമ്മമൂർത്തി" എന്നാണ്. ആ പേര് കേൾക്കുമ്പോൾ തന്നെ ഭയാക്രാന്തരാകുന്ന മനുഷ്യർ എല്ലാ ദോഷപ്രവൃത്തികളും വിട്ട് ഓടി ഒളിക്കാൻ ശ്രമിക്കും.

യേശു മുന്നറിയിപ്പ് നൽകുന്നു. " ഈ ലോകത്തിന്റെ പ്രഭു വരുന്നു, അവന് എന്നോട് ഒരു കാര്യവുമില്ല." (യോഹന്നാൻ 14.30)

അന്ത്യകാലത്ത് നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടും (2 തെസ്സ.2.3)

"അധർമ്മസ്യ പ്രിയാ രമ്യാ
മിഥ്യാ മാർജ്ജാരലോചനാ
തസ്യപുത്രോ ऽ തിതേജസ്വീ
ദംഭ: പരമ കോപന:" (ക.പു.1.16)

"സ: മായായാം ഭഗിന്യാന്തു
ലോമ: പുത്രം ച കന്യകാം
നികൃതി ജനയാമാസ
തയോ: ക്രോധ: സുതോ ऽഭവത്" (1.17)

www.malankaralibrary.com

അധർമ്മമൂർത്തിയുടെ പരമസുന്ദരിയും പൂച്ചക്കണ്ണിയും (കൗശലക്കാരി) ആയ ഭാര്യയുടെ പേര് മിഥ്യാ എന്നാണ്. (വ്യാജം, Fraud ). ബലവാനും കോപിഷ്ഠനുമായ പുത്രന്റെ പേര് ദംഭം (അഹങ്കാരം, haughtiness ). പുത്രിയുടെ പേര് മായ (പൊങ്ങച്ചം vanity ). ദംഭും മായയും -അഹങ്കാരവും പൊങ്ങച്ചവും കൂടെ സമ്മേളിച്ച് ലോഭം (അത്യാർത്തി - greed ) എന്ന കൊച്ചുമകനും, വികൃതി (വൈരുദ്ധ്യം - adversity ) എന്ന കൊച്ചുമകളും ജനിച്ചു. ലോഭവും വികൃതിയും കൂടെ ചേർന്ന് ക്രോധം ( wrath ഉഗ്രകോപം) എന്ന പുത്രനെ ജനിപ്പിച്ചു.

"സഹിംസായാ ഭഗിന്യാന്തു
ജനയാമാസ തം കലം
.........................................
യജ്ഞാദ്ധ്യയന ദാനാദി
വേദ തന്ത്ര വിനാശകാ:
ആധി വ്യാധിജരാ ഗ്ലാനി
ദു:ഖ ശോക ഭയാശ്രയാ:" (ക.പു.1.18.22)

സാരം. ക്രോധത്തിൽനിന്ന് വാഗ്വാദവും ഹിംസയും (കൊലപാതകം) ജനിച്ചു. അവരിൽനിന്ന് ഭീകരതയും മരണവും ഉത്ഭവിച്ചു. അതിൽനിന്ന് നരകവും അവസാനമില്ലാത്ത കഷ്ടതയും ഉണ്ടായി. ഇവ രണ്ടും കൂടെ അസംഖ്യം ദുരാത്മാക്കളെ ജനിപ്പിച്ചു. ഇതാണ് കലി എന്ന അധർമ്മമൂർത്തിയുടെ കുടുംബം. സത്യത്തെയും ധർമ്മത്തെയും വെറുക്കുന്ന ഒരു ജനസമൂഹത്തെ ഇവർ ഭൂമിയിൽ വളർത്തിയെടുക്കുന്നു. ആധിയും വ്യാധിയും ജരാനരകളും രോഗ-ദു:ഖങ്ങളും മരണഭീതിയും അനുഭവിക്കുന്ന ഈ ജനം ദൈവദൂഷകരായിത്തീരുന്നു.

"കലിരാജാനുഗാശ്ചേരുർ
യുധശോ ലോകനാശകാ:
ബഭൂവു: കാലവിഭ്രഷ്ടാ:
ക്ഷണികാ കാമുകാ: നരാ:" (ക.പു.1.23)

സാരം. ലോകനീതിയെ താറുമാറാക്കിക്കൊണ്ട് മനുഷ്യർ അധർമ്മമൂർത്തിയുടെ അനുചരൻമാരായിത്തീരും മനുഷ്യർ അധർമ്മമൂർത്തിയെ ആരാധിക്കും.

www.malankaralibrary.com

"ദംഭാചാര ദുരാചാരാ:
താതമാതൃവിഹിംസകാ:
വേദഹീനാ: ദ്വിജാദീനാ:
ശൂദ്രസേവാപരാ: സദാ" (ക.പു.1.24)

സാരം. ഘോരൻമാരും അഹങ്കാരികളും ദുരാചാരികളും അമ്മയപ്പൻമാരെ കൊല്ലുന്നവരും, ദൈവവിശ്വാസികളുടെ ഭവനങ്ങളിൽ ദൈവനിഷേധികളായ നീചൻമാരും ജനിക്കും.

"കുതർക്കവാദബഹുലാ:
ധർമ്മവിക്രയിണോ ƒധമാ:
.....................................
പരദാരരതാ: മത്താ:
വർണ്ണസങ്കരകാരകാ:" (1:25.26)

സാരം. ഉൻമത്തരും വ്യഭിചാരികളും മിശ്രവർഗ്ഗ സന്താനങ്ങളും അന്ന് സാധാരണമായിരിക്കും.

"ഹ്രസ്വാകാരാ: പാപസാരാ:
ശഠാ: മഠനിവാസിന:
ഷോഡശാബ്ദായുഷ: ശ്യാലാ
ബാന്ധവാ: നീചസംഗമാ:" (1.27)

സാരം. പാപാചാരികളായ ശഠൻമാർ (perverts- വഴിപിഴച്ചവർ) മഠങ്ങളെ (വിശുദ്ധസ്ഥലമായ ആരാധനാലയങ്ങളെ) കൈവശപ്പെടുത്തും. പതിനാറു വയസ്സാകുമ്പോഴേ കുമാരൻമാർ നീചസംഗമം ആരംഭിക്കും.

"വിവാദ കലഹ ക്ഷുബ്ധാ:
കേശവേഷ വിഭൂഷണാ:
കലൗ കുലീനാ:ധനിനാ:
പൂജ്യാ: വാർദ്ധുഷികാ ദ്വിജാ:" (1.28)

സാരം. വിവാദത്തിലും കലഹത്തിലും ഏർപ്പെട്ട് ക്ഷോഭിച്ചതായിരിക്കും സാധാരണ ജനജീവിതം. ബാഹ്യമായ വേഷഭൂഷാദികളിലായിരിക്കും ആസക്തി. ധനികർ ഇപ്രകാരമായിരിക്കുമ്പോൾ, വ്യാജജീവിതം നയിക്കുന്ന പുരോഹിതവർഗ്ഗം മാന്യരായി കീർത്തിക്കപ്പെടും.

www.malankaralibrary.com

"സന്ന്യാസിനോ ഗൃഹാസക്താ:
ഗൃഹസ്ഥാസ്ത്വവിവേകിന:
ഗുരുനിന്ദാപരാ ധർമ്മ
ധ്വജിനാ: സാധുവഞ്ചകാ:" ( 1.29)

സാരം.സന്ന്യാസി ഗൃഹസ്ഥജീവിതം ഇഷ്ടപ്പെടും. ഗൃഹസ്ഥൻ വിവേകമില്ലാത്തവനായിത്തീരും. ശിഷ്യൻ ഗുരുവിനെ നിന്ദിക്കും, ധർമ്മത്യാഗികളാൽ സാധുജനം വഞ്ചിക്കപ്പെടും.

"പ്രതിഗ്രഹരതാ: ശൂദ്രാ:
പരസ്വ ഹരണാദര:
ദ്വയോ: സ്വീകാരമുദ്വാഹ:
ശഠേ മൈത്രീ വദാന്യതാ" (ക.പു.1.30)

സാരം. താണജാതികളുടെ ഇടയിൽ പിടിച്ചുപറിയും മോഷണവും സർവ്വസാധാരണമായിരിക്കും. വിവാഹ സംബന്ധമായി നിലവിലുള്ള മാന്യതകളും സാമൂഹ്യ നിയമങ്ങളും നിഷേധിക്കപ്പെടും. സ്ത്രീയും പുരുഷനും ഉഭയസമ്മതത്തോടെ എന്തും പ്രവർത്തിക്കും. അഴിമതിയിൽ മൈത്രീബന്ധം സ്ഥാപിക്കപ്പെടും.

"പ്രതിദാന ക്ഷമാശക്തം
വിരക്തി കരണക്ഷമേ
വാചാലത്വം ച പാണ്ഡിത്യേ
യശോ ƒ ർത്ഥേ ധർമ്മസേവനം (ക.പു.1.31)

സാരം. പ്രതിദാനം= കടം വാങ്ങിയത് എപ്പോഴെങ്കിലും തിരിച്ചുകൊടുത്താൽ അത് വലിയ ദാനശീലമായി കരുതപ്പെടും. (വാങ്ങിച്ചാൽ തിരിച്ചു കൊടുക്കില്ല എന്നർത്ഥം)

കുറ്റവാളിയെ ശിക്ഷിക്കാൻ ന്യായാധിപൻ ഭയപ്പെടും. അതുകൊണ്ട്, കുറ്റം ക്ഷമിച്ചുകൊടുക്കാൻ നിർബന്ധി തനാകും. പീഡിതനേയും ദുർബലനേയും സംരക്ഷിക്കാൻ ന്യായാധിപന് കഴിയാതെ വരും. ബലഹീനൻ ചവുട്ടി മെതിക്കപ്പെടും. ഉച്ചത്തിൽ സംസാരിക്കാൻ കഴിവുള്ള വരെല്ലാം അധികാരിയായി മാറും. സ്വാർത്ഥലാഭത്തിനും പ്രതാപത്തിനും വേണ്ടി മാത്രം നിയമം ഉപയോഗിക്കപ്പെടും.

www.malankaralibrary.com

"ധനാഢ്യത്വഞ്ച സാധുതോ
ദൂരേ നീരേച തീർത്ഥതാ
സൂത്രമാത്രേണ വിപ്രത്വം
ദണ്ഡമാത്രേണ മസ്ക്കരാ:" (ക.പു.1.32)

സാരം. ധനവാൻ ആരാധിക്കപ്പെടും, വേഷം കെട്ടുന്നവനെല്ലാം പുരോഹിതനായി മാനിക്കപ്പെടും. ഭിക്ഷുദണ്ഡ് കയ്യിലുള്ളവനെല്ലാം സന്യാസിയായി വിലസും. ലോകം അഭിനയക്കാരെക്കൊണ്ട് നിറയും.

(ദേശത്ത് ദാരിദ്ര്യം വർദ്ധിക്കുമ്പോൾ ധനവാൻമാരിൽ നിന്ന് സഹായം ആഗ്രഹിച്ച് അവരെ ദൈവത്തെപ്പോലെ ആരാധിക്കും. പരിജ്ഞാനവും ദൈവഭക്തിയും ഇല്ലാത്തവൻ സ്വാർത്ഥലാഭത്തിനായി പുരോഹിതവേഷമെടുക്കുകയും (ഉപദേശമാർഗ്ഗം സ്വീകരിക്കുകയും) മാന്യനായി വിലസുകയും ചെയ്യും. ഭിക്ഷുദണ്ഡും കമണ്ഡലുവും ഭിക്ഷാജീവിതം നയിക്കുന്ന യഥാർത്ഥ സന്യാസിയുടെ ലക്ഷണങ്ങളാണ്. അന്ത്യകാലത്ത് വേല ചെയ്യാതെ ഉപജീവനം സമ്പാദിക്കാൻ അനേകർ ഈ കപടവേഷം സ്വീകരിക്കും. ലോകത്തിൽ അനേകരും അന്ത്യനാളുകളിൽ ഇതുപോലെ വേഷം കെട്ടി ചൂഷണം ചെയ്ത് ജീവിതമാർഗ്ഗം നേടും എന്നർത്ഥം.)

"അല്പസസ്യാ വസുമതി
നദീതീരേ/വരോപിതാ
സ്ത്രീയോ വേശ്യാലയസുഖാ:
സ്വപുംസാ ത്യക്തമാനസാ:" (ക.പു.1.33)

സാരം. ഭൂമിയിൽ കഠിനമായ ക്ഷാമമുണ്ടാകും. നദികൾ സ്ഥാനം വിട്ട് ഒഴുകാൻ തുടങ്ങും. ഭർത്താക്കൻമാരെ അവഗണിച്ച് സ്ത്രീകൾ വേശ്യാലയങ്ങളിൽ സുഖം തേടും.

"പരാന്നലോലുപാ: വിപ്രാ:
ചണ്ഡാലഗൃഹയാജകാ:
സ്ത്രീയോ വൈധവ്യഹീനാശ്ച
സ്വച്ഛന്ദാചരണപ്രിയാ:" (ക.പു.1.34)

സാരം. സ്വയം അദ്ധ്വാനിക്കാതെ അന്യരുടെ സഹായം സ്വീകരിച്ച് ഉപജീവിച്ചിരുന്ന ബ്രാഹ്മണർ (പുരോഹിത വർഗ്ഗം) ചണ്ഡാ ളന്റെ വീട്ടിൽ നിന്നുപോലും സഹായം തേടുന്ന

www.malankaralibrary.com

അവസ്ഥ വരും. വിധവകൾ വൈധവ്യനിയമങ്ങൾ വെടിഞ്ഞ് സൈ്വരവിഹാരം നടത്തും.

"ചിത്രവൃഷ്ടികരാ: മേഘാ:
മന്ദസസ്യാ ച മേദിനീ
പ്രജാഭക്ഷാ: നൃപാ: ലോകാ:
കരപീഡാപ്രപീഢിതാ:" (1.35)

സാരം. മേഘങ്ങൾ മഴ പെയ്യിക്കയില്ല, ഭൂമി വിളവ് നൽകാതെയാവും. ഭരണാധികാരികൾ പ്രജകളെ ഞെക്കിപ്പിഴിയും. കരംപിരിവ് കഠിനമാക്കും. സാധാരണജനം വലിയ കഷ്ടതയിലാവും.

"സ്കന്ധേ ഭാരം കരേ പുത്രം
കൃത്വാ ക്ഷുബ്ധാ: പ്രജാനനാ:
ഗിരിദുർഗ്ഗം വനം ഘോരം
ആശ്രയിഷ്യന്തി ദുർഭഗാ:" (1.36)

സാരം. അന്ത്യകാലത്ത് കഷ്ടതകൾ സഹിക്കവയ്യാതെയാകുമ്പോൾ ക്ഷുഭിതരാകുന്ന ഭാഗ്യഹീനരായ അമ്മമാർ തോളിൽ ഭാണ്ഡക്കെട്ടും കയ്യിൽ ശിശുക്കളെയും വഹിച്ചുകൊണ്ട് ഘോരവനങ്ങളിലും മലകളിലും അഭയം തേടും.

"മധുമാംസൈസർ മൂലഫലൈ
രാഹാരൈ: പ്രാണധാരിണ:
ഏവം തു പ്രഥമേ പാദേ
കലേ കൃഷ്ണവിനിന്ദകാ:" (ക.പു.1.37)

സാരം. വനാന്തരങ്ങളിൽ ആശ്രയം തേടുന്ന ഭാഗ്യഹീനർ വന്യജീവികളേയും കിഴങ്ങും കായ്കനികളും കാട്ടുതേനും മറ്റും ഭക്ഷിച്ച് ജീവൻ നിലനിർത്താൻ പാടുപെടും. അധർമ്മമൂർത്തിയുടെ ഭരണകാലത്ത് സകലമനുഷ്യരും ഈ മഹാകഷ്ടങ്ങളിലൂടെ ഒക്കെയും കടക്കുമ്പോൾ തങ്ങളുടെ ദൈവവിശ്വാസം തള്ളിപ്പറഞ്ഞ് അധർമ്മമൂർത്തിയെ സേവിക്കും. അവന്റെ ഭരണത്തിന്റെ ആദ്യപാദത്തിൽ വിശ്വാസത്യാഗം സംഭവിക്കുന്നു. (2 തെസ്സ.2.3)

www.malankaralibrary.com

"ദ്വിതീയേ തന്നാമഹീനാഃ
തൃതീയേ വർണ്ണസങ്കരഃ
ഏകവർണ്ണാത് ചതുർഥേ ച
വിസ്മൃതാച്യുതസത്ക്രിയാ" (ക.പു.1.38)

സാരം. അധർമ്മമൂർത്തിയുടെ ഭരണകാലത്തിന്റെ ഒന്നാം പാദത്തിലെ വിശ്വാസ ത്യാഗത്തിനുശേഷം, രണ്ടാം പാദത്തിൽ ദൈവനാമം പോലും ഉച്ചരിക്കാതെയാവും. മൂന്നാം പാദത്തിൽ, തികച്ചും വിവേകമില്ലാത്ത ഒരു സങ്കരവർഗ്ഗം സംജാതമാകും. നാലാം പാദത്തിൽ, സൽകർമ്മങ്ങളും ഈശ്വരനാമവും പൂർണ്ണമായും ഭൂമുഖത്ത് ഇല്ലാതെയാകും. അതോടെ, അധർമ്മ മൂർത്തിയുടെ സർവ്വാധികാരത്തിലുള്ള ഭരണം സ്ഥാപിതമാകുന്നു. ( Refer ലൂക്കോ.18.8)

ഈ അവസ്ഥയിൽ, സൃഷ്ടി ദൈവപുത്രൻമാരുടെ വെളിപാടിനെ ആകാംക്ഷയോടെ കാത്തിരുന്ന് ഈറ്റു നോവോടെ ഞരങ്ങുന്നു. (റോമർ 8:18:22)
"എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവർ രക്ഷിക്കപ്പെടും. രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും, അപ്പോൾ അവസാനം വരും."
(മത്തായി 24:13.14)

കൽകിപുരാണത്തിലെ ഒന്നാം അദ്ധ്യായത്തിൽ ഈ യുഗാന്ത്യകഷ്ടതകളെ വിവരിച്ചിരിക്കുന്നു. അടുത്ത അദ്ധ്യായങ്ങളിൽ കൽക്കിയുടെ (ഖഡ്ഗധാരിയായ ന്യായാധിപന്റെ) പ്രത്യക്ഷതയും അധർമ്മ മൂർത്തിയുടെ സൈന്യങ്ങളുമായുള്ള ഘോരയുദ്ധങ്ങളും അന്തിമമായ വിജയവും എല്ലാം വളരെ ഭാവനാപരമായും ആലങ്കാരികമായും വിവരിച്ചിരിക്കുന്നു.

കൽകിപുരാണം, തൃതീയാംശം, ഏഴാം അദ്ധ്യായത്തിൽ (7:14.36), "കോക് -വികോക്" എന്ന മഹാശക്തികളുമായുള്ള ഘോരമായ അവസാനയുദ്ധത്തെ സരസമായി വിവരിച്ചിരിക്കുന്നു.

"കൽകിഃ കോക,-വികോകാഭ്യാം
ഗദാപാണിർ യുധാം പതിഃ
യുയുധേ വിന്യാസ വിജ്ഞോ
ലോകാനാം ജനയൻ ഭയം" (ക.പു.3:7.14)

www.malankaralibrary.com

സാരം. മഹാശക്തിമാനായ കൽകി വമ്പിച്ച സൈന്യ ശക്തിയുള്ള കോക്, വികോക് രാജാക്കൻമാരുമായി ഘോരയുദ്ധം ആരംഭിച്ചു. അപ്പോൾ, ഈ ഉഗ്ര സംഘട്ടനം മൂലം ഭൂവാസികളും ഞെട്ടി വിറച്ചു.

കോക്, വികോക് എന്ന ഉഗ്രരാജശക്തികളുമായി അന്തിമയുദ്ധം ഇവിടെ ആരംഭിക്കുന്നു. ഈ യുദ്ധത്തിന്റെ വർണ്ണന, യെഹസ്ക്കേൽ പ്രവചനം 38,39 അദ്ധ്യായ ങ്ങളിലും, വെളിപാട് 20.8ലും പറഞ്ഞിരിക്കുന്ന "ഗോഗ് മാഗോഗ്" എന്ന രാജശക്തികളുമായുള്ള ഗംഭീരമായ അന്തിമയുദ്ധവർണ്ണനയെ അതിശയിക്കുന്നതാണ്. പേരിൽ തന്നെയുള്ള സാമ്യം പ്രത്യേകം ശ്രദ്ധേയമാണ്. പുരാണ ത്തിലെ വർണ്ണന വളരെ ഭാവനാപരമാണ് എന്ന വ്യത്യാസമേയുള്ളു.

"അന്നാളിൽ നിശ്ചയമായിട്ട് യിസ്രായേൽ ദേശത്ത് ഒരു വലിയ ഭൂകമ്പം ഉണ്ടാകും. സമുദ്രത്തിലെ മത്സ്യവും ആകാശത്തിലെ പറവയും കാട്ടിലെ മൃഗവും നിലത്തിഴയുന്ന ഇഴജാതിയോക്കെയും ഭൂതലത്തിലെ സകലമനുഷ്യരും എന്റെ സന്നിധിയിൽ വിറയ്ക്കും. (ഇപ്രകാരം വിറയ്ക്കും എന്നുതന്നെയാണ് കൽക്കി പുരാണത്തിലും പറയുന്നത്) മലകൾ ഇടിഞ്ഞുപോകും, എല്ലാ മതിലും നിലം പരിചാകും, ഞാൻ എന്റെ സകല പർവ്വതങ്ങളോടും അവന്റെ (ഗോഗിന്റെ) നേരെ വാളെടുക്കാൻ കല്പിക്കും" (യെഹസ്കേൽ 38:19.21)

കൽകിപുരാണത്തിൽ അന്ത്യകാലലക്ഷണങ്ങളേയും, മഹോപദ്രവകാലത്തെയും കുറിച്ച് ഇപ്രകാരം വിവരി ച്ചിരിക്കുമ്പോൾ, ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇതേ വിഷയങ്ങളുടെ സമാന വിവരണം ശ്രദ്ധിക്കണം.

www.malankaralibrary.com

# ബൈബിളിലെ യുഗാന്ത്യലക്ഷണവും മഹാകഷ്ടതയും

1. "മനുഷ്യനുണ്ടായതുമുതൽ ഈ കാലം വരെയും സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും."

(ദാനിയേൽ 12.1)

2. "യഹോവയുടെ ദിവസം വരുന്നതുകൊണ്ടും അത് അടുത്തിരിക്കുന്നതുകൊണ്ടും ദേശത്തിലെ സകല നിവാസികളും നടുങ്ങിപ്പോകട്ടെ, ഇരുളും അന്ധകാരവും ഉള്ളൊരു ദിവസം, മേഘവും കൂരിരുട്ടുമുള്ളൊരു ദിവസം തന്നെ." (യോവേൽ 2:1.2)

യഹോവയുടെ ദിവസം വലുതും ഭയങ്കരവുമാകുന്നു, അത് സഹിക്കാവുന്നവനാർ?" (യോവേൽ 2.11)

3. "എനിക്ക് അയ്യോ കഷ്ടം! പഴം പറിച്ചശേഷം എന്നപോലെയും മുന്തിരിപ്പഴം പറിച്ചശേഷം കാലാപെറുക്കുന്നതുപോലെയും ഞാൻ ആയല്ലോ. തിൻമാൻ ഒരു മുന്തിരിക്കുലയുമില്ല, ഞാൻ കൊതിക്കുന്ന അത്തിയുടെ തലപ്പഴവുമില്ല. ഭക്തിമാൻ ഭൂമിയിൽ നിന്ന് നശിച്ചുപോയി, മനുഷ്യരുടെ ഇടയിൽ നേരുള്ളവൻ ആരുമില്ല, അവരൊക്കെയും രക്തത്തിനായി പതിയിരിക്കുന്നു, ഒരോരുത്തൻ താന്താന്റെ സഹോദരനെ വലവെച്ചു പിടിക്കാൻ നോക്കുന്നു. ജാഗ്രതയോടെ ദോഷം പ്രവർത്തിക്കേണ്ടതിന് അവരുടെ കൈ അതിലേക്ക് നീങ്ങിയിരിക്കുന്നു. പ്രഭു (ഉദ്യോഗസ്ഥൻ) പ്രതിഫലം (കൈക്കൂലി) ചോദിക്കുന്നു. ന്യായാധിപതി പ്രതിഫലം വാങ്ങി ന്യായം വിധിക്കുന്നു. മഹാൻ തന്റെ മനസ്സിലെ ദുരാഗ്രഹം പ്രസ്താവിക്കുന്നു, ഇങ്ങനെ അവൻ പിരിമുറുക്കുന്നു. അവരിൽ ഉത്തമൻ മുൾപടർപ്പുപോലെ, നേരുള്ളവൻ മുൾവേലിയെക്കാൾ വല്ലാത്തവൻ തന്നെ. നിന്റെ ദർശകൻമാർ പറഞ്ഞ ദിവസം, നിന്റെ സന്ദർശനദിവസം തന്നെ വരുന്നു. ഇപ്പോൾ അവരുടെ പരിഭ്രമം വന്നു ഭവിക്കും. കൂട്ടുകാരനെ വിശ്വസിക്കരുത്, സ്നേഹിതനിൽ ആശ്രയിക്കരുത്, നിന്റെ പ്രിയപ്പെട്ടവളോട് പറയാതെവണ്ണം നിന്റെ വായുടെ കതക് കാത്തുകൊൾക. മകൻ അച്ഛനെ നിന്ദിക്കുന്നു, മകൾ അമ്മയോടും, മരുമകൾ അമ്മാവിയമ്മയോടും എതിർത്തുനിൽക്കുന്നു. മനുഷ്യന്റെ ശത്രുക്കൾ അവന്റെ

www.malankaralibrary.com

വീട്ടുകാർ തന്നെ" (മീഖാ 7:16)
4. "ഭക്തൻമാർ ഇല്ലാതെ പോകുന്നു, വിശ്വസ്തൻമാർ മനുഷ്യപുത്രൻമാരിൽ കുറഞ്ഞിരിക്കുന്നു." (സങ്കീർത്തനം 12:1)
5. "നീതിമാൻ നശിക്കുന്നു, ആരും അത് ഗണ്യമാക്കുന്നില്ല. ഭക്തൻമാരും കഴിഞ്ഞുപോകുന്നു." (യെശയ്യാ 57.1)
6. "യഹോവ ഭൂമിയെ നടുക്കുവാൻ എഴുന്നേൽക്കുമ്പോൾ അവർ അവന്റെ ഭയങ്കരത്വം നിമിത്തവും അവന്റെ മഹിമയുടെ പ്രഭ നിമിത്തവും പാറകളുടെ ഗുഹകളിലും മണ്ണിലെ പോതുകളിലും കടക്കും. പാറകളുടെ ഗഹ്വരങ്ങളിലും പൊട്ടിയ പാറകളുടെ വിള്ളലുകളിലും കടക്കേണ്ടതിന് തങ്ങൾ നമസ്കരിപ്പാൻ വെള്ളികൊണ്ടും പൊന്നുകൊണ്ടും ഉണ്ടാക്കിയ മിഥ്യാമൂർത്തികളെ മനുഷ്യർ ആ നാളിൽ തുരപ്പനെലിക്കും നരിച്ചീറിനും എറിഞ്ഞുകളയും."
(യെശയ്യാ 2:19.21)
7. സഹോദരൻ സഹോദരനേയും അപ്പൻ മകനേയും മരണത്തിന് ഏൽപ്പിക്കും. അമ്മയപ്പൻമാർക്ക് എതിരായി മക്കൾ എഴുന്നേറ്റ് അവരെ കൊല്ലിക്കും." (മത്തായി 10.21)
8. "അവർ നിങ്ങളെ ന്യായാധിപ സംഘങ്ങളിൽ ഏൽപ്പിക്കും. പള്ളിയിൽവെച്ച് തല്ലുകയും നാടുവാഴികൾക്കും രാജാക്കൻമാർക്കും മുമ്പാകെ നിർത്തുകയും ചെയ്യും. സഹോദരൻ സഹോദരനെയും അപ്പൻ മകനേയും മരണത്തിനേൽപ്പിക്കും. മക്കളും അമ്മയപ്പൻമാരുടെ നേരെ എഴുന്നേറ്റ് അവരെ കൊല്ലിക്കും." (മർക്കോസ് 13:9.13)
9. "ശൂന്യമാക്കുന്ന മ്ലേച്ഛത (അധർമ്മമൂർത്തി) നിൽക്കരുതാത്ത സ്ഥലത്ത് നിൽക്കും. അന്ന് യഹൂദ്യദേശത്തുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ... ആ കാലത്ത് ഗർഭിണികൾക്കും മുല കുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! ആ നാളുകൾ ദൈവം സൃഷ്ടിച്ച സൃഷ്ടിയുടെ ആരംഭം മുതൽ ഇന്നുവരെ സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ കഷ്ടകാലമാകും. കള്ളക്രിസ്തുക്കളും കള്ള പ്രവാചകൻമാരും എഴുന്നേറ്റ് വൃതൻമാരേയും തെറ്റിപ്പാനായി അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും." (മർക്കോസ് 13:14.23)
10. "സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാശം തരാതിരിക്കും, ആകാശത്തുനിന്ന് നക്ഷത്രങ്ങൾ വീണുകൊണ്ടിരിക്കും, ആകാശത്തിലെ ശക്തികൾ ഇളകിപ്പോകയും ചെയ്യും." (മർക്കോസ് 13:24.25)

www.malankaralibrary.com

11. "യരുശലേം പുത്രിമാരേ, നിങ്ങളേയും നിങ്ങളുടെ മക്കളേയും ചൊല്ലിക്കരവിൻ. മച്ചികളും, പ്രസവിക്കാത്ത ഉദരങ്ങളും കുടിപ്പിക്കാത്ത മുലകളും ഭാഗ്യമുളളവ എന്ന് പറയുന്ന കാലം വരുന്നു. അന്ന് മലകളോട് ഞങ്ങളുടെ മേൽ വീഴുവിൻ എന്നും, കുന്നുകളോട് ഞങ്ങളെ മൂടുവിൻ എന്നും പറഞ്ഞു തുടങ്ങും." (ലൂക്കോസ് 23:28.30)

12. "ഭൂമിയിലെ രാജാക്കൻമാരും മഹത്തുക്കളും സഹസ്രാധിപൻമാരും ധനവാൻമാരും ബലവാൻമാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ട് മലകളോടും പാറകളോടും ഞങ്ങളുടെമേൽ വീഴുവിൻ, സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതെവണ്ണവും കുഞ്ഞാടിന്റെ കോപം തട്ടാതെ വണ്ണവും ഞങ്ങളെ മറപ്പിൻ, അവരുടെ മഹാകോപദിവസം വന്നു, ആർക്ക് നിൽപ്പാൻ കഴിയും എന്നു പറയും." (വെളിപാട് 6:15.17)

13. "ആ കാലത്ത് മനുഷ്യർ മരണം അന്വേഷിക്കും, കാൺകയില്ല താനും, മരിക്കാൻ കൊതിക്കും, മരണം അവരെ വിട്ട് ഓടിപ്പോകും" (വെളിപാട് 9.6)

14. "അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകൻമാരും അമ്മയപ്പൻമാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധൻമാരും വാത്സല്ല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രീയൻമാരും ഉഗ്രൻമാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാത്ത ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. വീടുകളിൽ നുഴഞ്ഞു കയറുകയും പാപങ്ങളെ ചുമന്നുകൊണ്ട് നാനാമോഹങ്ങൾക്ക് അധീനരായി എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനമാക്കുകയും ചെയ്യുന്നവർ ഈ കൂട്ടത്തിലുളളവരാകുന്നു. ഇവർ സത്യത്തോടു മറുത്തുനിൽക്കുന്ന ദുർബുദ്ധികളും വിശ്വാസം സംബന്ധിച്ച് കൊളളരുതാത്തവരുമത്രേ." (2തിമോഥയോസ് 3:1.8)

(കൽക്കിപുരാണം ഒന്നാം അദ്ധ്യായത്തിൽ കാണുന്ന ആശയം മുഴുവനും ഹ്രസ്വമായി ഈ ഭാഗത്തുതന്നെ ചിത്രീകരിച്ചിട്ടുണ്ട്)

www.malankaralibrary.com

15 "ഭക്തൻമാർ നിമിത്തം മഹാകഷ്ടകാലത്തിന്റെ നാളുകൾ ചുരുങ്ങും. അന്ന്, മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങും പോലെ ന്യായാധിപനായ ദൈവപുത്രൻ വെളിപ്പെടും" (മത്തായി 24:22.27)

പുരുഷപ്രജാപതിയുടെ രണ്ടാം പ്രത്യക്ഷതയ്ക്ക് തൊട്ടുമുമ്പുളള അവസ്ഥാവിശേഷത്തെയാണ് ഇതുവരെ ചില ഉദാഹരണങ്ങളിലൂടെ വിവരിച്ചത്. പുരാണപ്രസിദ്ധമായ അവതാരങ്ങളിൽ ഒടുവിലത്തേതും ഭാവിയിൽ സംഭവിപ്പാനിരിക്കുന്നതുമായ അവതാരമാണ് കൽക്കി അവതാരം. കൽക്കി=ഖഡ്ഗി= വാൾ ധരിച്ചവൻ ന്യായാധിപനായ അവതാരപുരുഷൻ എന്നർത്ഥം.

"ശിഷ്ടനെ രക്ഷിക്കാനും ദുഷ്ടനെ ശിക്ഷിക്കാനും എന്ന ഗീതയിലെ ആശയത്തെ സൂചിപ്പിക്കുന്ന പുരുഷനാണ് ഇപ്രകാരം അവതരിക്കേണ്ടിയിരിക്കുന്നത്. മനുഷ്യയുഗാന്ത്യത്തിൽ ഇത് സംഭവിക്കും എന്ന് ഗീതയിൽ പറയുന്നു. (ഭ.ഗീത4:7.8) ഈ പുരുഷന്റെ പ്രത്യക്ഷതയിൽ എന്ത് സംഭവിക്കും എന്ന് ശ്രദ്ധിക്കാം.

"മനുഷ്യപുത്രന്റെ അടയാളം ആകാശത്ത് വിളങ്ങും, അന്ന് ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലപിച്ചുകൊണ്ട് മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിൻമേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നത് കാണും. അവൻ തന്റെ ദൂതൻമാരെ മഹാകാഹളധ്വനിയോടും കൂടെ അയയ്ക്കും. അവർ അവന്റെ ഭക്തൻമാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും." (മത്തായി 24:30.31, 26:64, 1 കൊരിന്ത്യർ 15.52)

"ശംഭലേ വിഷ്ണുയശസോ ഗൃഹേ പ്രാദുർഭവാമ്യഹം"

(കൽക്കിപുരാണം 2.4)

സാരം. ഭൂമിയിൽ അധർമ്മമൂർത്തി സൃഷ്ടിച്ച മഹാകഷ്ടത്തിൽ പീഢിപ്പിക്കപ്പെടുന്ന ഭക്തൻമാരുടെ വിലാപവും പ്രാർത്ഥനയും കേട്ട ഭഗവാൻ ഇപ്രകാരം അവരെ ആശ്വസിപ്പിക്കുന്നു. "പ്രാദുർഭവാമ്യഹം" = ഇതാ, ഞാൻ വീണ്ടും വരുന്നു.

www.malankaralibrary.com

"കരിഷ്യാമി കലിക്ഷയം"

അധർമ്മമൂർത്തിയെ ഞാൻ നശിപ്പിക്കും.

"ഭവന്തോ ബാന്ധവാ ദേവാ:
സ്വാംശേനാവതരിഷ്യഥ" (ക.പു.2.5)

സാരം. അല്ലയോ ഭക്തൻമാരേ, നിങ്ങളും ഒരുങ്ങി കാത്തിരിക്കുക. (അന്ത്യത്തോളം സഹിച്ചു നിൽക്കുന്ന നിങ്ങൾ രക്ഷിക്കപ്പെടും)

"പുന: കൃതയുഗം കൃത്വാ
ധർമ്മാൻ സംസ്ഥാപ്യ പൂർവ്വവത്
കലിവ്യാളം സന്നിരസ്യ
പ്രയാസ്യേ സ്വാലയം വിഭോ" (ക.പു.2.8)

സാരം. അധർമ്മമൂർത്തിയെ നശിപ്പിച്ചിട്ട് ആദിയിലെ നാപോലെ സകലതും ഞാൻ പുതുതാക്കിത്തീർക്കും.

"മഹിമാം സ്വസ്യ ഭഗവാൻ
നിജജൻമകൃതോദ്യമ:
വിപ്രർഷേ, ശംഭലഗ്രാമ
മാവിവേശ പരാത്മക:" (ക.പു.2.10)

സാരം.അല്ലയോ മഹർഷിമാരേ, സ്വന്തമഹിമയാൽ മഹോന്നതനായ ഭഗവാൻ ധർമ്മസംസ്ഥാപനത്തിനായി ഇതാ, വീണ്ടും ഭൂമിയിലേക്ക് വരുന്നു.

"ശ്രദ്ധാമയോയം പുരുഷ:
യോ മത് ശ്രദ്ധ: സ ഏവ ച" (ഭ.ഗീത 17.3)

സാരം.ഏതൊരുവൻ ഏതു പ്രകാരമുള്ള ശ്രദ്ധയോടു കൂടെയായിരിക്കുന്നുവോ അവൻ അതു തന്നെയായി ഭവിക്കുന്നു.

(വീണ്ടും വരുന്ന ഭഗവാൻ ഓരോ മനുഷ്യനും അവന്റെ പ്രവൃത്തിക്കനുസരണമായ പ്രതിഫലം നൽകുന്നു എന്നർത്ഥം.)

"പുരുഷായണാ: പുരുഷം പ്രാപ്യ
അസ്തം ഗച്ഛന്തി" (പ്രശ്നോപനിഷത് 6.5)

സാരം. പുരുഷ പ്രജാപതിയെ അനുഗമിക്കുന്നവർ - അവ

www.malankaralibrary.com

നിൽ വിശ്വസിച്ച് അവന്റെ പ്രത്യക്ഷതയിൽ പ്രത്യാശ വെച്ചിരിക്കുന്നവർ-അവന്റെ കല്പനകൾ പ്രമാണിക്കുന്നവർ -അവൻ പ്രത്യക്ഷനാകുമ്പോൾ അവനോടു ചേരും, അവനോടു കൂടെ നിത്യതയിൽ പ്രവേശിക്കും.

(അവനിൽ പ്രത്യാശവെച്ചിരിക്കുന്നവർ) "ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും, എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും." ( 1 തെസ്സ.4.17).

ആദിയിലെന്നപോലെ സകലതും അവനിൽ ഒന്നായി ച്ചേരണം എന്ന യുഗാന്ത്യമർമ്മം അങ്ങനെ പൂർത്തീ കരിക്കപ്പെടും. (എഫേസ്യർ 1.10, റോമർ 11.36) ഈ ഒന്നായി ച്ചേരലാണ് മനുഷ്യന്റെ വീണ്ടെടുപ്പ്.

"ദ്രവത്വമുളളത് അദ്രവത്വത്തെയും മർത്യമായത് അമർത്യത്വത്തെയും ധരിക്കുന്നു." (1 . കൊരി.15.54)

"മരണത്തെ സദാകാലത്തേക്കും നീക്കിക്കളയും"

(യെശയ്യാ 25.8)

"ഭിദ്യേതേ ചാസാം നാമരൂപേ"
മർത്യമായ നാമവും രൂപവും നീങ്ങിപ്പോകും.

"പുരുഷ ഇത്യേവം പ്രോച്യതേ"

അമർത്യമായ രൂപം ധരിച്ച് അവൻ (പുരുഷൻ) ആയിരിക്കു ന്നതുപോലെ ആയിത്തീരും

"സഃ ഏഷോ അകലോ അമൃതോ ഭവതി"

സ്വർഗ്ഗീയനായ പുരുഷപ്രജാപതിയോട് സദൃശൻ മാരായിത്തീരും, അവന്റെ രൂപവും അവന്റെ നാമവും തന്റെ ഭക്തൻമാർക്ക് നൽകപ്പെടും അങ്ങനെ മരണമില്ലാത്ത വരായിത്തീരും. (പ്രശ്നോപനിഷത് 6.5, വെളിപാട് 22.4, 1യോഹ.3.2) അങ്ങനെ സകലതും അവനിൽ ഒന്നായിച്ചേർന്ന് മനുഷ്യയുഗം അവസാനിച്ച് ആദിയിലെന്ന പോലെ ആയിത്തീരും.

ആര്യമഹർഷിമാർ ദർശിച്ച ഒരു യുഗാവസാനവും ബൈബിളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന യുഗാവസാനവും ഇപ്രകാരം ഏകരൂപമായി സമന്വയിക്കുന്നു. സമൂലം പാപിയായിത്തീർന്ന മനുഷ്യനെ പാപമില്ലാത്ത രക്തം ചൊരിഞ്ഞ് വിശുദ്ധീകരിച്ച് നിത്യസൗഭാഗ്യത്തിന്

www.malankaralibrary.com

യോഗ്യനാക്കിത്തീർക്കുന്ന പുരുഷപ്രജാപതി ആര്യവേദാന്തത്തിലെ ഭാരതീയമായ സനാതന ധർമ്മോപദേശങ്ങളിലെ വിശ്വാസത്തിൽ ജീവിക്കുന്നു. അതായത്, സാക്ഷാൽ പ്രജാപതിയായ ഈശാമസീഹൻ (യേശുക്രിസ്തു) ആര്യമഹർഷിമാരുടെ ദർശനങ്ങളിലെ അമർത്യതാ പ്രത്യാശയായി, അദ്വിതീയനും അതുല്ല്യനുമായ രക്ഷകനായിരുന്നു. അങ്ങനെ പൗരസ്ത്യനായ ഈ യേശു ഭാരതീയ സനാതനതത്വത്തിലെ ധർമ്മസ്ഥാപകനായ ഏക അവതാരപുരുഷനാകുന്നു.

ഋഗ്വേദം 10.90.2ൽ പറയുന്ന മനുഷ്യാവതാരം കാണുവാൻ ഇച്ഛിച്ചുകൊണ്ടും, പരിപൂർണ്ണമായും അതിൽ വിശ്വസിച്ചുകൊണ്ടും,

" മൃത്യോർ മാ അമൃതം ഗമയ"

ഈ മർത്യമായതിനെ നീക്കി അമർത്യമായ രൂപം നൽകേണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ടുമിരുന്നവർ ഇപ്രകാരം ഹൃദയം നുറുങ്ങി അപേക്ഷിക്കുവാൻ തുടങ്ങി:

" ഹിരൺമയേന പാത്രേണ
സത്യസ്യാപിഹിതം മുഖം
തത് ത്വം പൂഷൻ അപാവൃണു
സത്യധർമ്മായ ദൃഷ്ടയേ"

(ഈശാവാസ്യോപനിഷത് 1.15)

സാരം. അല്ലയോ പൂഷാവേ, (തേജസ്സായ ദൈവമേ), നീ സ്വർണ്ണപ്പാത്രം കൊണ്ട് (നിന്റെ തേജസ്സുകൊണ്ട്) മൂടിയിരിക്കുന്ന സത്യത്തിന്റെ മുഖം സത്യധർമ്മങ്ങളുടെ ദർശനത്തിനായി-സത്യത്തിലേക്കുള്ള വഴി അറിയുന്നതിനായി -തുറന്നു തന്നാലും!

ആദ്യജാതൻ ഹിരണ്യഗർഭനാണ്-പ്രകാശത്തിൽ നിന്നുള്ള പ്രകാശമാണ്-അവൻ പിതാവിനോടു കൂടെ സമത്വത്തിൽ വസിക്കുന്നവനാണ്. (ഋഗ്വേ.10.121.1) അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന പിതാവിനോടു കൂടെ ഏകത്വത്തിൽ വസിക്കുന്ന പുത്രനെ (1 തിമോ.6.15), മനുഷ്യദൃഷ്ടിക്ക് കാണാൻ കഴിയാതെവണ്ണം തേജസ്സുകൊണ്ട് മൂടിവെച്ചിരിക്കുന്നവനെ, ആ മൂടി ഒന്നു നീക്കി ഞങ്ങൾക്ക് കാണത്തക്കവണ്ണം ആക്കിത്തീർത്താലും-വാഗ്ദാനംപോലെ മനുഷ്യപുത്രനായി അവതരിപ്പിച്ചാലും! "തത് ത്വം പൂഷൻ

www.malankaralibrary.com

അപാവൃണു" ദൈവമേ, ആ മൂടി ഒന്നു തുറന്നുതന്നാലും! ഞങ്ങൾ സത്യത്തെ ദർശിക്കട്ടെ, സത്യം ഗ്രഹിക്കട്ടെ, സത്യത്തിൽ ജീവിക്കട്ടെ, സത്യത്തെ പ്രാപിക്കട്ടെ!

"യേശു അവനോട്: ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു, ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ (നിത്യതയിൽ) എത്തുന്നില്ല" എന്നു പറഞ്ഞു (യോഹന്നാൻ 14.6)

ആര്യമഹർഷിമാരുടെ ആകാംക്ഷാനിർഭരമായ അഭ്യർത്ഥനയ്ക്ക് ആശ്വാസകരമായ ഉത്തരം നൽകിയത് അവർ ദർശനത്തിൽ നിർത്തിയിരുന്ന പുരുഷപ്രജാപതി തന്നെയാണ്. ആ സാക്ഷാൽ പ്രജാപതിയാണ് വേദോക്തി പോലെ തന്നെ കന്യകയിൽ അതിശയജൻമമെടുത്ത യേശുക്രിസ്തു. ഈ ക്രിസ്തു എന്നും ആത്മജ്ഞാനികളായ മഹർഷിമാരുടെ പ്രത്യാശാദീപമായിരുന്നു.

"അഗ്രതഃ ജാതഃ പുരുഷഃ"

ആദ്യജാതനായ പുരുഷൻ എന്ന് വേദങ്ങൾ നിഷ്ക്കർഷിക്കുന്ന പ്രജാപതിയെ,

"പൂർവ്വോഹ ജാതഃ സ ഏവജാതഃ, സ ജനിഷ്യമാണഃ"

(യജുർവേദം.32.4)

"ഇരുന്നവനും വന്നവനും വരാനിരിക്കുന്നവനും" എന്ന് യജുർവേദം പറയുന്നതുപോലെ തന്നെ, നിത്യതയിൽ പിതാവിനോടു കൂടെ വസിച്ചിരുന്നവൻ മനുഷ്യപുത്രനായി ജനിച്ച്, രക്ഷാമാർഗ്ഗം ഉപദേശിച്ച്, യാഗമായിത്തീർന്നശേഷം ഉയിർത്തെഴുന്നേൽക്കുകയും, യുഗാന്ത്യത്തിൽ ന്യായാധിപതിയായി വരാനിരിക്കയും ചെയ്യുന്നു എന്ന് മനുഷ്യവർഗ്ഗത്തിന്റെ രക്ഷാമാർഗ്ഗത്തെ സവിസ്തരം പ്രതിപാദിച്ചുകൊണ്ട് ബൈബിൾ ലോകത്തിൽ അന്യൂനമായ പ്രശസ്തിയാർജ്ജിച്ച ഏകവേദചരിത്രഗ്രന്ഥമായി മരുവുന്നു.

ലോകാരംഭം മുതൽ തന്നെ ചിന്തകരായ മനുഷ്യരുടെ ശ്രദ്ധയിൽ മനുഷ്യവർഗ്ഗത്തിന്റെ ഏക രക്ഷാ സ്ഥാനമായി ഈ പ്രജാപതി നിഴലിച്ചിരുന്നു. പ്രജാപതി മനുഷ്യപുത്രനായി ജനിക്കുംവരെയും അവന്റെ നിഴൽ സകല ജാതികളുടെയും ആത്മീയതലങ്ങളിൽ പ്രതിഫലിച്ചിരുന്നു. ആദ്യജാതൻ മനുഷ്യപുത്രനായി ജനിക്കും എന്ന പ്രവചനം

www.malankaralibrary.com

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് നിവൃത്തിയായി.

"അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് അവന് "യേശു" എന്ന് പേരിട്ടു" (മത്തായി 1.21)

"സർവ്വ ജനത്തിനും ഉണ്ടാവാനുള്ളോരു മഹാ സന്തോഷം" എന്ന് അവൻ സാക്ഷിക്കപ്പെട്ടു. (ലൂക്കോസ് 2.10)

"ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി" അവൻ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടു. (യോഹന്നാൻ 1.29)

വേദങ്ങളിൽ നിഴലായി, അവരുടെ യാഗങ്ങളിലെല്ലാം രക്ഷാസങ്കല്പമായി, പ്രതിഫലിച്ചിരുന്ന പ്രജാപതി അതിശയകരമായി കന്യകയിൽ ഭൂജാതനായി. അന്നുമുതൽ "യേശു" എന്ന പേരിൽ അവൻ അറിയപ്പെട്ടു. അപ്പോഴേക്കും വേദജ്ഞാനികളായ ആര്യമഹർഷിമാരുടെ കാലം കഴിഞ്ഞിരുന്നുവെങ്കിലും, അവരുടെ ദർശനവിഷയമായിരുന്ന പ്രജാപതിയുടെ പ്രത്യക്ഷത ചരിത്രസംഭവമായി രേഖപ്പെടുത്തപ്പെട്ട ബൈബിൾ ആര്യവേദങ്ങളിലെയും എബ്രായ വേദങ്ങളിലെയും പ്രത്യാശയുടെ നിവൃത്തിയായ മഹാ വേദമായി ഇന്ന് ലോകത്തിൽ പരിലസിക്കുന്നു. ഇത് സകലമാനവവംശത്തിനും സ്വീകാര്യമായ ഒരു രക്ഷാമാർഗ്ഗം പ്രകാശിപ്പിക്കുന്നു. ലോകത്തിന്റെ അറുതിയോളം ഇത് എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു. ആര്യവേദങ്ങൾ പഠിക്കുന്നവർക്ക് അതിന്റെ പൂർത്തീകരണം ബൈബിളിൽ മാത്രം കണ്ടെത്താൻ കഴിയുന്നു.

പണ്ഡിതശ്രേഷ്ഠനായ ശ്രീ.കെ.എം.ബാനർജിയുടെ വാക്കുകളിൽ

"ഋഗ്വേദകർത്താക്കൻമാർക്ക് ഏതെങ്കിലും വഴിക്ക് വീണ്ടും ഭാരതവർഷം സന്ദർശിക്കാൻ കഴിയുമെങ്കിൽ അവർ ഇന്നിവിടെയുള്ള മറ്റ് ഏത് പരിഷ്കൃതജനസമുദായങ്ങളേക്കാളും ക്രിസ്ത്യാനികളെ സ്വമതാനുയായികളായി കണ്ട് അനുഗ്രഹിക്കാതിരിക്കയില്ല."

( Arian witness, page 10)

"ശ്വാസഃ പ്രാണോ ഭൂത്വാ സാസികേ പ്രാവിശത്" (ഐ.ഉ.1.4)

ശ്വാസം ജീവനായി മൂക്കിലൂടെ മനുഷ്യനിൽ പ്രവേശിച്ചു.

www.malankaralibrary.com

(ഉൽപ.2.7). അത് ഭൂമിയിൽ ജീവന്റെ ആരംഭം. ആ ജീവൻ നിത്യജീവനായ പരമാത്മാവിൽ നിന്ന് ഭൂമിയിലേക്ക് വന്നു. അപ്പോൾ അത് വിശുദ്ധമായിരുന്നു.

(ആര്യൻമാരും എബ്രായരും ഇതിൽ ഏകാഭിപ്രായക്കാരായിരുന്നു).

അതേ വിശുദ്ധിയിൽ ആ ജീവൻ മനുഷ്യ യുഗാന്ത്യത്തിൽ പരമാത്മാവോട് സംഗമിക്കണം.
(ഇതിലും അവർക്ക് ഭിന്നാഭിപ്രായമില്ലായിരുന്നു)

ഇത് സാദ്ധ്യമാക്കിത്തീർക്കുന്ന ജോലി ആദ്യജാതൻ പ്രജാപതിയാഗത്തിൽ നിർവഹിച്ചു.
(ഈ യാഗം ഇരുകൂട്ടരും ഒരുപോലെ ദർശിച്ചിരുന്നു)

മനുഷ്യനെ വീണ്ടെടുത്ത് യുഗാന്ത്യമർമ്മത്തിൻെറ പൂർത്തീകരണത്തിനായി ആ ദേവൻ ഇതാ, വീണ്ടും വരുന്നു.
(ഇതിലും അവർക്ക് അഭിപ്രായവ്യത്യാസമില്ല)

ഖഡ്ഗധാരിയായ ന്യായാധിപൻ പറയുന്നു:—

"പ്രാദുർഭവാമ്യഹം" (ക.പു.2.4)
ഞാൻ വീണ്ടും വരുന്നു.

അഭിഷിക്തനായ രാജാവ് പറയുന്നു:-

"ഇതാ, ഞാൻ വേഗം വരുന്നു" (വെളിപാട് 22.12)

ന്യായാധിപനായ ആ രാജാവ് പറയുന്നു:-

"പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം" (ഭ.ഗീത.4.8)

അന്ന് വിശുദ്ധൻമാർ വീണ്ടെടുക്കപ്പെടും. ദുർമാർഗ്ഗികൾ ദണ്ഡനത്തിനായി വിധിക്കപ്പെടും.

ന്യായാധിപൻ പ്രഖ്യാപിക്കുന്നു:-

"ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട്"
(വെളിപാട്.22.12)

തന്നെയുമല്ല,

"കരിഷ്യാമി കലിക്ഷയം" (ക.പു.2.5)

അധർമ്മ മൂർത്തിയെ എന്നന്നേക്കുമായി ഞാൻ നശിപ്പിക്കും,

www.malankaralibrary.com

അതായത്,

"അധർമ്മ മൂർത്തിയെ ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും" (വെളിപാട് 20.10)

(അന്ത്യന്യായവിധിയെപ്പറ്റിയും അവർക്ക് ഏകാഭിപ്രായമാണ്.)

വീണ്ടെടുക്കപ്പെടുന്ന വിശുദ്ധജനത്തെപ്പറ്റി പറയുമ്പോൾ-

"ന തദ്ഭാസയതേ സൂര്യോ
ന ശശാങ്കോ ന പാവക:
യദ്ഗത്വാ ന നിവർത്തന്തേ
തദ്ധാമ പരമം മമ"
(ഭ.ഗീത 15.6, കഠ.ഉപ.5.15, ശ്വേത.ഉപ.6.14)

അവർ ചെന്നുചേരുന്നിടത്ത് വീണ്ടെടുപ്പുകാരനായ ദേവൻ വിളക്കായിരിക്കും

അതായത്,

"നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിക്കുന്നു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു." (യെശയ്യാ 24.23, 60.19, വെളിപാട് 21.23)

(ഈ നഗരത്തിൽ എത്തിച്ചേരുന്നവരുടെ നിത്യതയിലെ അനുഭവത്തെപ്പറ്റിയും ആര്യ-എബ്രായ ദർശനങ്ങൾ ഒരു പോലെ തന്നെയായിരുന്നു.)

"പുരുഷായണാ: പുരുഷം പ്രാപ്യ അസ്തം ഗച്ഛന്തി"

അവിടെ ചെന്നു ചേരുന്നവർ ഒരിക്കലും തിരിച്ചു വരാതെവണ്ണം നിത്യസന്തോഷത്തിൽ, പുരുഷൻ ആയിരിക്കുന്നതുപോലെ ആത്മീയശരീരികളായി പരമാത്മാവോട് സംഗമിക്കുന്നു. (പ്രശ്നോപനിഷത് 6.5; എഫെസ്യർ 1.10, ഫിലിപ്യർ 3.21)

"രാജ്യം പിതാവായ ദൈവത്തെ ഏൽപ്പിക്കും"
( 1 കൊരിന്ത്യർ 15.24)

പരമാത്മാവോടുള്ള സംഗമം- ജീവാത്മാവും പരമാത്മാവും ആദിയിലെന്നപോലെ (ജീവൻ ശ്വാസമായി മനുഷ്യനിലേക്ക് കടക്കുന്നതിന് മുമ്പുള്ള അവസ്ഥയിൽ) വിശുദ്ധ സംസർഗ്ഗത്തിൽ മറയുന്നു, ഒരു മനുഷ്യയുഗത്തിന്റെ അവസാനം.

www.malankaralibrary.com

(പ്രവൃത്തിദോഷംമൂലം ഭൂമിയിൽ പാപികളായിത്തീർന്ന മനുഷ്യർക്ക് മേൽപറഞ്ഞ പ്രകാരമുള്ള ഒരു നിത്യശുഭ പര്യവസാനത്തിന് കാരണക്കാരനും ഒരേ ഒരാൾ എന്ന് ഇരുകൂട്ടരും വിശ്വസിച്ചിരുന്നു.)

"ഉതാമൃതത്വസ്യ ഈശാനഃ യദന്നേനാതിരോഹതി"

മനുഷ്യപുത്രനായി ജനിച്ച നിത്യരക്ഷയുടെ ദൈവമായ പ്രജാപതി തന്നെ. (ഋഗ്വേ 10:90:2)

"തന്റെ പ്രജകളെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനായി മനുഷ്യനായി കന്യകയിൽ ജനിച്ച യേശു എന്ന ക്രിസ്തു തന്നെ" (മത്തായി 1.21)

(ഈ പ്രജാപതിയെ അറിയുന്നവർക്ക് മാത്രമേ നിത്യസൗഭാഗ്യാവസ്ഥയിൽ എത്തിച്ചേരാൻ സാധിക്കയുള്ളൂ എന്ന് ഇരുകൂട്ടരും ഒരുപോലെ പ്രഖ്യാപിച്ചിരിക്കുന്നു.)

"തം വേദ്യം പുരുഷം വേദ യഥാ മാ വോ മൃത്യുഃ
പരിവ്യഥാ ഇതി" (പ്രശ്ന.ഉപ.6.6)

അറിയപ്പെടേണ്ടവനായ ആ പുരുഷനെ (പ്രജാപതിയെ, മനുഷ്യപുത്രനായ ക്രിസ്തുവിനെ) അറിയുവിൻ. അവനെ അറിഞ്ഞാൽ മരണം നിങ്ങളെ ബാധിക്കയില്ല.

"എന്നിൽ വിശ്വസിക്കുന്നവനാരും ഒരുനാളും മരിക്കയില്ല" (യോഹന്നാൻ 11.26)

കാരണം,

"അഹം ത്വാ സർവ്വ പാപേഭ്യോ
മോക്ഷയിഷ്യാമി, മാ ശുചഃ" (ഭ.ഗീത.18.66)

"നിന്റെ സകല പാപങ്ങളിൽ നിന്നും നിന്നെ ഞാൻ മോചിപ്പിക്കും" എന്ന് പ്രജാപതി പ്രഖ്യാപിക്കുന്നു.

"മനുഷ്യപുത്രനായി വന്ന സാക്ഷാൽ പ്രജാപതി ഭൂമിയിൽ പാപങ്ങളെ മോചിപ്പിക്കുന്ന അധികാരിയാണ്" (മത്തായി 9.6) ഈ അധികാരം ഉപയോഗിച്ച് തന്നിൽ വിശ്വസിക്കുന്ന സകലരുടേയും പാപങ്ങൾ യേശു ക്ഷമിച്ചു കൊടുക്കും. ഇതിൽ സംശയത്തിന് യാതൊരവകാശവുമില്ല.

"ഞാൻ വാതിലാകുന്നു, എന്നിലൂടെ കടക്കുന്നവൻ രക്ഷപെടും" (യോഹന്നാൻ 10.9).

www.malankaralibrary.com

"ഞാൻ വഴിയും സത്യവും ജീവനുമാകുന്നു, ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." (യോഹന്നാൻ 14.6)

പ്രജാപതിയെപ്പറ്റിയും നിത്യതയെപ്പറ്റിയും ഇപ്രകാരമെല്ലാം ദർശനത്തിൽ മനസ്സിലാക്കിയ ആര്യമഹർഷി തന്റെ ശിഷ്യൻമാരോട് പറയുന്നു.

"ഏതാവദേവാഹം ഏതത് പരബ്രഹ്മ വേദ"

(പ്രശ്ന.ഉപ.6.7)

ഈ പരമമായ ദൈവത്തെപ്പറ്റി ഞാൻ ഇത്രയും മാത്രം അറിയുന്നു. (അത്യുന്നതനായ ദൈവത്തെപ്പറ്റി മനുഷ്യൻ ഇത്രയും മാത്രമേ അറിയുന്നുള്ളു.)

"നാതഃ പരമസ്തീതി" (പ്രശ്ന.ഉപ.6.7)

മനുഷ്യൻ അറിയേണ്ടതായിട്ട് ഇതിനപ്പുറത്ത് ഒന്നും തന്നെ ഇല്ലതാനും. (പാപക്ഷമയും നിത്യരക്ഷയും-ഇതിനുമേൽ പാപിയായ മനുഷ്യന് എന്താണ് അറിയുവാനുമുള്ളത്!)

ജീവന്റെ ഭൂമിയിലേക്കുള്ള വരവ് മുതൽ തിരികെ ആദിയിലെ അവസ്ഥയിൽ എത്തും വരെയുള്ള ഒരു മനുഷ്യയുഗത്തെപ്പറ്റി ആര്യജ്ഞാനികളും എബ്രായ പ്രവാചകൻമാരും ഒരുപോലെ ദർശിക്കുകയും ജനത്തെ പ്രബോധിപ്പിക്കുകയും ചെയ്തിരുന്നു. ഒരേ വർഗ്ഗത്തിൽപ്പെട്ട രണ്ടു വ്യത്യസ്ത സംസ്ക്കാരങ്ങളിൽ വളർന്ന രണ്ടു വംശങ്ങളുടെ ദൈവാവബോധം ഏകരൂപമായിരിക്കുന്നതിൽ അതിശയിപ്പാനില്ല. കാരണം, ഇരുകൂട്ടരും ഏക ദൈവവിശ്വാസികളും, ആ വിശ്വാസത്തിന്റെ ഉറവിടം,

"ആത്മാ വാ ഇദമേക ഏവാഗ്രഃ ആസീത്"

(ഐത.ഉപ.1.1)

ദൈവം ആത്മാവാകുന്നു, ആദിയിൽ ആ ആത്മാവ് മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന അവബോധവുമായിരുന്നു. ഈ രണ്ടു വംശങ്ങളിൽ ഒന്നായ ആര്യൻമാർ ഈ ദൈവശാസ്ത്രം ഭാരതത്തിൽ സ്ഥാപിച്ചു. ഭാരതം അതിനെ സനാതനധർമ്മമായി സ്വീകരിച്ചു. എന്നാൽ ഭാരതത്തിലെ വിദ്യാവിഹീനരായ പൊതുജനത്തിന് സനാതനധർമ്മത്തിന്റെ പരിജ്ഞാനം പ്രാപ്യമായിരുന്നില്ല. പല കാരണങ്ങളാലും ഇന്നും വേദാന്തജ്ഞാനം സാധാരണ മനുഷ്യന് ലഭ്യമാ

www.malankaralibrary.com

യിട്ടില്ല. അതുമൂലം രക്ഷകനായ പ്രജാപതി ഭാരതീയ ബഹുജനത്തിന് ഇന്നും അജ്ഞാതദേവനായിരിക്കുന്നു. ഈ ദേവനെ ലളിതമായി മനസ്സിലാക്കാവുന്നവിധം ഉപസംഹാരമായി ഇവിടെ ചേർക്കുന്നു.

www.malankaralibrary.com

# ഉപസംഹാരം

"ഏകോ ഹി രുദ്രോ ന ദ്വിതീയായ തസ്ഥു:"

(ശ്വേത.ഉ.3.2)

ലോകത്തിന്റെ രക്ഷകനായിട്ട് ഒരേ ഒരു ദേവനേയുളള്ളൂ, രണ്ടാമത് ഒരാൾ ഒരിക്കലും ഉണ്ടായിട്ടില്ല. (മത്തായി 1.21, 1 തിമോ 2:4.6)

"ഏകോ ഹംസോ ഭുവനസ്യാസ്യ മധ്യേ"

(ശ്വേത.ഉ:615)

ഈ ഭൂമിയിൽ പാപപരിഹാരം വരുത്തുന്നവൻ ഒരാൾ മാത്രം. (ഹംസം= അജ്ഞാനത്തെ നശിപ്പിക്കുന്നവൻ, പാപത്തെപ്പറ്റി ബോദ്ധ്യം വരുത്തുന്നവൻ) (മത്തായി 9.6, യോഹന്നാൻ 16.8,13)

"തമേവ വിദ്വിത്വാ അതി മൃത്യുമേതി" (ശ്വേ.ഉ.6.15)

ആ ദേവനെ അറിയുന്നവർ മാത്രം മരണത്തെ തരണം ചെയ്ത് നിത്യജീവനെ പ്രാപിക്കുന്നു. (അ.പ്ര.10.43)

"ന അന്യ: പന്ഥാ വിദ്യതേ അയനായ" (ശ്വേ.ഉ.6.15)

രക്ഷപ്രാപിപ്പാൻ വേറൊരു വഴിയും അറിയപ്പെട്ടിട്ടില്ല.

(അ.പ്ര.4.12)

ഹിരണ്യഗർഭൻ-ദൈവരൂപത്തിലിരുന്നവൻ ദാസരൂപമെടുത്ത് അതിശയജനനത്താൽ മനുഷ്യപുത്രനായി-മേധാവികളാൽ ബലികഴിക്കപ്പെട്ട്-കുരിശിലെ മരണത്തോളം അനുസരണമുളളവനായിത്തീരുകയാൽ-നിഷ്ക്രിയനായി, ശാന്തനായി,യാതൊരു എതിർപ്പും കൂടാതെ മരണം വരിക്കയാൽ -പിതാവായ ദൈവം അവനെ ഏറ്റം ഉയർത്തി-അഭിഷിക്തനായ രാജാവാക്കി സകല അധികാരവും കൊടുത്ത് -ഏകോഹി രുദ്ര: "ഏക രക്ഷകൻ" എന്ന നാമം നൽകിയിരിക്കുന്നു.

രക്ഷകനായ ക്രിസ്തു-അഭിഷിക്തനായ രാജാവ്-എന്ന അവന്റെ നാമത്തിൽ സകല ഭൂവാസികളുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും, എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" - ഏകോഹംസ:- എന്ന് ഏറ്റു പറയുകയും ചെയ്യുന്ന കാലം അതിവേഗം സമീപിച്ചുകൊണ്ടിരിക്കുന്നു. (ഫിലിപ്യർ 2:6.11, യെശയ്യാ 45:22.23)

www.malankaralibrary.com

ഇപ്രകാരം അതുല്ല്യനായ രക്ഷകനാണ് സാക്ഷാൽ പ്രജാപതി എന്ന ഈശാമസീഹൻ. ഇവനാണ് യജ്ഞ പുരുഷൻ.

**"സോ അകാമയത, ഭൂയസാ യജ്ഞേന ഭൂയോ യജേതി"** (ബൃഹ. ഉപനിഷത് 1:2.6)

പ്രജാപതി ഇപ്രകാരം ആഗ്രഹിച്ചു:- " എനിക്ക് മഹത്തായ യജ്ഞം കൊണ്ട് യജിക്കണം" (എനിക്ക് മഹത്തരമായ ഒരു യാഗം അനുഷ്ഠിക്കണം)

**"സോ അകാമയത, മേധ മ ഇദം സ്യാത് ആത്മന്വീ അനേന സ്യാമിതി"** (ബൃഹ.ഉപനിഷത് 1:2.7)

അതുകൊണ്ട്, ഞാൻ ശരീരമുള്ളവനായിത്തീരണം, എന്റെ ശരീരം യാഗത്തിന് യോജിച്ചതായിത്തീരണം. (യാഗമായി അർപ്പിക്കപ്പെടാൻ പാപമില്ലാത്തവനായി മനുഷ്യജൻമമെടുക്കണമെന്ന് പ്രജാപതി ആഗ്രഹിച്ചു)

**"തം സംവത്സരസ്യപരസ്താദ് ആത്മന ആലഭത"**
(ബൃഹ.ഉപനിഷത് 1:2.7)

കാലപരിഗണനയിൽ അനുയുക്തമായ അവസരത്തിൽ പ്രജാപതി തന്നെത്തന്നെ യാഗമായി അർപ്പിച്ചു.

**"അപ പുനർമൃത്യും ജയതി, നൈനം മൃത്യുരാപ്നോതി"**
(ബൃഹ.ഉപനിഷത് 1:2.7)

ഇപ്രകാരം അറിയുന്നവൻ മരണത്തെ ജയിക്കുന്നു. മരണം അവനെ പ്രാപിക്കുന്നില്ല.

ഈ ഉപനിഷത്തിൽ പറയും പ്രകാരം പാപമില്ലാത്തവനായി മനുഷ്യനായി ജനിച്ച് യാഗമായി അർപ്പിക്കപ്പെട്ട ഒരേ ഒരാൾ മാത്രമേയുള്ളൂ. വേദോപനിഷത്തുകൾ അവനെ പ്രജാപതി -മനുഷ്യവംശത്തിന്റെ രക്ഷകൻ - എന്നു വിളിച്ചു. അവൻ ഭൂമിയിൽ അതിശയജനനമെടുത്തപ്പോൾ അവനെ "യേശു" എന്നു വിളിച്ചു. അവൻ കാലാനുകൂലമായി ക്രൂശിൽ തറയ്ക്കപ്പെട്ടു. അവനാണ് സാക്ഷാൽ പ്രജാപതി. **അവന്റെ ക്രൂശീകരണമാണ് വേദപ്രസിദ്ധമായ പ്രജാപതി യാഗം.**

**"തം വേദ്യം പുരുഷം വേദ"** (പ്രശ്ന.ഉപ.6.6)

www.malankaralibrary.com

അറിയപ്പെടേണ്ടവനായ ആ പുരുഷനെ അറിഞ്ഞുകൊൾവിൻ. നിത്യരക്ഷയുടെ പാലമായി നിൽക്കുന്ന ആ പ്രജാപതി ഇപ്രകാരം പ്രഖ്യാപിക്കുന്നു:-

**"പ്രാദുർഭവാമ്യഹം" ഇതാ, ഞാൻ വീണ്ടും വരുന്നു.**

കേൾക്കുന്നവനും വരിക എന്നു പറയട്ടെ. ദാഹിക്കുന്നവൻ വരട്ടെ, ജീവജലം സൗജന്യമായി വാങ്ങട്ടെ.

(കൽക്കി പുരാണം 2.4, വെളിപാട് 22.17)

www.malankaralibrary.com

## ശാന്തിപാഠം

"ഓം സഹനാവവതു
സഹനൗ ഭുനക്തു
സഹവീര്യം കരവാവഹൈ
തേജസ്വിനാവധീതമസ്തു
മാ വിദ്വിഷാവഹൈ
ഓം ശാന്തി: ശാന്തി: ശാന്തി:"

അർത്ഥം:

" ഓം സഹ നൗ അവതു"

സർവ്വശക്തനും സർവ്വജ്ഞനും സർവ്വവ്യാപിയുമായ പരമാത്മാവ്, പിതാപുത്ര-പരിശുദ്ധാത്മാവായ ത്രിയേക ദൈവം (Triune God) നമ്മെ രണ്ടു പേരെയും ഒന്നിച്ച് ഒരു പോലെ രക്ഷിക്കുമാറാകട്ടെ!

"സഹ നൗ ഭുനക്തു"

നമ്മെ ഇരുകൂട്ടരേയും ഒരുമിച്ച് പരിപാലിക്കുമാറാകട്ടെ!

"സഹ വീര്യം കരവാവഹൈ"

ആ സർവ്വശക്തന്റെ രക്ഷയും പരിപാലനവും ലഭിക്കത്തക്കവണ്ണം യോഗ്യരായിത്തീരുവാൻ ഉതകുന്ന അറിവ് സമ്പാദിക്കുവാൻ നമുക്ക് ഒന്നിച്ച് പരിശ്രമിക്കാം,

"തേജസ്വീ നൗ അവധീതം അസ്തു"

നമുക്ക് ലഭിക്കുന്ന അറിവ് തേജസ്സുറ്റതായി ഭവിക്കുമാറാകട്ടെ! അത് മറ്റുള്ളവർക്കും പ്രയോജനപ്പെടത്തക്കവണ്ണം വെളിച്ചം വീശുന്നതായിരിക്കുമാറാകട്ടെ! ആ വെളിച്ചത്തിൽ അന്യരും രക്ഷയ്ക്ക് യോഗ്യരായിത്തീരുമാറാകട്ടെ!

"മാ വിദ്വിഷാവഹൈ"

നമ്മിൽ ഒരിക്കലും പരസ്പര വിദ്വേഷം ജനിക്കാതിരിക്കുമാറാകട്ടെ! നമുക്ക് എപ്പോഴും പരസ്പര സ്നേഹത്തിൽ ജീവിക്കുവാൻ കഴിയുമാറാകട്ടെ! നമ്മെപ്പോലെ നമ്മുടെ അയൽക്കാരെയും സ്നേഹിക്കാൻ കഴിയുമാറാകട്ടെ!

www.malankaralibrary.com

"ഓം, ശാന്തി: ശാന്തി: ശാന്തി:"

ത്രിദോഷങ്ങൾ ഒഴിവാക്കപ്പെട്ട്, ആധിദൈവികവും ആദ്ധ്യാത്മികവും ആധിഭൗതികവുമായ വിഘ്നങ്ങൾ ദൂരീകരിക്കപ്പെട്ട്

ഏക സത്യദൈവമായ പരമാത്മാവിനെ അറിയാതിരിക്കുന്ന ദോഷവും, ———

ആ അറിവ് നൽകുന്ന ആദ്ധ്യാത്മിക വിഷയങ്ങളിൽ അശ്രദ്ധരായി, പ്രയോജന പ്പെടാത്ത അജ്ഞാനവശഗമായ ആരാധനകളുമായി വ്യർത്ഥമായി നട്ടം തിരിയുന്ന ദോഷവും,

ആത്മീയ കാര്യങ്ങളിൽ യാതൊരു താല്പര്യവുമില്ലാതെ കാമിനീ കാഞ്ചന മോഹികളായി ലൗകീകസമ്പാദ്യങ്ങൾക്കും സുഖഭോഗങ്ങൾക്കും വേണ്ടി മാത്രം ജീവിതം ചെലവഴിക്കുന്ന മഹാദോഷവും- ———

ഇങ്ങനെ ത്രിദോഷങ്ങളെ ഒഴിവാക്കി, ശാശ്വത നഗരത്തിലെ അനശ്വരസന്തോഷവും സമാധാനവും അനുഭ വിക്കുവാൻ അവസരം ലഭിക്കുമാറാകട്ടെ!

സർവ്വശക്തനും സർവ്വജ്ഞനും സർവ്വവ്യാപിയുമായ പരമാത്മാവായ ത്രിയേക ദൈവം നമ്മെയെല്ലാം അതനുഭവിക്കാൻ തുണയ്ക്കുമാറാകട്ടെ!!!

മേലുദ്ധരിച്ച ശാന്തി പാഠത്തിന്റെ പൊരുൾ ബൈബിളിൽ ഇപ്രകാരം കാണുന്നു:-

**"കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും, പിതാവായ ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ!"** (2 കൊരിന്ത്യർ 13.14)

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

യുഗാന്ത്യസന്ദേശം No.30

ഭാരതസുവിശേഷീകരണം

# പ്രജാപതിയാഗം

by

Dr.Koshy Abraham, Ranny



## സ്വാമി വിവേകാനന്ദന്റെ വാക്കുകളിൽ —

*"ക്രൂശിക്കപ്പെട്ട ലോക രക്ഷകന്റെ പ്രതീകം, കുരിശിൽ തറയ്ക്കപ്പെട്ട ഒരു മനുഷ്യന്റെ പ്രതീകം, ലോകത്തിൽ മിക്ക വർഗ്ഗക്കാർക്കും അറിയപ്പെട്ടിരുന്നതായി തോന്നുന്നു."*

*(വിവേകാനന്ദ സാഹിത്യസർവ്വസ്വം Vol.I. P.73)*

( 1895-ൽ ചിക്കാഗോ സർവ്വമത മഹാസമ്മേളനകാലത്ത് ന്യൂയോർക്കിൽ വെച്ച് സ്വാമികൾ പറഞ്ഞുകൊടുത്ത യോഗസൂത്ര വിവരണത്തിൽ നിന്നും)

*പണ്ഡിതശ്രേഷ്ഠനായ*

*ശ്രീ.കെ.എം.ബാനർജിയുടെ വാക്കുകളിൽ -*

"ഋഗ്വേദ കർത്താക്കൻമാർക്ക് ഏതെങ്കിലും വഴിക്ക് വീണ്ടും ഭാരതഭൂമി സന്ദർശിക്കാൻ കഴിയുമെങ്കിൽ അവർ ഇന്നിവിടെയുള്ള മറ്റ് ഏത് പരിഷ്കൃത ജനസമുദായങ്ങളേക്കാളും ക്രിസ്ത്യാനികളെ സ്വന്തമതാനുയായികളായിക്കണ്ട് അനുഗ്രഹിക്കാതിരിക്കയില്ല"

*( Arian witness, page 10)*

*(എടമരത്ത് ജയന്തൻ നാരായണൻ നമ്പൂതിരി, Later, വിക്ടർ സെബാസ്റ്റ്യൻ, തൃശൂർ, ഫെ.1929-ൽ പ്രസിദ്ധീകരിച്ച " വിശുദ്ധ പത്രോസും വേദവ്യാസനും" എന്ന ഗ്രന്ഥത്തിൽ നിന്നും ഉദ്ധരിച്ചിരിക്കുന്നു.)*

Pages: 216 Rs.45.00

www.malankaralibrary.com